# സങ്കീർത്തന രത്നാകരം

(Malayalam)

**Sankeerthana Rathnakaram**
(Poem)

**by M. A. Jacob Puthenkavu**
Mammoottil
Near St. Gregorios School
Mulakuzha P. O. Chengannur,
Kerala, PIN 689505

| | | |
|---|---|---|
| Publishers | : | Sophia Books<br>Kottayam - 686001<br>Mob: 99471 20697 |
| First Published | : | March. 2018 |
| Copy Right to | : | Mrs. Aleyamma Jacob |
| Typesetting &<br>Printing | : | Sophia Print House, Kottayam |

**Rs. 130/-**

# സങ്കീർത്തന രത്നാകരം

(ബൈബിളിലെ സങ്കീർത്തനങ്ങളുടെ
കാവ്യാവിഷ്കരണം)

എം. എ. ജേക്കബ് പുത്തൻകാവ്

സോഫിയാ ബുക്സ്
കോട്ടയം

# എം. എ. ജേക്കബ് പുത്തൻകാവ്

1945 ഡിസംബർ 11–ന് ജനിച്ചു. പിതാവ്: പുത്തൻകാവ് മാമ്മൂട്ടിൽ പരേത നായ എം. സി. അലക്സാണ്ടർ. മാതാവ്: നിരണത്ത് മട്ടയ്ക്കൽ പുതുക്കേരിൽ പരേതയായ അന്നമ്മ അലക്സാണ്ടർ. സഹോദരങ്ങൾ: സോമാ ഫിലിപ്പ്, പരേത യായ വത്സമ്മ മാത്തുള്ള.

വളഞ്ഞവട്ടം കണ്ണശ്ശ സ്മാരക ഹൈസ്കൂൾ, നിരണം സെന്റ് മേരീസ് ഹൈസ്കൂൾ, പുത്തൻകാവ് മെട്രോപ്പോലീറ്റൻ ഹൈസ്കൂൾ, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

സണ്ടേസ്കൂൾ പ്രസ്ഥാനം, യുവജനപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം എന്നി വയിൽ സജീവമായി പ്രവർത്തിച്ചു. നിലയ്ക്കൽ സെന്റ് തോമസ് ക്രൈസ്തവ സമിതിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. മുളക്കുഴ, ചെങ്ങന്നൂർ വൈ.എം. സി.എ. കളുടെ സെക്രട്ടറിയായി പ്രവർത്തിച്ചു.

1976 മുതൽ 1986 വരെ മസ്ക്കറ്റിൽ ഗവ. സർവ്വീസിൽ ജോലി ചെയ്തു. 1979 മാർച്ച് 11–ന് വിവാഹിതനായി. മേപ്രാൽ പൂതിയോട്ട് പാലാംപള്ളത്ത് പരേതരായ പി. എ. ചെറിയാന്റെയും മേരി ചെറിയാന്റെയും മകൾ ഏലിയാമ്മ ചെറിയാനാണ് ഭാര്യ. മക്കൾ: സിറിൽ ജേക്കബ് അലക്സാണ്ടർ, സെസിൽ ജേക്കബ് ചെറിയാൻ. മരുമക്കൾ: കവിയൂർ മിത്രപൂരം കണ്ടത്തിൽ എലിസബേത്ത് കോശി, പുത്തൻകാവ് പാറക്കൂട്ടത്തിൽ പരേതയായ വിൻസി ജോർജ്ജ്.

ചെങ്ങന്നൂർ നളന്ദാ കോളജ്, കിംഗ്സ് കോളജ്, എം. ജി. കോളജ്, ഗുഡ്സാമരിട്ടൻ സ്കൂൾ മുളക്കുഴ, സെന്റ് ഗ്രീഗോറിയോസ് സ്കൂൾ മുളക്കുഴ, ട്രയംഫന്റ് കോളജ് ചെങ്ങന്നൂർ, ക്രോസ്ലാന്റ് സ്കൂൾ മാവേലിക്കര, ഗുഡ്ഷെപ്പേർഡ് സ്കൂൾ പരുമല, സെന്റ് ബർസൗമാസ് സ്കൂൾ ഐരാണിക്കുടി, എമിനൻസ് സ്കൂൾ പന്തളം, സെന്റ് ജോൺസ് കോളജ് തിരുവല്ല എന്നിവിടങ്ങളിൽ അദ്ധ്യാപകനായും ചെങ്ങ ന്നൂർ ബഥേൽ അരമനയിൽ വിവിധ നിലകളിലും സേവനം അനുഷ്ഠിച്ചു.

ആറ് കാവ്യഗ്രന്ഥങ്ങൾ ഇതുവരെ പ്രസിദ്ധപ്പെടുത്തി. നാലു കാവ്യഗ്രന്ഥങ്ങൾ എഴുതി പൂർത്തിയാക്കി. രണ്ടു പുസ്തകങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു. കൂടാതെ അസംഖ്യം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അമേരിക്കയിലെ ന്യൂയോർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റ് ബേസിൽ പബ്ലിക്കേഷൻ, ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയിലെ ചേപ്പാട്ട് മാർ ദീവന്നാസിയോസ് യൂത്ത് പ്രയർ ഗ്രൂപ്പ്, പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവക, വിവിധ സാഹിത്യസംഘടനകൾ എന്നിവർ അവാർഡുകൾ നൽകി ആദരിച്ചിട്ടുണ്ട്.

**കൃതികൾ:** 1. നവീന ക്രൈസ്തവ ഗാനങ്ങൾ (ഗാനസമാഹാരം) 2. പ്രേമാമൃതം (കവിതാ സമാഹാരം) 3. ശ്രീയേശു ഭൂഷണം (മഹാകാവ്യം) 4. വിശുദ്ധ അൽ ഫോൻസാമ്മ (കാവ്യം) 5. പരുമല മാർ ഗ്രീഗോറിയോസ് വിജയം (മഹാകാവ്യം) 6. ബഥേലിലെ ജോർജ്ജച്ചൻ (ലേഖന സമാഹാരം – എഡിറ്റർ) 7. വിമലാംബിക (കാവ്യം) 8. സങ്കീർത്തന രത്നാകരം.

# DEDICATION

This book Sankeerthana Rathnakaram, the poetic expresion of the Psalms in the Bible, the ever green literary creation of David to His Holiness Moran Mar Baselios Paulos II the Catholicos of the East, the Supreme Head of Malankara Orthodox Syrian Church with everlasting love and never ending affection and with utmost sincerity is dedicated.

# അവതാരിക

വിശുദ്ധ വേദപുസ്തകം അമൂല്യ രത്നഖനിയാണ്. ഈ രത്നഖനിയിലെ അപൂർവ്വ ശോഭയാർന്ന രത്നങ്ങളാണ് ഓരോ സങ്കീർത്തനങ്ങളും. സങ്കീർത്തനങ്ങളുടെ കാവ്യാവിഷ്കാരം ബഹുമാന്യനായ ശ്രീ. എം. എ. ജേക്കബിന്റെ (പുത്തൻകാവ്) പ്രതിഭയുടെ ഖനിയിൽ രൂപപ്പെട്ട് "സങ്കീർത്തന രത്നാകര"മായി നമ്മുടെ കരങ്ങളിൽ ഇപ്പോൾ എത്തിയിരിക്കുകയാണ്. 'രത്നാകരം' എന്ന വാക്കിന്റെ അർത്ഥം തന്നെ രത്നങ്ങൾ വിളയുന്ന ഇടം എന്നാണ്. അർത്ഥം ഈ ഗ്രന്ഥത്തിൽ യാഥാർത്ഥ്യത്തിന്റെ സുവർണ്ണ ശോഭയോടെ വിളങ്ങുന്നു.

സങ്കീർത്തനങ്ങളിൽ ബഹുഭൂരിപക്ഷവും എബ്രായ കവിയും യിസ്രായേലിന്റെ രണ്ടാമത്തെ രാജാവുമായ ദാവീദിന്റെ ഹൃദയപ്രകാശനങ്ങളാണ്. നിഴലും വെളിച്ചവും മാറിമാറി പ്രതിഫലിച്ച ഒരു ജീവിതമായിരുന്നു ദാവീദിന്റേത്. ജീവിതത്തിന്റെ അതീവ സങ്കീർണ്ണങ്ങളായ അനുഭവങ്ങളിലൂടെ കടന്നുപോയ ഒരു 'പച്ചയായ' മനുഷ്യനാണ് ദാവീദ്. വികാരങ്ങളുടെ ഘോഷയാത്രയായി പലപ്പോഴും ആ ജീവിതം മാറിപ്പോയിട്ടുണ്ട്. കൂരിരുൾ താഴ്‌വരയിൽകൂടി ആ ജീവിതം കടന്നുപോയിട്ടുണ്ട്. ഈ അനുഭവങ്ങളെല്ലാം ദാവീദിനെ നയിച്ചതും ദാവീദിനെ കൊണ്ടുചെന്നെത്തിച്ചതും ദൈവസന്നിധിയിലും ദൈവാശ്രയത്തിലുമാണ്. ഈ അനുഭവങ്ങളിൽ നിന്നാണ് ഓരോ സങ്കീർത്തനവും രൂപപ്പെട്ടിട്ടുള്ളത്. ഇവയോരോന്നും ദാവീദിന്റെ ബുദ്ധിയുടെ സങ്കീർത്തനങ്ങളല്ല; ഹൃദയത്തിന്റെ കീർത്തനങ്ങളാണ്. ഈ സങ്കീർത്തനങ്ങളുടെ ആന്തരിക സൗന്ദര്യം അൽപംപോലും ചോർന്നുപോകാതെ അവയ്ക്ക് കവിതയുടെ തിളക്കം കൂടി നൽകിക്കൊണ്ടാണ് ശ്രീ. എം. എ. ജേക്കബ് ഓരോ സങ്കീർത്തനത്തിന്റെയും കാവ്യാവിഷ്കാരം നിർവ്വഹിച്ചിരിക്കുന്നത്. സങ്കീർത്തനങ്ങളെ അതേപടി കവിതയുടെ പുതപ്പിടുവിച്ച് അവതരിപ്പിക്കുകയല്ല അദ്ദേഹം ചെയ്തിട്ടുള്ളത്. ആന്തരികാർത്ഥം ഉൾക്കൊണ്ടുകൊണ്ട് തന്റേതായ കാവ്യശൈലിയിലാണ് അദ്ദേഹം ഓരോ കവിതയും സമ്മാനിച്ചിരിക്കുന്നത്. ഉദാഹരണമായി 121-ാം സങ്കീർത്തനമെടുക്കുക. ആറും ഏഴും വാക്യങ്ങൾ ശ്രദ്ധിക്കുക. "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല. യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും" എന്നീ വാക്യങ്ങൾ കവിതയായി വിരിഞ്ഞപ്പോൾ വന്ന രൂപാന്തരം ശ്രദ്ധിക്കുക.

"വാസരം തന്നിൽ സൂര്യൻ, രാത്രിയിൽ ശശാങ്കനും
നിർണ്ണയം അവർ നിന്നെ പീഡനം ചെയ്യുകില്ല.

സകല തിന്മകളിൽ നിന്നുമാ ദേവരാജൻ
കണ്ണിലെ കൃഷ്ണമണി പോലെ കാത്തിടും നിന്നെ.
ദൈവമവിടുന്നു താവക ജീവൻ നൂനം
നിർണ്ണയം സംരക്ഷിക്കും പരിപാലിച്ചീടുമെ."

'കണ്ണിലെ കൃഷ്ണമണി പോലെ' എന്നത് നമ്മുടെ മലയാള ഭാഷയിലെ അതീവ സുന്ദരവും അർത്ഥവ്യാപ്തിയുള്ളതുമായ ഒരു നാടൻ പ്രയോഗമാണ്. ആ പ്രയോഗം സന്ദർഭോചിതമായി ഉപയോഗിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സങ്കീർത്തനക്കാരന്റെ ഹൃദയത്തോടു ചേർന്നു നിന്നുകൊണ്ടും മലയാള കവിതയുടെ സൗന്ദര്യബോധം ഉൾക്കൊണ്ടുകൊണ്ടും അമൂല്യരത്നങ്ങൾ വിളയിച്ച ശ്രീ. എം. എ. ജേക്കബ് അഭിനന്ദനമർഹിക്കുന്നു. നമ്മുടെ ധ്യാനത്തിന്റെ പുണ്യനിമിഷങ്ങളിൽ 'സങ്കീർത്തന രത്നാകരം' ഓരോ സഹൃദയകരങ്ങളിലും വിളയിച്ചെടുത്ത രത്നങ്ങൾ ഓരോരുത്തരുടെയും ഉള്ളങ്ങളിലും ഉണ്ടാകട്ടെ.

പ്രാർത്ഥനാനിർഭരമായ ആശംസകൾ

**ഗീവർഗ്ഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ**
(റാന്നി - നിലയ്ക്കൽ ഭദ്രാസനം)
മലങ്കര മാർത്തോമ്മാ സുറിയാനിസഭ

റാന്നി
26-03-2006

# മുഖവുര

ബൈബിൾ അമൂല്യ ഗ്രന്ഥങ്ങളുടെ ഒരു ശേഖരമാണെങ്കിൽ സങ്കീർത്തനങ്ങൾ അവയിലെ അനിതരസാധാരണമായ ഗ്രന്ഥമാണ്. മനുഷ്യ ജീവിതത്തിൽ സംഭവിക്കാവുന്ന സർവ്വ അവസരങ്ങളിലും, ജനനം മുതൽ മരണം വരെ, ഉപയോഗിക്കാൻ കഴിയുന്ന അദ്ധ്യായങ്ങൾ സങ്കീർത്തനങ്ങളിലുണ്ട്. വിവാഹാവസരത്തിലും വിരഹാവസരത്തിലും സുഖത്തിലും ദുഃഖത്തിലും, സന്തോഷത്തിലും സന്താപത്തിലും, കോപത്തിലും കാരുണ്യത്തിലും, പ്രാർത്ഥനകളിലും യാചനകളിലും വിജയാഹ്ലാദത്തിലും തീരാദുഃഖത്തിലും എന്നു വേണ്ടാ സകല അവസരങ്ങളിലും സങ്കീർത്തനങ്ങൾ മാനവരാശിക്ക് ഒരു മുതൽക്കൂട്ടാണ്. സങ്കീർത്തനങ്ങൾക്ക് തുല്യമായി സങ്കീർത്തനങ്ങൾ മാത്രം.

സങ്കീർത്തനങ്ങൾ സ്വാഭാവികമായിത്തന്നെ കാവ്യാത്മകമാണ്, ഗാനാത്മകമാണ്. മലയാള ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ പദ്യം അല്ലാതായിത്തീർന്നു. ഗദ്യത്തിന്റെ രീതിയിലുള്ള പദ്യമായിത്തീർന്നു. ഇന്നിപ്പോൾ ഇത് പദ്യവുമല്ല, ഗദ്യവുമല്ല എന്ന നിലയിലായിത്തീർന്നു.

പ്രാചീന പദ്യം നിത്യഹരിതമാണ്. അതിന് നിത്യയൗവ്വനമാണ്. നിത്യസുന്ദരിയാണ്. ഇപ്പോഴിറങ്ങുന്ന കവിതകളും ഗാനങ്ങളും, കവിതകളും ഗാനങ്ങളുമാണെന്ന് എനിക്ക് അഭിപ്രായമില്ല. പ്രാചീന ത്രിമൂർത്തികളായ എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ എന്നിവരും മദ്ധ്യകാലത്തുണ്ടായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരും, ആധുനിക കവിത്രയങ്ങളായ ചങ്ങമ്പുഴ, വയലാർ, ഒ. എൻ. വി. എന്നിവരുടെ കവിതകളും ഗാനങ്ങളും തരുന്ന സ്വർഗ്ഗീയ സുഖം ഇന്നത്തെ കവികളുടെ കൃതികൾക്ക് നൽകാൻ കഴിയുന്നില്ല. ആധുനികരിൽ വളരെ കുറച്ചു കവികളുടെ കൃതികൾക്ക് മേൽപറഞ്ഞ പോരായ്മകളില്ല. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, പാലാ നാരായണൻ നായർ, പുത്തൻകാവ് മാത്തൻ തരകൻ, ബാലാമണിയമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, കട്ടക്കയം ചെറിയാൻ മാപ്പിള, ഇടയാറന്മുള കെ. വി. സൈമൺ എന്നിവരുടെ കൃതികളും മനോഹരങ്ങൾ തന്നെയാണ്. എന്നാൽ വൃത്തമില്ലാതെ, അലങ്കാരമില്ലാതെ അഹങ്കാരം മാത്രം കൈമുതലാക്കി എഴുതുന്ന കവിതകൾ നൈമിഷികങ്ങളാണ്. സാധാരണക്കാർക്ക് പോലും മനസ്സിലാകുന്ന ഒരു ഉദാഹരണം പ്രസ്താവിക്കാം. പഴയ സിനിമാഗാനങ്ങളുടെ ശാലീനസൗന്ദര്യവും നിത്യവിശുദ്ധിയും, ആലാപന നൈർമ്മല്യവും ഇന്നത്തെ സിനിമാഗാനങ്ങൾക്ക് ഇല്ല എന്നത് അവിതർക്കിതമായ കാര്യമല്ലേ? ഇന്നും യുവജനങ്ങൾ സ്കൂൾ, കോളജ് തലങ്ങളിൽ ഗാനമത്സരവേളയിൽ പഴയ സിനിമാഗാനങ്ങൾ തേടിപ്പിടിച്ച് ആലപിക്കുന്നു.

ക്രൈസ്തവ സഭാവിശ്വാസികൾ ആകമാനം നിത്യപാരായണത്തിന് ഉപയോഗിക്കുന്ന സങ്കീർത്തനങ്ങൾ പദ്യരൂപത്തിലാക്കിയാൽ നാനാജാതി മതസ്ഥരായവർക്ക് കൂടുതൽ ആകർഷകമാകും എന്ന ചിന്തയിൽ നിന്നാണ് ഈ കാവ്യകൃതിയുടെ ഉത്ഭവം. ഇന്നത്തെ ക്രൈസ്തവർക്ക് സാഹിത്യത്തോടു പൊതുവെയും പദ്യകൃതികളോട് പ്രത്യേകിച്ചും ഒരു തരം അലേർജിയാണ്. ഈ ദുരവസ്ഥ മാറിയേ തീരൂ. കേരള ക്രൈസ്തവരെ സാഹിത്യ കുതുഹികൾ ആക്കണം. അതിനുള്ള മാർഗ്ഗം സണ്ടേസ്കൂൾപ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, യുവജനപ്രസ്ഥാനം ഇവയുടെ ആഭിമുഖ്യത്തിൽ ഉപന്യാസം, ചെറുകഥ, കവിത, ക്രൈസ്തവ കവിതാ പാരായണം എന്നിവയിൽ മത്സരം ഏർപ്പെടുത്തണം. അടുത്ത അഞ്ചു വർഷം തുടർച്ചയായി ഈ മത്സരങ്ങൾ നടത്തിയാൽ വലിയ മാറ്റം ഉണ്ടാകും. ഈ മത്സരങ്ങൾ എല്ലാ വർഷവും തുടർച്ചയായി നടത്തിയാൽ ഇന്നത്തെ ദുരവസ്ഥ മാറിക്കിട്ടും, തീർച്ച. ഈ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനത്തിരിക്കുന്നവർ നൂറ്റാണ്ടുകൾ പഴക്കമുള്ള അവരുടെ ശൈലിക്കൊരു മാറ്റം വരുത്തണം. മറ്റുള്ള സമുദായത്തിൽപെട്ടവർ ഇത്തരം കാര്യങ്ങളിൽ മുന്നേറുന്നതും നേട്ടങ്ങൾ കൈവരിക്കുന്നതും അവാർഡുകൾ വാരിക്കൂട്ടുന്നതും കാണുമ്പോഴെങ്കിലും ഇവർക്കൊരു മാനസാന്തരം ഉണ്ടാകുന്നില്ല എന്നത് സങ്കടകരമാണ്. ഇവയെല്ലാം വർഷങ്ങളായി നമ്മുടെ സഭാപ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങളിലൂടെ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന സങ്കീർത്തന രത്നാകരം സാധാരണക്കാരുടെ ഭാഷയിൽ കേക വൃത്തത്തിലാണ് എഴുതിയിട്ടുള്ളത്. ഭവനങ്ങളിലെ നിത്യപാരായണത്തിന് ഇത് ഉപയോഗിക്കാവുന്നതാണ്.

ഈ പുസ്തകം സമർപ്പിക്കുന്നത് ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവായ്ക്കാണ്. അര നൂറ്റാണ്ട് പഴക്കമുള്ള ഞങ്ങളുടെ സ്നേഹബന്ധം ഇന്നും അഭംഗുരം നിലനിൽക്കുന്നു. സമർപ്പണത്തിന് സമ്മതം തന്ന പ. ബാവാ തിരുമേനിയോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിത്തന്നത് മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവറുഗീസ് മാർ അത്താനാസിയോസ് തിരുമേനിയാണ്. ഞങ്ങൾ തമ്മിൽ യാതൊരു പരിചയവും ഇല്ലെങ്കിലും പരിചയപ്പെടുത്തുവാൻ ആരും തത്സമയം ഇല്ലായിരുന്നെങ്കിലും നിസ്സാരനായ എന്റെ ആവശ്യം പരിഗണിച്ച് കൃത്യസമയത്തു തന്നെ എഴുതിത്തന്നു. അദ്ദേഹത്തിന്റെ സന്മനസിനും ക്രൈസ്തവ സ്നേഹത്തിനും വളരെയേറെ നന്ദി.

മൂന്നാമതായി എനിക്ക് നന്ദി പ്രകാശിപ്പിക്കുവാനുള്ളത് ശ്രീ. ജോയ്സ് തോട്ടയ്ക്കാടിനോടാണ്. അദ്ദേഹം നല്ലയൊരു സ്നേഹിതനും ഉത്തമ സഹോദരനും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും നല്ല കഴിവുള്ള ഒരു സംഘാടകനുമാണ്. അദ്ദേഹം എന്നോട് ഒരു പ്രത്യേക പരിഗണന കാട്ടുന്നു എന്ന് എനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്. അദ്ദേഹം ഈവിധം എന്നോട് സഹകരിക്കുകയും സഹായിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ എന്റെ പുസ്തകങ്ങൾ വെളിച്ചം കാണില്ലായിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും സഹപ്രവർത്തകരോടും എനിക്കുള്ള നന്ദിയും കടപ്പാടും വാക്കുകൾക്ക് അതീതമാണ്. അദ്ദേഹത്തിനും കുടുംബത്തിനും സഹപ്രവർത്തകർക്കും ദൈവാനുഗ്രഹം ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു.

ഞാനെന്റെ വാക്കുകൾ തൽക്കാലം നിൽത്തുന്നു. ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ.

**എം. എ. ജേക്കബ് പുത്തൻകാവ്**

# സങ്കീർത്തന രത്നാകരം

## ഒന്നാം പുസ്തകം

### 1

ദുഷ്ടർതന്നുപദേശം സ്വീകരിച്ചീടുകയൊ
പാപിതൻ പാതതന്നിൽ വ്യാപരിച്ചീടുകയൊ
പരിഹാസികൾ തൻ പീഠത്തിലിരിക്കയൊ
ചെയ്തിടാ നരനവൻ ഭാഗ്യവാൻ തന്നെ നൂനം.
അവന്റെ ആനന്ദം ഹാ കർത്താവിൻ നിയമത്തിൽ
ദിവസം മുഴുവനും അതിനെ ധ്യാനിക്കുന്നു
നീർച്ചാലിന്നരികത്തു സശ്രദ്ധം നട്ടതുമാം
ഫലങ്ങൾ യഥാകാലം നിർലോഭം തരുന്നതും
ഇലകൾ കൊഴിയാത്ത പാദപം പോലാണവൻ
അവന്റെ പ്രവൃത്തികൾ നിർണ്ണയം സഫലമാം
ദുഷ്ടരിങ്ങനെയല്ല മരുത്തിൽ പറക്കുന്ന
പതിരുപോലാണവർ ഫലശൂന്യരാണവർ
ദുഷ്ടർക്കു ന്യായവിധി നേടുവാൻ കഴികില്ല
നീതിജ്ഞസമൂഹത്തിൽ പാപിയും നിൽക്കുകില്ല
നീതിജ്ഞർ തന്റെ പാത ഈശ്വരനറിയുന്നു
ദുഷ്ടർ തൻ സരണിയൊ നാശത്തിൽ കലാശിപ്പൂ.

### 2

എന്തിനായ് ജനതതി ഇളകി മറിയുന്നു
എന്തിനായ് നടത്തുന്നു ഗൂഢമാം ആലോചന
ഈശനും അവിടുത്തെ അഭിഷിക്തനുമഹൊ
എതിരെ രാജാക്കന്മാർ സംഘമായ് ചേർന്നീടുന്നു
ഭരണാധിപന്മാർ തൻ സഞ്ചയം ചേർന്നിട്ടഹൊ
ശിരസുപുകച്ചഹൊ ചിന്തയിൽ മുഴുകുന്നു
അവർതാൻ ഉറപ്പിച്ച വിലങ്ങു തകർത്തിടാം
അവർ തൻ വിലങ്ങുകൾ ഭേദിക്കാം ഓടിപ്പോകാം.
ആയതു ശ്രവിച്ചിട്ടു ചിരിപ്പൂ സ്വർഗ്ഗനാഥൻ
പരിഹാസത്താൽ മൂടും അമരൻ കർത്താവവൻ
അമരൻ അവരോടു രോഷത്താൽ സംസാരിക്കും
ക്രോധത്താൽ മനുഷ്യരെ സംഭീതരാക്കീടുന്നു.
നിർമ്മലഗിരിയാകും സീയോനിൽ നരേന്ദ്രനെ

വാഴിച്ചതഹമെന്നു കർത്തൻതാൻ കൽപിച്ചഹൊ
കർത്താവിൻ കല്പനകൾ ഘോഷിക്കും അഹമെന്നും
അമരനരുൾചെയ്തു "നീയെന്റെ സുതനത്രെ.
ഇന്നു ഞാൻ നിനക്കഹൊ ഭൂമിയിൽ ജന്മം നൽകി.
ശ്രദ്ധിച്ചു ശ്രവിക്കുവീൻ വത്സലതനയരെ
ചോദിപ്പിനെന്നോടു നീ അഹമൊ, നിനക്കേവം
മാനവകദംബത്തെ അവകാശമായ്ത്തരും
ഭൂമിതന്നതിരുകൾ താവക അധീനത്തിൽ
ലോഹദണ്ഡിനാലവൻ അവരെ തകർത്തിടും
മണ്ണിനാൽ നിർമ്മിച്ചതാം പാത്രത്തെയെന്നപോലെ
അവരെ ഉടച്ചിടും സർവ്വശക്തനാം ദൈവം
പാപികളവർ നൂനം നശിച്ചു വെണ്ണീറാകും
പാർഥിവശ്രേഷ്ഠന്മാരെ പ്രാജ്ഞരായിരിക്കുവീൻ
ധരണീപാലന്മാരെ സൂക്ഷിപ്പിൻ നിരന്തരം
ഭയഭക്തിയോടഹൊ ഈശനെ ശുശ്രൂഷിപ്പിൻ
ഭീതിതൻ വിറയലാൽ ചുംബിപ്പിൻ പാദാംബുജം
അല്ലായ്കിൽ അവിടുന്നു തീക്ഷ്ണമായ് കോപിക്കയും
സരണീമദ്ധ്യത്തിൽ നീ നശിക്കും ഇതു സത്യം
ഈശ്വരകോപമഹൊ ക്ഷണത്തിൽ ജ്വലിക്കുന്നു
ദൈവമാം കർത്താവിങ്കൽ ശരണം വയ്ക്കുന്നവർ
ഭാഗ്യവാന്മാരെന്നഹൊ സംശയം വേണ്ടേ വേണ്ട.

## 3

കർത്താവെ എൻ ശത്രുക്കൾ അസംഖ്യമായീടുന്നു
മാലോകരനവധി എതിർപ്പൂ നിരന്തരം
പലരും പറയുന്നു ദൈവമാം കർത്താവെന്നെ
നിർദ്ദയം ഉപേക്ഷിക്കും സഹായം തരികില്ല
കർത്താവെ അങ്ങാണെന്റെ രക്ഷയിൻ കവചവും
മാമകമഹത്വവും ശിരസ്സിൽ കൈത്താങ്ങതും
ഉച്ചമാം ശബ്ദത്തിൽ ഞാൻ കർത്താവോടപേക്ഷിപ്പൂ
നിർമ്മലഗിരിനാഥൻ ഉത്തരമരുളുന്നു
നിദ്രയെ പുൽകുന്നഹം അത്യന്തം ശാന്തനായി
നിദ്രവിട്ടെഴുന്നേൽക്കും സസുഖം സസന്തോഷം
എന്തെന്നാൽ കർത്താവിന്റെ കരങ്ങൾ താങ്ങുന്നെന്നെ
വൈരിതൻ സഹസ്രത്തെ ഞാൻ ഭയപ്പെടുന്നില്ല
കർത്താവെ എൻ ദൈവമെ എഴുന്നേറ്റീടേണമെ
എന്റെ ദൈവമെ എന്നെ സത്വരം രക്ഷിക്കുക

മാമകവൈരികൾ തൻ ചെകിട്ടത്തടിച്ചങ്ങു
ദുഷ്ടർതൻ ദന്തങ്ങളെ തകർത്തുപൊടിയാക്കി
മോചനം നാളെന്നുമെ കർത്താവിൽ നിന്നാണല്ലോ
താവകകൃപയെന്നും പുത്രരിൽ ചൊരിയട്ടെ.

## 4

പാവമാമെനിക്കായി നീതിയെ നടപ്പാക്കും
ദേവരിലുന്നതനാം എന്റെ ദൈവമെ നാഥാ
മാമക കഷ്ടപ്പാടിൻ യാചന നടത്തുമ്പോൾ
ഉത്തരമരുളുവാൻ ദയവു തോന്നേണമെ
മാമക ഞെരുക്കത്തിൽ അഭയം നൽകേണമെ
കരുണാപൂർവ്വമെന്റെ പ്രാർത്ഥന ശ്രവിക്കണെ!
മാമക സുതന്മാരെ എത്രനാൾ നിങ്ങളെന്റെ
അഭിമാനത്തെ ക്ഷതം ഏൽപിക്കും നിർദ്ദയമായ്
എത്രനാൾ നിങ്ങൾ പൊള്ളവാക്കതിൽ രസിച്ചഹൊ
വ്യാജത്തെ നിരന്തരം, അക്ഷീണം അന്വേഷിക്കും?
കർത്താവ് നീതിജ്ഞരെ തനിക്കായ് ശ്രദ്ധാപൂർവ്വം
തെരഞ്ഞെടുത്തെന്നു സത്വരം അറിയുവിൻ
ജീവിതദുഃഖത്താലെ ദീനനായ് വിളിക്കുമ്പോൾ
ചിന്മയൻ, നിരാമയൻ സന്തതം ശ്രവിക്കുന്നു.
കോപിച്ചീടിലും നിങ്ങൾ പാപത്തെ ചെയ്തീടൊല്ല
താവകകിടക്കയിൽ മൗനമായ് ധ്യാനിക്കുക
യോഗ്യമാം ബലികൾ നീ അർപ്പിക്ക നിരന്തരം
ദൈവമാം കർത്താവിങ്കൽ ആശ്രയമർപ്പിക്കുക
ആരിഹനമുക്കായി നന്മയെ പ്രവർത്തിക്കും
ഭൂവീതിലൊരുവനെ കാണുവാൻ കഴിയില്ല
എന്റെ കർത്താവുമെന്റെ ദൈവവുമായുള്ളോനെ
അങ്ങുതൻ ചേതോഹര സുന്ദരമുഖകാന്തി
ഞങ്ങൾക്കു കാട്ടേണമെ എന്നഹൊ ചൊന്നീടുന്നു
മാനവർ ചിലരഹൊ വെറുതെ ചിന്തിക്കുന്നു
ധാന്യവും മദിരയും വളരെയുണ്ടെന്നാകിൽ
മാനവർക്കെത്രമാത്രം ആനന്ദമുണ്ടായീടും
സർവ്വശക്തനാം ദേവാ മാമകഹൃദയത്തിൽ
ചെമ്മെയായ് നിക്ഷേപിച്ചു ഇരട്ടി സന്തോഷം താൻ
നിദ്രകൊണ്ടീടുമഹം, ശാന്തനായ് പ്രശാന്തനായ്
എന്തെന്നാൽ കർത്താവെയെൻ ദൈവമെ നാഥാ ദേവാ
അങ്ങല്ലോ എനിക്കെന്നും കളങ്കരഹിതമാം
സുരക്ഷ, സമാധാനം, സന്തോഷം നൽകുന്നവൻ.

## 5

കർത്താവെ ചെവിക്കൊൾക മാമകയർത്ഥനകൾ
പാപിയെൻ തേങ്ങലിന്റെ സ്വരം നീ ശ്രവിക്കുക
എന്റെ രാജാവുമെന്റെ ദൈവവുമായുള്ളോനെ
മമ വിലാപത്തിന്റെ ശബ്ദം നീ കേൾക്കേണമെ
ഭക്തവത്സലാ താതാ യാക്കോബിൻ ചിരന്തനാ
അങ്ങയോടാണല്ലോ ഞാൻ നിത്യവും അർത്ഥിപ്പതു.
കർത്താവു പ്രഭാതത്തിൽ കേൾക്കുന്നെൻ പ്രാർത്ഥനകൾ
ഉഷസിൻ ബലിയുമായ് കാത്തിരുന്നീടുന്നു ഞാൻ
ദുഷ്ടത തന്നിലങ്ങു തുഷ്ടിപൂണ്ടീടുന്നില്ല
അങ്ങുതൻ ചാരത്തഹൊ തിന്മവന്നണയില്ല
അഹംഭാവികൾ നിന്റെ കണ്മുമ്പിൽ വരികില്ല
വെറുക്ക ചെയ്തീടുന്നു നീചരെ ദയാഹീനം
വ്യാജഭാഷണക്കാരെ നിർദ്ദയം നശിപ്പിപ്പൂ
രക്തദാഹികളെയും വഞ്ചകജനത്തെയും
കർത്താവു വെറുക്കുന്നു അവരെ തകർക്കുന്നു
ഗൃഹത്തിൽ പ്രവേശിക്കും കർത്താവിൻ കാരുണ്യത്താൽ
പ്രണമിച്ചീടുമഹം ഭക്തിയാൽ ആദരവാൽ
അങ്ങുതൻ വിശുദ്ധമാം മന്ദിരത്തിനു നേരെ
കർത്താവെ എൻ ദൈവമെ ശത്രുക്കൾ നിമിത്തമായ്
ദയവായ് നയിക്കുക നീതിതൻ സരണിയിൽ
താവകപന്ഥാവതു സുഗമമാക്കീടുക
അവർ തന്നധരത്തിൽ സത്യമൊട്ടേതുമില്ല
അവർതൻ ഹൃദയമൊ നാശകൂപവുമത്രെ
അവർതൻ വദനമൊ തുറന്ന ശവക്കുഴി
അവർതൻ രസനയിൽ പ്രശംസ അധികമാം
അവർതൻ തെറ്റുകൾക്കു ശിക്ഷ നീ നൽകേണമെ
അവർതൻ കൗശലത്തിൽ സത്വരം പതിക്കട്ടെ
അവർതൻ തെറ്റുകളാൽ നിർദ്ദയം തള്ളീടുക.
ദുഷ്പ്രവൃത്തിക്കാരവർ അങ്ങയെ ധിക്കരിപ്പൂ
അങ്ങുതൻ ദാസേയന്മാർ തുഷ്ടിപൂണ്ടിരിക്കട്ടെ.
നീതിജ്ഞരവരെന്നും ആനന്ദതുന്ദിലരായ്
സുന്ദരസംഗീതത്താൽ അങ്ങയെ സ്തുതിക്കട്ടെ
അങ്ങുതന്നാഹ്വയത്തെ സ്നേഹിക്കും ജനങ്ങളെ
നിത്യവും സംരക്ഷിപ്പാൻ കരുണ തോന്നേണമെ
ആനന്ദം കൊണ്ടീടട്ടെ അങ്ങയിൽ അവരെന്നും

നീതിജ്ഞസമൂഹത്തെ കൃപയാൽ പൊതിയുന്നു
ശക്തമാം പരിചപോൽ, ദീർഘമാം ചിറകുപോൽ
കർത്തൻതൻ ദയകൊണ്ടു അവരെ മറയ്ക്കുന്നു.

## 6

അങ്ങുതൻ കോപത്താലെ എന്നെ നീ ശിക്ഷിക്കല്ലെ
താവകക്രോധത്താലെ ഭത്സനം ചെയ്തീടല്ലെ
എന്റെ കർത്താവെ ഇതാ ഞാൻ തളർന്നിരിക്കുന്നു
പാപിയാമെന്നോടെന്നും കരുണതോന്നേണമെ
കർത്താവെ എന്നസ്ഥികൾ എത്രയൊ ഇളകിപ്പോയ്
സത്വരം ഈയുള്ളോനു സൗഖ്യം നീ നൽകേണമെ
അസ്വസ്ഥമായീ നാഥാ മാമക ആത്മാവഹൊ
മാമക കർത്താവെ ഞാൻ ഇനിയുമെത്രദിനം
രക്ഷിപ്പാൻ വരേണമെ മാമക നാഥാ ദേവാ
താവക കാരുണ്യത്താൽ മോചനം നൽകീടുക
അങ്ങയെ സ്മരിക്കില്ല മൃതർ തൻ ദുനിയാവിൽ
പാതാളലോകം തന്നിൽ ആരങ്ങെ സ്തുതിച്ചിടും?
കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു തകർന്നഹൊ
രജനിതോറുമഹം കണ്ണുനീരൊഴുക്കിയാൻ
മാമക തലയിണ കണ്ണീരാൽ ഈറനായി
കിടക്ക സമസ്തവും നനഞ്ഞു കുതിർന്നഹൊ
തീരാത്ത ദുഃഖത്താലെ കണ്ണുകൾ മങ്ങീടുന്നു
മാമക ശത്രുക്കളാൽ കണ്ണുകൾ ക്ഷയിക്കുന്നു
അധർമ്മമൂർത്തികളെ എന്നിൽ നിന്നകലുവീൻ
മാമക കർത്താവെന്റെ രോദനം ശ്രവിച്ചഹൊ
താതനാമവിടുന്നെൻ പ്രാർത്ഥന കൈക്കൊള്ളുന്നു
സമസ്ത ശത്രുക്കളും ഭയന്നു വിറച്ചിടും
സത്വരം അവരേറ്റം ലജ്ജിതരായീടുമെ
ദുഃഖിതരവർ പിന്നെ ദൂരത്തു മറഞ്ഞിടും.

## 7

അഭയം തേടുന്നഹം ദൈവമാം കർത്താവിങ്കൽ
വൈരിതൻ കരങ്ങളിൽ നിന്നെന്നെ രക്ഷിക്കുക
അല്ലായ്കിൽ സിംഹത്തെപ്പോൽ കടിച്ചുകീറുമെന്നെ
ആരുമെരക്ഷിക്കാതെ വലിച്ചങ്ങിഴച്ചിടും
ദൈവമാം കർത്താവെ ഞാൻ ദുഷ്കൃതം ചെയ്തു എങ്കിൽ
വൈരിതൻ സമ്പത്തെല്ലാം നിർദ്ദയം കവർന്നെങ്കിൽ

അമിത്രൻ എന്നെയേവം കീഴടക്കിക്കൊള്ളട്ടെ
മാമക ജീവനത്തെ ചവിട്ടി മെതിക്കട്ടെ
പ്രാണനെ പൂഴി തന്നിൽ നിത്യവും താഴ്ത്തീടട്ടെ
കർത്താവെ കോപത്തോടെ സത്വരമെഴുന്നേൽക്ക
മാമകരിപുക്കൾ തൻ ക്രോധത്തെ നേരിട്ടീടാൻ
മാമക സർവ്വേശ്വരാ നിദ്രവിട്ടുണരുക
നിശ്ചയിച്ചിട്ടുണ്ടല്ലൊ സത്യമാം ന്യായവിധി
അങ്ങുതൻ ചുറ്റിലുമായ് ജനങ്ങൾ കൂടീടട്ടെ
അവർക്കു മുകളിലായ് രാജസിംഹാസനത്തിൽ
ചെമ്മെയായിരിക്കണെ ദൈവമെ ദയാപൂർവ്വം
വിധിപ്പൂ കർത്താവെന്നും സുതരാം ജനതയെ
കർത്താവെ എൻ ദൈവമെ മാമക നീതിനിഷ്ട
സത്യസന്ധത ഇവയ്ക്കൊത്തപോൽ വിധിക്കുക.
നീതിമാനാകും നാഥാ മനസ്സും ഹൃദയവും
ചെമ്മെയായ് സത്വരമായ് ശോധന ചെയ്യുന്നോനെ
ദുഷ്ടർ തൻ തിന്മയ്ക്കഹൊ അറുതി വരുത്തുക
നീതിമാന്മാർക്കങ്ങഹൊ പ്രതിഷ്ഠ നൽകീടുക
നിർമ്മല മാനസരെ രക്ഷിക്കും ദൈവമെന്റെ
ശാശ്വത പരിചയാം ജീവിത രണഭൂവിൽ
അവനൊ നീതിജ്ഞനാം ന്യായാധിപതിയല്ലൊ
അങ്ങുതാൻ ദിനംപ്രതി കോപിക്കും ദൈവമല്ലൊ
ദുഷ്ടമാനസർക്കായി വാളിനു മൂർച്ച കൂട്ടും
ധനുസു കുലച്ചവൻ ഒരുങ്ങിയിരിക്കുന്നു
ശരങ്ങൾ, തീയമ്പുകൾ, മാരകായുധം സജ്ജം
ദുഷ്ടമാനസൻ നൂനം തിന്മയെ വഹിക്കുന്നു
അധർമ്മം പേറിയവൻ വഞ്ചന പ്രസവിപ്പൂ
ഗർത്തമൊന്നവൻ വേഗം കുഴിപ്പൂ ധരണിയിൽ
നിർണ്ണയമവൻതന്നെ കുഴിയിൽ വീണീടുന്നു
ദുഷ്ടമാനസർ തന്റെ ദുഷ്ടതയഖിലവും
അവർതൻ ശിരസ്സതിൽ പതിക്കും ഇതു സത്യം
അവന്റെ നെറുകയിൽ നിത്യവും തറയുന്നു.
ദുഷ്ടമാനവർ തന്റെ അക്രമം അഖിലവും
നന്ദി ഞാൻ പറഞ്ഞീടും ദൈവനീതിപോലവെ
സ്തോത്രമാലപിച്ചീടും കർത്തൃനാമത്തിന്നഹൊ.

# 8

ഞങ്ങൾ തൻ സർവ്വേശ്വരാ, കരുണാസങ്കേതമെ
എത്രയൊ മഹനീയം അങ്ങുതൻ നാമം ഭൂവിൽ
വാനിനും മീതെ പോലും സ്തുതിക്കപ്പെട്ടീടുന്നു
അങ്ങുതൻ മഹത്വവും കീർത്തിയും ധാവള്യവും
ശത്രുക്കൾ അവരെയും രക്തദാഹികളെയും
നിശ്ശേഷ്ടരാക്കീടുവാൻ, നിശ്ശബ്ദരാക്കീടുവാൻ
പിഞ്ചിളംകുഞ്ഞുങ്ങൾതൻ അധരം കൊണ്ടങ്ങഹൊ
അത്യന്തം സുശക്തമാം പ്രാകാരം കെട്ടിപ്പൊക്കി
അങ്ങുതൻ വിരലുകൾ സൃഷ്ടിച്ച വിഹായസും
അങ്ങയാൽ നിർമ്മിച്ചതാം ചന്ദ്രനും താരങ്ങളും
അത്ഭുതാദരങ്ങളാൽ വർദ്ധിച്ച തുഷ്ടിയോടെ
സന്തതം കാണുന്നു ഞാൻ പ്രപഞ്ചനിർമ്മാതാവെ
അങ്ങുതൻ ചിന്തയുടെ മണ്ഡലം തന്നിലഹൊ
കടക്കാൻ മർത്യനെന്തു അർഹത നിനയ്ക്കുകിൽ
സർവ്വശക്തനാം ദേവാ അങ്ങഹൊ ശ്രദ്ധിക്കുവാൻ
മാനുഷസുതനെന്തു മഹത്വം ചിന്തിക്കുകിൽ
എന്നിട്ടും അവിടുന്നു മാനുഷനന്ദനരെ
മാലാഖമാരെക്കാളും താഴ്ത്തിയാൻ അല്പംമാത്രം
മഹത്വം, ബഹുമാനം എന്നിവകൊണ്ടങ്ങഹൊ
മാനുഷനന്ദനനെ മകുടമണിയിച്ചു
അങ്ങുതൻ സ്വന്തമായ കരവേലകൾക്കുമേൽ
മാനവശ്രേഷ്ഠനഹൊ ആധിപത്യവും നൽകി.
പാരിതിൽ സർവ്വസ്വവും അങ്ങുതൻ ദയയാലെ
മാനുഷനന്ദനന്റെ പാദത്തിൻ കീഴിലാക്കി
ആടുകൾ, കാളകളും മൃഗജാലങ്ങളെയും
വാനിലെ പറവകൾ ആഴിതൻ മത്സ്യങ്ങളും
കടലിന്നാഴം തന്നിൽ ചെമ്മെയായ് സഞ്ചരിക്കും
സകല ജീവജാല കദംബത്തെയും തന്നെ
കരുണാമയനായ കർത്താവെ എൻ കർത്താവെ
അങ്ങുതൻ നാമധേയം എത്രയൊ മഹനീയം.

## 9

നന്ദി ഞാൻ പറഞ്ഞീടും മാമകകർത്താവിനു
പൂർണ്ണമാം മനസ്സോടെ ഹൃദയത്തോടെ തന്നെ
വിവരിച്ചീടുമഹം അങ്ങുതൻ പ്രവൃത്തികൾ
അങ്ങയിൽ ഞാനെന്നെന്നും ആഹ്ലാദിച്ചുല്ലസിക്കും
ഉന്നതസ്ഥാനീയനെ അങ്ങുതൻ നാമത്തിനു
നിത്യവും സ്തുതിഗീതം ചെമ്മെയാലപിച്ചീടും
മാമകരിപുക്കൾ ഹാ പിന്തിരിഞ്ഞോടിയപ്പോൾ
കാലുകൾ ഇടറിയാർ നശിച്ചു തിരുമുമ്പിൽ
കരുണാകരനങ്ങു നീതിനിവർത്തിച്ചഹൊ
വിധി നീ പ്രസ്താവിച്ചു ആസനസ്ഥനായഹൊ
മാനവകദംബത്തെ നിർദ്ദയം ശകാരിച്ചു
ദുഷ്ടരാം മനുഷ്യരെ നിർണ്ണയം നശിപ്പിച്ചു
ദുഷിച്ച മാർഗ്ഗം തന്നിൽ ചരിക്കും മനുജർ തൻ
നാമമൊ എന്നേക്കുമായ് മായിച്ചു കളഞ്ഞു നീ.
നാശത്തിൻ കൂമ്പാരത്തിൽ ശത്രുക്കൾ മറഞ്ഞഹൊ
അവർ തൻ പുരികളെ വെണ്ണീറായ് ചമച്ചഹൊ
ദുഷ്ടരാം മനുജർ തൻ സ്മരണപോലുമഹൊ
മാഞ്ഞുപോയെന്നേക്കുമായ് നിർണ്ണയമവിതർക്കം
എങ്കിലൊ കർത്താവവൻ നിർണ്ണയമെന്നേക്കുമായ്
സ്വന്തമാം സിംഹാസനം തന്നിലായിരിക്കുന്നു
നീതിയിൻ പതിയവൻ ന്യായമാം വിധിക്കായി
നിർണ്ണയം സിംഹാസനം സ്ഥാപിച്ചു ധരതന്നിൽ
നീതിനിഷ്ടയോടവൻ ലോകത്തെ വിധിക്കുന്നു
നീതിയോടവൻ സർവ്വജനത്തെ വിധിക്കുന്നു
മർദ്ദിതജനതയ്ക്കു കർത്താവു ശക്തിദുർഗ്ഗം
കഷ്ടകാലത്തൊ അവൻ അഭയസ്ഥാനമല്ലൊ
വിശ്വാസമർപ്പിക്കുന്നു അങ്ങുതൻ പരിചിതർ
അങ്ങയുപേക്ഷിക്കില്ല, അന്വേഷിച്ചീടുന്നോരെ
സ്തോത്രം ആലപിക്കുവിൻ സീയോൻ തൻ മണാളന്
ഘോഷിപ്പിൻ നിരന്തരം കർത്തൻ തൻ പ്രവൃത്തിയെ
രക്തത്തിൻ പ്രതികാരം ചെയ്തിടും കർത്തനവൻ
അവരെ സുനിശ്ചിതം ഓർമ്മിക്കും നിരന്തരം
പീഢിതജനതതൻ ദുഃഖത്തിൻ നിലവിളി
കരുണാമൂർത്തിയാകും കർത്താവു മറക്കില്ല
കർത്താവെ എൻ കർത്താവെ കരുണകാട്ടേണമെ

മൃത്യുവിൽ നിന്നും എന്നെ ഉദ്ധരിച്ചീടുന്നോനെ
വൈരികൾ ചെയ്തീടുന്ന പീഡകൾ കാണേണമെ
ഈവിധം അങ്ങയുടെ സ്തുതികൾ പാടീടട്ടെ
അങ്ങഹൊ നൽകിയതാം മോചനമോർത്തിട്ടു ഞാൻ
സീയോന്റെ വാതിൽ തന്നിൽ ആമോദം കൊണ്ടീടട്ടെ
ജനങ്ങൾ കുഴിച്ചതാം പെരിയ ഗർത്തം തന്നിൽ
അവർ താൻ വീണിട്ടഹൊ ദുഃഖം പൂണ്ടിരിക്കുന്നു
അവർ താനൊരുക്കിയ കെണിയിൽ അവർ തന്റെ
പാദങ്ങൾ കുരുങ്ങിപ്പോയ് കിടന്നു വിലപിപ്പൂ
കർത്താവു തന്നെത്തന്നെ വെളിപ്പെടുത്തിത്തന്ന
അവിടുന്നഹൊ ചെമ്മെ ന്യായവും നടത്തിയാൻ
ദുഷ്ടന്മാർ അവരുടെ ദുഷ്പ്രവൃത്തികളതിൽ
നിർദ്ദയം കുടുങ്ങിയാർ, രക്ഷിപ്പാനൊരാളില്ല.
അവരൊ പാതാളത്തിൽ സത്വരം പതിക്കട്ടെ.
ദൈവത്തെ മറക്കുന്ന സകല ജനതയ്ക്കും
ഇതുതാനവസാനം നിർണ്ണയം സുനിശ്ചിതം
ദരിദ്രർ നിത്യമായി വിസ്മരിക്കപ്പെടില്ല
അവർ തൻ പ്രത്യാശയൊ അസ്തമിച്ചിടുകില്ല
കർത്താവെ എൻ ദൈവമെ എഴുന്നേറ്റീടേണമെ
പാപിയാം നരനിവൻ ഗർവ്വിയായ് ഭവിക്കൊല്ല
സകലജനതയും വിധിക്കപ്പെട്ടീടട്ടെ
താവകസന്നിധിയിൽ, കർത്താവെ എൻ ദൈവമെ
കർത്താവെ ജനതയ്ക്കു ഭയം നീ നൽകേണമെ
അവരൊ മർത്ത്യരെന്നു ബോധ്യമുണ്ടായീടട്ടെ
മരണം ചാരത്തെന്നു അവർക്കു തോന്നീടട്ടെ.

## 10

കർത്താവെ, എൻ ദൈവമെ കാരണമെന്താകുന്നു
മർത്യനാമെന്നിൽ നിന്നും അകന്നു നില്പതെന്തെ?
കഷ്ടതപെരുകിയ ദുഃഖത്തിൻ ദശാന്തരെ
കർത്താവെ നീയെന്തിനായ് മറഞ്ഞങ്ങിരിക്കുന്നു?
ദുഷ്ടരൊ ഗർവ്വത്തോടെ നരരെ പീഡിപ്പിപ്പൂ
അവർതൻ കെണി തന്നിൽ അവർ താൻ വീണീടട്ടെ
ദുഷ്ടനാം നരനവൻ വമ്പു ചൊന്നീടുന്നഹൊ
പെരിയ ദുരാഗ്രഹി കർത്തനെ ശപിക്കുന്നു
ദുഷ്ടനൊ ഗർവ്വത്താലെ ഈശനെ മറയ്ക്കുന്നു
ദൈവമില്ലായെന്നവൻ മനസ്സിൽ സങ്കല്പിപ്പൂ

അവന്റെ മാർഗ്ഗമതു നിത്യവും വിജയിപ്പൂ
കർത്തന്റെ ന്യായവിധി വളരെ ഉയരത്തിൽ
പുച്ഛിച്ചു തള്ളീടുന്നു അവന്റെ രിപുക്കളെ
അവനൊ കുലുങ്ങില്ല, അനർത്ഥം അസംഭാവ്യം
ഈവിധം നിരന്തരം ചിന്തിപ്പൂ നരനവൻ
അവന്റെ വിശാലമാം വദനം ശാപത്താലെ
ഭീഷണി വഞ്ചനയാൽ നിറഞ്ഞങ്ങിരിക്കുന്നു
അവന്റെ നാസികതൻ അടിയിൽ കുടികൊൾവൂ
ദ്രോഹവും അധർമ്മവും നിർണ്ണയം ചൊല്ലുന്നഹം
അവനൊ ഗ്രാമങ്ങളിൽ പതിഞ്ഞങ്ങിരിക്കുന്നു
ഒളിഞ്ഞങ്ങിരുന്നിട്ടു ശിഷ്ടരെ വധിക്കുന്നു
അവന്റെ നയനങ്ങൾ നിർമ്മലമാനസരെ
ഗൂഢമായ് തിരയുന്നു പിന്നെയും തിരയുന്നു
ദരിദ്രജനങ്ങളെ പിടിപ്പാൻ കുടുക്കുവാൻ
കേസരിയെപ്പോലവൻ ഒളിച്ചങ്ങിരിക്കുന്നു
പാവങ്ങൾ മനുഷ്യരെ വലയിൽ പിടിച്ചഹൊ
പിടിയിലമർത്തുന്നു നിർദ്ദയം, നിർദ്ദാക്ഷിണ്യം
നിസ്സഹായനാം നരൻ ഞെരിഞ്ഞങ്ങമരുന്നു
ദുഷ്ടന്റെ ശക്തിയാലെ പാവത്താൻ വീണീടുന്നു.
ദൈവമൊ എല്ലാമെല്ലാം വിസ്മരിച്ചീടുന്നഹൊ
നയനം മറച്ചവൻ ഒന്നുമെ കാണുന്നില്ല.
ഈവിധം ദുഷ്ടനവൻ മനസ്സിൽ വിചാരിപ്പൂ
ശിക്ഷയെക്കുറിച്ചുള്ള ചിന്തയൊ നഹി നഹി.
കർത്താവെ ഉണരുക കരം നീ ഉയർത്തുക
പീഢിത ജനതയെ വിസ്മരിച്ചീടൊല്ല നീ
ദുഷ്ടനാം ഭൂമിസ്പൃക്ക് ദൈവത്തെ പുച്ഛിപ്പതും
ശിക്ഷയെ തള്ളുന്നതും എന്തുകൊണ്ടന്തുകൊണ്ട്
അങ്ങുതൻ നയനത്തിൽ കഷ്ടത ക്ലേശങ്ങളും
സർവ്വവും ചെമ്മെയായി നിർണ്ണയം കണ്ടീടുന്നു
ആയവ എല്ലാം തന്നെ അങ്ങുതാൻ കൈക്കൊണ്ടീടും
ദുർബ്ബലൻ, നിസ്സഹായൻ തന്നെത്താൻ സമർപ്പിപ്പൂ
അവശർ, ആർത്തന്മാർക്കും ആലംബഹീനന്മാർക്കും
ആശ്രയം നീയാണല്ലൊ കർത്താവെ എൻ ദൈവമെ
ദുഷ്ടർതൻ, അധർമ്മിതൻ ഭുജം നീ തകർക്കുക
ദുഷ്ടത തീരുവോളം അവയെ നശിപ്പിക്ക
കർത്താവു നൃപൻ നിത്യം, ജനത നശിച്ചീടും
ദരിദ്രജനതതൻ ആഗ്രഹം സാധിച്ചിടും

അവർതൻ ഹൃത്തിന്നഹൊ ധൈര്യം താൻ പകർന്നിടും
അങ്ങഹൊ ശ്രദ്ധിച്ചിടും അവർ തൻ പ്രാർത്ഥനകൾ
ആലംബഹീനന്മാർക്കും പീഡിതജനതയ്ക്കും
നീതിനിവർത്തിപ്പതു കർത്താവെ നീയാണല്ലൊ
മണ്ണതിൽ നിന്നും രൂപം പൂണ്ടതാം നരഗണം
ഭീഷണിപ്പെടുത്തില്ല പീഡിതജനതയെ
ദൈവമാം കർത്താവിനു നന്ദി ഞാൻ കരേറ്റുന്നു.

## 11

അഭയം തേടുന്നഹം മാമക കർത്താവിങ്കൽ
നിങ്ങളെങ്ങിനെ ചൊല്ലും അദ്രിയിലൊളിച്ചീടാൻ
നിർമ്മലമാനസരെ രാത്രിയിലെയ്തീടുവാൻ
ദുഷ്ടന്മാർ പുഷ്കരങ്ങൾ ഞാണിന്മേൽ തൊടുക്കുന്നു
സ്വന്തമാം അടിത്തറ തകർന്നു പോയീടുകിൽ
നീതിമാൻ ധരണിയിൽ എന്തുചെയ്തീടും ചൊൽക
നിർമ്മല ഗൃഹം തന്നിൽ കർത്താവു വസിക്കുന്നു
അവന്റെ സിംഹാസനം വിണ്ടലം തന്നിലല്ലൊ
അവന്റെ നയനങ്ങൾ നരരെ കണ്ടീടുന്നു
അവനൊ മനുഷ്യരെ സൂക്ഷ്മമായ് നിരീക്ഷിപ്പൂ
ശിഷ്ടനെ ദുഷ്ടനെയും കർത്താവു നിരീക്ഷിപ്പൂ
അക്രമം സ്നേഹിപ്പോനെ അവനും വെറുക്കുന്നു
ദുഷ്ടർതൻ ശിരസ്സതിൽ തീക്കനൽ വർഷിക്കുന്നു
അവർതൻ പാനപാത്രം നിറയെ ഉഷ്ണക്കാറ്റും
നീതിമാനല്ലൊ താതൻ നീതിയെ സ്നേഹിക്കുന്നു
നിർമ്മല മാനസന്മാർ ദർശിക്കും തിരുമുഖം.

## 12

കർത്താവെ സഹായിക്ക ഭക്തന്മാർ ഇല്ലാതായി
മാനവസുതന്മാരിൽ വിശ്വസ്ഥർ നഹീ നഹി
അയൽവാസികളോടു അസത്യം ചൊന്നീടുന്നു
അവർ തന്നധരത്തിൽ വ്യാജമാം സ്തുതിയത്രെ
അവർതൻ ഹൃദയത്തിൽ ഹൃദയാന്തരാളത്തിൽ
കാപട്യം അതിലേറെ വഞ്ചന ചതിയെല്ലാം
വ്യാജമാം സ്തുതിചൊല്ലും ചുണ്ടുകൾ സർവ്വത്തെയും
പൊങ്ങച്ചംപറയുന്ന നാക്കുകൾ മുഴുവനും
സർവ്വശക്തനാം താതൻ പാരിതിൽ കർത്താവവൻ

ഛേദിച്ചുകളയട്ടെ നിർദ്ദയം നിർദാക്ഷിണ്യം.
ജയിക്കും രസനത്താൽ അധരം തുണയല്ലൊ
ആരുണ്ട് നിയന്ത്രിക്കാൻ എന്നവർ ചൊന്നീടുന്നു
എങ്കിലൊ കർത്താവവൻ അരുളിച്ചെയ്തീടുന്നു
ചൂഷണം ചെയ്തീടുന്നു ദരിദ്രജനതയെ
ആലംബഹീനന്മാരാം മാനവകദംബകം
ദുഃഖത്താൽ നിരാശയാൽ നെടുവീർപ്പിട്ടീടുന്നു
അതിനാൽ നൽകീടും ഞാൻ അഭയം ഇതു സത്യം
കർത്താവിൻ വാഗ്ദാനങ്ങൾ നിർമ്മലം തന്നെ നൂനം
ഉലയിൽ ഏഴാവൃത്തി ശോധന ചെയ്തിട്ടുള്ള
മാലിന്യം കലരാത്ത ശുദ്ധമാം കളധൂനം
കർത്താവേ കാക്കേണമെ ദുഷ്ടസംഘത്തിൽ നിന്നും
അവരൊ ധരതന്നിൽ പരതി നടക്കുന്നു
മാനവസുതന്മാർ തൻ സംഘത്തിൽ നിരന്തരം
ആദരിച്ചീടുന്നഹൊ നീചത്വം, അകൃത്യങ്ങൾ.

## 13

കർത്താവെ സുതനെന്നെ എത്രനാൾ മറന്നീടും
വിസ്മരിക്കുമൊ നാഥാ നാളെന്നും അഖിലേശാ
എത്രനാൾ തിരുമുഖം മറച്ചു പിടിക്കും നീ
എത്രനാൾ ഈ വേദന സഹിക്കും ഈയുള്ളവൻ
ഹൃദയം നുറുക്കുന്ന ദുസ്സഹവേദന ഞാൻ
രാപകലെത്രകാലം സഹിക്കും ചൊന്നീടുക
എത്രനാൾ എന്റെ ശത്രു ജയിച്ചു നിലനിൽക്കും
ദൈവമെ കടാക്ഷിച്ചു ഉത്തരമരുളുക
മൃത്യുവിൻ നിദ്രതന്നിൽ വീഴാതെ നിലനിൽപ്പാൻ
മാമകനേത്രങ്ങൾക്കു ദീപ്തി നീ ചൊരിയുക
അവനെ കീഴ്പ്പെടുത്തി എന്നഹൊ ഒരിക്കലും
മാമക രിപു ചൊല്ലാൻ ഇടവരുത്തീടൊല്ല.
ഞാൻ ഭയപ്പെടുന്നതു കണ്ടിട്ടെൻ വൈരിയവൻ
ആനന്ദം കൊണ്ടീടുവാൻ ഇട നീ വരുത്തല്ലെ
ആശ്രയിച്ചീടുന്നഹം അങ്ങു തൻ കരുണയിൽ
ആനന്ദം കൊണ്ടീടും ഞാൻ അങ്ങു തൻ രക്ഷ തന്നിൽ
പാടി ഞാൻ സ്തുതിച്ചീടും മാമക കർത്താവിനെ
സീമയില്ലാത്തവിധം കരുണ കാണിച്ചവൻ.

# 14

മൂഢൻ തൻ ഹൃദയത്തിൽ സന്തതം ചൊന്നീടുന്നു
ദൈവമൊ അവൻ നൂനം ഇല്ലെന്നും വരില്ലെന്നും
മ്ലേഛത തന്നിലവൻ മുഴുകി ദുഷിച്ചഹൊ
നന്മചെയ്തീടുന്നവർ ഒരുത്തൻ പോലുമില്ല
സ്വർഗ്ഗസ്ഥനാകും താതൻ മാനവസുതന്മാരെ
നിർന്നിമേഷാക്ഷനായി നോക്കുന്നൂ നിരന്തരം
ഈശനെത്തേടീടുന്ന ജ്ഞാനികളുണ്ടോയെന്ന്
സന്തതമന്വേഷിപ്പൂ ഫലമൊ നിരാശയാം
ഏവരും വഴിതെറ്റി ഒന്നുപോൽ ദുഷിച്ചയ്യൊ
നന്മചെയ്തീടും നരൻ ഒരുത്തൻ പോലുമില്ല.
ദുഷ്ടരാം ജനങ്ങൾക്കു ചേതനയേതുമില്ലെ
പൂപംപോൽ ജനങ്ങളെ തിന്നൊടുക്കീടുന്നവർ
ദൈവമാം കർത്താവിനെ സ്രഷ്ടാവെ, പിതാവിനെ
പേർവിളിച്ചപേക്ഷിപ്പാൻ അവർക്കു മടിയല്ലൊ
അവിടെ ദുഷ്ടന്മാർക്കു ഭയമുണ്ടാകും നൂനം.
കർത്താവു നീതിജ്ഞർ തൻ സന്തതസഹചാരി
ദരിദ്രജനതതൻ ആഗ്രഹം, അഭിലാഷം
നിർദ്ദയം തകർത്തിടും ഭസ്മമാക്കീടും നൂനം
എങ്കിലും കരുണതൻ സിന്ധുവാം കർത്താവവൻ
ദരിദ്രജനതയ്ക്കു അഭയസ്ഥാനമല്ലൊ
സീയോനിൽ നിന്നും ഇസ്രായേലിന്റെ വിമോചനം
വന്നിരുന്നെങ്കിൽ എത്ര ഭാഗ്യമായിരുന്നേനേ
കർത്താവിൻ ജനതതൻ സുസ്ഥിതി സ്ഥാപിക്കുമ്പോൾ
യാക്കോബാനന്ദിച്ചീടും ഇസ്രായേൽ സന്തോഷിക്കും.

# 15

അങ്ങുതൻ കൂടാരത്തിൽ കർത്താവെ ആർ വസിക്കും
നിർമ്മലഗിരിതന്നിൽ വസിപ്പാൻ ആർക്കായിടും
കളങ്കരഹിതനായ് ജീവിതം നയിക്കയും
നീതിയതൊന്നുമാത്രം പ്രവർത്തിച്ചീടുകയും
ഹൃദയം തുറന്നഹൊ സത്യമതൊന്നു മാത്രം
നിത്യവുമുരച്ചീടും നിർമ്മല നരനവൻ
പരദൂഷണമൊട്ടും ചൊന്നിടാ മനുഷ്യനും
സ്നേഹിത കദംബത്തെ ദ്രോഹിക്ക ചെയ്യാത്തോനും
അയൽവാസികളാകും മാനവർക്കെതിരായി

അപവാദങ്ങളൊടും ഉരയ്ക്ക ചെയ്യാത്തോനും
ദുഷ്ടനെ പരിഹാസ്യനായങ്ങു വീക്ഷിപ്പോനും
ഭക്തനെ മാനിപ്പോനും പ്രതിജ്ഞ പാലിപ്പോനും
പലിശവെറുപ്പോനും കൈക്കൂലി വാങ്ങാത്തോനും
പാരിതിൽ നിർഭയനായ് വസിപ്പാനിട വരും.

## 16

കാത്തുകൊള്ളുക നാഥാ കർത്താവെ എൻ ദൈവമെ
നിർണ്ണയമങ്ങയിൽ ഞാൻ ശരണം വച്ചീടുന്നു
അവിടുന്നല്ലൊ നൂനം കർത്താവും രക്ഷിതാവും
അങ്ങയിൽ നിന്നല്ലാതെ എനിക്കു നന്മയില്ല
വിശുദ്ധരെന്നു ലോകം കരുതും സുരഗണം
ഭൂവിലെ ധൂളിപോലെ നിന്ദിതർ, നിസ്സാരന്മാർ
നിസ്സാര ദേവന്മാരിൽ ആനന്ദം കൊള്ളുന്നവർ
ശാപഗ്രസ്തരാണത്രെ, നിർണ്ണയം നിനയ്ക്കുകിൽ
അന്യരാം ദേവന്മാരെ പിന്തുടർന്നീടുന്നവർ
തങ്ങൾതൻ പ്രയാസങ്ങൾ നിർണ്ണയം വർദ്ധിപ്പിപ്പൂ.
ശോണിതം കൊണ്ടങ്ങഹൊ പാനീയബലിയഹം
നിർണ്ണയമർപ്പിക്കില്ല വാസ്തവം ചൊന്നീടുകിൽ
അവർതൻ നാമമഹം ഉച്ചരിച്ചീടുകില്ല
കർത്താവെൻ ഓഹരിയും പാനപാത്രവും നൂനം
മാമക ഭാഗധേയം അങ്ങുതൻ കരങ്ങളിൽ
കാമ്യമാം ദാനമല്ലൊ എനിക്കു ലഭിച്ചത്
വിശിഷ്ട അവകാശം എനിക്കു ലഭിച്ചഹൊ
പഥ്യുപദേശം നൽകും ദേവനെ വാഴ്ത്തീടും ഞാൻ
മാമക മനസ്സതിൽ ബോധനം നിറയുന്നു
കൂരിരുൾ നിറഞ്ഞതാം ശർവരി തന്നിൽപ്പോലും
കർത്താവാം അഖിലേശൻ കൺമുമ്പിലെല്ലായ്പ്പോഴും
ദേവനെൻ ചാരത്തുണ്ട് ഞാൻ കുലുങ്ങുകയില്ല
മാമക ജീവാധാനം തുഷ്ടിപൂണ്ടിരിക്കുന്നു
മാമക അന്തരംഗം ആനന്ദം കൊണ്ടീടുന്നു
മാമക ശരീരം ഹാ ഭദ്രമായ് വിശ്രമിപ്പൂ
പാതാളം തന്നിലവൻ തള്ളില്ല കർത്താവവൻ
അങ്ങുതൻ സ്നേഹിതന്റെ നിർമ്മലമായ മേനി
ജീർണ്ണിപ്പാൻ ഒരിക്കലും സമ്മതമേകില്ലവൻ
കാണിച്ചുതന്നീടുന്നു ജീവന്റെ പാതയവൻ
ആനന്ദ സമ്പൂർണ്ണത അങ്ങുതൻ ചാരത്തുണ്ട്.

നിർണ്ണയം ചൊല്ലുന്നഹം കർത്താവെ എൻ ദൈവമെ
അങ്ങുതൻ വലംകൈയിൽ ശാശ്വത സന്തോഷവും.

## 17

സൃഷ്ടികാരണാ ദേവാ ന്യായം നീ കേൾക്കേണമെ
മാമക നിലവിളി ദയവായ് ശ്രദ്ധിക്കണെ
കളങ്കരഹിതമാം എന്റെ ചുണ്ടതിൽ നിന്നും
പുറപ്പെട്ടീടുന്നതാം പ്രാർത്ഥന ശ്രവിക്കണെ
അങ്ങുതൻ ചാരെനിന്നും പോകട്ടെ മമവിധി
അങ്ങുതൻ നയനങ്ങൾ ന്യായം താൻ കണ്ടീടട്ടെ
മാമക ഹൃദയം നീ സൂക്ഷ്മമായി നോക്കീടുകിൽ
രാത്രിയിൽ എന്നെയങ്ങു സന്ദർശിച്ചീടുകിൽ ഹാ
ഉരച്ചു നോക്കീടുകിൽ നിർണ്ണയം ചൊല്ലുന്നഹം
മാമക മനസ്സതിൽ തിന്മ നീ കണ്ടെത്തില്ല
മാമക അധരങ്ങൾ നിയമം ലംഘിക്കില്ല
അപരർ ചെയ്യുമ്പോലെ തിന്മ ഞാൻ ചെയ്തിട്ടില്ല
അങ്ങു തന്നധരത്തിൽ നിന്നു താൻ പുറപ്പെട്ട
കല്പന അഖിലവും പാലിച്ചു ഇതു സത്യം
ദുഷ്ടമാനസർ തന്റെ പാതയിൽ നിന്നുമഹം
പൂർണ്ണമായൊഴിഞ്ഞഹൊ നിന്നു ഞാൻ നിരന്തരം
അങ്ങുതൻ പാതയിൽത്താൻ പതിഞ്ഞെൻ കാലടികൾ
മാമക ചരണങ്ങൾ വഴുതിപ്പോയിട്ടില്ല
അങ്ങയെ നിരന്തരം വിളിച്ചങ്ങപേക്ഷിപ്പൂ
ദൈവമെ നീ സത്വരം ഉത്തരം അരുളുന്നു
അങ്ങുതൻ ചെവിചായ്ച്ച് മാമക അർത്ഥനകൾ
ശ്രവിപ്പാൻ അഖിലേശാ കരുണയുണ്ടാകണെ
അങ്ങുതൻ വലങ്കയ്യിൽ അഭയം തേടുന്നോനെ
വൈരിയിൽ നിന്നും ചെമ്മെ പാലിക്കും രക്ഷകനെ
സിന്ധുതൻ സമാനമാം അങ്ങുതൻ അനുകമ്പ
വിസ്മയകരമായി കാട്ടുവാൻ ദയ ചെയ്ക
കണ്ണിലെ കൃഷ്ണമണി എന്നതുപോലങ്ങെന്നെ
കാത്തുകൊള്ളേണം നാഥാ സർവ്വേശാ ജഗൽപ്രഭോ!
അങ്ങുതൻ ചിറകിന്റെ നിഴലിൽ നിരന്തരം
മറച്ചുകൊള്ളേണമെ ദേവേശാ ദയാസിന്ധോ!
കരുണാരഹിതമായ് എന്നെത്താൻ ഞെരുക്കുന്ന
ദുഷ്ടമാനസന്മാരാം നരരിൽ നിന്നുമഹൊ
ഈയെന്നെ ഹിംസിക്കുവാൻ വളഞ്ഞങ്ങിരിക്കുന്ന

കൊടിയ ശത്രുക്കളിൻ കൈകളിൽ നിന്നുമെന്നെ
ജഗത്തിൽ സൃഷ്ടിക്കഹൈാ കാരണമായുള്ളോനെ
പാപിയാമീയുള്ളോനെ രക്ഷിക്കാൻ കൃപചെയ്ക
അവർതൻ ഹൃദയത്തിൽ ഒട്ടുമെ ദയവില്ല
അവർ തന്നധരങ്ങൾ വമ്പഹൈാ ചൊന്നീടുന്നു
അവരൊ നിരന്തരം പിന്തുർന്നീടുന്നെന്നെ.
രിപുക്കളെന്നെയിതാ വളഞ്ഞു കഴിഞ്ഞഹൈാ
എന്നെ ഹാ വീഴിക്കുവാൻ ദുഷ്ടരാം നരഗണം
എന്റെ മേൽ കൃപാഹീനം ദൃഷ്ടിവച്ചിരിക്കുന്നു
കടിച്ചു ചീന്താൻ വെമ്പും സിംഹത്തെപ്പോലാണവർ
ഒളിവിലിരിക്കുന്ന യുവസിംഹത്തെപ്പോലെ
കർത്താവെ എഴുന്നേൽക്ക, അവരെ തോൽപിക്കുക
അങ്ങുതൻ വാളാലെന്നെ സത്വരം രക്ഷിക്കുക
ഐഹിക ജീവിതം താൻ ഓഹരിയായീടുന്ന
മർത്യരിൽ നിന്നും നിന്റെ കരത്താൽ രക്ഷിക്കുക
അവർക്കായൊരുക്കിയ വകകൾ കൊണ്ടങ്ങവർ
വയറുനിറയ്ക്കട്ടെ, സംതൃപ്തരായീടട്ടെ
അവർതൻ തനയർക്കു സർവ്വവും ലഭിക്കട്ടെ
പേരക്കിടാങ്ങൾക്കഹൈാ മിച്ചവും ലഭിക്കട്ടെ
നീതിനിമിത്തമഹം ദർശിക്കും തിരുമുഖം
സംതൃപ്തനായീടും ഞാൻ ദിവ്യദർശനത്താലെ.

## 18

ശക്തിതന്നുറവിടമായിടും കർത്താവെ ഞാൻ
അങ്ങയെ സ്നേഹിക്കുന്നു ജീവനു തുല്യമായി
അങ്ങല്ലൊ രക്ഷാശില, കോട്ടയും, മോചകനും
ദൈവവും അഭയം തന്നീടുന്ന പാറയതും.
മാമക പരിചയും, മാമക രക്ഷ തന്റെ
ശൃംഗവും, ഗോപുരവും, നിർണ്ണയം അങ്ങു തന്നെ.
ഞാൻ വിളിച്ചപേക്ഷിപ്പൂ സ്തുതിക്കു യോഗ്യനായ
നിഷ്കളങ്കനായുള്ള മാമക കർത്താവിനെ
രക്ഷിക്കും കർത്താവെന്നെ ശത്രുവിൽ നിന്നും നൂനം
അവരെ സംഹരിക്കും എനിക്കു ജീവൻ നൽകും
മരണപാശമെന്നെ ചുറ്റിയാൻ നിരന്തരം
നാശത്തിൻ പ്രവാഹങ്ങൾ ആക്രമിച്ചെന്നെ നിത്യം
പാതാളപാശമെന്നെ വരിഞ്ഞുമുറുക്കിയാൻ
മൃത്യുവിൻ കുരുക്കെന്റെ മേലിതാ വീണീടുന്നു

കഷ്ടത്തിൻ ദശാന്തരെ കർത്തനെ വിളിച്ചു ഞാൻ
മാമക കർത്താവോടു ദീനമായ് വിലപിച്ചു
നിഷ്കളൻ, നിരാമയൻ തന്റെ വേശ്യത്തിൽ നിന്നും
മാമക അപേക്ഷകൾ ശ്രവിച്ചു നിരന്തരം
പാപിയാമെന്റെ ദീനമായുള്ള നിലവിളി
കരുണാകരനുടെ കാതുകൾ തന്നിലെത്തി
കർത്തൻതൻ കോപത്തിങ്കൽ ധരിത്രി വിറച്ചുപോയ്
മലതന്നടിസ്ഥാനം സത്വരമിളകിപ്പോയ്
അവന്റെ മൂക്കിൽ നിന്നും പുകയങ്ങുയർന്നഹൊ
അവന്റെ വായിൽ നിന്നും തീജ്വാല പുറപ്പെട്ടു
തീക്കനൽ നാലുപാടും ജ്വലിച്ചു കത്തി വേഗം
ആകാശം ചായിച്ചഹൊ ഇറങ്ങി വന്നീടിനാൻ
അവന്റെ ചരണങ്ങൾ തമസിലുറപ്പിച്ചു
ശ്രീയുള്ള കെരൂബിന്റെ വാഹനമാക്കിയവൻ
പറന്നാനാകാശത്തിൽ വിഹഗം പോലെ തന്നെ
മരുത്തിൻ ചിറകിന്മേൽ സത്വരം അണഞ്ഞവൻ
തമസ്സാൽ അവിടുന്നു ചമച്ചു ആവരണം
ജലത്താൽ നിറഞ്ഞതാം മേഘജാലങ്ങൾ കൊണ്ടു
സുന്ദരവിതാനമങ്ങൊരുക്കി ജഗദീശൻ
അങ്ങുതൻ ജ്വലിക്കുന്ന തേജസിൽ നിന്നുമഹൊ
കന്മഴ, തീക്കനലും ഭൂമിയിൽ പതിച്ചയ്യൊ
മുഴക്കി മേഘനാദം കർത്താവു വിഹായസിൽ
മുഴങ്ങിക്കേട്ടൂ നൂനം ചിന്മയൻ തന്റെ ശബ്ദം
തീക്കനൽ, കന്മഴയും പൊഴിഞ്ഞു തുടങ്ങിയാൻ
അമ്പുകൾ അയച്ചവൻ അവരെ ചിതറിച്ചു
മിന്നലിൻ പിണർകൊണ്ടു അവരെ പായിച്ചവൻ
അങ്ങുതൻ ശാസനയാൽ അങ്ങുതൻ വിശ്വാസത്താൽ
ഭൂമിതന്നടിത്തട്ടും നീർത്തോടും കാണായ് വന്നു.
ഉന്നതങ്ങളിൽ നിന്നും കർത്താവാം ജഗദീശൻ
കരങ്ങൾ നീട്ടിയെന്നെ സസ്നേഹം ശ്രദ്ധാപൂർവ്വം
പെരുവെള്ളത്തിൽ നിന്നും ഉയർത്തിയെന്നെയവൻ
ശത്രുവിൽ നിന്നും പിന്നെ നിന്ദകന്മാരിൽ നിന്നും
ദൈവമാം കർത്താവെന്നെ സദയം രക്ഷിച്ചഹൊ
അവരൊ പ്രബലന്മാർ, ശക്തന്മാർ, അജയ്യന്മാർ
അനർത്ഥകാലത്തവൻ എന്റെമേൽ ചാടിവീണു
ദൈവമാം കർത്താവെന്റെ അഭയസ്ഥാനമല്ലൊ
വിശാലസ്ഥലം തന്നിൽ നയിച്ചാനവനെന്നെ

കർത്തൻ താൻ പ്രസാദിച്ചു മോചനം അവൻ നൽകി
മാമക നീതിപോലെ കർത്താവു ഫലം നൽകി.
മാമക ശുദ്ധിപോലെ പകരം എനിക്കേകി
കർത്താവിൻ മാർഗ്ഗം തന്നിൽ ഉറച്ചുനിന്നാനഹം
തിന്മപ്രവൃത്തികളാൽ കർത്താവിൻ ചാരേ നിന്നും
ഒട്ടുമെ അകന്നില്ല ദൈവത്തെ പറ്റി നിന്നു
അവന്റെ കല്പനകൾ എപ്പോഴും കണ്മുമ്പിലും
കർത്തൻ തൻ നിയമങ്ങൾ കല്പന അഖിലവും
ഒട്ടുമെ ലംഘിച്ചില്ല, പാലിച്ചാൻ അനുദിനം.
അങ്ങുതൻ മുമ്പിലഹം നിർമ്മലനായിരുന്നു
തെറ്റുകുറ്റത്തിൽ നിന്നും അകന്നു മാറി നിന്നു
മാമക നീതി, ന്യായം, കൈകൾ തൻ നൈർമ്മല്യവും
കണ്ടിട്ടു കർത്താവവൻ നൽകിയാൻ പ്രതിഫലം
വിശ്വസ്ത നരനോടു പുലർത്തും വിശ്വസ്ഥത
നിഷ്കളങ്കനോടഹൊ നിഷ്കളങ്കത തന്നെ
നിർമ്മല നരനോടു നിർമ്മലമായിത്തന്നെ
ദുഷ്ടനാം നരനോടു ക്രൂരത കാട്ടും ദൈവം
വിനയസമ്പന്നർക്കു മോചനം കൊടുക്കുന്നു
അഹങ്കാരികളെത്താൻ കുഴിയിൽ വീഴ്ത്തീടുന്നു
ദൈവമെ അവിടുന്നെൻ ദീപിക കൊളുത്തുന്നു
ദൈവമാം കർത്താവെന്റെ തിമിരമകറ്റുന്നു
അങ്ങുതൻ സഹായത്താൽ സേനയെ ഭേദിക്കും ഞാൻ
അങ്ങുതൻ സഹായത്താൽ കോട്ടകൾ കടക്കും ഞാൻ
അവന്റെ മാർഗ്ഗം നൂനം വികലരഹിതമാം
അവന്റെ വാഗ്ദാനങ്ങൾ നിർണ്ണയം നിറവേറും
അഭയം തേടുന്നോർക്കു പരിചയല്ലൊ ദൈവം
കർത്താവാം ദൈവമല്ലാതാരുണ്ട് ദൈവം ചൊൽക
ദൈവമല്ലാതെ വേറെ രക്ഷതൻ ശിലയുണ്ടോ
അങ്ങുതൻ ശക്തിയാലെ അര ഞാൻ മുറുക്കുന്നു
അവന്റെ മാർഗ്ഗം നൂനം നിത്യവും സുരക്ഷിതം
എന്റെ കാലുകൾക്കവൻ സാരംഗ വേഗം നൽകി
ഉന്നതഗിരികളിൽ സുരക്ഷനൽകിയവൻ
സർവ്വശക്തനാമവൻ യുദ്ധനിപുണനാക്കി
മാമക കരങ്ങൾ ഹാ കുലയ്ക്കും പിച്ചളവിൽ
നൽകിയാനെനിക്കവൻ രക്ഷതൻ പരിചയും
താങ്ങിനിർത്തിയാനെന്നെ അങ്ങുതൻ വലംകരം
നിർണ്ണയം മഹാനാക്കി അങ്ങുതൻ വാത്സല്യത്താൽ

മാമക രാജവീഥി അങ്ങു വിശാലമാക്കി
മാമക ചരണങ്ങൾ വഴുതില്ലൊരിക്കലും
മാമകരിപുക്കളെ സത്വരം പിടിച്ചു ഞാൻ
അവരെ നിഷ്കരുണം വധിക്കും വരെയും ഞാൻ
കാവലായ് നിന്നു ചെമ്മെ പിന്മാറിയതുമില്ല
ഉത്ഥാനം ചെയ്തീടുവാൻ കഴിവില്ലാത്തവിധം
അവരെ നിഷ്കരുണം തകർത്തു പൊടിയാക്കി
എന്റെ കാൽക്കീഴിലവർ ഞെരിഞ്ഞങ്ങമർന്നഹൊ
ദേവാധിദേവൻ കർത്തൻ ചെമ്മെയായൊരുക്കിയാൻ
നരനായെന്നെയഹൊ സംഗ്രമത്തിനു വേണ്ടി
എന്നെയാക്രമിച്ചോരെ എനിക്കു കീഴാക്കിയാൻ
മാമക ശത്രുക്കളെ തുരത്തിയോടിച്ചവൻ
എന്നെ വെറുക്കുന്നോരെ അവൻ താൻ നശിപ്പിച്ചു
രക്ഷയ്ക്കായ് സഹായത്തിന്നായവൻ വിലപിച്ചു
ദീനരായ്, ദുഃഖിതരായ് വിലപിച്ചെന്നാകിലും
രക്ഷിപ്പാനൊരാൾ പോലും വന്നുചേർന്നില്ല കഷ്ടം
ദൈവത്തോടവൻ വീണ്ടും ഉറക്കെ വിലപിച്ചു
സുരലോകത്തുനിന്നും ഉത്തരമുണ്ടായില്ല
വായുവിൽ പറക്കുന്ന ധൂളിക്കു സമാനമായ്
പൊടിച്ചു ഞാനവരെ നിർദ്ദയം നിർദ്ദാക്ഷിണ്യം
തെരുവിൽ കിടക്കുന്ന പാഴ്ചെളിപോലവരെ
കോരിക്കളഞ്ഞുവേഗം ദുഷ്ടമാനസന്മാരെ
ജനങ്ങൾ നടത്തിയ കലഹത്തിൽ നിന്നെന്നെ
സത്വരം രക്ഷിച്ചങ്ങു ജനത്തിൻ നേതാവാക്കി
ഒട്ടുമെ പരിചയം ഇല്ലാത്ത ജനതതി
സ്വാർത്ഥതയില്ലാതെന്നെ സേവിച്ചു നിരന്തരം
നിസ്സാരൻ എന്റെ നാമം കേട്ടമാത്രയിൽത്തന്നെ
നിർമ്മലവിധേയത്വം കാട്ടിയാർ ഇതു സത്യം
അന്യരാം ജനതകൾ, ദൂരസ്ഥർ, സമീപസ്ഥർ
നിസ്സാരനെന്നോടഹൊ ദീനരായ് വിലപിച്ചു.
അന്യരാം ജനതതൻ ധൈര്യമകന്നു പോയി
കോട്ടകൾ തന്നിൽ നിന്നും പുറത്തുവന്നെത്തിയാർ
ദൈവമാം കർത്താവവൻ നിത്യവും ജീവിക്കുന്നു
വാഴ്ത്തപെട്ടീടട്ടവൻ മാമക രക്ഷാശില.
നാളെന്നും മാലോകരാൽ സ്തുതിക്കപ്പെട്ടീടട്ടെ
രക്ഷയിൻ ദൈവം എന്റെ ശക്തിയും അഭയവും
എനിക്കു വേണ്ടീട്ടവൻ പകരം ചെയ്തു ചെമ്മെ

നരരെ എനിക്കവൻ വിധേയരാക്കി നൂനം
രിപുക്കൾ തന്നിൽ നിന്നും സദയം രക്ഷിച്ചവൻ
വൈരിക്കു മേലായെന്നെ ഉയർത്തിക്കാട്ടിയവൻ
മോചനം നൽകിയെന്നെ മാമക കർത്താവവൻ
അക്രമസംഘത്തിന്റെ വാഴ്ചയിൽ നിന്നുമഹൊ
ആകയാലെൻ കർത്താവെ മാനവർ മദ്ധ്യേയഹം
അങ്ങേയ്ക്കു സ്തുതിഗീതം ആലപിച്ചീടും നിത്യം
അങ്ങുതൻ തിരുനാമം ചേതനയുള്ള കാലം
പാടി ഞാൻ സ്തുതിച്ചീടും ദേവേശാ ജഗൽപ്രഭോ
രാജാവിന്നവിടുന്നു വിജയം നൽകീടുന്നു
അഭിഷിക്തനോടങ്ങു കാരുണ്യം കാട്ടീടുന്നു
ദാവീദു രാജാവോടും അവന്റെ സുതരോടും
കരുണാമൃതവർഷം ചൊരിവൂ ജഗന്നാഥൻ.

## 19

ഗഗനം ദൈവത്തിന്റെ മഹത്വം പ്രഘോഷിപ്പൂ
ആകാശവിതാനമൊ ഘോഷിപ്പൂ കരവേല
ദിവസം ദിനത്തോടും ഭാഷണം ചെയ്തീടുന്നു
ശർവരി രജനിക്കു വിജ്ഞാനം പകരുന്നു
ഭാഷണമേതുമില്ല വാക്കുകളില്ല നൂനം
ശബ്ദമതല്പം പോലും കേൾപ്പാനുമെളുതല്ല.
എന്നിട്ടും അവയുടെ സ്വരമീധരണിയിൽ
മുഴുവൻ വ്യാപിക്കുന്നു നിർണ്ണയമവിതർക്കം
അവന്റെ വചനങ്ങൾ ഈക്കാണും ലോകത്തിന്റെ
സീമയതോളമെത്തി ചേരുന്നു ഇതു സത്യം
അവിടെ മാർത്താണ്ഡനു കൂടാരമവിടുന്നു
ഭംഗിയായ് നിർമ്മിച്ചഹൊ ഒരുക്കി സജ്ജമാക്കി
രമ്യമാം മണിയറ വിട്ടു വന്നീടുന്നൊരു
സുന്ദരമണവാളനെന്നതു പോലെ തന്നെ
കർമ്മസാക്ഷിയാം സൂര്യൻ ചെമ്മെയായതിൽ നിന്നും
പുറത്തു വന്നീടുന്നു വെളിച്ചം നൽകീടുന്നു
ശക്തനാം മല്ലനെപ്പോൽ പ്രസന്നചിത്തനായി
ഓട്ടമാരംഭിക്കുന്നു, വർദ്ധിതവീര്യത്തോടെ
വ്യോമത്തിനൊരറ്റത്തു ഉദിപ്പൂ ദിവാകരൻ
മറ്റേയറ്റത്തവന്റെ അയനം സംഭവിപ്പൂ.
അവന്റെ ചൂടിൽ നിന്നും ഒളിക്കാൻ കഴിയില്ല
കർത്താവിൻ നിയമങ്ങൾ അലംഘ്യം, നിർമ്മലമാം

നിയമം ആത്മാവിനു നവ്യമാം ജീവൻ നൽകും
അവന്റെ സാക്ഷ്യമെല്ലാം വിശ്വസനീയം തന്നെ
നിർണ്ണയം വിനീതരെ ജ്ഞാനികളാക്കീടുന്നു
കർത്താവിൻ കൽപനകൾ നീതിയുക്തമല്ലയൊ
അവകൾ ഹൃദയത്തെ സന്തോഷിപ്പിച്ചീടുന്നു
കർത്താവിൻ പ്രമാണങ്ങൾ വിശുദ്ധം, നിർമ്മലമാം.
അവകൾ കണ്ണുകൾക്കു വെളിച്ചം നൽകീടുന്നു
ദൈവത്തോടുള്ള ഭക്തി നിർമ്മലം തന്നെ നൂനം.
നിർണ്ണയം അതെന്നേക്കും നിലനിന്നീടും നൂനം
കർത്താവിൻ വിധികളൊ സത്യമായ് നിലനിൽക്കും
നിർണ്ണയമവിതർക്കം നീതിപൂർണ്ണമായതും
പൊന്നിലും തങ്കത്തിലും അഭികാമ്യമാകുന്നു
തേൻകട്ടയേക്കാളേറെ മാധുര്യം നിറഞ്ഞതും
കർത്താവിൻ വിധികൾ താൻ ദാസനാമെനിക്കെന്നും
ബോധനം നൽകീടുന്നു, വെളിച്ചം പകരുന്നു
കർത്താവിൻ വിധികളെ പാലിക്കും നരനഹൊ
പാരിതോഷികം ചെമ്മെ ലഭിക്കും ഇതു സത്യം
സ്വന്തമാം അപരാധം മനസ്സിലാക്കീടുവാൻ
ആർക്കഹൊ കഴിഞ്ഞീടും ഇന്നു നാം നിനയ്ക്കുകിൽ
അറിയാതെ ചെയ്തീടും അപരാധത്തിൽ നിന്നും
കർത്താവെ എന്നെ നിത്യം ശുദ്ധീകരിക്കേണമെ
ബോധപൂർവ്വം ചെയ്യുന്ന ക്രൂരമാം തെറ്റിൽ നിന്നും
കാക്കുക ചെയ്തീടണെ ജഗന്നിവാസാ നാഥാ
നിഷ്കളാ നിർമ്മലനെ കരുണാമൂർത്തെ നാഥാ
അപരാധങ്ങളെന്നിൽ ആധിപത്യം സ്ഥാപിക്കാൻ
ഒരുനാളിലും താതാ ഇട നീ വരുത്തല്ലെ
എങ്കിൽ ഞാൻ നിർമ്മലനാം തെറ്റിൽ നിന്നും മോചിതൻ
പെരിയതെറ്റിൽ നിന്നും നിർണ്ണയം മോചിതനാം.
മാമക രക്ഷാശിലാ, മോചകാ, ദയാസിന്ധോ
മാമക വായിൽ നിന്നും വന്നീടും വാക്കുകളും
ഹൃദയം തന്നിലുള്ള ചിന്തയും മോഹങ്ങളും
അങ്ങു തൻ ദൃഷ്ടി തന്നിൽ സ്വീകൃതമായീടട്ടെ.

# 20

ദുഃഖത്തിൻ ദശാന്തരെ ദൈവമാം കർത്താവവൻ
താവകപ്രാർത്ഥനകൾ കേൾക്കുമാറാകട്ടഹൊ
യാക്കോബിൻ ദൈവത്തിന്റെ കരുണാകടാക്ഷങ്ങൾ
നാളെന്നും നിനക്കൊരു കോട്ടയായ് ഭവിക്കട്ടെ.
ദൈവമാം കർത്താവവൻ ശുദ്ധ ഗൃഹത്തിൽ നിന്നും
നിനക്കു സഹായങ്ങൾ എപ്പോഴും നൽകീടട്ടെ.
സീയോനിൽ നിന്നും നിന്നെ തുണയ്ക്ക ചെയ്തീടട്ടെ
ഓർക്കുക ചെയ്തീടട്ടെ താവക നേർച്ചകാഴ്ച
ദഹനബലികളിൽ സംപ്രീതനായീടട്ടെ.
താവക അഭിലാഷം സാധിച്ചു തന്നീടട്ടെ
താവക ഉദ്യമങ്ങൾ സഫലമാക്കീടട്ടെ
താവക വിജയത്തിൽ ഞങ്ങളാഹ്ലാദിച്ചിടും
ഞങ്ങൾ തൻ ദൈവത്തിന്റെ തിരുനാമത്തിൽ നൂനം
വിജയപതാകകൾ പാറിക്കും ഇതു സത്യം
ദൈവമാം കർത്താവവൻ താവക അപേക്ഷകൾ
നിർണ്ണയം കൈക്കൊള്ളട്ടെ സഫലമായീടട്ടെ
ദൈവമാം കർത്താവവൻ അഭിഷിക്തനെ ചെമ്മെ
നിശ്ചയം സഹായിക്കുമെന്നു ഞാൻ അറിയുന്നു
അവിടുന്നവിടുത്തെ വിശുദ്ധ സ്വർഗ്ഗം തന്നിൽ
നിന്നഹൊ ദാസനോടു ഉത്തരമരുളീടും
തന്നുടെ വലംകൈയാൽ അത്യന്തം മഹത്തായ
വിജയം കൈയ്യാളുവാൻ ഇടനൽകീടും നൂനം
രഥത്തിൽ, കുതിരമേൽ യാത്രചെയ്തിട്ടു ചിലർ
അഹങ്കാരികളായി ധരയിൽ മരുവുന്നു.
ഞങ്ങളൊ ദൈവമായ കർത്താവിൻ നാമത്തിങ്കൽ
അഭിമാനം കൊള്ളുന്നു സംതൃപ്തി നേടീടുന്നു
തകർന്നുവീഴുമവർ നശിച്ചുവെണ്ണീറാകും
ശിരസുയർത്തി ഞങ്ങൾ നിന്നിടും ധരണിയിൽ
കർത്താവെ രാജാവിനു വിജയം നൽകീടണെ
ഞങ്ങൾ തൻ പ്രാർത്ഥനയ്ക്കു ഉത്തരം അരുളണെ.

# 21

കർത്താവെ അങ്ങയുടെ ശക്തിയിൽ, പ്രതാപത്തിൽ
രാജാധിരാജനവൻ തുഷ്ടി പൂണ്ടിരിക്കുന്നു
അങ്ങു തൻ സഹായത്തിൽ പാർത്ഥിവ ശ്രേഷ്ഠനവൻ
എത്രമേൽ ആഹ്ലാദിപ്പൂ, രോമാഞ്ചമണിയുന്നു
അവന്റെ അഭിലാഷം സഫലമാക്കിയങ്ങു
അവന്റെയർത്ഥനകൾ നിഷേധിച്ചതുമില്ല
കൃപയിൻ മാരിയുമായ് അവനെ സന്ദർശിച്ചു
അവന്റെ ശിരസ്സിന്മേൽ മകുടമണിയിച്ചു
ദൈവമാം കർത്താവൊടു ചേതന യാചിച്ചവൻ
ദീർഘമാം, അനന്തമാം ജീവിതം അവനേകി.
അങ്ങുതൻ സഹായത്താൽ ഭൂമിപാലകൻ തന്റെ
മഹത്വം, മഹിമയും വർദ്ധിച്ചു ദിനംപ്രതി
ചൊരിഞ്ഞു അവന്റെമേൽ തേജസും പ്രതാപവും
അവനെ എന്നന്നേക്കും കൃപയിൻപൂർണ്ണനാക്കി
അങ്ങുതൻ സാന്നിദ്ധ്യത്താൽ ആനന്ദമവനേകി
രാജാവു വിശ്വസിച്ചു കർത്താവിൽ ആശ്രയിപ്പൂ
അവന്റെ കാരുണ്യത്താൽ നിർഭയനായീടുന്നു
വൈരിയെ പിടിച്ചിടും അങ്ങുതൻ കരങ്ങളാൽ
അങ്ങുതൻ വലംകരം വെറുക്കും നരരെയും
അങ്ങുതൻ സന്ദർശനദിവസം തന്നെ നൂനം
അവരെ എരിയുന്ന ചൂളപോലെയാക്കീടും
അവരെ വിഴുങ്ങിടും അവന്റെ ക്രോധത്താലെ
പാവകൻ നിർദ്ദാക്ഷിണ്യം അവരെ ദഹിപ്പിക്കും
അവർ തൻ സന്തതിയെ ധരണി തന്നിൽ നിന്നും
അവർ തൻ സുതന്മാരെ മാനവർ തന്നിൽ നിന്നും
ഉന്മൂലനാശം ചെയ്യും ക്ഷോണിയിൽ ഇല്ലാതാക്കും
ഇനിമേൽ ഒരിക്കലും അവരെ കാണില്ലഹൊ
അങ്ങുതന്നെതിരായി മ്ലേച്ഛമാം ആലോചന
നടത്തിയാലുമവർ വിജയം വരിക്കില്ല
അവർ തൻ വദനത്തെ ലക്ഷ്യമതാക്കിക്കൊണ്ടു
വില്ലവൻ കുലച്ചിടും വലിക്കും നിർണ്ണയം താൻ
കർത്താവെ അവിടുത്തെ ശക്തിയാൽ പ്രതാപത്താൽ
മഹത്വപ്പെട്ടീടട്ടെ ജഗന്നിവാസാ നാഥാ
പാടിപ്പുകഴ്ത്തും ഞങ്ങൾ ലോകാവസാനത്തോളം
അങ്ങു തൻ ശക്തി, തന്റെ ഉജ്വല പ്രഭാവത്തെ
അങ്ങു തൻ കാരുണ്യത്തെ, അങ്ങു തൻ മഹത്വത്തെ.

## 22

എന്റെ ദൈവമെ, എന്റെ ദൈവമെ എന്തിനായി
ദാസനെ, നിന്മകനെ എന്തിനായുപേക്ഷിച്ചു
ആപത്തിൽപെട്ടീടുമ്പോൾ സഹായം ചെയ്തീടാതെ
എന്റെ ദീനമായുള്ള രോദനം കേൾക്കാതെയും
ക്രൂരമായീവിധത്തിൽ അവഗണിച്ചുകൊണ്ട്
അകന്നുനിൽപതിന്റെ കാരണമെന്തെ ചൊൽക
പകലന്തിയോളം ഞാൻ അങ്ങയെ വിളിക്കുന്നു
ഒരിക്കൽപ്പോലുമങ്ങു വിളികേട്ടതുമില്ല
രാത്രിയിൽ നിരന്തരം വിളിച്ചങ്ങപേക്ഷിപ്പൂ
ഒട്ടുമെ ആശ്വാസം ഹാ എനിക്കു ലഭിച്ചില്ല
യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിപ്പോനെ
നിർണ്ണയം ചൊല്ലുന്നഹം നീ പരിശുദ്ധനല്ലൊ.
വിശ്വാസമർപ്പിച്ചവർ ഞങ്ങൾതൻ പിതാക്കന്മാർ
അങ്ങയിൽ പൂർണ്ണമായി ശരണം വച്ചു അവർ
അങ്ങഹൊ ദയാപൂർവ്വം അവരെ മോചിപ്പിച്ചു
മോചനം അവർക്കൊരു കൃപയായ് വന്നാനല്ലൊ
അങ്ങയോടവർ ദീനം വിലപിച്ചപേക്ഷിച്ചു
അങ്ങുതൻ കരുണയാൽ അവർ രക്ഷിക്കപ്പെട്ടു
അങ്ങയെ അവർ നിത്യം എന്തിനും ആശ്രയിച്ചു
അവരൊ ഭഗ്നാശയർ ആയില്ല നിനയ്ക്കുകിൽ
മാനവർ അല്ലായഹം നിസ്സാരം കൃമിയത്രെ
നരർക്കു നിന്ദാപാത്രം ജനത്തിനപമാനം
അവഹേളിച്ചീടുന്നു മാനവകദംബകം
കൊഞ്ഞനം കാട്ടീടുന്നു, നിന്ദിപ്പൂ നിരന്തരം
കർത്താവിലവർ നിത്യം ആശ്രയിച്ചെന്നതിനാൽ
അവിടുന്നവനെത്താൻ രക്ഷയും നൽകീടട്ടെ
അവിടുന്നവനഹൊ സ്വാതന്ത്ര്യം നൽകീടട്ടെ
അവന്റെ പ്രസാദം ഹാ അവനിൽ ഉണ്ടധികം
എങ്കിലും അങ്ങാണല്ലൊ മാമക മാതാവിന്റെ
ഉദരം തന്നിൽ നിന്നും സ്വതന്ത്രനാക്കിയതും
മാതാവിൻ മാറിടത്തിൽ എനിക്കു സുരക്ഷയെ
നൽകിയ മഹാദേവൻ നിർണ്ണയം അങ്ങാണല്ലൊ
ധരയിൽ പിറന്നു ഞാൻ അങ്ങു തൻ കരങ്ങളിൽ
ഗർഭസ്ഥനായപ്പോഴും അവിടുന്നല്ലൊ ദൈവം
ദൈവമെ അവിടുന്നു അകന്നു നിന്നീടൊല്ല

ദുരിതം പ്രയാസങ്ങൾ ചാരത്തങ്ങണഞ്ഞഹൊ
ആരുമെ ഇല്ലാ എന്നെ രക്ഷിപ്പാൻ സഹായിപ്പാൻ
കാളകൂറ്റന്മാർ എന്നെ നിർദ്ദയം വളഞ്ഞഹൊ
ബാശാൻകൂറ്റന്മാർ എന്റെ ചുറ്റിലും കാണാകുന്നു
അലറിയടുക്കുന്ന പുണ്ഡരീകനെപ്പോലെ
കൂറ്റന്മാർ എന്റെ നേരെ വാ പിളർന്നിരിക്കുന്നു
തറയിലൊഴിച്ചതാം കമലം പോലാണു ഞാൻ
സന്ധിബന്ധങ്ങൾ പോലും ഉലഞ്ഞു വികൃതമായ്
മാമക ഹൃദന്തമൊ മെഴുകു സമാനമായ്
മേനിതന്നുള്ളിലതു ഉരുകി ദ്രവിക്കുന്നു.
എന്റെ അണ്ണാക്കൊ കഷ്ടം ഓടിന്റെ കഷണം പോൽ
ഉണങ്ങി വരണ്ടഹൊ വികൃതരൂപമായി
അങ്ങെന്നെ മരണത്തിൻ പൂഴിയിൽ ഉപേക്ഷിച്ചു
ശ്വാനന്മാർ എന്റെ ചുറ്റും വട്ടമിട്ടിരിക്കുന്നു
അധർമ്മ ജനസംഘം വളഞ്ഞങ്ങിരിക്കുന്നു
അവരെൻ കൈകാലുകൾ നിർദ്ദയം തുളച്ചഹൊ
എന്റെ അസ്ഥികളിന്മേൽ എണ്ണുവാൻ സാധിച്ചിടും
വൈരികൾ എന്റെ നേരെ തുറിച്ചു നോക്കീടുന്നു
മാമക അംബരങ്ങൾ പങ്കിട്ടങ്ങെടുക്കുന്നു
മാമക അങ്കിക്കായി നറുക്കിട്ടീടുന്നവർ
കർത്താവെ ദയാനിധേ അകന്നങ്ങിരിക്കൊല്ല
മാമക രക്ഷകനെ വേഗം നീ സഹായിക്ക
വാളതിൽ നിന്നും ചെമ്മെ രക്ഷിക്ക മമ ജീവൻ
നായ തൻ ദംഷ്ട്രങ്ങളിൽ നിന്നും നീ രക്ഷിക്കുക
കേസരീവദനത്തിൽ നിന്നും നീ രക്ഷിക്കുക
കാട്ടുപോത്തിന്റെ കൊമ്പിൽ നിന്നും ഹാ മുറിവേറ്റ
ആലംബഹീനനായോരെന്നെ നീ മോചിപ്പിക്ക
സഹജർ മദ്ധ്യത്തിൽ ഞാൻ അങ്ങുതൻ തിരുനാമം
സ്തുതിക്കും, വാഴ്ത്തീടും ഞാൻ ഘോഷിക്കും നിരന്തരം
സഭതൻ മദ്ധ്യത്തിൽ ഞാൻ അങ്ങയെ പുകഴ്ത്തിടും
കർത്തൃഭക്തരെ നിങ്ങൾ കർത്തനെ സ്തുതിക്കുവിൻ
യാക്കോബിൻ സുതന്മാരെ മഹത്വപ്പെടുത്തുവിൻ
കർത്തൻ തൻ സന്നിധിയിൽ, യിസ്രായേൽ മക്കൾ നിങ്ങൾ
നിൽക്കുവീൻ ഭയത്തോടെ വിറയലോടും കൂടി
എന്തെന്നാൽ പീഡിതന്റെ കഷ്ടത ദുരിതങ്ങൾ
ഭിസ്സായി തള്ളുകില്ല, അവഗണിക്കുകില്ല.
അവന്റെ ഘനോത്തമം മറച്ചില്ലൊരിക്കലും

അവൻ താൻ വിളിച്ചപ്പോൾ ജഗന്നിവാസൻ കേട്ടു
ജനങ്ങൾ തിങ്ങിക്കൂടും പെരിയ സഭ തന്നിൽ
ദാസനാമീയുള്ളവൻ അങ്ങയെ പുകഴ്ത്തിടും
അങ്ങുതൻ ഭക്തർ മുന്നിൽ നിർണ്ണയമവിതർക്കം
നേർച്ചകാഴ്ചകളഹം നിത്യവും അർപ്പിച്ചിടും
ദരിദ്രജനലക്ഷം ഭക്ഷിച്ചു തൃപ്തരാകും
കർത്തനെ തേടുന്നവർ സ്തുതിച്ചു പുകഴ്ത്തിടും
ഭക്തരാമവരെന്നും സന്തുഷ്ടചിത്തരായി
ക്ഷോണിയിൽ വസിച്ചിടും ഉല്ലാസഘോഷത്തോടെ
ഭൂമിതന്നതിർത്തികൾ കർത്തനെ സ്മരിച്ചിടും
മാനവകദംബകം തിരിയും കർത്തൻ തന്നിൽ
ധരയിൽ വസിച്ചിടും മാനവരഖിലവും
കർത്തൻതൻ സന്നിധിയിൽ അർപ്പിക്കുമാരാധന
എന്തെന്നാൽ രാജത്വവും കർത്താവിൽ നിന്നുമല്ലോ
അവിടുന്നല്ലോ നൂനം നരരെ ഭരിപ്പതു
അഹങ്കാരികൾ നരർ കർത്തൻ തൻ തിരുമുമ്പിൽ
കുമ്പിട്ടുവണങ്ങീടും നിർണ്ണയമവിതർക്കം
ചേതന നിയന്ത്രിപ്പാൻ കഴിവില്ലാത്ത നരൻ
കർത്തൻ തൻ തിരുമുമ്പിൽ പ്രണമിച്ചിടും നൂനം
പുരുഷാന്തരങ്ങൾ ഹാ അങ്ങയെ സേവിച്ചിടും
അങ്ങയെപ്പറ്റിയവർ സുതരോടുരച്ചിടും
ജനിക്കാനിരിക്കുന്ന നന്ദനരോടും നൂനം
ദൈവമാം കർത്താവവൻ മോചകനാണെന്നഹൊ
മാനവർ കൂടീടുന്ന സഭയിലെല്ലാം തന്നെ
ഉദ്ഘോഷിച്ചീടുമവർ സ്തുതിച്ചു പാടുമവർ
വാഴ്ത്തിടും ഹല്ലേലുയ്യാ പാടീടുമവർ നിത്യം.

## 23

കർത്താവാണെന്നിടയൻ കുറവില്ലെനിക്കെന്നും
പച്ചയാം പുൽമേടതിൽ വിശ്രമം തന്നീടുന്നു
ശാന്തമാം പ്രശാന്തമാം അരുവി തന്നിലേക്കു
കരുണാമയൻ പരൻ എന്നെ ഹാ നയിക്കുന്നു
നിർണ്ണയമെനിക്കവൻ ഉന്മേഷം നൽകീടുന്നു
തൻതിരുനാമത്താലെ നീതിതൻ പാത തന്നിൽ
പ്രപഞ്ചസ്രഷ്ടാവാകും കരുണാമൂർത്തിയവൻ
പാപിയാം നരനെന്നെ സദയം നയിക്കുന്നു
മരണനിഴൽവീണ താഴ്വര തന്നിലൂടെ

ജീവിതയാത്രയിങ്കൽ ഞാൻ നടന്നീടുകിലും
ദൈവമാമവിടുന്നു കൂടെയുണ്ടെന്നതിനാൽ
ഞാൻ ഭയപ്പെടുകില്ല, നിർണ്ണയമിതു സത്യം
അങ്ങുതൻ ഊന്നുവടി നീളമുള്ളതാം ദണ്ഡും
പാപിയാമെനിക്കഹൊ ഉറപ്പുനൽകീടുന്നു
എന്റെ വൈരിതൻ മുമ്പിൽ സർവ്വശക്തനാമങ്ങ്
വിഭവസമൃദ്ധമാം വിരുന്നങ്ങൊരുക്കുന്നു
മാമകശിരസ്സവൻ സുഗന്ധതൈലത്താലെ
സുന്ദരതരമായി അഭിഷേകം ചെയ്യുന്നു
മാമക പാനപാത്രം നിറഞ്ഞു കവിയുന്നു
ദൈവമാമവിടുത്തെ നന്മയും കരുണയും
ജീവിതമഖിലവും അനുഗമിക്കുമെന്നെ
കർത്താവിന്നാലയത്തിൽ വസിക്കുമഹം ചിരം.

## 24

ഭൂമിയും അതിലുള്ള സമസ്ത വസ്തുക്കളും
ഭൂതലവാസികളും കർത്താവിൻ സമ്പത്തല്ലൊ
ആഴിതൻ മുകളിലായ് ഉറപ്പായടിസ്ഥാനം
ചെമ്മെയായ് സ്ഥാപിച്ചതും ദൈവമെ അങ്ങല്ലയൊ
നദിക്കു മുകളിലായ് അതിനെ സ്ഥാപിച്ചതും
നിർമ്മല മൂർത്തെ നാഥാ അങ്ങു താനല്ലൊ നൂനം.
കർത്താവിൻ മലതന്നിൽ ആരു താൻ കയറീടും
അങ്ങുതൻ സന്നിധിയിൽ ആർക്കഹൊ നിൽക്കാനാവും?
കളങ്കരഹിതമാം പാണിയും നിർമ്മലമാം
മനസും ഹൃദയവും ആത്മാവും ഉള്ളവനും
മിഥ്യമേലൊരിക്കലും മനസ്സുമാറാത്തോനും
നിർണ്ണയം കള്ളസത്യം ചെയ്യാത്ത മനുജനും
അവൻമേൽ കർത്താവഹൊ കൃപയെ ചൊരിഞ്ഞിടും
രക്ഷകൻ ദൈവം നൂനം അവനു നീതി നൽകും
ഇപ്രകാരമല്ലയൊ അങ്ങയെ തേടീടുന്ന
വിശ്വസ്തജനങ്ങൾ തൻ ശ്രേഷ്ഠമാം തലമുറ
അവരാണല്ലൊ നൂനം യാക്കോബിൻ ദൈവത്തിനെ
വിശ്രമം കൂടാതഹൊ തേടിടും തലമുറ
ശ്രേഷ്ഠകവാടങ്ങളെ ശിരസൊന്നുയർത്തുവീൻ
പഴയ കവാടമെ ഉയർന്നു നിന്നീടുവീൻ
മഹത്വത്തിന്റെ രാജൻ സാനന്ദം പ്രവേശിക്ക
ആരഹൊ മഹത്വത്തിൻ ശ്രേഷ്ഠനാം രാജാവവൻ

പ്രബലൻ ശക്തനുമാം ദൈവമാം കർത്താവവൻ
യുദ്ധവീരനാം, ശ്രേഷ്ഠഗുരുവാം കർത്താവവൻ
ശ്രേഷ്ഠകവാടങ്ങളെ ശിരസൊന്നുയർത്തുവിൻ
മഹത്വത്തിന്റെ രാജൻ സത്വരം പ്രവേശിക്കാ
ആരഹൊ മഹത്വത്തിൻ ശ്രേഷ്ഠനാം രാജാവവൻ
വീരശൂരന്മാരായ സേനതൻ കർത്താവവൻ.

## 25

മാമക കർത്താവെ ഞാൻ എന്റെ റൂഹിനെയിതാ
അങ്ങുതൻ സവിധത്തിൽ സാദരം സമർപ്പിപ്പൂ
ആശ്രയിച്ചീടുന്നിപ്പോൾ ദൈവമെ അങ്ങയിൽ ഞാൻ
നിർണ്ണയമൊരിക്കലും ലജ്ജിതനായീടൊല്ല
വൈരികൾ എന്നുടെ മേൽ വിജയം ഘോഷിക്കൊല്ല
അങ്ങയെ തേടുന്നവൻ നൈരാശ്യം ഭവിക്കൊല്ല
വിശ്വാസവഞ്ചകന്മാർ അപമാനമേൽക്കട്ടെ
കർത്താവെ നിന്റെ മാർഗ്ഗം മനസ്സിലാക്കേണമെ
അങ്ങുതൻ പന്ഥാവുകൾ എന്നെ നീ പഠിപ്പിക്ക
നയിച്ചിടേണമെന്നെ അങ്ങുതൻ സത്യത്തിങ്കൽ
ദാസനാമെന്നെയെന്നും നീ പഠിപ്പിച്ചീടേണം
എന്തെന്നാൽ അങ്ങുതന്നെ മമ രക്ഷതൻ ദൈവം
അങ്ങേയ്ക്കു വേണ്ടിയഹം കാത്തുകാത്തിരിക്കുന്നു
കർത്താവെ പണ്ടുമുതൽ അങ്ങു കാട്ടിയിട്ടുള്ള
കരുണ, വിശ്വസ്തത എന്നിവ അഖിലവും
ഇന്നിപ്പോൾ ഓർക്കേണമെ കർത്താവെ ദയാസിന്ധോ
എൻെറ യൗവ്വനം തന്നിൽ ചെയ്തതാം പാപങ്ങളും
അക്രമപ്രവൃത്തിയും ദൈവമെ ഓർത്തീടല്ലെ
കർത്താവെ അങ്ങയുടെ നിർമ്മല സ്നേഹത്തിന്റെ
രീതിയിൽ കരുണയാൽ അനുസ്മരിച്ചീടണെ
കർത്താവു നല്ലവനും നീതിമാനുമാകുന്നു
പാപികൾക്കവൻ ചെമ്മെ നേർവഴി കാട്ടീടുന്നു
വിനയസമ്പന്നരെ നേർവഴി പഠിപ്പിപ്പൂ
കർത്താവിന്റുടമ്പടി പ്രമാണം പാലിപ്പോർക്കു
അവന്റെ പന്ഥാവുകൾ സത്യവും സ്നേഹവുമാം
കർത്താവെ അങ്ങയുടെ തിരുനാമത്തെപ്രതി
മാമക നിരവധി പാപങ്ങൾ ക്ഷമിക്കണെ
കർത്തനെ നിർണ്ണയമായ് ഭയപ്പെടുന്നവൻ താൻ
അവന്റെ പന്ഥാവതു കാണിച്ചു കൊടുത്തിടും

നീതിമാൻ, കർത്തൃദാസൻ, വിശ്വസ്ഥൻ, വിനയവാൻ
സമ്പൽസമൃദ്ധിയോടെ ധരയിൽ വസിച്ചിടും
അവന്റെ മക്കൾ നൂനം കൈവശമാക്കും ദേശം
അവന്റെ സൗഹൃദമൊ അവന്റെ ദാസർക്കഹൊ
കർത്തൻ തൻ ഉടമ്പടി അവരെ അറിയിക്കും
മമകണ്ണുകൾ സദാ കർത്താവിങ്കലേക്കല്ലൊ
അങ്ങെന്റെ പാദങ്ങളെ സ്വതന്ത്രമാക്കും നൂനം
കർത്താവെ ദയതോന്നി കടാക്ഷിക്കേണമെന്നെ
അഹമൊ ഏകാകിയും അത്യന്തം പീഡിതനും
ഹൃദയ ദുഃഖം നാഥാ പൂർണ്ണമായ് ശമിപ്പിക്ക
മനക്ലേശത്തിൽ നിന്നും എന്നെ നീ മോചിപ്പിക്ക
പാപങ്ങൾ പൊറുക്കണെ ദുഃഖപീഡകളോർത്ത്
വൈരികൾ ഇതാ ഏറ്റം വർദ്ധിച്ചു വരുന്നയ്യൊ
കഠിനമായിട്ടെന്നെ വെറുത്തിടുന്നു ചിലർ
കാത്തുകൊള്ളണെ നാഥാ മാമക ചേതന നീ
പാപിയാമെന്നെ താതാ കാത്തുരക്ഷിച്ചീടണെ
അങ്ങയെ ആശ്രയിച്ച പാപിയാമെന്നെ നൂനം
ലജ്ജിതനാക്കീടുവാനിടയാക്കീടരുതെ.
സംരക്ഷിച്ചീടട്ടെന്നെ നൈർമ്മല്യം നീതിനിഷ്ട
രക്ഷകൻ അങ്ങയെ ഞാൻ നിത്യവും കാത്തിരിപ്പൂ
ദൈവമെ സർവ്വശക്താ! നൂനമിസ്രായേലിനെ
ദുഃഖമൊക്കെയിൽ നിന്നും പൂർണ്ണമായ് മോചിപ്പിക്ക.

## 26

കർത്താവെ എനിക്കു നീ ന്യായം സ്ഥാപിക്കേണമെ
നിഷ്കളങ്കനായല്ലൊ ജീവിതം നയിപ്പത്
ചാഞ്ചല്യരഹിതനായ് കർത്താവിൽ ആശ്രയിച്ചു
ജഗന്നിവാസാ നാഥാ കരുണ ചെയ്യേണമെ
ശോധന ചെയ്യുകെന്നെ കർത്താവെ അഖിലേശാ
മാമക ഹൃദയവും മനസ്സും നിരീക്ഷിക്ക
അങ്ങുതൻ കാരുണ്യമെൻ കൺമുമ്പിൽ കാണ്മൂ എന്നും
അങ്ങുതൻ സത്യത്തിൽ ഞാൻ നിത്യവും വ്യാപരിച്ചു
കപടക്കാരുമായി വസിക്ക ചെയ്തിട്ടില്ല
വഞ്ചകന്മാരുമായി സൗഹൃദം സ്ഥാപിച്ചില്ല
ദുഷ്കർമ്മികളുമായി സമ്പർക്കം വെറുക്കും ഞാൻ
നീചമാനസർ ചാരെ ഞാനിരുന്നിട്ടുമില്ല
നിഷ്കളങ്കതയിൽ ഞാൻ കരങ്ങൾ കഴുകുന്നു

വയ്ക്കുന്നു പ്രദക്ഷിണം അങ്ങുതൻ ബലിപീഠേ
ഉച്ചത്തിൽ കൃതജ്ഞതാ സ്തോത്രം ഞാൻ ആലപിപ്പൂ
ഘോഷിപ്പൂ കർത്തൻ തന്റെ അത്ഭുതപ്രവൃത്തികൾ
എനിക്കു പ്രിയങ്കരം അങ്ങുതന്നാലയവും
അങ്ങുതൻ മഹത്വത്തിൽ ശ്രേഷ്ഠസിംഹാസനവും
പാപികളോടുകൂടെൻ ജീവനെ എറിയൊല്ല
രക്തദാഹികളൊപ്പം മമപ്രാണനെയും നീ
അവർ തൻ കരങ്ങളിൽ കുതന്ത്രം പലവിധം
അവർ തൻ വലംകരം കോഴയാൽ നിറഞ്ഞതും
വ്യാപരിച്ചീടുന്നഹം നിഷ്കളങ്കത തന്നിൽ
കരുണ കാട്ടേണമെ, രക്ഷ നീ ചെയ്യേണമെ
നില ഞാനുറപ്പിച്ചു നിരന്ന ഭൂമി തന്നിൽ
വാഴ്ത്തിടും കർത്താവിനെ ശ്രേഷ്ഠമാം സഭ തന്നിൽ.

## 27

കർത്താവു നൂനമെന്റെ ദീപ്തിയും രക്ഷയുമാം
പാരിതിലാരെയഹം ഭയപ്പെട്ടീടേണം ഹാ
മാമക ജീവിതത്തിൻ പ്രാകാരം കർത്താവത്രെ
ചൊല്ലുവീൻ പാരിലാരെ ഭയപ്പെട്ടീടേണം ഞാൻ
എതിരാളികൾ പിന്നെ ശത്രുക്കൾ ദുർവൃത്തരും
നിന്ദ്യമാമാരോപണം എന്റെമേൽ ചുമത്തുമ്പോൾ
മ്ലേച്ഛരാമവർതന്നെ വീണിടും കാലിടറി
നിർണ്ണയം ഒരു സൈന്യം എതിരായ് വന്നീടിലും
മാമക ഹൃദയത്തിൽ തെല്ലുമെ ഭയമില്ല
എനിക്കങ്ങെതിരായി ആഹവമുണ്ടാകിലും
നിശ്ചയം ആത്മധൈര്യം ചോർന്നുപോകില്ല നൂനം
മാമക കർത്താവോടു മാധുര്യം നുണയാനും
അവന്റെ അഭിലാഷം എന്താണെന്നറിയാനും
ജീവിതകാലമെല്ലാം അങ്ങുതൻ ഭവനത്തിൽ
സാനന്ദം വസിപ്പാനും അവനെ സ്തുതിപ്പാനും
ദുഃഖത്തിൻ ദശാന്തരെ അവന്റെ ആലയത്തിൽ
നിർണ്ണയം എനിക്കവൻ അഭയം നൽകുമവൻ
അവന്റെ കൂടാരത്തിൽ എന്നെയങ്ങൊളിപ്പിക്കും
ഉയർന്നപാറ തന്നിൽ നിർത്തിടുമവൻ നൂനം
ചുറ്റിലും നിന്നീടുന്ന രിപുക്കൾ മുകളിലായ്
മാമക ഉത്തമാംഗം ഉയർന്നു നിലകൊള്ളും
സാനന്ദം അവിടുത്തെ കൂടാരത്തിന്റെ ഉള്ളിൽ

ദിവ്യമാം തിരുബലി അർപ്പിക്കും അഹം നൂനം
വാദ്യഘോഷങ്ങളോടെ കർത്തനെ സ്തുതിക്കും ഞാൻ
നാഥാ എന്നുച്ചനാദം സദയം കേൾക്കേണമെ
കാരുണ്യപൂർവ്വമങ്ങ് ഉത്തരമരുളണെ
തേടുവീനെന്റെ മുഖം എന്നങ്ങു കൽപിച്ചഹൊ
മന്ത്രിപ്പൂ എൻ ഹൃദയം തേടുന്നു നിന്റെ മുഖം
മറച്ചു വച്ചീടൊല്ല എന്നിൽ നിന്നൊരിക്കലും
അങ്ങുതൻ തിരുമുഖം തേജസാർന്നതാം മുഖം
നിത്യസഹായകനാം എന്റെ ദൈവമെ നാഥാ
കോപിച്ചു നിൻ ദാസനെ തള്ളി നീ കളയൊല്ല
രക്ഷകനാം ദൈവമെ എന്നെ ഉപേക്ഷിക്കല്ലെ
കൈവെടിഞ്ഞീടരുതെ താവക ദാസനെന്നെ
മാതാപിതാക്കളെന്നെ നിർദ്ദയം തള്ളിയാലും
മാമക കർത്താവെന്നെ നിർണ്ണയം കൈക്കൊണ്ടീടും
ദൈവമാം കർത്താവെ നീ അങ്ങുതൻ പന്ഥാവഹൊ
കാണിച്ചു തന്നീടുവാൻ കരുണ തോന്നേണമെ
വൈരികൾ നിരവധി എനിക്കങ്ങുള്ളതിനാൽ
നയിച്ചീടേണമെന്നെ നേരായ പാത തന്നിൽ
വൈരി തന്നിഷ്ടത്തിനു എന്നെ നീ തള്ളീടൊല്ല
കള്ളസാക്ഷികളേറെ നിരന്നുനിന്നീടുന്നു
മാമക വൈരികളും കള്ളസാക്ഷികളൊക്കെ
ക്രൂരത വിശ്വസിക്കും മൃഗതുല്യരാണല്ലൊ
ജീവിക്കുന്നവരുടെ ദേശത്തു കർത്താവിന്റെ
നന്മയെ കാണാമെന്നു ഞാനഹൊ വിശ്വസിപ്പൂ
പ്രത്യാശയർപ്പിക്കുവീൻ ദൈവമാം കർത്താവിങ്കൽ
ദുർബ്ബലരായീടാതെ ധീരത നേടീടുവിൻ
സ്രഷ്ടാവും രക്ഷകനും നിത്യ സഹായകനും
ആയതാം കർത്തനായി കാത്തുകാത്തിരിക്കുവീൻ.

## 28

കർത്താവെ ഞാനങ്ങയെ വിളിച്ചപേക്ഷിപ്പൂ
അഭയശിലയാകും അങ്ങെന്നെ മറക്കല്ലെ
ദൈവമെ അവിടുന്നു നിശ്ശബ്ദനായിരുന്നാൽ
പാതാളവാസി പോലെ ആയിത്തീർന്നീടുമഹം
അങ്ങുതൻ ശ്രീകോവിലിൽ മാമക കരം നീട്ടി
അങ്ങുതൻ കരുണയ്ക്കായ് അർത്ഥന നടത്തുമ്പോൾ
മാമക യാചനതൻ സ്വരം നീ ശ്രവിക്കണെ

ജഗന്നിവാസാ, ദേവാ, കരുണാ സങ്കേതമെ
ദുഷ്ടരോടുകൂടെന്നെ വലിച്ചങ്ങിഴയ്ക്കല്ലെ
അയൽവാസിയോടവർ സൗഹൃദം ഭാവിക്കുന്നു
എങ്കിലൊ അഖിലേശാ അവർ തൻ ഹൃദയത്തിൽ
ദുഷ്ടത അധികമായ് കുടികൊണ്ടീടുന്നഹൊ
അവർതൻ മ്ലേഛമായ പ്രവൃത്തിക്കൊത്തപോലെ
അവർതൻ അകൃത്യങ്ങൾക്കൊത്തപോൽ ജഗദീശാ
അവർതൻ പ്രവൃത്തിപോൽ ചെയ്യണെ സത്വരം നീ
അവർക്കു പ്രതിഫലം നൽകണെ സർവ്വേശ്വരാ
അവർ താൻ കർത്താവിന്റെ കരവേലകളെയും
കർത്താവു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെയും
നിസ്സാരമാക്കിത്തള്ളി കർത്തനെ ഗൗനിക്കാതെ
സ്വന്തമാം കഴിവതിൽ നൂനമാശ്രയിച്ചവർ
എങ്കിലൊ അഖിലേശൻ അവർ തൻ പ്രാകാരങ്ങൾ.
ഇടിച്ചു നിരത്തീടും, പുനർനിർമ്മാണമില്ല.
അഖിലചരാചരാ സ്രഷ്ടാവാം കർത്താവവൻ
മാനവർ സർവ്വരാലും വാഴ്ത്തപ്പെട്ടീടട്ടഹൊ
കരുണാനിധിയവൻ, കാരുണ്യശീലനവൻ
മാമക യാചനതൻ നിസ്വനം ശ്രവിച്ചഹൊ
സേനതൻ കർത്താവെന്റെ ശക്തിയും പരിചയും
കർത്താവിലെൻഹൃദയം ശരണം വച്ചീടുന്നു
അതിനാലെനിക്കെന്നും സഹായം ലഭിക്കുന്നു
മാമകഹൃദയമൊ തുഷ്ടിപൂണ്ടിരിക്കുന്നു
കീർത്തനമാലപിച്ചു സന്തുഷ്ടമനസ്സോടെ
ദൈവമാം കർത്താവിനു നന്ദി ഞാൻ കരേറ്റുന്നു
ജഗന്നിവാസനവൻ സ്വന്തജനത്തിൻ ശക്തി
അഭിഷിക്തനു നൂനം അഭയസ്ഥാനമവൻ
ദയവായ് പാലിക്ക നീ അങ്ങു തൻ ജനങ്ങളെ
അങ്ങു തൻ ജനങ്ങളെ രക്ഷിച്ചു പാലിച്ചഹൊ
നിന്റവകാശത്തെ നീ അനുഗ്രഹിച്ചീടുക
അവരെ മേയിക്കുക, അവരെ സംവഹിക്ക.

## 29

സ്വർഗ്ഗവാസികൾ നിങ്ങൾ ഈശനെ സ്തുതിക്കുവീൻ
മഹത്വം ശക്തിയതും സേനതൻ ദൈവമായ
കർത്തനു മാത്രമെന്നു പ്രപഞ്ചം മുഴുവനും
ഉച്ചമാം ശബ്ദത്തോടെ തുഷ്ടിയാൽ പ്രഘോഷിപ്പിൻ

സ്തുതിപ്പീൻ കർത്താവിന്റെ മഹത്വനാമത്തെ നീ
വിശുദ്ധവസ്ത്രം ധരിച്ചാരാധിക്കുവീൻ നിങ്ങൾ
കർത്താവിൻ ശബ്ദമതാ ജലരാശിക്കുമീതെ
മുഴങ്ങിക്കേട്ടീടുന്നു നിർണ്ണയമവിതർക്കം
ജലസഞ്ചയങ്ങൾക്കു മുകളിലായിട്ടതാ
മുഴങ്ങിക്കേട്ടീടുന്നു കർത്തന്റെ ഇടിനാദം.
ശക്തമാണഹൊ നൂനം കർത്താവിൻ ശബ്ദഘോഷം
അവന്റെ നിസ്വനമൊ പ്രതാപം നിറഞ്ഞതും
കർത്താവിന്നുഗ്രസ്വരം ദേവദാരുക്കളെത്താൻ
തകർത്തുകളയുന്നു ഉന്മൂലനാശം ചെയ്യൂ.
നിർണ്ണയം ലബാനോനിൽ വളർന്ന ദേവദാരു
വൃക്ഷങ്ങളഖിലവും തകർത്തു മറിച്ചിടും
കർത്തൻ താൻ ലബാനോനെ കാളക്കുട്ടിയെപ്പോലെ
നിർണ്ണയം നിരന്തരം സാനന്ദം തുള്ളിക്കുന്നു.
കർത്താവിൻ നിസ്വനങ്ങൾ അഗ്നിയെ പ്രസരിപ്പൂ
വിറകൊള്ളിക്കുന്നഹൊ മരുഭൂവതിനെയും
കർത്താവു കാദേഷ് മരുഭൂമിയെ നടുക്കുന്നു
അവന്റെ സ്വരം ഓക്കുമരത്തെ ചുഴറ്റുന്നു
കാനനങ്ങളെ അതു ശുദ്ധശൂന്യമാക്കുന്നു
അങ്ങുതന്നാലയത്തിൽ മഹത്വം എന്നിങ്ങനെ
സർവ്വരും സസന്തോഷം ഘോഷിപ്പൂ നിരന്തരം
ജലസഞ്ചയത്തിന്മേൽ സിംഹാസനസ്ഥനായി
സന്തതം രാജാവായി വാഴുന്നു കർത്താവവൻ
ശക്തിയും ശേമുഷിയും നൽകട്ടെ ജനത്തിനു
കരുണാമയൻ നാഥൻ അവന്റെ സുതർക്കഹൊ
ശാന്തിലഭിച്ചീടുവാൻ കൃപയെ ചൊരിയട്ടെ.

## 30

പാടിപ്പുകഴ്ത്തുമഹം നിർണ്ണയം ഞാനങ്ങയെ
അവിടുന്നല്ലൊ നൂനം എന്നെത്താൻ രക്ഷിച്ചവൻ
എന്റെമേൽ മമവൈരി വിജയമാഘോഷിക്കാൻ
ഇടയാക്കിയില്ലഹൊ കർത്തനു നിത്യം സ്തുതി
ദൈവമാം കർത്താവെ ഞാൻ അങ്ങയോടപേക്ഷിച്ചു
അവിടുന്നതിവേഗം സുഖപ്പെടുത്തിയെന്നെ
കർത്താവെ അവിടുന്നു നാഗലോകത്തുനിന്നും
കരകയറ്റിയങ്ങു പാലിച്ചു സദയം നീ
മരണഗർത്തം തന്നിൽ കഴിയുന്നോരിൽ നിന്നും

ചേതനയിലേക്കെന്നെ ആനയിച്ചവൻ നൂനം
കർത്താവിൻ വിശുദ്ധരെ പാടിപ്പുകഴ്ത്തീടുവിൻ
നിർമ്മല നാമത്തിനു നന്ദിയർപ്പിച്ചീടുവിൻ
എന്തെന്നാൽ അവിടുത്തെ കോപമൊ ക്ഷണികമാം
അങ്ങു തൻ പ്രസാദമൊ ആജീവനാന്തം തന്നെ.
രജനിതന്നിൽ പക്ഷെ വിലാപമുണ്ടായേക്കാം
എങ്കിലൊ പ്രഭാതത്തിൽ സന്തോഷം വരവായി
കുലുങ്ങുകില്ലെന്നഹം ഐശ്വര്യകാലത്തോതി
അങ്ങുതൻ കാരുണ്യത്താൽ പാറപോൽ ശക്തനായി
അങ്ങുതൻ തിരുമുഖം മറച്ച ദശാന്തരെ
ദുർബ്ബലനായിട്ടഹം ഭയന്നു വിറച്ചുപോയ്
കർത്താവെ അങ്ങയോടും ദീനമായ് വിലപിച്ചാൻ
മാമക കർത്താവോടും സന്തതം യാചിച്ചു ഞാൻ
ഞാനഹൊ പാതാളത്തിൽ സത്വരം പതിച്ചെങ്കിൽ
മാമക മൃത്യുവിനാൽ എന്തുണ്ടു ഫലം ചൊൽക.
മണ്ണിലെ ധൂളി ചെമ്മെ അങ്ങയെ വാഴ്ത്തീടുമൊ
അങ്ങു തൻ വിശ്വസ്തത ധൂളിഘോഷിച്ചീടുമൊ
കർത്താവെ എൻ യാചന സദയം ശ്രവിച്ചു നീ
കരുണ തോന്നേണമെ കരുണാകരനല്ലൊ.
കർത്താവെ ദയാമൂർത്തേ കരുണാസിന്ധോ നാഥാ
പാപിയാമടിയാനെ സദയം സഹായിക്ക
അങ്ങെന്റെ വിലാപത്തെ ആനന്ദനൃത്തമാക്കി
ജഗന്നിവാസൻ നാഥൻ കരുണാമൂർത്തി താതൻ
കരുണാപൂർവ്വമെന്റെ ചാക്കു വസ്ത്രമഴിച്ചു
ആനന്ദവസനം താൻ അങ്ങെന്നെ ധരിപ്പിച്ചു.
നിശ്ശബ്ദനായീടാതെ നിമിഷം പ്രതിയഹം
രക്ഷകനങ്ങയെത്താൻ നിത്യവും വാഴ്ത്തിപ്പാടും
ദൈവമാം കർത്താവെ ഞാൻ അങ്ങക്കു ദിനംപ്രതി
സാദരം, സസന്തോഷം നന്ദി ഞാൻ ഉരച്ചിടും

## 31

കർത്താവെ, അങ്ങയിൽ ഞാൻ അഭയം തേടീടുന്നു
ലജ്ജിപ്പാനൊരിക്കലും ഇട നീ വരുത്തൊല്ല
നീതിമാനാകുന്നങ്ങ് സത്വരം ദയാപൂർവ്വം
ദുർബ്ബലൻ, നിരാലംബനാമെന്നെ രക്ഷിക്കുക
സദയം എന്റെ നേരേ ചെവി നീ ചായിച്ചഹൊ
കരുണതോന്നിയെന്നെ സത്വരം വിടുവിക്ക

അങ്ങെന്റെ അഭയവും ശക്തിദുർഗ്ഗവുമാക
പാറയും കോട്ടയതും നിർണ്ണയം കർത്താവല്ലൊ
എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോനെ
അങ്ങുതൻ നാമത്താലെ എന്നെ നീ നയിക്കണെ
ദൈവമെ എനിക്കു നീ വഴികാട്ടിയാകണെ
ലോകത്തിൻ വെളിച്ചമെ സർവ്വകാരണം നാഥാ
എനിക്കായൊളിച്ചങ്ങു വച്ചിരിക്കുന്നതായ
വയലിൽ നിന്നുമെന്നെ സദയം രക്ഷിക്കണെ
എന്റെ അഭയസ്ഥാനം നിർണ്ണയം അങ്ങാണല്ലൊ
മാമക ആത്മാവിനെ തരുന്നൂ തൃക്കരത്തിൽ
കർത്താവെ വിശ്വസ്തനാം ദൈവമെ അവിടുന്നു
ദുർഘട ഘട്ടങ്ങളിൽ സദയം രക്ഷിച്ചെന്നെ
വ്യർത്ഥ വിഗ്രഹങ്ങളെ ആരാധിക്കുന്നവരെ
ദൈവമാം കർത്താവവൻ വളരെ വെറുക്കുന്നു.
എങ്കിലൊ കർത്താവിൽ ഞാൻ ആശ്രയം വച്ചീടുന്നു
അങ്ങുതൻ അചഞ്ചല സ്നേഹത്താലഹമെന്നും
ആനന്ദമടഞ്ഞിടും ഈശനെ സ്തുതിക്കും ഞാൻ
മാമകദുരിതങ്ങൾ അഖിലം കണ്ടു കർത്തൻ
മാമകയാതനകൾ അഖിലം ശ്രദ്ധിച്ചവൻ
ശത്രുതൻ കരങ്ങളിൽ അങ്ങെന്നെ ഏൽപിച്ചില്ല
വിശാലസ്ഥലത്തെന്റെ പാദങ്ങൾ ഉറപ്പിച്ചു
കർത്താവെ എന്നോടെന്നും കരുണ തോന്നേണമെ
ഞാനിതാ ദുരിതത്തിൽ മുഴുകിയിരിക്കുന്നു
ആതങ്കത്താലെയെന്റെ കണ്ണുകൾ ക്ഷയിച്ചയ്യൊ
ചേതനശരീരവും വളരെ തളർന്നയ്യൊ
ആയുസ്സു മുഴുവനും ദുഃഖത്തിൽ പ്രയാസത്തിൽ
മാമക വത്സരങ്ങൾ നെടുവീർപ്പിലും തന്നെ
ദുരിതത്താലെൻ ശക്തിക്ഷയിച്ചു പോയീടുന്നു
മാമക അസ്ഥികളും ദ്രവിച്ചു പോയീടുന്നു
വൈരികൾക്കെല്ലാമഹം പരിഹാസപാത്രമായ്
അയൽവാസികൾക്കഹം ഭീകരസത്വമല്ലൊ
കാണുകിൽ സ്നേഹിതന്മാർ നടുങ്ങിത്തെറിക്കുന്നു
വഴിയാത്രക്കാരവർ ഓടിയകന്നീടുന്നു
മൃതനെപ്പോലെയഹം വിസ്മൃതനായീ കഷ്ടം
ഉടഞ്ഞു ചിതറിയ ഭാജനമായിത്തീർന്നു
പലരും മന്ത്രിപ്പതു കേൾക്കുന്നു ഭീഷണിയാം
വൈരികളൊത്തു ചേർന്നു ഗൂഢമായാലോചിപ്പൂ

മാമകവധത്തിനായ് ആലോചിച്ചീടുന്നവർ
കർത്താവെ ഞാനങ്ങയിൽ നൂനമാശ്രയിക്കുന്നു
അങ്ങാണെൻ ദൈവമെന്ന് ഉറക്കെപ്പറയുന്നു
മാമക ഭാഗധേയം അങ്ങുതൻ കരങ്ങളിൽ
ശത്രുക്കൾ പീഡകന്മാർ ഇവർ തൻ കരങ്ങളിൽ
നിന്നും നീ ദയാപൂർവ്വം മോചിപ്പിക്കേണമെന്നെ
അങ്ങുതൻ ദയാദൃഷ്ടി നാളെന്നും നിരന്തരം
നിർണ്ണയം ദാസന്റെ മേൽ പതിക്ക ചെയ്യേണമെ
അങ്ങുതൻ കാരുണ്യത്താൽ പാപിയാം ദാസനെന്നെ
പാപമാർഗ്ഗത്തിൽ നിന്നും സത്വരം രക്ഷിക്കണെ
നിഷ്ക്കളാ, ജഗന്നാഥാ, ഭക്തവത്സലാ പോറ്റി
കർത്താവെ ഞാനങ്ങയെ വിളിച്ചങ്ങപേക്ഷിപ്പൂ
ലജ്ജിതനായീടുവാൻ ഇടനീ വരുത്തല്ലെ
ദുഷ്ടരാം നരന്മാരെ ലജ്ജിതരാക്കേണമെ
അവരൊ മൂകരായി പതിക്ക പാതാളത്തിൽ
അസത്യം പറയുന്ന അധരം മൂകമാക
നീതിജ്ഞർക്കെതിരായി നിന്ദ ഉച്ചരിക്കുന്നു
കർത്താവെ അവിടുത്തെ കൃപകൾ വിപുലമാം
അങ്ങുതൻ ഭക്തർക്കായി കൃപകൾ സൂക്ഷിക്കുന്നു
അഭയം തേടീടുന്ന മാനവകുലത്തിന്
നിർണ്ണയം പരസ്യമായ് നൽകുന്നു അനുഗ്രഹം
മാനവർ ഒരുക്കുന്ന കെണിയിൽ നിന്നും നൂനം
അവരെ രക്ഷിക്കുവാൻ അവിടുന്നൊളിപ്പിച്ചു
നിന്ദതൻ വചനങ്ങൾ ഒട്ടുമെ ഏറ്റീടാതെ
അങ്ങുതൻ കൂടാരത്തിൽ അവരെ ഒളിപ്പിച്ചു.
സമസ്ത ജനതയാൽ സ്തുതിക്കപ്പെട്ടീടട്ടെ
കരുണാസിന്ധുവാകും ദൈവമാം കർത്താവവൻ
രിപുക്കൾ ആക്രമിച്ച നഗരവാസിപോലെ
അസ്വസ്ഥഹൃദയനായ് നിർണ്ണയം മരുവിയാൻ
വിസ്മയജനകമായ് കരുണകാട്ടിയെന്നിൽ
ദൃഷ്ടിയിൽ നിന്നുമഹം പിന്തള്ളപ്പെട്ടതായി
അത്യന്തം സംഭ്രാന്തനായ് ഞാനഹൊ പറഞ്ഞുപോയ്
അങ്ങുതൻ കരുണയ്ക്കായ് മുട്ടിയ ദശാന്തരെ
മാമക അപേക്ഷകൾ സത്വരം ശ്രവിച്ചഹൊ
കർത്തൻ തൻ വിശുദ്ധരെ അവനെ സ്നേഹിക്കുവിൻ
പരിപാലിച്ചീടുന്നു വിശ്വസ്തമാനസരെ
ധിക്കാരം നിറഞ്ഞുള്ള മാനവകദംബത്തെ

കർത്താവു കഠിനമായ്, നിർദ്ദയം ശിക്ഷിക്കുന്നു
കർത്താവിൻ വരവിനായ് കാത്തിരുന്നീടുന്നോരെ
ദുർബ്ബലരായീടാതെ ധൈര്യശാലികളാവിൻ
കർത്തനിൽ പൂർണ്ണമായി വിശ്വാസമർപ്പിക്കുവീൻ.

## 32

ലംഘനത്തിനു മാപ്പും പാപമോചനമതും
ലഭിച്ചനരരവർ നിർണ്ണയം ഭാഗ്യവാന്മാർ
കർത്താവാൽ നിർദ്ദോഷിയെന്നെണ്ണിയ മനുജരും
മനസ്സിൽ വഞ്ചനയും ചതിയുമില്ലാത്തോരും
പാപങ്ങളേറ്റുപറഞ്ഞീടാനങ്ങിരുന്നപ്പോൾ
കരഞ്ഞു കരഞ്ഞു ഞാൻ ക്ഷീണിതഗാത്രനായി
രാവിലും പകലിലും അങ്ങുതൻ കരമെന്റെ
തോളതിൽ മൃദുലമായ്, ദയവായ് നിക്ഷേപിച്ചു
വേനലിൻ കാലത്തുള്ള ചൂടുകൊണ്ടെന്നപോലെ
മാമക കായശക്തി നിർണ്ണയം വരണ്ടുപോയ്
മാമക പാപമെല്ലാം അങ്ങയോടേറ്റുചൊല്ലി
മാമക ദുഷ്കൃതങ്ങൾ ഒട്ടുമെ ഒളിച്ചില്ല
മാമക അതിക്രമം നിർണ്ണയം കർത്താവോടു
ഏറ്റുചൊല്ലീടുമെന്നു ഞാൻ നൂനം പറഞ്ഞഹൊ
സത്വരം മമപാപം നിഷ്ക്കളൻ ക്ഷമിച്ചഹൊ
കർത്താവു നിർമ്മലനും ദയതൻ സിന്ധുവുമാം
ആകയാൽ ദൈവഭക്തർ ദുഃഖത്തിൻ ദശാന്തരെ
കർത്താവാം ദൈവത്തോടു നിത്യവും പ്രാർത്ഥിക്കട്ടെ
കഷ്ടതപ്രയാസങ്ങൾ കരകൾ കവിഞ്ഞാലും
നിർണ്ണയമവയൊന്നും അവരോടടുക്കില്ല
കർത്താവാമവിടുന്നെൻ അഭയസങ്കേതമാം
ആപത്തിൽ നിന്നെല്ലാമെ പെട്ടെന്നു രക്ഷിക്കുന്നു
കരുണാ സിന്ധുവാകും ദൈവമാം കർത്താവവൻ
രക്ഷയെക്കൊണ്ടെൻ മേനി അഖിലം പൊതിയുന്നു.
ബോധനം നൽകീടാം ഞാൻ സൂനുവാം നിനക്കഹൊ
നിനക്കു നേർപാത ഞാൻ ചെമ്മെയായ് കാണിച്ചീടാം
നിന്റെമേൽ മമ ദൃഷ്ടി ദൃഢമായുറപ്പിച്ചു
സരളം ലളിതമാം പദ്ധ്യോപദേശം നൽകാം
കോവർ കഴുതപോലെ ഘോടകം* പോലെ നിങ്ങൾ
ചേതനരഹിതരായ് ധരയിൽ വസിക്കൊല്ല
കടിഞ്ഞാൺ കൊണ്ടു ചെമ്മെ നിയന്ത്രിക്കുന്നില്ലെങ്കിൽ

അവകൾ വരുതിയിൽ സഞ്ചരിക്കില്ല നൂനം
ദുഷ്ടർ തൻ വേദനകൾ വളരെ അധികമാം
കർത്താവിൻ ദാസന്മാർക്കു ലഭിക്കും ദൈവസ്നേഹം
നീതിമാന്മാരെ നിങ്ങൾ കർത്താവിലാനന്ദിപ്പീൻ
നിർമ്മലഹൃദയരെ ആർത്തുവിളിച്ചീടുവിൻ.

* ഘോടകം = കുതിര.

## 33

നീതിമാന്മാരെ നിങ്ങൾ കർത്താവിൽ ആനന്ദിപ്പിൻ
സ്തോത്രമാലപിപ്പതു ശിഷ്ടർക്കു യുക്തമല്ലോ
കിന്നരം കൊണ്ടു നിങ്ങൾ കർത്തനെ സ്തുതിക്കുവീൻ
കീർത്തനമാലപിപ്പീൻ ദശകമ്പി വീണയിൽ
നവ്യമാം കീർത്തനം നീ പാടുവീൻ കർത്തനായി
ഉച്ചത്തിൽ വിദഗ്ദ്ധമായ് തന്ത്രികൾ മീട്ടീടുവിൻ
കർത്താവിൻ വചനങ്ങൾ സത്യമതൊന്നുമാത്രം
അവന്റെ പ്രവൃത്തികൾ വിശ്വസനീയം തന്നെ
നീതിന്യായങ്ങളവൻ ഇഷ്ടപ്പെട്ടീടുന്നഹൊ
കർത്താവിൻ കാരുണ്യത്താൽ ധരണി നിറഞ്ഞിതാ
അവന്റെ വചനത്താൽ ഗഗനം നിർമ്മിതമായ്
അവന്റെ കൽപനയാൽ ആകാശ ഗോളങ്ങളും
സമുദ്രസലിലത്തെ ഒരുമിച്ചാക്കിയവൻ
സിന്ധുതന്നാഴങ്ങളെ സന്തതം സംഭരിച്ചു
ധരണി മുഴുവനും കർത്തനെ ഭയക്കട്ടെ
മാനവകദംബകം ഭയത്താൽ നിന്നീടട്ടെ
കർത്തന്റെ കൽപനയാൽ പാരിടം ഉളവായി
അവന്റെ കൽപനയാൽ ധരണി സ്ഥാപിതമായ്
മാനവചിന്തകളെ വ്യർത്ഥമാക്കീടുന്നവൻ
അവർ തൻ പദ്ധതികൾ തകർക്കപ്പെട്ടീടുന്നു
കർത്താവിൻ പദ്ധതികൾ നാളെന്നും നിലനിൽക്കും
അവന്റെ ചിന്താധാര നിത്യമായ് നിലനിൽക്കും
കർത്താവു ദൈവമായ മാനവകദംബവും
കർത്തനാൽ തിരഞ്ഞതാം മാനവരഖിലവും
ഭാഗ്യമുള്ളവരത്രെ കർത്തന്റെ സ്നേഹിതരും,
അവന്റെ സുതന്മാരും അവന്റെ മേഷങ്ങളും
വിണ്ണതിൽ നിന്നും കർത്തൻ താഴേക്കു നോക്കീടുന്നു
മാനവകദംബത്തെ ചെമ്മെയായ് കണ്ടീടുന്നു

അവന്റെ സിംഹാസനം അതിൽത്താൻ ഇരുന്നിട്ടു
ധരണീവാസികളെ സൂക്ഷ്മമായ് വീക്ഷിക്കുന്നു
അവർതൻ ഹൃത്തിന്നഹൊ രൂപംനൽകീടുന്നവൻ
അവർ തൻ പ്രവൃത്തിയെ സൂക്ഷ്മായ് നിരീക്ഷിപ്പൂ
സൈന്യത്തിൻ ബാഹുല്യത്താൽ പാർത്ഥിവൻ ജയിക്കില്ല
മേനിതൻ കരുത്തിനാൽ മോചനം ലഭിക്കില്ല
വാജിയാൽ വിജയമെന്നാശയം വ്യർത്ഥമല്ലൊ
അവതൻ മഹാശക്തി രക്ഷയേകില്ല നൂനം
അവനെ ഭയന്നിടും മാനവഗണത്തെയും
അവന്റെ കാരുണ്യത്തിൽ ആശ്രയം വെയ്പോരെയും
ദൈവമാം കർത്താവവൻ നിർണ്ണയമവിതർക്കം
സ്നേഹാതിരേകത്താലെ ചെമ്മെയായ് കടാക്ഷിപ്പൂ
കർത്തൻ താൻ അവരുടെ പ്രാണനെ യഥായോഗ്യം
മൃത്യുവിൽ നിന്നും ചെമ്മെ രക്ഷിപ്പൂ നിരന്തരം
ക്ഷാമകാലത്തിലവൻ നിർണ്ണയം നീതിജ്ഞർ തൻ
ചേതന യഥായോഗ്യം നിലനിർത്തീടുന്നഹൊ
ദൈവമാം കർത്താവിന്നായ് കാക്കുന്നു നമ്മൾ നൂനം
അവിടുന്നല്ലൊ മമ പരിച സഹായവും
മാമക ഹൃദയം ഹാ കർത്താവിൽ സന്തോഷിപ്പൂ
അവന്റെ നാമത്തിൽ നാം നിത്യമാശ്രയിക്കുന്നു
കർത്താവെ ചൊരിയുക അങ്ങു തൻ അനുകമ്പ
അങ്ങയിൽ ഞങ്ങൾ നിത്യം പ്രത്യാശ അർപ്പിക്കുന്നു.

## 34

ഞാനെന്നും പുകഴ്ത്തിടും മാമക കർത്താവിനെ
താവകസ്തുതികളെൻ അധരം തന്നിലഹൊ
നൂനം ഞാൻ അഭിമാനം കൊള്ളുന്നെൻ കർത്താവിങ്കൽ
പീഡിതർ ശ്രവിച്ചേറ്റം ആനന്ദം കൊണ്ടീടട്ടെ
മഹത്വപ്പെടുത്തുവീൻ കർത്തനെ എന്നോടൊത്ത്
നമുക്കു സംഘം ചേർന്ന് നാമത്തെ സ്തുതിച്ചിടാം
തേടി ഞാൻ കർത്താവിനെ വിശ്രമം കൂടാതഹൊ
സത്വരം ദയാസിന്ധു ഉത്തരമരുളിയാൻ
സർവ്വഭയത്തിൽ നിന്നും മോചിപ്പിച്ചവനെന്നെ
കർത്തനെ നോക്കിയവർ ശോഭിതരായി നൂനം
പിന്നീടു നിങ്ങളഹൊ ലജ്ജിക്കേണ്ടതുമില്ല
ദരിദ്രനാരായണൻ ഉറക്കെ വിലപിച്ചു
കരുണാമയൻ കർത്തൻ സത്വരം ശ്രവിച്ചഹൊ

പാവമാ മനുഷ്യനെ ദുരിതങ്ങളിൽ നിന്നും
സന്തതം രക്ഷിച്ചഹൊ സന്തോഷം പകർന്നവൻ
കർത്താവിൻ ദൂതനവൻ ഭക്തർ തൻ ചുറ്റിലുമായ്
പാളയമിറങ്ങിയാർ അവരെ രക്ഷിക്കുന്നു
ദൈവമാം കർത്താവവൻ നന്മനിറഞ്ഞോനെന്നു
ദാസരാം നിങ്ങളഹൊ രുചിച്ചറിയുക.
കർത്തനെ ആത്മാർത്ഥമായ് ആശ്രയിച്ചീടുന്നവർ
നിർണ്ണയമവരെന്നും ഭാഗ്യവാന്മാരല്ലയൊ
കർത്താവിൻ വിശുദ്ധർ തൻ സംഘമെ ശ്രവിക്കുക
സ്രഷ്ടാവാം ദൈവത്തിനെ നിങ്ങൾ ഭയപ്പെട്ടാലും
ദൈവമാം യഹോവയെ ഭയക്കും നരർക്കഹൊ
ഒന്നിനും ഒരിക്കലും കുറവുണ്ടാകില്ലെടൊ
വിശന്നു വലഞ്ഞേക്കാം സിംഹക്കുട്ടികൾ നൂനം
കർത്തനെ തേടുന്നോർക്കു ഒന്നിനും കുറവില്ല
മാമക വത്സലരാം മക്കളെ, പൊന്മക്കളെ
മാമക വചനങ്ങൾ ശ്രവിപ്പിൻ ശ്രദ്ധാപൂർവ്വം
പരിശീലനം തരാം ദൈവഭക്തിയെപ്പറ്റി
സന്തുഷ്ടജീവിതം നീ ആഗ്രഹിക്കുന്നതുണ്ടോ?
ദീർഘമാം ആയുസ്സു നീ കാമിച്ചീടുന്നതുണ്ടോ
തിന്മയിൽ നിന്നും നിന്റെ നാവിനെ സൂക്ഷിക്കുക.
വ്യാജഭാഷണത്തിൽ നിൻ അധരങ്ങളെയും നീ
തിന്മയിൽ നിന്നകന്നു നന്മ നീ പ്രവർത്തിക്ക
ശാന്തിയെത്തേടിത്തേടി യാത്ര നീ തുടരുക
നീതിമാന്മാരെ കർത്തൻ ദർശിപ്പൂ ദയാപൂർവ്വം
അവർ തൻ വിലാപങ്ങൾ ശ്രവിപ്പൂ ശ്രദ്ധാപൂർവ്വം
ദുഷ്ടമാനസന്മാർ തൻ ഓർമ്മകളഖിലവും
ഭൂമിയിൽ നിന്നും വേഗം വിഛേദിച്ചീടാനായി
നീതിയിൻ പതിയായ കർത്തനാ ദശാന്തരെ
ദുഷ്ടർക്കെതിരായി ആനനം തിരിക്കുന്നു
നീതിജ്ഞർ നീതിക്കായി വിലപിച്ചീടും നേരം
കരുണാമയൻ കർത്തൻ നിർണ്ണയം ശ്രവിക്കുന്നു
അവരെ രക്ഷിക്കുന്നു കഷ്ടതകളിൽ നിന്നും
അനുതാപികൾക്കഹൊ കർത്തൻ താൻ സമീപസ്ഥൻ
ദുഃഖിതന്മാരെയവൻ നിർണ്ണയം രക്ഷിക്കുന്നു
അവർ തൻ ക്ലേശങ്ങളൊ അസംഖ്യം തന്നെ നൂനം
ക്ലേശത്തിൽ നിന്നെല്ലാമെ കർത്തൻ താൻ മോചിപ്പിക്കും
കാത്തുസൂക്ഷിച്ചീടുന്നു അവൻ തൻ അസ്ഥികളെ

അവയിലൊന്നുപോലും തകർക്കപ്പെടുകില്ല
തിന്മകൾ ദുഷ്ടന്മാരെ സംഹരിച്ചിടും നൂനം
നീതിജ്ഞകദംബത്തെ ദ്വേഷിക്കും ജനതയ്ക്കു
കർത്തന്റെ ശിക്ഷാവിധി സത്വരം ഇതു സത്യം
അവന്റെ ദാസന്മാർ തൻ ജീവനെ രക്ഷിക്കുന്നു
ശരണാർത്ഥികൾക്കഹൊ ശിക്ഷകൾ വിധിക്കില്ല.

## 35

കർത്താവെ എന്നിൽ കുറ്റം ചുമത്തും മനുജനിൽ
കുറ്റമാരോപിച്ചീടാൻ മനസുണ്ടായീടണെ
എന്നോടു നിരന്തരം പൊരുതും നരരോടു
ദയതൻ സിന്ധോ ദേവാ പൊരുതീടണമെ നീ
കവചം പരിചയും മേനിയിൽ ധരിച്ചഹൊ
സത്വരം സഹായിപ്പാൻ ചാരത്തുവരേണമെ
സന്തതം പിന്തുടർന്നു ദ്രോഹിക്കും ജനതയെ
ശൂലധാരിയായങ്ങു തടയാൻ കനിയണെ
ദൈവമെ അങ്ങാണെന്റെ രക്ഷകനെന്നങ്ങഹൊ
മാമക പ്രാണനോടു അരുളിച്ചെയ്യേണമെ
മാമക ചേതനയെ വേട്ടയാടീടുന്നോരെ
ലജ്ജിതർ, നിന്ദിതരായ് തീരുവാൻ കൃപചെയ്ക
എനിക്കങ്ങെതിരായി അനർത്ഥം ചിന്തിപ്പവർ
ഭ്രമിച്ചു പിന്മാറുവാൻ കനിയൂ കൃപാനിധേ
കർത്തൻ തൻ ദൂതഗണം ദുഷ്ടമാനസന്മാരെ
ആട്ടിപ്പായിച്ചീടട്ടെ, നിർദ്ദയം, നിരന്തരം
ദുഷ്ടമാനസരവർ ജഗൽ പ്രാണനിൽപ്പെട്ട
പറന്നു നടക്കുന്ന പതിരുപോലാകട്ടെ.
കർത്താവിൻ സഞ്ചാരകൻ അവരെ നിരന്തരം
അനുധാവനം ചെയ്വാൻ ഇടവന്നീടട്ടഹൊ
അവർ തൻ സരണി താൻ തമസാൽ നിറഞ്ഞതും
ദുർഘടസമ്പൂർണ്ണവും തെന്നലുമുള്ളതാക
കാരണരഹിതമായ് കെണിയങ്ങൊരുക്കിയാർ
ദോഷരഹിതനെന്നെ വീഴ്ത്തുവാൻ ശ്രമിച്ചവർ
അപ്രതീക്ഷിതമായി ശാപവും നാശവും താൻ
ദുഷ്ടപുരുഷന്മാരിൽ വന്നു ഭവിച്ചീടട്ടെ.
അവർ താൻ വിരിച്ചതാം പെരിയ വല തന്നിൽ
അവർ താൻ കുടുങ്ങട്ടെ, കുടുങ്ങിക്കിടക്കട്ടെ.
ദുഷ്ടരാം നരരവർ വലയിൽ വീണിട്ടവർ

നാമാവശേഷരായി നിർണ്ണയം നശിക്കട്ടെ.
എങ്കിൽ ഞാൻ കർത്താവിങ്കൽ സന്തതം ആനന്ദിക്കും
കർത്തന്റെ രക്ഷയിങ്കൽ ആനന്ദിച്ചുല്ലസിക്കും
കർത്താവെ എന്നസ്ഥികൾ നിത്യവും പ്രഘോഷിക്കും
അങ്ങേയ്ക്കു തുല്യനായി ക്ഷോണിയിൽ ആരുണ്ടഹൊ
ദുർബ്ബലശരീരനെ ശക്തരായോരിൽ നിന്നും
കരുണാസമുദ്രമാം മാമക കർത്താവവൻ
സദയം രക്ഷിക്കുന്നു, സശ്രദ്ധം പാലിക്കുന്നു
നീചസാക്ഷികളവർ സത്വരമെഴുന്നേല്പൂ.
തികച്ചും അജ്ഞാതമാം കാര്യങ്ങൾ ചോദിക്കുന്നു
നന്മയ്ക്കു പകരമായ് തിന്മ നൽകീടുന്നവർ
അഹമൊ നിസ്സഹായൻ, ദുർബ്ബലൻ, നിരാലംബൻ
എങ്കിലും അവർക്കഹൊ രോഗമായിരുന്നപ്പോൾ
ചാക്കുവസ്ത്രധാരിയായ്, ആത്മപീഡനമേറ്റു.
ശിരസ്സു നമിച്ചു ഞാൻ പ്രാർത്ഥന നടത്തിയാൻ
പ്രാണസ്നേഹിതനെയൊ, സ്വന്തസോദരനെയൊ
ഓർത്തുദുഃഖിച്ചീടുന്ന ഭക്തനെപ്പോലെയഹം
കണ്ണുനീർ കാണിക്കയായർപ്പിച്ചു പ്രാർത്ഥിച്ചഹൊ
തായയെ സ്മരിച്ചിട്ടു കരയുന്നതുപോലെ
ശിരസ്സു കുനിച്ചു ഞാൻ നടന്നു സഗദ്ഗദം
എങ്കിലൊ അവരെന്റെ വീഴ്ചയിൽ കൂട്ടംകൂടി
അത്യന്തമാഹ്ലാദത്താൽ ഉല്ലാസനൃത്തം ചെയ്തു
ഒട്ടുമെ പരിചയം ഇല്ലാത്ത മുടന്തന്മാർ
നിർദ്ദയം പരിഹാസം ചെയ്തവർ നിരന്തരം
നിർദ്ദോഷി, നിഷ്കളങ്കൻ, നിരാലംബനാമെന്നെ
എത്രയൊ ക്രൂരമായി നിന്ദിച്ചു, പീഡിപ്പിച്ചു
ദുഷ്ടന്മാരെന്റെ നേരെ പല്ലുകളിറുമ്മിയാർ
കർത്തനെ അങ്ങെത്രനാൾ മൗനിയായ് നോക്കിനിൽക്കും
അവർതൻ നിഷ്ഠൂരമാം ആക്രമത്തിൽ നിന്നെന്നെ
കരുണാസിന്ധോ എന്നെ രക്ഷിക്ക ദയാപൂർവ്വം
കേസരികളാകുമീ വൈരി തൻ മദ്ധ്യേ നിന്നും
മമജീവനെ നാഥാ രക്ഷിക്ക ചിരന്തനാ
എങ്കിൽ ഞാൻ ഇതു സത്യം മാനവകദംബത്തിൽ
മാമക കർത്തന്നഹൊ നന്ദി താൻ അറിയിക്കും
മാനവ സമൂഹത്തിൽ നിർണ്ണയം ഞാനങ്ങയെ
ഹൃദയംഗമമായി സ്തുതിക്കും നിരന്തരം
വഞ്ചകർ, അമിത്രന്മാർ പാവമാമെന്നെ നോക്കി

സന്തുഷ്ടരായീടുവാൻ ഇട നീ വരുത്തല്ലെ
കാരണം കൂടാതെന്നെ വെറുക്കും അമിത്രന്മാർ
കണ്ണുകളിറുക്കുവാൻ ഇടയാക്കല്ലെ നാഥാ
ശാന്തിയെപ്പറ്റിയവർ നിശ്ശബ്ദരായീടുന്നു
ശാന്തയായ് വസിപ്പവർക്കെതിരായ് നിരൂപിപ്പൂ
മാമക വദനം ഹാ മലർക്കെ തുറന്നവർ
ഹാ അതു നേരിൽക്കണ്ടു എന്നവർ പറയുന്നു
മാമക കർത്താവെ നീ നിർണ്ണയം കണ്ടിട്ടുണ്ട്
നാഥാ നീ ദയ തോന്നി മൗനമായിരിക്കല്ലെ
കർത്താവെ എന്നിൽ നിന്നും ദൂരത്തായിരിക്കൊല്ല
മമ ദൈവമായിടും കർത്താവെ എഴുന്നേൽക്ക
എനിക്കു ചെമ്മെ നീതി നടത്തിത്തന്നീടുവാൻ
ദൈവമാം കർത്താവെ നിൻ നീതിക്കൊത്തതുപോലെ
എനിക്കു സദയം നീ നീതി താൻ നടപ്പാക്ക
എന്റെ മേൽ അവർ നൂനം വിജയം ആഘോഷിപ്പാൻ
നിർണ്ണയം ഒരിക്കലും ഇടയാക്കീടൊല്ല നീ
ഞങ്ങൾ തൻ അഭിലാഷം സാധിച്ചു കഴിഞ്ഞെന്നു
ദൈവമെ ഒരിക്കലും പറയാതിരിക്കട്ടെ
ഞങ്ങളാ ദുർബ്ബലനെ വിഴുങ്ങിക്കളഞ്ഞെന്നു
വിടുവാ പറയുവാൻ ഇടനീ വരുത്തൊല്ല
മാമക അനർത്ഥത്തിൽ ആനന്ദിച്ചീടുന്നവർ
ലജ്ജിതരായിട്ടവർ സംഭ്രമരായീടട്ടെ
എന്നുടെ നേരേ വമ്പു പറയും മനുജന്മാർ
ലജ്ജിതരായീടട്ടെ മാനവും നശിക്കട്ടെ.
മാമക നീതി തന്നിൽ സന്തുഷ്ടരാകുന്നവർ
ആനന്ദസിന്ധു തന്നിൽ ആറാടി രമിക്കട്ടെ.
ദാസന്റെ ശ്രേയസ്സതിൽ ആനന്ദിച്ചീടും കർത്തൻ
അത്യന്തം സ്തുത്യനെന്നു പറഞ്ഞീടട്ടെ അവർ
അപ്പോളെൻ രസനയൊ നിർണ്ണയം കർത്താവിന്റെ
നീതിയും സ്തുതികളും രാപകൽ ഘോഷിച്ചിടും.

## 36

ദുഷ്ടർ തൻ ഹൃദയത്തിൽ ദുഷ്ടത മന്ത്രിക്കുന്നു
അവന്റെ ദൃഷ്ടി തന്നിൽ ദൈവഭയവുമില്ല
അവന്റെ ദുശ്ചിന്തകൾ കണ്ടെത്തപ്പെടുകയൊ
വെറുക്കപ്പെടുകയൊ ഇല്ലെന്നു ഭാവിക്കുന്നു
അവന്റെ വായിൽ നിന്നും വന്നിടും വചനങ്ങൾ

നിർണ്ണയമവിതർക്കം ദുഷ്ക്കർമ്മ വഞ്ചനയും
അവന്റെ പ്രവൃത്തിയിൽ വിവേകം നന്മയിവ
സൂക്ഷ്മമായി നിരീക്ഷിക്കിൽ ഒട്ടുമെ കാണുന്നില്ല
കിടക്കപ്പായിൽപ്പോലും ദുഷ്ടത ചിന്തിക്കുന്നു
അവന്റെ ചലനങ്ങൾ ദുഷ്ടമാർഗ്ഗത്തിലല്ലൊ
തിന്മയെ അവനൊട്ടും വെറുക്കുന്നതുമില്ല
നന്മയെ വെറുക്കുന്നു ശത്രുവായ് കരുതുന്നു
കർത്താവിൻ ദയാവായ്പ് എത്തുന്നൂ ഗഗനത്തിൽ
അവന്റെ വിശ്വസ്തത മേഘങ്ങളോളം തന്നെ
കർത്തന്റെ നീതി ഗിരിശൃംഗങ്ങൾ പോലല്ലയൊ
അവന്റെ ന്യായവിധി അത്യഗാധമല്ലയൊ
കർത്താവെ അവിടുന്നു മാനവവംശത്തെയും
കാനനമൃഗത്തെയും പാലനം ചെയ്തീടുന്നു
ദൈവമെ അവിടുത്തെ കാരുണ്യം അമൂല്യമാം
മാനവസുതർ നിന്റെ ചിറകിൻ തണലിലാം
അവർ നിൻ ഗൃഹത്തിലെ സമൃദ്ധിയതിൽ നിന്നും
വിരുന്നു ഭുജിച്ചഹൊ സംതൃപ്തിയടയുന്നു
അങ്ങുതന്നാനന്ദത്തിൻ വാഹിനിയതിൽ നിന്നും
തൃപ്തിയായിടുവോളം പാനവും ചെയ്തീടുന്നു
ജീവന്റെ ഉറവയും കർത്താവെ നിന്നിലല്ലൊ
താവക ദീപ്തിയല്ലൊ ഞങ്ങൾ തൻ പ്രകാശവും
അങ്ങയെ അറിഞ്ഞിടും മാനവരെല്ലാവർക്കും
അങ്ങുതൻ കാരുണ്യം നീ ദയവായ് പകരുക.
നിർമ്മല ഹൃദയരാം മാനവരെല്ലാവർക്കും
അങ്ങുതൻ രക്ഷ നൂനം നിത്യവും നൽകേണമെ
അഹംഭാവത്തിൻ പാദം എന്റെമേൽ പതിക്കല്ലെ
ദുഷ്ടർതൻ കൈകളെന്നെ അകറ്റാതിരിക്കട്ടെ
തിന്മചെയ്തീടും ജനം അവിടെത്തന്നെ വീഴും
എഴുന്നേൽക്കാനാവാതെ വീഴ്ത്തപ്പെട്ടിരിക്കുന്നു.

## 37

ദുഷ്ടനെക്കണ്ടിട്ടു നീ അസ്വസ്ഥനായീടേണ്ട
ദുഷ്കർമ്മികളോടു നീ അസൂയപ്പെട്ടീടേണ്ട
തൃണംപോൽ അവർ വേഗം ഉണങ്ങിപ്പോകും നൂനം
സസ്യങ്ങളെന്നപോലെ വാടിപ്പോയീടും ഹാ ഹാ
സത്യദൈവത്തിൽ നിങ്ങൾ വിശ്വാസമർപ്പിക്കുക
നന്മകൾ മടിക്കാതെ ചെയ്യുവിൻ നിരന്തരം

എങ്കിലീധരണിയിൽ കർത്തന്റെ കൃപയാലെ
ക്ലേശരഹിതനായി വസിക്കാം നിനക്കഹൊ
ദൈവമാം കർത്താവിങ്കൽ നിർഭയം ആനന്ദിപ്പിൻ
താവക അഭിലാഷം പൂർണ്ണമായ് നിറവേറ്റും
ജീവിതം സമസ്തവും ഈശനിൽ സമർപ്പിക്ക
അവനിൽ പരിപൂർണ്ണ വിശ്വാസമർപ്പിക്കുക
നരരെ സ്നേഹിക്കുന്ന ശ്രേഷ്ഠനാമജപാലൻ
നിർണ്ണയം പാലിച്ചിടും സർവ്വയാപത്തിൽ നിന്നും
ദീപ്തിപോലവിടുന്നു നീതി നിവർത്തിച്ചിടും
മദ്ധ്യാഹ്നം പോലെ കാക്കും താവക അവകാശം
സ്വസ്ഥനായിരിക്കുക കർത്താവിൻ തിരുമുമ്പിൽ
കാത്തിരുന്നാലും നിന്റെ കർത്തനായ് ക്ഷമാപൂർവ്വം
ദുഷിച്ച മാർഗ്ഗത്താലെ സമ്പത്തു വാരിക്കൂട്ടും
രാജരാജനെക്കണ്ടു അസ്വസ്ഥനായീടേണ്ട
അകന്നു നിന്നീടുക കോപത്തിൽ നിന്നും ദൂരെ
ക്രോധം നീ വെടിയുക സംഭ്രമം ഉപേക്ഷിക്ക
നിന്നുടെ ക്രോധം നിന്നെ നയിക്കും തിന്മ തന്നിൽ
ദുഷ്ടരെ പുറന്തള്ളും ശിഷ്ടരൊ ഭൂസ്വാമികൾ
ദുഷ്ടന്മാർ ഇല്ലാതാകും സമയം കഴിയുകിൽ
എത്രയന്വേഷിച്ചാലും കാണുവാൻ കഴിയില്ല.
ശാന്തമാനസർ ഭൂമി കൈവശമാക്കും നൂനം
ഐശ്വര്യത്തികവിങ്കൽ ഉല്ലസിച്ചാനന്ദിക്കും
നീതിമാനെതിരായി ദുഷ്ടമാനസനവൻ
ഗൂഢമായാലോചന നടത്തുന്നതുപോലെ
അത്യന്തം വൈരത്താലെ സ്വാർത്ഥതയാലെ നൂനം
പല്ലുകളിറുമ്മുന്നു ക്രോധത്താൽ പുലമ്പുന്നു
എങ്കിലൊ കർത്താവവൻ ദുഷ്ടനെ നിരന്തരം
പരിഹസിച്ചീടുന്നു, നിർണ്ണയം ചിരിക്കുന്നു.
അവന്റെ ദിവസങ്ങൾ വളരെ അടുത്തെന്ന്
സർവ്വജ്ഞനായ ദൈവം സർവ്വവും അറിയുന്നു
ദുഷ്ടന്മാർ വാളൂരുന്നു, വില്ലുകൾ കുലയ്ക്കുന്നു
നിസ്വരെ വീഴ്ത്തീടാനും, ശിഷ്ടരെ വധിപ്പാനും
കരവാൾ അവരുടെ നെഞ്ചകം ഭേദിച്ചീടും
ഒടിയും അവരുടെ പാപങ്ങളഖിലവും
ദുഷ്ടർ തൻ അധികമാം ധനത്തെക്കാളും മെച്ചം
ശിഷ്ടന്റെ ശുഷ്കമായ പൊക്കണം പണസഞ്ചി
ദുഷ്ടന്റെ ഭുജം നൂനം തകർക്കും ചിരന്തനൻ

നിർമ്മല മാനസനെ ജഗന്നിവാസൻ താങ്ങും
നിഷ്കളങ്കരാം നല്ല നരർതൻ ദിനങ്ങളെ
ദൈവമാം കർത്താവവൻ പൂർണ്ണമായറിയുന്നു
അവർ തന്നവകാശം കർത്താവിൻ തൃക്കൈകളിൽ
നാളെന്നും നിലനിൽക്കും ശാശ്വതമായിരിക്കും
അനർത്ഥ കാലത്തഹൊ ലജ്ജിതരാകില്ലവർ
വരൾച്ച നടുവിലും സമൃദ്ധി കുമിഞ്ഞിടും
ദുഷ്ടന്മാർ നശിക്കുന്നു, കർത്താവിന്നമിത്രന്മാർ
മറഞ്ഞു പോയീടുന്നു, പാടത്തെ തഴപ്പു പോൽ
ദുഷ്ടന്മാരിതു സത്യം പുകപോൽ മാഞ്ഞുപോകും
അവനെ പിന്നീടഹൊ കാണുവാൻ കഴികില്ല.
വായ്പ വാങ്ങീടും ദുഷ്ടർ തിരിച്ചു കൊടുക്കുവാൻ
കഴിയില്ലൊരിക്കലും ഓടിയങ്ങൊളിക്കുന്നു
എങ്കിലൊ നീതിജ്ഞന്മാർ ദാനം ചെയ്തീടുന്നഹോ
ഏറ്റവുമുദാരമായ് നൽകുന്നു വാരി വാരി
കർത്തന്റെ അനുഗ്രഹം പ്രാപിച്ച നരഗണം
ധരണി നിരന്തരം കൈവശമാക്കും നൂനം
അങ്ങുതൻ ശാപമേറ്റ ദുഷ്ടരാം നരഗണം
കർത്തനിൽ നിന്നുമഹൊ ഛേദിക്കപ്പെടും തീർച്ച
മാനവപാദങ്ങളെ നയിക്കും കർത്താവല്ലൊ
അവനു പ്രസാദമായ് ചരിക്കും മനുഷ്യനെ
സർവ്വശക്തനാം നാഥൻ സുസ്ഥിരനാക്കും നൂനം
നീതിജ്ഞൻ വീണീടിലും മാരകമാക്കില്ലവൻ
അവന്റെ കരം ചെമ്മെ കർത്തന്റെ കരങ്ങളിൽ
ബാലനായിരുന്ന ഞാൻ ഇന്നിതാ വൃദ്ധനായി
നീതിജ്ഞനിതുവരെ ത്യജിക്കപ്പെടുന്നതൊ
അവന്റെ പ്രിയ മക്കൾ ഭിക്ഷ ചെയ്തീടുന്നതൊ
നാളിതുവരെയഹം നിർണ്ണയം കണ്ടിട്ടില്ല
കാണുവാനൊരിക്കലും സാധ്യമാകയില്ലെടൊ
നീതിമാനെല്ലായ്പ്പോഴും ദാനമായ് നൽകീടുന്നു
ദരിദ്രജനതയ്ക്കു വായ്പയും കൊടുക്കുന്നു
നീതിജ്ഞ ജനതയ്ക്കു പിറക്കും സന്താനങ്ങൾ
കർത്തന്റെ കൃപയ്ക്കഹൊ ഭാജനമായിത്തീരും
തിന്മയിൽ നിന്നകന്നു നന്മ നീ ചെയ്തീടുക
നിനക്കു സ്ഥിരമായ പ്രതിഷ്ഠ ലഭിച്ചിടും
നീതിയെ സ്നേഹിക്കുന്നു ജഗന്നിവാസനവൻ
അവന്റെ വിശുദ്ധരെ വിടുകില്ലൊരിക്കലും

പരിപാലിക്കപ്പെടും നീതിജ്ഞകദംബകം
ദുഷ്ടർതൻ സന്തതികൾ ഛേദിക്കപ്പെടും നൂനം
നീതിജ്ഞകദംബകം ഭൂമി കൈവശമാക്കും
സസുഖം, സസന്തോഷം വസിക്കും അവർ നിത്യം
അവർ തന്നധരങ്ങൾ ഉരയ്ക്കും ജ്ഞാനമതു
അവന്റെ നാവിൽ നിന്നും ഉതിരും നീതിയെന്നും
ഹൃത്തിലായ് കുടികൊൾവൂ ദൈവത്തിൻ നിയമങ്ങൾ
അവന്റെ കാലടികൾ വഴുതില്ലൊരിക്കലും
ദുഷ്ടന്മാർ നീതിമാനെ വീക്ഷിപ്പൂ ദിനംതോറും
അവനെ വധിക്കുവാൻ തക്കം പാർത്തിരിക്കുന്നു
കർത്താവു നീതിമാനെ ദുഷ്ടനായ് കൊടുക്കില്ല
ന്യായവിസ്താരത്തിൻ നാൾ വിധിക്കപ്പെടുകില്ല
ദൈവമാം കർത്താവിനായ് കാത്തിരിക്കുക നിങ്ങൾ
അവന്റെ സരണിയിൽ ചരിപ്പിൻ ദിനംതോറും
ആദരിച്ചിടും നിന്നെ ഭൂമി തന്നുടമയായ്
ദുഷ്ടർ തൻ സർവ്വനാശം കാണും നീ ഇതു സത്യം
ദുഷ്ടന്മാർ ധരണിയിൽ പ്രബലരാകുന്നതും
ലബനോൻ ദേവതാരു പോൽ വളർന്നീടുന്നതും
ഉയർന്നുനിൽക്കുന്നതും ശാഖയായ്, ശിഖരമായ്
തഴച്ചുവളർന്നതും ഞാൻ ചെമ്മെ കണ്ടിട്ടുണ്ട്
ഒട്ടുനാൾ കഴിഞ്ഞു ഞാൻ അതിലെ പോയീടുമ്പോൾ
കഷ്ടം ഹാ എന്തത്ഭുതം അവനെ കാണുന്നില്ല
അവനെ അന്വേഷിച്ചു രാപ്പകലന്വേഷിച്ചു
കഷ്ടം ഹാ എന്തത്ഭുതം അവനെക്കണ്ടതില്ല
നിഷ്കളങ്കനെ നിങ്ങൾ സസൂക്ഷ്മം ശ്രദ്ധിക്കുക
സത്യസന്ധനെ നിങ്ങൾ സൂക്ഷിച്ചു നോക്കീടുക
ശാന്തികാംക്ഷിക്കുന്നോനു സന്തതിയുണ്ടായിടും
അക്രമം കാട്ടുന്നവർ നശിച്ചു വെണ്ണീറാകും
ദുഷ്ടരാം ജനതയ്ക്കു സന്തതി അറ്റുപോകും
ശിഷ്ടന്മാരുടെ രക്ഷ കർത്താവിൽ നിന്നാകുന്നു
കഷ്ടത്തിൻ കാലത്തഹൊ കർത്തനഭയകേന്ദ്രം
കർത്താവു സഹായിപ്പൂ ദുഷ്ടരിൽ നിന്നും ചെമ്മെ
മോചനം നൽകീടുന്നു രക്ഷയും നൽകീടുന്നു
സർവ്വശക്തനാം ദൈവം പരിപാലകനവൻ
അവനിലത്രെ അവർ അഭയം തേടിയതും
അവനിലത്രെ അവർ വിശ്വാസം അർപ്പിച്ചതും.

# 38

കർത്താവെ കോപിക്കല്ലെ അങ്ങുതൻ കോപത്തിങ്കൽ
എന്നെ നീ ശിക്ഷിക്കല്ലെ അങ്ങുതൻ ക്രോധത്തിങ്കൽ
അങ്ങുതൻ ബാണമെന്നിൽ ആഞ്ഞാഞ്ഞു തറച്ചഹൊ
അങ്ങുതൻ കരമെന്മേൽ നിർദ്ദയം പതിച്ചഹൊ
അങ്ങുതൻ രോഷംമൂലം മാമകശരീരത്തിൽ
നിർണ്ണയം ചൊല്ലുന്നഹം ഒട്ടുമെ ശാന്തിയില്ല
മാമക പാപത്താലെ എന്റെ അസ്ഥികൾ തന്നിൽ
ആരോഗ്യം കുറവായി ഞാനിതാ തളർന്നയ്യൊ
എന്റെ ജീവിതത്തിലെ പാപങ്ങൾ അകൃത്യങ്ങൾ
മാമക മൂർദ്ധാവിനും മുകളിൽ ഉയർന്നഹൊ
എന്നുടെ പാപങ്ങൾ ഹാ എനിക്കു താങ്ങീടുവാൻ
ഒട്ടുമെ ആവാത്തതാം ചുമടായി മാറിപ്പോയി
എന്റെ ഭോഷത്തം മൂലം മാമക വ്യണങ്ങൾ ഹാ
അഴുകി നാറീടുന്നു, ഭീകരദൃശ്യം തന്നെ
കുനിഞ്ഞു നിലംപറ്റി ദിവസം മുഴുവനും
ദീനനായ് വിലപിച്ചു ദുഃഖിച്ചു കഴിയുന്നു
മാമക അരക്കെട്ട് ജ്വരത്താൽ പൊള്ളീടുന്നു
എന്നുടെ മേനിക്കഹൊ ഒട്ടുമെ സൗഖ്യമില്ല
രോഗത്താൽ ക്ഷീണത്താലെ ഞാനിതാ തകർന്നയ്യൊ
ഹൃദയക്ഷോഭത്താലെ നെടുവീർപ്പിട്ടീടുന്നു.
മാമക അഭിലാഷം അറിയാം അങ്ങേയ്ക്കഹൊ
അജ്ഞാതമല്ല നൂനം മാമക തേങ്ങലുകൾ
ഹൃദയം തുടിക്കുന്നു ദുഃഖത്താൽ, ക്ഷീണത്താലെ
ശക്തി അഖിലമെന്റെ ക്ഷയിപ്പൂ നിരന്തരം
നയനദീപ്തിയതും എനിക്കു നഷ്ടമായി
മാമക സുഹൃത്തുക്കൾ കൂട്ടുകാരിവരെല്ലാം
പെരിയ വ്യാധിയാലെ എന്നിൽ നിന്നകന്നയ്യൊ
ഉറ്റവർ, ഉടയവർ, കളത്രപുത്രാദികൾ
മാമക ദർശനത്താൽ ഒഴിഞ്ഞു മാറീടുന്നു
മാമക ചേതനയെ വേട്ടയാടീടുന്നവർ
എനിക്കായ് പെരുത്തതാം കെണികളൊരുക്കുന്നു
നിർണ്ണയം എന്നെ നിത്യം ശിക്ഷിപ്പാൻ ശ്രമിപ്പവൻ
എന്റെ വിനാശത്തിനായ് സന്തതം സംസാരിപ്പൂ
ദുഷ്ടമാനസരവർ ദിവസം മുഴുവനും
ചതിവു ചിന്തിക്കുന്നു വഞ്ചന നിനക്കുന്നു.

ബധിരൻ എന്നപോലെ ഞാനൊന്നും കേൾക്കുന്നില്ല
വദനം തുറക്കാത്ത മൂകനെപോലാണു ഞാൻ
ബധിരൻ പോലെയഹം ഉത്തരം ചൊല്ലുന്നില്ല
കർത്താവെ കാത്തിരിപ്പൂ അങ്ങേയ്ക്കു വേണ്ടിത്തന്നെ
എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ
നിർണ്ണയമങ്ങുതന്നെ ഉത്തരമരുളുന്നു
ഞാനിതാ നിന്നോടായി നിത്യവും പ്രാർത്ഥിക്കുന്നു
എന്റെ കാൽവഴുതി ഞാൻ വീണിടും ദശാന്തരെ
ശത്രുക്കൾ സന്തോഷിപ്പാൻ ഇട നീ ആക്കീടൊല്ല
ദൈവമെ ഇതാ അഹം വീഴുവാൻ തുടങ്ങുന്നു
വേദന എന്നെ ഒട്ടും വിട്ടുപിരിയുന്നില്ല
മാമക അകൃത്യങ്ങൾ ഏറ്റു ഞാൻ പറയുന്നു
പാപങ്ങൾ ഏറ്റുചൊല്ലി ദുഃഖത്തിൽ മുഴുകുന്നു
കാരണം കൂടാതെന്റെ രിപുക്കളായിത്തീർന്ന
മാനവകദംബകം എത്രയും ശക്തന്മാരാം
ന്യായരഹിതമായി എന്നെത്താൻ വെറുക്കുന്നു
സത്യമായ് ചൊല്ലുന്നഹം മാനവർ നിരവധി
നന്മയ്ക്കു പകരമായി തിന്മകൾ ചെയ്തീടുന്നു
എന്റെ നന്മയെപ്രതി എന്റെ വൈരികളായി
നീയെന്നെ തള്ളീടല്ലെ നിഷ്ക്കളാ, ജഗദ്ഗുരോ
ദൈവമെ എന്നിൽ നിന്നും ദൂരത്തായ് പോയീടല്ലെ
എന്നുടെ രക്ഷയാം കർത്താവെ എൻ ദൈവമെ
എന്നെ നീ സഹായിക്കാൻ സത്വരം വരേണമെ.

## 39

ഞാനന്നു പറഞ്ഞഹൊ രസനകൊണ്ടു പാപം
ചെയ്യാതെ ഇരിക്കുവാൻ എൻ വഴി ശ്രദ്ധിച്ചിടും
എന്റെ സന്നിധിയിങ്കൽ ദുഷ്ടരുള്ളിടത്തോളം
മാമക നാവിനെ ഞാൻ അധികം നിയന്ത്രിക്കും
ഞാനന്നു നിശ്ശബ്ദനും മൂകനുമായിരുന്നു
മാമക നിശ്ശബ്ദത നിഷ്ഫലമായീ നൂനം
ദുഃഖവും സങ്കടവും വളരെ വർദ്ധിച്ചഹൊ
മാമക ഹൃദന്തവും തപിച്ചു തളർന്നഹൊ
ചിന്തിച്ച ദശാന്തരെ സത്വരം ജ്വലിച്ചഹൊ
ഞാനന്നു സംസാരിച്ചു കർത്താവെ അന്ത്യമെന്ത്
എന്റെ ജീവിതകാലം എത്രയെന്നറിയിക്ക
എന്റെ ജീവിതമെത്ര ക്ഷണികമാണെന്നു ഞാൻ

ചെമ്മെയായ് കൃത്യമായി സത്വരമറിയട്ടെ
കർത്തനെൻ ദിവസങ്ങൾ അംഗുലം മാത്രമാക്കി
എന്റെ ജീവിതകാലം അങ്ങേയ്ക്കു ശൂന്യപ്രായം
മനുഷ്യൻ ധരണിയിൽ ഒരു നിശ്വാസം മാത്രം
അവനൊ വെറുമൊരു നിസ്സാര നിഴൽ മാത്രം
അവന്റെ പ്രയത്നങ്ങൾ ഫലശൂന്യവുമത്രെ
മാനവൻ നിരവധി സമ്പത്തു കൂട്ടീടുന്നു
ആരനുഭവിച്ചിടും എന്നവനജ്ഞാതമാം
മാമക കർത്താവെ ഞാൻ എന്തിനായ് കാത്തിരിപ്പൂ
ആശയും പ്രത്യാശയും അങ്ങയിൽത്തന്നെ നൂനം
മാമക അതിക്രമം തന്നിൽ നിന്നും ദയവായ്
മോചിപ്പിക്കേണമെന്നെ നിഷ്ക്കളാ, ദയാസിന്ധോ
താവകദാസനെന്നെ ഭോഷന്റെ നിന്ദയ്ക്കഹൊ
പാത്രമാക്കല്ലെ നാഥാ സർവ്വേശാ ജഗൽപ്രഭൊ
ഊമനാമെൻ വദനം ഞാനിതാ തുറക്കില്ല
കർത്താവെ അങ്ങാണല്ലൊ കാരണം ജഗൽപ്രഭൊ
കർത്താവെ, ദയാസിന്ധോ ഇനിയും അടിയനെ
നിർദ്ദയം, നിർദ്ദാക്ഷിണ്യം പ്രഹരിക്കല്ലെ നാഥാ
അങ്ങുതൻ അടിയേറ്റു ഞാനിതാ തളർന്നഹൊ
പാപത്താൽ മനുഷ്യനെ അങ്ങഹൊ ശിക്ഷിക്കുമ്പോൾ
പ്രിയമുള്ളവയെല്ലാം അങ്ങു താൻ നശിപ്പിച്ചു
ഏതൊരു മനുഷ്യനും ഒരു നിശ്വാസം മാത്രം
കർത്താവെ ജഗന്നാഥാ പ്രാർത്ഥന കേൾക്കേണമെ.
മാമക നിലവിളി ശ്രവിക്കാൻ ദയചെയ്ക
ഞാനിതാ നയനനീർ ധാരയായൊഴുക്കുമ്പോൾ
സർവ്വശക്തനാം നാഥാ വെറുതെയിരിക്കല്ലെ
അല്പനേരത്തേക്കു ഞാൻ വന്ന വിരുന്നുകാരൻ
എന്റെ പിതാക്കന്മാരെപ്പോലെ ഞാൻ പരദേശി
മൃത്യുവെ ചുംബിച്ചു ഞാൻ മറഞ്ഞുപോകുംമുമ്പെ
സന്തോഷമെന്താണെന്നു വ്യക്തമായറിയുവാൻ
പാവമാമെന്നിൽ നിന്നും അങ്ങു തൻ ദയാദൃഷ്ടി
സദയം അവിടുന്നു പിൻവലിച്ചീടേണമെ.

# 40

വളരെ ക്ഷമയോടെ കർത്തനെ കാത്തിരുന്നു
അങ്ങഹൊ ശ്രദ്ധാപൂർവ്വം ശ്രവിച്ചെൻ നിലവിളി
ഭീകരഗർത്തത്തിലും കുഴഞ്ഞ ചേറതിലും
വീണതാമെന്നെയവൻ കരയിൽ കയറ്റിയാൻ
മാമക ചരണങ്ങൾ പാറയിലുറപ്പിച്ചു
എന്നുടെ കാൽവയ്പുകൾ സുസ്ഥിരമാക്കിയവൻ
നവമായൊരുഗാനം മാമകകർണ്ണങ്ങളിൽ
ജഗന്നിവാസനവൻ സദയം നിക്ഷേപിച്ചു
നവ്യമായൊരു ഗീതം സുന്ദര സ്തോത്രഗീതം
ദൈവമാം കർത്താവിനു സ്തുതിപാടുന്ന ഗീതം
പലരുമതു കണ്ടു തീവ്രമായ് ഭയപ്പെട്ടു
ദൈവമാം കർത്താവിങ്കൽ ശരണപ്പെട്ടു ചെമ്മെ
കർത്തനെ ആശ്രയിക്കും നരൻതാൻ ഭാഗ്യവാനാം
സരണി തെറ്റിക്കൊണ്ടു വ്യാജരാം ദേവന്മാർ തൻ
പിന്നാലെ പാഞ്ഞീടുന്ന ധിക്കാരസമൂഹത്തെ
സർവ്വലോകൈക നാഥൻ കരുണാസമുദ്രം താൻ
സത്യമായ് പറയുന്നു നിർദ്ദയം ഉപേക്ഷിപ്പൂ
ദൈവമാം കർത്താവെ നീ പാപികൾ ഞങ്ങൾക്കായി
എത്രയൊ ഗംഭീരമാം അത്ഭുതം പ്രവർത്തിച്ചു
പാപികൾ, ഏഴകളാം ഞങ്ങൾ തൻ കാര്യങ്ങളിൽ
സർവ്വേശാ, കരുണേശാ അങ്ങെത്ര ശ്രദ്ധാലുവാം!
നിഷ്ക്കളൻ അങ്ങേയ്ക്കഹൊ തുല്യനായി ആരുമില്ല
അങ്ങയെ പ്രഘോഷിപ്പാൻ, വിവരിച്ചീടുവാനായ്
ആയിരം നാവുള്ളോനു പോലുമെ കഴിയില്ല
ബലികൾ കാഴ്ചകളും ആഗ്രഹിക്കുന്നില്ലങ്ങ്
എങ്കിലെൻ ശ്രവണങ്ങൾ മെല്ലവെ തുറന്നങ്ങ്
യാതൊരു ബലികളും ആവശ്യപ്പെട്ടിട്ടില്ല
ഞാനപ്പോൾ ചൊല്ലിയേവം "ഞാനിതാ വന്നീടുന്നു
പുസ്തകച്ചുരുളതിൽ എഴുതി എന്നെപ്പറ്റി.
എന്റെ ദൈവമെ സത്യം നിന്നുടെ അഭിലാഷം
നിറവേറ്റീടുന്നതു മാമക സന്തോഷമാം
അങ്ങുതൻ നിയമവും കല്പനകളുമെല്ലാം
മാമക ഹൃദന്തത്തിൽ ചിരമായ് കുടികൊൾവൂ
ഞാൻ മഹാ സഭ തന്നിൽ ആനന്ദദായകമാം
മോചനത്തിന്റെ വാർത്ത ചെമ്മെയായറിയിച്ചു

കർത്താവെ അവിടുത്തേക്കറിയുംപോലെ അഹം
മാമക അധരത്തെ അടക്കി വച്ചിട്ടില്ല
അങ്ങു തൻ രക്ഷാകരമാകുന്ന സഹായത്തെ
മാമക ഹൃദയത്തിൽ ഒളിച്ചു വച്ചിട്ടില്ല
അങ്ങു തൻ വിശ്വസ്ഥത രക്ഷകളെയുംപറ്റി
തികച്ചും വാചാലമായ് സന്തതം സംസാരിച്ചു
അങ്ങു തൻ വിശ്വസ്ഥത കാരുണ്യമിവകളെ
പെരിയ സഭ തന്നിൽ മറച്ചുവച്ചില്ലഹം
കർത്താവെ അവിടുത്തെ ദിവ്യമാം കാരുണ്യത്തെ
സദയം എന്നിൽ നിന്നും പിൻവലിച്ചീടല്ലെ നീ
അങ്ങുതൻ വിശ്വസ്ഥത സ്നേഹവും വാത്സല്യവും
പാപിയാമെനിക്കെന്നും സുരക്ഷ നൽകീടട്ടെ.
എണ്ണമറ്റനർത്ഥങ്ങൾ നിർദ്ദയം ചുറ്റിയെന്നെ
കാഴ്ച പോയീടുംവണ്ണം പാപങ്ങൾ പൊതിഞ്ഞെന്നെ
മാമക പാപങ്ങളെ ശിരസ്സിൽ വളരുന്ന
ആയുധങ്ങളെക്കാളും എത്രയൊ അധികമാം!
മാമക മനോധൈര്യം ഇന്നിതാ നഷ്ടമായി
ഭയത്തിൽ നിന്നുമെന്നെ സദയം മോചിപ്പിക്ക
കർത്താവെ ജഗന്നാഥാ ഭക്തവത്സലാ പോറ്റീ
എന്നെ നീ സഹായിപ്പാൻ സത്വരം വരേണമെ
മാമക ചേതനയെ ഹരിക്കാൻ ശ്രമിപ്പവർ
ലജ്ജിച്ചു തലതാഴ്ത്തി വിഭ്രാന്തി പൂണ്ടീടട്ടെ
എനിക്കു ദ്രോഹം ചെയ്‌വാൻ ആഗ്രഹിച്ചീടുന്നവർ
നിത്യവും ലജ്ജിതരായ് പിന്തിരിഞ്ഞീടട്ടഹൊ
നിത്യവും പരിഹാസം കൊണ്ടെന്നെ മൂടുന്നവർ
ലജ്ജയാൽ ആതങ്കത്താൽ സ്തബ്ദരായ് തീർന്നീടട്ടെ
സർവ്വവ്യാപിയാമങ്ങെ തേടിടും നരഗണം
നിർമ്മല സന്തോഷത്താൽ ഉല്ലസിച്ചാർത്തീടട്ടെ
കർത്താവെ അവിടുത്തെ രക്ഷയെ സ്നേഹിപ്പവർ
അങ്ങുതൻ മഹത്വത്തെ ഉൽഘോഷിക്കട്ടെയെന്നും
ഞാനേറ്റം ദരിദ്രനും നിസ്വനുമായീടുന്നു
എങ്കിലും എന്നെപ്പറ്റി കർത്തൻ താൻ കരുതുന്നു
അങ്ങെന്റെ സഹായകൻ നിർണ്ണയം മോചകനും.

# 41

ദരിദ്രരോടു നിത്യം ദയകാട്ടീടുന്നവൻ
നിശ്ചയമവനെന്നും ഭാഗ്യവാനിതു സത്യം
കഷ്ടത്തിൻ നാളുകളിൽ കരുണാ സിന്ധു നാഥൻ
അവനെ സംരക്ഷിക്കും സന്തുഷ്ടി ദാനം ചെയ്യും
അവനെ നിരന്തരം പരിപാലിക്കും കർത്തൻ
അവന്റെ ജീവൻ ചെമ്മെ സംരക്ഷിച്ചീടും നാഥൻ
ഭൂമിയിൽ അവനെന്നും അനുഗൃഹീതൻ നൂനം
അവനെ വൈരികൾക്കു വിട്ടുകൊടുക്കില്ലവൻ
രോഗശയ്യയിൽപ്പോലും ആശ്വാസം പകർന്നിടും
രോഗിക്കു രോഗശാന്തി നൽകിടും കർത്തനവൻ
ഞാനേറ്റം വിനീതനായ് ദീനനായ് വിലപിച്ചു
“കർത്താവെ ദയാസിന്ധോ കരുണ തോന്നേണമെ
പാപിയാമെനിക്കഹൈാ തുഷ്ടി നീ നൽകേണമെ
ഞാനങ്ങേയ്ക്കെതിരായി പാപം ഹാ ചെയ്തുപോയി
വൈരികളെന്നെപ്പറ്റി ദുഷ്ടത പറയുന്നു.
വൈരിയാമവനെപ്പോൾ മൃത്യുവെ വരിച്ചിടും,
അവന്റെ നാമധേയം എപ്പോഴങ്ങില്ലാതാകും?”
നിത്യവുമെന്നെക്കാണാൻ വന്നിടും നരഗണം
പൊള്ളവാക്കുകളാലെ കുത്തിനോവിച്ചീടുന്നു
ഹൃദയം തന്നിലവർ തിന്മകൾ ചിന്തിക്കുന്നു
പുറംലോകത്തിലവർ പറഞ്ഞു പരത്തുന്നു
വൈരികൾ സംഘം ചേർന്നു നിർദ്ദയം എന്നെച്ചൊല്ലി
രഹസ്യ സംഭാഷണം ചെയ്യുന്നൂ നിരന്തരം
സന്തതം ദ്രോഹിച്ചിടാൻ നിർദ്ദയം പീഡിപ്പിക്കാൻ
കൂട്ടം കൂടീടുന്നഹൊ വൈരികൾ ദിനംതോറും
ക്രൂരരാം ശ്വാനസംഘം ചേർന്നിടുമെന്നപോലെ
അവനു തീരാവ്യാധി വന്നിതാ പിടികൂടി
എഴുന്നേൽക്കുവാനിനി അവനാകില്ല നൂനം
വൈരികളിപ്രകാരം നിത്യവും പറയുന്നു
മാമക മൃത്യുവിന്നായ് കേഴുന്നൂ ദിനംതോറും
ഞാനേറ്റം വിശ്വസിച്ച, ഭോജ്യത്തിൽ പങ്കുചേർന്ന
പ്രാണസ്നേഹിതൻ പോലും എനിക്കിന്നെതിരായി
കർത്താവെ എന്നോടു നീ കൃപ ചെയ്തീടേണമെ
പകരം ചോദിപ്പാനായ് എഴുന്നേൽപിക്കേണമെ
വിജയം നേടിയില്ല എന്റെ വൈരികളെന്മേൽ

അതിത്തലവനെന്നിൽ സന്തതം പ്രസാദിച്ചു
എന്നാലെൻ നൈർമ്മല്യത്താൽ താങ്ങുന്നൂ അവനെന്നെ
നാളെന്നും കർത്താവിന്റെ തിരുസന്നിധിയിങ്കൽ
ചെമ്മെയായുറപ്പിച്ചു നിർത്തുന്നു അവനെന്നെ
വാഴ്ത്തപ്പെട്ടീടട്ടെന്നും സ്തുതിക്കപ്പെട്ടീടട്ടെ
ദൈവമാം കർത്താവവൻ ജഗന്നിവാസൻ നാഥൻ
നിഷ്കളൻ, നിരാമയൻ, നിർമ്മലൻ, നിരുപമൻ.

## 42

സരിത്തു തേടീടുന്ന ഹരിണിയെന്നപോലെ
മാമക ഹൃദന്തം താൻ അങ്ങയെ തേടീടുന്നു
മാമക ജീവാധാരം കർത്തനായ് ദാഹിക്കുന്നു
നിത്യവും ജീവിക്കുന്നു ദൈവത്തിനായിത്തന്നെ
എപ്പോഴാണെനിക്കഹൊ ദൈവസന്നിധിയിങ്കൽ
അങ്ങയെ ഒരു നോക്കു കാണുവാൻ കഴിയുക
രാപകൽ കണ്ണുനീരെൻ ഇഷ്ടഭക്ഷണമായി
എവിടെ ദൈവമെന്നു നരന്മാർ ചോദിച്ചേവം
മാനവസംഘത്തെ ഞാൻ പിന്തുടർന്നതാരതം
നയിച്ചാനവരെ ഞാൻ ദേവന്റെ ഗൃഹം തന്നിൽ
ആഹ്ലാദഘോഷങ്ങളും നന്ദി തൻ ഗീതങ്ങളും
ഉയർന്നു നരഗണം ഉല്ലസിച്ചാഹ്ലാദിച്ചു
മാമക ഹൃദന്തം താൻ പൊട്ടിക്കരഞ്ഞീടുമ്പോൾ
കാര്യങ്ങളല്ലാമഹം ഓർക്കുന്നൂ ചിത്രമായി.
എന്തിനാണെന്നാത്മാവെ നീ വിഷാദിച്ചീടുന്നു
എന്തിനാണിപ്രകാരം നെടുവീർപ്പിട്ടീടുന്നു
പ്രത്യാശ വച്ചീടുക ദൈവമാം കർത്താവിങ്കൽ
വാഴ്ത്തിടും പുകഴ്ത്തിടും രക്ഷകൻ കർത്താവിനെ
മാമക ആത്മാവേറ്റം ദുഃഖം പൂണ്ടിരിക്കുന്നു
നിത്യമാം വിഷാദത്താൽ ഭാരം പൂണ്ടിരിക്കുന്നു
അതിനാൽ ജോർദ്ദാനിലും, ഹെർമ്മോനിൽ മിസാറിലും
അങ്ങയെ നന്ദിപൂർവ്വം സ്മരിപ്പൂ നിരന്തരം
അങ്ങുതൻ ജലപാതം തന്നുടെ ശബ്ദത്താലെ
ആഴം ആഴത്തെത്തന്നെ പിന്നെയും വിളിക്കുന്നു
അങ്ങുതൻ കല്ലോലവും ഓളവുമെന്റെ മീതെ
സന്തതം ശാന്തമായി കടന്നു പോയീടുന്നു
അഹസ്സിൻ ദശാന്തരെ കാരുണ്യം വർഷിക്കുന്നു
യാമിനി തന്നിൽ ദേവദേവനു വേണ്ടിത്തന്നെ

ഗാനമാലപിക്കും ഞാൻ ജീവന്റെ ദൈവത്തിന്നായ്
പ്രപഞ്ചസ്രഷ്ടാവിന്നായ്, യാക്കോബിൻ ദൈവത്തിന്നായ്
ദൈവമാം കർത്താവെ നീ മറന്നതെന്തിന്നായി
ശത്രുപീഡനംമൂലം ഞാനെന്തെ വിലപിപ്പൂ
ഈവിധം ഞാനെൻ രക്ഷാ ശിലയാം കർത്താവോടു
സധൈര്യം ചോദിച്ചീടും ഞാനെന്നും ദാസനല്ലോ
എവിടെ നിന്റെ ദൈവം വൈരികൾ ചോദിക്കുന്നു
ഏൽക്കുന്നൂ മാരകമാം മുറിവുപോലെന്നുമെ
വൈരിതൻ നിന്ദനങ്ങൾ പരിഹാസങ്ങൾ നൂനം
മമ ആത്മാവെ നീയിന്നെന്തിനായ് വിഷാദിപ്പൂ
നെടുവീർപ്പെന്തിനായി, ദുഃഖിപ്പതെന്തിനായി
പ്രത്യാശ വച്ചീടുക ദൈവമാം കർത്താവിങ്കൽ
മാമക സഹായകൻ രക്ഷകൻ ദൈവവുമാം
കർത്തനെ വീണ്ടും വീണ്ടും പുകഴ്ത്തിപ്പാടീടും ഞാൻ

## 43

നടത്തിത്തരേണമെ നീതി നീ എനിക്കായി
ദോഷികൾക്കെതിരായി എനിക്കായ് വാദിക്കുക
എന്നെ നീ മോചിപ്പിക്ക വഞ്ചകന്മാരിൽ നിന്നും
നീതിക്കു വൈരികളാം നരരിൽ നിന്നും വേഗം
അങ്ങയിലാണല്ലോ ഞാൻ ആശ്രയമർപ്പിപ്പതു
അവിടുന്നെന്നെ പുറംതള്ളിയതെന്തിന്നായി
ശത്രുപീഡനംമൂലം ഈവിധം വിലപിപ്പാൻ
കാരണമെന്തെ ചൊൽക നന്മയിൻ മൂർത്തീമതെ
അങ്ങുതൻ പ്രകാശവും സത്യവും അയയ്ക്കുക
ആയവ എന്നെ നിത്യം നിർഭയം നയിക്കട്ടെ
അങ്ങുതൻ വിശുദ്ധമാം കുന്നിലും ഗൃഹത്തിലും
താവക ദ്യുതി, സത്യം എന്നിവ നയിക്കട്ടെ
ദൈവത്തിൻ ബലിപീഠം തന്നിലേക്കു ഞാൻ ചെല്ലും
മാമക സന്തോഷമാം കർത്തനിലേക്കു തന്നെ
ദൈവമെ എൻ ദൈവമെ സ്തുതിക്കും കിന്നരത്തിൽ
മാമകാത്മാവെ നീയിന്നെന്തിനായ് വിഷാദിപ്പൂ
എന്തിനായീവിധം നീ നെടുവീർപ്പിട്ടീടുന്നു
പ്രത്യാശ വച്ചീടുക ദൈവമാം കർത്താവിങ്കൽ
മാമക സഹായകൻ, രക്ഷകൻ, ദൈവവുമാം
കർത്തനെ വീണ്ടും വീണ്ടും പുകഴ്ത്തിപ്പാടീടും ഞാൻ.

# 44

ദൈവമാം കർത്താവെ നീ പൂർവ്വിക കാലങ്ങളിൽ
ഞങ്ങൾ തൻ താതന്മാർക്കായ് ചെയ്തതാം പ്രവൃത്തികൾ
മാന്യരാം പിതാക്കന്മാർ നന്ദനർ ഞങ്ങൾക്കഹൊ
വ്യക്തമായ് വിശദമായ് വിവരിച്ചേകിയവർ
താതന്മാർ ചെയ്തതായ പത്ഥ്യുപദേശങ്ങൾ താൻ
നന്ദനർ ഞങ്ങളഹൊ ശ്രവിച്ചു ചെമ്മെയായി.
അവരെ നേരാംവണ്ണം നട്ടുപിടിപ്പിച്ചീടാൻ
അങ്ങുതൻ കരങ്ങളാൽ നരരെ പുറത്താക്കി
അവർക്കു പാർത്തീടുവാൻ പാർപ്പിടം നൽകീടുവാൻ
നിർദ്ദയം രാജ്യങ്ങളെ വളരെ പീഡിപ്പിച്ചു
രാഷ്ട്രങ്ങൾ പിടിച്ചതു ചന്ദ്രഹാസത്താലല്ല
വിജയം വരിച്ചതു മുഷ്ടിയാലല്ല നൂനം
അങ്ങുതൻ വലംകൈയും മുഖത്തിൻപ്രകാശവും
ചെറിയ ഭുജത്താലും കൊണ്ടത്രെ ഇതു സത്യം
ദൈവമാമവിടുന്നു ദയതൻ സമുദ്രം താൻ
അങ്ങുതൻ കൃപയാലെ അവരിൽ പ്രസാദിച്ചു
അങ്ങെന്റെ പാർത്ഥിവനും ദൈവവും ഇതു സത്യം
അങ്ങല്ലൊ യാക്കോബിനു വിജയം നൽകുന്നതും.
അങ്ങുതൻ സഹായത്താൽ വീഴ്ത്തിയാർ രിപുക്കളെ
അക്രമിസംഘങ്ങളെ ചവിട്ടി മെതിക്കുന്നു
ധനുസിൽ ശരണം ഞാൻ വച്ചിട്ടില്ലിതുവരെ
കരവാളതിനെന്നെ രക്ഷിപ്പാൻ കഴിയില്ല
ശത്രുസംഘത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചവൻ
വെറുക്കും മനുഷ്യർക്കു സംഭ്രമം വരുത്തിയാൻ
ദൈവമാം കർത്താവിങ്കൽ അഭിമാനിതർ ഞങ്ങൾ
അങ്ങുതൻ നാമത്തിനു പാപികളടിയങ്ങൾ
നന്ദിചൊല്ലീടും ചെമ്മെ നിത്യവും ഭക്തിപൂർവ്വം
എങ്കിലും അവിടുന്നു ഞങ്ങളെ കൃപാഹീനം
തള്ളിവീഴ്ത്തിയാൻ പിന്നെ അവമാനത്തിലാഴ്ത്തി
സർവ്വശക്തനാം നാഥൻ ജഗന്നിവാസൻ താതൻ
ഞങ്ങൾ തൻ സേനയ്ക്കൊപ്പം വന്നുചേർന്നതുമില്ല
വൈരിതൻ മുമ്പിൽ നിന്നും സത്വരം തോറ്റോടീടാൻ
നന്ദനർ ഞങ്ങൾക്കഹൊ നീ തന്നെ ഇടയാക്കി
അക്രമം കാട്ടീടുന്ന ക്രൂരന്മാർ ശത്രുസംഘം
കൊള്ളയടിച്ചാരവർ, ഞങ്ങളെ ഭയമെന്യെ

താതനാമവിടുന്നു ഞങ്ങളെ കൊല്ലാനുള്ള
ധീരതയില്ലാത്തതാം മേഷങ്ങളാക്കീ നൂനം
നാട്ടിലെ ജനത തൻ നടുവിൽ ദയാഹീനം
പാറതൻ കഷണംപോൽ ഞങ്ങളെ ചിതറിച്ചു.
സ്വന്തമാം ജനതയെ തുഛമാം വിലയ്ക്കഹൊ
വൈരിതൻ സംഘത്തിനു വിറ്റുതാനവിടുന്നു.
സർവ്വശക്തനായങ്ങു നന്ദനരവർക്കഹൊ
തെല്ലുമൊരൽപം പോലും വിലയും കല്പിച്ചില്ല
നന്ദനർ ഞങ്ങളെ നീ ഞങ്ങൾ തൻ അയൽക്കാർക്കു
നിത്യവുമവമാന ഭാജനമാക്കി മാറ്റി
ചുറ്റിലും വസിച്ചിടും സ്നേഹിതർ ബന്ധുക്കൾക്കു
നിന്ദതൻ വിഷയവും പരിഹാസപാത്രവും
ഞങ്ങളെ അവിടുന്നു മാനവർക്കിടയിലായ്
നാളെന്നും ചൊല്ലീടുന്നു പഴയമൊഴിയാക്കി
രാജ്യങ്ങൾക്കിടയിലും ദേശങ്ങൾക്കിടയിലും
പാവങ്ങൾ ഞങ്ങളേറ്റം അവഹേളിതരായി
ദിവസം മുഴുവനും മാമക അപമാനം
മാമക മുമ്പിലുണ്ട് എന്തഹൊ ചെയ്യേണ്ടു ഞാൻ
മാമക വദനത്തെ ഗോപനം ചെയ്തീടുന്ന
വർദ്ധിച്ച അപമാനം സൃഷ്ടിച്ചതാകും ലജ്ജ
നിന്ദകർ ദൂഷകന്മാർ ഞങ്ങൾ തൻ വാക്കിനാലും
ശത്രുവിൻ ദർശനത്താൽ സൃഷ്ടിക്കപ്പെടും ലജ്ജ
നന്ദനർ ഞങ്ങളിന്നും അങ്ങയെ മറന്നില്ല
അങ്ങുതൻ ഉടമ്പടി നിത്യവും പാലിച്ചഹൊ
എങ്കിലും കർത്താവെ നിൻ നന്ദനർ ഞങ്ങൾക്കഹൊ
നിന്ദയും നാണക്കേടും നിത്യവും സഹിച്ചഹൊ
ഞങ്ങൾ തൻ ഹൃദന്തം താൻ പിന്തിരിഞ്ഞീടുകയൊ
അങ്ങുതൻ പന്ഥാവതു വിട്ടുപോയതുമില്ല
എങ്കിലും അവിടുന്നു ഞങ്ങളെ ദയാഹീനം
ജംബുക സങ്കേതത്തിൽ ചിതറിതെറിപ്പിച്ചു
കൂരിരുട്ടിനാലഹൊ ഞങ്ങളെ അവിടുന്നു
നിർദ്ദയം മൂടുപടം സത്വരമണിയിച്ചു.
ഞങ്ങൾ തൻ ദൈവത്തിന്റെ നാമത്തെ മറക്കുകിൽ
അന്യനാം ദേവൻ മുമ്പിൽ വണങ്ങി നിന്നീടുകിൽ
ആയതു ദൈവത്തിന്റെ സർവ്വജ്ഞനവിടുത്തെ
ദൃഷ്ടിയിൽ പെടാതഹൊ ഇരുന്നീടുമൊ ചൊൽക
ഹൃദയ രഹസ്യങ്ങൾ അങ്ങുതാനറിയുന്നു

അങ്ങയെപ്രതി ഞങ്ങൾ മൃതിയെ പുൽകീടുന്നു
വധിക്കപ്പെടേണ്ടതാം മേഷങ്ങളെന്നപോലെ
വൈരികൾ ദിനംപ്രതി ഞങ്ങളെക്കണ്ടീടുന്നു
ദൈവമാം കർത്താവെ നീ നിദ്രവിട്ടുണരുക
അങ്ങെന്തെ ഉറങ്ങുന്നു, ഈവിധം ഉറങ്ങുന്നു
കർത്താവെ ഉണരുക ഞങ്ങളെ തള്ളീടൊല്ല
വദനം മറയ്ക്കുവാൻ കാരണമെന്തെ നാഥാ?
വിസ്മരിച്ചതുമെന്തെ പീഡനം മർദ്ദനങ്ങൾ
പൂഴിമണ്ണോളം ഞങ്ങൾ താണിരിക്കുന്നു നൂനം.
ഞങ്ങൾ തൻ കളേബരം ധരയിൽ ചുംബിച്ചഹൊ
ഞങ്ങളെ സഹായിപ്പാൻ ഉണർന്നു വരേണമെ
അങ്ങുതൻ കാരുണ്യത്താൽ ഞങ്ങളെ മോചിപ്പിക്ക.

## 45

മാമക ഹൃദയത്തിൽ സുന്ദരം ഉദാത്തമാം
ആശയം ചിത്രമായി തുടിച്ചു നിന്നീടുന്നു
നവ്യമാകുമീ ഗീതം രാജനായ് സമർപ്പിപ്പൂ
സർഗ്ഗവാസനയുള്ള എഴുത്തുകാരനുള്ള
ഒരുക്കി വച്ചിട്ടുള്ള തൂലികപോലെൻ നാവ്
മാനുഷസുതന്മാരിൽ അതിസുന്ദരൻ നീയെ
താവക അധരത്തിൽ വചനം തുളുമ്പുന്നു
എന്നുമെന്നേക്കും നിന്നിൽ കൃപയെ ചൊരിഞ്ഞവൻ
വീരനാം പുരുഷാ നീ തേജസിൻ മഹത്വത്തിൽ
കരവാൾ ശ്രദ്ധാപൂർവ്വം അരയിൽ ധരിക്കുക
നീതിതൻ രക്ഷയ്ക്കായും നിർണ്ണയം സത്യത്തിനും
വേണ്ടി നീ പ്രതാപത്തിൽ, ജയത്തിൽ മുന്നേറുക
താവക വലംകരം ഭീതി വിതച്ചീടട്ടെ
രാജശത്രുക്കൾ തന്റെ ഹൃദയാന്തരാളത്തിൽ
താവകകൂരമ്പുകൾ തറച്ചു കയറീടും
പാരിലെ ജനതകൾ സർവ്വരും അഖിലേശം
നിർണ്ണയം അവിടുത്തെ കീഴിലായമർന്നിടും
താവക സിംഹാസനം നാളെന്നും നിലനിൽക്കും
താവക ചെങ്കോൽ നൂനം നീതിതൻ ചെങ്കോലത്രെ
നീതിയെ സ്നേഹിപ്പൂ നീ ദുഷ്ടത വെറുക്കുന്നു
ആകയാൽ ദൈവം നിന്റെ മാത്രമാം ദൈവമല്ലൊ
ഉയർത്തി അവൻ നിന്നെ മറ്റു ജനത്തിൽ നിന്നും
ആനന്ദതൈലത്താലെ സർവ്വശക്തനാം ദൈവം

നിഷ്ക്കളൻ, നിരാമയൻ ചെയ്തു താനഭിഷേകം
ചന്ദനം, ലവംഗവും നറും പശയാലഹൊ
താവക വസനം ഹാ സുന്ദരം സുരഭിലം
ദന്തത്താൽ നിർമ്മിതമാം രാജസൗധത്തിൽ നിന്നും
ശ്രവിക്കും തന്ത്രിനാദം ആനന്ദിപ്പിക്കുന്നഹൊ
താവക അന്തപ്പുരം തന്നിലായ് വസിക്കുന്ന
മഹിളാരത്നങ്ങളിൽ രാജപുത്രികളുണ്ട്.
താവക വലഭാഗെ ശ്രേഷ്ഠമാം ഓഫീർ സ്വർണ്ണം
അണിഞ്ഞ മഹാരാജ്ഞി നിൽക്കുന്നു സുസ്മിതയായ്
മകളെ ചെവി ചായ്ച്ചു കേൾക്കുവീൻ ശ്രദ്ധിക്കുവീൻ
വിസ്മരിക്കുക നിന്റെ ജനത്തെ ഭവനത്തെ
താവക ലാവണ്യത്തിൽ ആകൃഷ്ടനാകും രാജൻ
നിന്നുടെ നാഥനവൻ അവനെ വണങ്ങുക
സോർ നിവാസികൾ താവകപ്രീതിക്കായി
ശ്രേഷ്ഠമാം ഉപഹാരം അർപ്പിക്കും തിരുമുമ്പിൽ
ധനികവർഗ്ഗം സർവ്വസമ്പത്തും അർപ്പിച്ചിടും
വണങ്ങും മാനിച്ചിടും നിന്നുടെ മുമ്പിൽ നൂനം
രാജകുമാരിയവൾ സുവർണ്ണക്കസവങ്കി
ധരിച്ചങ്ങന്തപ്പുരം തന്നിലായിരിക്കുന്നു
സുവർണ്ണ ശബളമാം അങ്കിതാനണിയിച്ചു
രാജസന്നിധിയിങ്കൽ അവളെ നയിക്കുന്നു
കന്യകമാരാകുന്ന തോഴിമാർ നിരവധി
രാജപുത്രിയെ നൂനം പിന്തുടർന്നീടുന്നഹൊ
ആനന്ദഭരിതരായ് പുത്രിയും തോഴിമാരും
രാജാവിൻകൊട്ടാരത്തിൽ ഹംസംപോൽ പ്രവേശിപ്പൂ
താവക നന്ദനന്മാർ താതർ തൻ സ്ഥാനത്തഹൊ
അവരോധിക്കപ്പെടും നിർണ്ണയമിതു സത്യം
ധരയിലെങ്ങും നൂനം അവരെ യഥാവിധി
ധരണീപാലകരായ് ചെമ്മെയായ് വാഴിച്ചിടും
വരുന്ന തലമുറ, തലമുകൾതോറും
താവക നാമം നൂനം കീർത്തിപ്പെട്ടീടാനായി
ദാസനാമീയുള്ളവൻ ഇടയാക്കീടും പിന്നെ
നാളെന്നും നിന്നെ നൂനം കീർത്തിക്കും ജനതകൾ.

## 46

യാഹെന്ന ദൈവമത്രെ അഭയം ശക്തിയതും
കഷ്ടത നടുവിൽ താൻ നിർണ്ണയം തുണയവൻ
ഭൂമി ഇളകീടട്ടെ ശൈലങ്ങൾ സമുദ്രത്തിൽ
അടർന്നു പതിക്കട്ടെ ഞാൻ ഭയപ്പെടുകില്ല
സലീലം പതഞ്ഞുയർന്നിരമ്പി മറിഞ്ഞാലും
അതിന്റെ കമ്പനത്താൽ ശൈലങ്ങൾ വിറച്ചാലും
ദൈവമാം കർത്താവിങ്കൽ വിശ്വസിച്ചീടും നമ്മൾ
ഒട്ടുമെ ഇതു സത്യം, ഭയപ്പെടില്ല നൂനം
ദൈവത്തിൻ നഗരത്തെ അവന്റെ നിവാസത്തെ
സന്തുഷ്ടമാക്കിക്കൊണ്ട് ഒഴുകും നദിയുണ്ട്.
നൂനമാനഗരത്തിൽ കർത്തൻ താൻ വസിക്കുന്നു
അതിനങ്ങൊരിക്കലും ഇളക്കം ഭവിക്കില്ല
അതിരാവിലെ ദൈവം അതിനെ സഹായിക്കും
മാനവകദംബകം ക്രോധം പൂണ്ടിരിക്കുന്നു
രാഷ്ട്രങ്ങളനാരതം കമ്പനം കൊണ്ടീടുന്നു
കർത്തൻ താൻ കോപിക്കുമ്പോൾ ധരണി ഉരുകുന്നു
സേനതൻ കർത്താവവൻ നമ്മുടെ ചാരത്തുണ്ട്.
യാക്കോബിൻ ദൈവം തന്നെ നമുക്കുള്ള ദയവും
വരുവിൻ കർത്താവിന്റെ പ്രവൃത്തി കണ്ടീടുവിൻ
ദൈവമാമവിടുന്നു ഭൂമിയെ എത്രമാത്രം
ശൂന്യമതാക്കിയെന്നു കാണുവീൻ സഹജരെ
ധരയിൽ മുഴുവനും സാഗരമില്ലാതാക്കി
വില്ലൊടിച്ചീടുന്നവൻ കുന്തവും തകർക്കുന്നു
അഗ്നിക്കു ഭക്ഷണമായ് രഥങ്ങൾ നൽകീടുന്നു
ധരയെ ശാന്തമാക, ദൈവമാണഹമെന്നു
നന്നായിട്ടറിയുക, ഉന്നതനാണെന്നതും
സേനതൻ കർത്താവവൻ നമ്മുടെ ചാരത്തുണ്ട്
യാക്കോബിൻ ദൈവമത്രെ നമ്മുടെ അഭയവും

## 47

ധരയിൽ വസിക്കുന്ന മുഴുവൻ ജനങ്ങളെ
ആനന്ദം കൊണ്ടീടുവിൻ, മുഴക്കീൻ കരഘോഷം
യാക്കോബിൻ ദൈവത്തിന്റെ ദിവ്യമാം തിരുമുമ്പിൽ
സന്തോഷ ശബ്ദം നിങ്ങൾ മുഴക്കീനുജ്ജ്വലമായ്
അത്യുന്നതനാം ദൈവം ഭീതിജൻ തന്നെ നൂനം

അഖില ധരിത്രിതൻ പാർത്ഥിവൻ അവനത്രെ
രാഷ്ട്രങ്ങൾ കീഴടക്കി വിജയം നേടിത്തന്നു
മാനവജനതയെ നമ്മൾ തൻ കീഴിലാക്കി
നമ്മൾ തന്നവകാശം നമുക്കു നൽകിയവൻ
നിർണ്ണയം താൻ സ്നേഹിക്കും യാക്കോബിന്റഭിമാനം.
ജയത്തിൻ ഘോഷത്തോടും കാഹളനാദത്തോടും
ദൈവമാം കർത്താവവൻ ആരോഹണവും ചെയ്തു
പാടിപ്പുകഴ്ത്തീടുവിൻ ദൈവമാം കർത്താവിനെ
ആലപിക്കുവിൻ നിങ്ങൾ സ്തോത്രങ്ങൾ സസന്തോഷം
നമ്മുടെ രാജാവിനു സ്തുതികളുതിർക്കുവിൻ
നിത്യവും കീർത്തനങ്ങൾ ആലപിക്കുവിൻ നിങ്ങൾ
ധരതൻ രാജാവല്ലൊ ദൈവമാം കർത്താവവൻ
സ്തുതിപ്പിൻ നിരന്തരം കാവ്യസങ്കീർത്തനത്താൽ
മാനവജനതതൻ രാജാവാകുന്നു ദൈവം
പാവനസിംഹാസനം തന്നിലങ്ങിരിക്കുന്നു
അബ്രഹാം പിതാവിന്റെ താതനാം ദൈവത്തിന്റെ
ജനത്തെപ്പോലെതന്നെ മാനവജനതതൻ
പ്രഭുക്കന്മാർ തൻ സംഘം ഒന്നായി കൂടീടുന്നു
സംഘമായ് ചേർന്നീടുന്നു നിത്യവും ചേർന്നീടുന്നു
ഭൂമിതൻ രക്ഷയ്ക്കുള്ള കവചകുണ്ഡലങ്ങൾ
സർവ്വശക്തനാം ദൈവം തന്നുടെ അധീനത്തിൽ
നിഷ്കളൻ നിരാമയൻ, ജഗന്നിവാസൻ താതൻ
നിർജ്ജരൻ, ബഹിർമുഖൻ എത്രയൊ മഹോന്നതൻ.

## 48

ദൈവമാം കർത്താവവൻ ഉന്നതൻ തന്നെ നൂനം
അവന്റെ നഗരത്തിൽ സ്തുതിക്കുയോഗ്യനവൻ
അവന്റെ ഗിരിയതു ഉന്നതം മനോഹരം
ധരയ്ക്കു മുഴുവനും സന്തോഷ സന്ദായകം
വടക്കു വടക്കുള്ള പ്രസിദ്ധ സീയോൻഗിരി
ഉന്നതനാകും ധരാ പാലന്റെ നഗരമാം
അതിന്റെ കോട്ടയ്ക്കുള്ളിൽ സർവ്വശക്തനാം ദൈവം
അഭയകേന്ദ്രമായി വെളിപ്പെട്ടിരിക്കുന്നു
പാർത്ഥിവർ അഖിലരും ഇവിടെ സമ്മേളിച്ചു
അവരൊ സംഘം ചേർന്നു സുധീരം മുന്നേറിയാർ
സീയോനാം ഗിരി കണ്ടു മന്നവരമ്പരന്നു
സംഭ്രമിച്ചവർ വേഗം ഓടിയാർ ദൂരേക്കവർ

അവിടെ ചെന്നെങ്കിലും ഭയന്നു വിറച്ചവർ
ഈറ്റുനോവിനെപ്പോലെ വേദന ഗ്രസിച്ചഹൊ
കിഴക്കൻ കാറ്റിൽപ്പെട്ട തർശീഷിൻ കപ്പൽ പോലെ
ചീട്ടുകൊട്ടാരം പോലെ ചിതറിത്തെറിച്ചവർ
പണ്ടു നാം ശ്രവിച്ചപോൽ സേനതൻ കർത്താവിന്റെ
വിശുദ്ധനഗരത്തിൽ ചെമ്മെയായ് കണ്ടു നമ്മൾ
അവനെന്നേക്കുമായി സ്ഥാപിച്ചിരിക്കുന്നതാം
കർത്തനാം ദൈവത്തിന്റെ നഗരം തന്നിലഹൊ
ദൈവമെ അവിടുത്തെ വിശുദ്ധ ഗൃഹം തന്നിൽ
അങ്ങുതൻ കാരുണ്യത്തെ ധ്യാനിച്ചു ഞങ്ങൾ നൂനം
ദൈവമേ അവിടുത്തെ നാമമെന്നതുപോലെ
അങ്ങുതൻ സ്തുതികളും എത്തുന്നൂ ധരണിയിൽ
അങ്ങുതൻ വലത്തുകൈ ഉന്നതവിജയത്താൽ
അത്ഭുതകരമായി നിറഞ്ഞങ്ങിരിക്കുന്നു
സന്തോഷിച്ചാനന്ദിക്ക സീയോൻ പർവ്വതമെന്നും
ദേവന്റെ വിധിമൂലം പുത്രിമാരാനന്ദിക്ക
സഞ്ചരിക്കുവിൻ നിങ്ങൾ സീയോൻ ഗിരിക്കു ചുറ്റും
അതിനു പ്രദക്ഷിണം വയ്ക്കുവിൻ ചെമ്മെ നിങ്ങൾ
അതിന്റെ ഗോപുരങ്ങൾ കൃത്യമായെണ്ണീടുവിൻ
കൊത്തളങ്ങളെ നിങ്ങൾ സസൂക്ഷ്മം ശ്രദ്ധിക്കുവീൻ
കോട്ടകളെല്ലാം നിങ്ങൾ നടന്നു കണ്ടീടുവീൻ
ഇവിടെയല്ലൊ നമ്മൾ ആരാധിച്ചീടും ദൈവം
നാളെന്നും നമ്മെയവൻ നയിച്ചീടുമെന്നഹൊ
വന്നീടും തലമുറ തന്നോടു പറയുവാൻ.

# 49

മാനവസമൂഹമെ സൂക്ഷ്മമായി ശ്രദ്ധിക്കുവീൻ
ചെവിയോർക്കുവീൻ നിങ്ങൾ ഭൂതലവാസികളെ
ദരിദ്രർ, ഉന്നതന്മാർ, ധനികർ, എളിയവൻ
ഏവരും ഒന്നുപോലെ സശ്രദ്ധം കേട്ടീടുവിൻ
മാമക അധരങ്ങൾ വിജ്ഞാനം പ്രഘോഷിക്കും
മാമക ഹൃദയമൊ ചേതന മന്ത്രിച്ചിടും
സദൃശവാക്യങ്ങൾക്കു ചെവിചായ്ച്ചിടുമഹം
കിന്നരനാദത്തോടെ തംബുരുമേളത്തോടെ
മാമക കഥയുടെ പൊരുൾ ഞാൻ തിരിച്ചിടും
പീഢകജനതതൻ ദുഷ്ടത നിരന്തരം
വലയം ചെയ്യുന്നെന്നെ ഞാനെന്തു ചെയ്തീടുവാൻ

ക്ലേശത്തിൻ ദശാന്തരെ കർത്തൃദാസനാമഹം
എന്തിനായ് ഭയപ്പെട്ടു കാലം ഞാൻ കഴിക്കണം
ധനികർ തങ്ങളുടെ ധനത്തിൽ ആശ്രയിപ്പൂ
സമ്പത്തിൽ നിരന്തരം അഹങ്കാരിയാകുന്നു
സ്വയം വീണ്ടെടുക്കാതെ സ്വന്തജീവന്റെ വില
കർത്തനു നൽകീടാതൊ ആർക്കുമെ കഴിയില്ല.
ജീവന്റെ വിടുതലിൻ വില താൻ വലുതല്ലൊ
എത്രമേൽ ആയീടിലും ഒട്ടുമെ തികയില്ല.
എന്നേക്കും ജീവിപ്പാനും പാതാളം ഒരിക്കലും
കാണുവാതിരിപ്പാനും ആർക്കഹൊ കഴിഞ്ഞിടും?
പണ്ഡിതനായീടിലും മൃത്യുവെ പുൽകുമെന്നും
മന്ദബുദ്ധിയും പിന്നെ മണ്ടനും നശിച്ചിടും
തങ്ങൾതൻ സമ്പത്തെല്ലാം അന്യരാം നരർക്കായി
നിർണ്ണയമുപേക്ഷിച്ചു പോകുമെന്നവർ കാണും
ദേശങ്ങൾ സ്വന്തമെന്നു വീമ്പടിക്കാമെങ്കിലും
നിർണ്ണയം നരരെല്ലാം ആറടി മണ്ണിൻ ജന്മി
നിത്യവും ജനത തൻ വസിപ്പാനുള്ള സ്ഥാനം
ഭാവിയിൽ തലമുറകൾക്കുള്ള വാസസ്ഥാനം
മനുഷ്യൻ പ്രതാപത്തിൽ നിലനിൽക്കുകയില്ല
മൃഗങ്ങൾ പോലെയവർ നശിച്ചു മണ്ണായിടും
ചേതനയറ്റോരാത്മ വിശ്വാസം പുലർത്തുന്ന
നരന്റെ വിധിയതും തങ്ങൾ തൻ സമ്പത്തതിൽ
ആനന്ദിച്ചീടുന്നതാം നരർതന്നന്ത്യമതും
മേഷങ്ങളെന്നപോലെ മരണം പുൽകീടുവാൻ
വിധിക്കപ്പെട്ടവരാം ശാപഗ്രസ്ഥർ താൻ നൂനം
മൃത്യുവാണവർക്കെന്നും വഴികാട്ടുന്നിടയൻ
കല്ലറ തന്നിലേക്കു താണിടുമവർ നേരേ
അവർതൻ രൂപം മെല്ലെ അഴിഞ്ഞുപോയീടും താൻ
പാതാളം തന്നെവർക്കെന്നെന്നും വാസസ്ഥാനം
എങ്കിലും ദൈവമെന്റെ പ്രാണനെ പാതാളത്തിൻ
പിടിയിൽ നിന്നും വേഗം മുക്തമാക്കിടും നൂനം
കരുണാ സിന്ധു അവൻ കൃപ തൻ പൊരുളവൻ
പാപിയാമെന്നെയവൻ നിർണ്ണയം സ്വീകരിക്കും
ഒരുവൻ സമ്പത്തിന്റെ ഉടമ ആകുമ്പോഴും
അവന്റെ ഭവനത്തിൽ മഹത്വം കൂടുമ്പോഴും
ഒട്ടുമെ ഭയം വേണ്ട, മൃത്യുവെ പുൽകീടുമ്പോൾ
ഒന്നുമെ അവനഹൊ കൊണ്ടുപോകുവാനാമൊ

അവന്റെ മഹത്വവും സമ്പത്തും പദവിയും
നിർണ്ണയം മനുജനെ പിന്തുടർന്നീടാനാമൊ
ജീവിതകാലത്തവൻ സന്തുഷ്ടനാണെന്നഹൊ
സ്നേഹിതർ, സുഹൃത്തുക്കൾ കരുതി എന്നാകിലും
അവന്റെ ഐശ്വര്യത്തിൻ മഹിമ കണ്ടിട്ടഹൊ
ജനങ്ങൾ സമ്പന്നനെ സ്തുതിക്ക ചെയ്തീടിലും
അവനും അവനുടെ താതന്മാരോടു ചേരും
ഇനിമേൽ അവൻ നൂനം വെളിച്ചം കാണില്ലഹൊ
മനുഷ്യൻ അവനുടെ ഭൗതിക പ്രതാപത്തിൽ
ഒരുനാൾ മരിച്ചിടും നിർണ്ണയം മൃഗത്തെപ്പോൽ

## 50

ശക്തനാം കർത്താവവൻ നരരോടുരയ്ക്കുന്നു
പൂർവ്വപശ്ചിമ ക്ഷോണി മുഴുവൻ വിളിക്കുന്നു
സൗന്ദര്യത്തികവാകും സീയോനിൽ നിന്നുമഹൊ
ഉജ്ജ്വലതേജസ്സോടെ പ്രകാശിച്ചീടുന്നവൻ
നമ്മുടെ ദൈവമിതാ ആഗതനായീടുന്നു
സർവ്വജ്ഞനാകുമവൻ മൗനിയായിരിക്കില്ല.
അങ്ങുതൻ മുമ്പിലിതാ സംഹാരാഗ്നിയുമുണ്ട്
അങ്ങുതൻ ചുറ്റിലുമായ് കൊടുങ്കാറ്റിരമ്പുന്നു
ജനത്തെ വിധിക്കുവാൻ ദൈവമാമവിടുന്നു
വ്യോമത്തെ, ഭൂമിയെയും വിളിപ്പൂ നിരന്തരം
ബലിയർപ്പണത്തോടെ അന്നൊരു നാളെന്നോടു
ദിവ്യമാമുടമ്പടി ചെയ്തതാം വിശ്വസ്ഥരെ
മാമക സമീപത്തു വിളിച്ചു വരുത്തുവീൻ
വിഹായസവിടുത്തെ നീതിയെ ഘോഷിക്കുന്നു
ദൈവമാം കർത്താവല്ലൊ വിധികർത്താവായവൻ
മാമക വത്സലരാം ജനമെ കേട്ടീടുവിൻ
ഞാനിതാ സുതരോടു സംസാരിച്ചീടുന്നഹൊ
മാമക ഇസ്രായേലെ നിനക്കങ്ങെതിരായി
സാക്ഷ്യവും നൽകീടും ഞാൻ നിന്റെ ദൈവമാണഹം
താവക ബലികളെപ്പറ്റി ഞാനിതാ ഒന്നും
നിന്നെ ഞാൻ ശാസിക്കില്ല, ശ്രവിപ്പിൻ ശ്രദ്ധാപൂർവ്വം
മാമകതനയാ നിൻ ദഹനബലിയെല്ലാം
എന്നുടെ ചാരത്തുണ്ട് നിർണ്ണയമവിതർക്കം
താവകഭവനത്തിൽ നിന്നൊരു കാളയെയൊ
മേഷക സംഘത്തിലെ ഒരു മുട്ടാടിനെയൊ

ഞാനിതാ ചൊന്നീടുന്നു, മാമക തീരുമാനം
സ്വീകരിക്കുകയില്ല യാതൊരു മൃഗത്തെയും
വനത്തിൽ വളർന്നിടും സകല മൃഗങ്ങളും
കുന്നതിൽ വളർന്നീടും സഹസ്രക്കണക്കായ
കാലിസമ്പത്തെല്ലാം മാമക സമ്പത്തത്രെ
ഞാൻ ചെമ്മെ അറിയുന്നു വാനിലെ പക്ഷികളും
വയലിൽ ചരിക്കുന്ന ജീവിയും എന്റേതത്രെ.
മാമക വിശപ്പഹൊ നിന്നോടു പറയില്ല
ലോകവും അതിലുള്ള സമസ്തം എന്റേതത്രെ
ഊക്ഷാവിൻ മാംസമഹം തിന്നുമൊ ചൊന്നീടുക
മേഷത്തിൻ രക്തം ചെമ്മെ പാനം ഞാൻ ചെയ്തീടുമൊ
ദൈവത്തിനർപ്പിച്ചിടും താവക ബലിയെന്നും
നന്ദിയർപ്പണമായി തീർന്നിടാൻ യത്നിക്കുക
സർവ്വശക്തനാം ദൈവത്തിനുള്ള കാണിക്കകൾ
കൃത്യമായ് നിറവേറ്റാൻ ശ്രദ്ധപാലിച്ചീടുക
അനർത്ഥകാലങ്ങളിൽ എന്നെ നീ വിളിക്കുക
ഞാൻ നിന്നെ മോചിപ്പിക്കും, നീയെന്നെ സ്തുതിച്ചിടും
എങ്കിലൊ ദുഷ്ടനോടു ദൈവമുരച്ചീടുന്നു
മാമക നിയമങ്ങൾ ഉരുവിട്ടീടുവാനും
ദിവ്യമാമുടമ്പടിയേപ്പറ്റി ചൊന്നീടാനും
പാപിയും ദുർവൃത്തനും മ്ലേഛനുമായുള്ളോനെ
നിനക്കെന്തധികാരം ചൊല്ലുവിൻ നരാധമാ
മാമക ശിക്ഷണത്തെ നൂനം നീ വെറുക്കുന്നു
മാമക വചനത്തെ നിസ്സാരമാക്കീടുന്നു
ചോരനെ കണ്ടീടുകിൽ തോഴനായ് തീർത്തീടും നീ
അഭിസാരികകൾ നിൻ ചെങ്ങാതിമാരല്ലയൊ
താവക വദനം നീ തിന്മയ്ക്കായ് തുറന്നിട്ടു
നാവെന്നും വഞ്ചനയ്ക്കു രൂപവും നൽകീടുന്നു
നിത്യവും സഹോദരനെതിരായ് സംസാരിപ്പൂ
സോദരനെതിരായി നുണയും പരത്തുന്നു
ഇത്രയും പാപകർമ്മം നീ തന്നെ ചെയ്തിട്ടു ഞാൻ
നിർണ്ണയം മൗനിയെപ്പോൽ മരുവി വളരെ നാൾ
നിന്നെപ്പോൽ തന്നെ ഞാനെന്നൊത്തിരി ചിന്തിച്ചു നീ
ഇപ്പോളങ്ങിതാ നിന്നെ ഞാനിതാ ശാസിക്കുന്നു
താവക മുമ്പിലിതാ കുറ്റങ്ങൾ നിരത്തുന്നു
ദൈവത്തെ മറക്കുന്ന ദുഷ്ടമാനസന്മാരെ
നിർണ്ണയമെൻ വചനം ഓർമ്മയിലിരിക്കട്ടെ

അല്ലെങ്കിൽ നിങ്ങളെ ഞാൻ നിർദ്ദയം പിച്ചിച്ചീന്തും
രക്ഷിക്കാനൊരുവനും ധരയിൽ കാണില്ലഹൊ
ബലിയായ് കൃതജ്ഞത അർപ്പിക്കും നരൻ നൂനം
സ്രഷ്ടാവാമെന്നെ നൂനം ബഹുമാനിച്ചീടുന്നു
നേരായ പാത തന്നിൽ ചരിക്കും മനുജനു
കാണിച്ചു കൊടുക്കും ഞാൻ ദൈവത്തിൻ മഹാരക്ഷ.

## 51

ദൈവമെ അവിടുത്തെ ദയയ്ക്കു തക്കതുപോൽ
പാപിയാമെന്നോടെന്നും കരുണ തോന്നേണമെ.
അങ്ങുതൻ സീമാതീതമാകുന്ന ദയവിനാൽ
മാമക അതിക്രമം മായിച്ചു കളഞ്ഞാലും
കഴുകിക്കളഞ്ഞാലും മാമക പാപം മുറ്റും
പാപത്തിൽ നിന്നുമെന്നെ നിർമ്മലീകരിക്കുക
ഞാനറിഞ്ഞീടുന്നെന്റെ പാപങ്ങളഖിലവും
മാമക പാപമെന്റെ കൺമുമ്പിലുണ്ടെപ്പോഴും
നിർണ്ണയമങ്ങേയ്ക്കു ഞാനെതിരായ് പാപം ചെയ്തു
അങ്ങുതൻ മുമ്പിലഹം തിന്മകൾ പ്രവർത്തിച്ചു
അതിനാലവിടുത്തെ വിധിനിർണ്ണയത്തിങ്കൽ
നിശ്ചയമവിടുന്നു നീതിയുക്തനാകുന്നു
അങ്ങുതൻ തീരുമാനം, വിധിയുമെല്ലാം നൂനം
നിർമ്മലം, നിഷ്പക്ഷമാം കുറ്റമറ്റതുമല്ലൊ
പാപത്താൽ പിറന്നു ഞാൻ ധരണീതലം തന്നിൽ
തായതന്നുദരത്തിൽ പാപിയായ് പിറന്നു ഞാൻ
ഹൃദയ നൈർമ്മല്യം നീ ആഗ്രഹിക്കുന്നു നൂനം
അന്തരംഗത്തിൽ ചെമ്മെ ജ്ഞാനം നീ പകരുക
പവിത്രീകരിക്കുക ഈസോപ്പുകൊണ്ടങ്ങെന്നെ
നിർമ്മലനായീടുവാൻ കഴുകീടണമെന്നെ
ഉജ്ജ്വലശോഭയുള്ള മഞ്ഞിനെക്കാളുമഹം
അങ്ങുതൻ കൃപയാലെ വെൺമയുള്ളവനാകും
സന്തോഷഭരിതനായ് ചമയ്ക്ക നീയിന്നെന്നെ
ആനന്ദിക്കട്ടെ അങ്ങു തകർത്ത ഭാരദ്വാജം
മാമകപാപങ്ങളിൽ നിന്നും നീ ദയവായി
വദനം മറയ്ക്കുക, പാപങ്ങൾ മായിക്കുക
ദൈവമെ നിർമ്മലമാം ഹൃദയം സൃഷ്ടിക്കുക
നിക്ഷേപിച്ചീടുകെന്നിൽ സ്ഥിരമാം ചൈതന്യത്തെ
അങ്ങുതൻ സന്നിധിയിൽ നിന്നെന്നെ തള്ളീടല്ലെ

പാവനാത്മാവിനെ നീ എന്നിൽ നിന്നെടുക്കല്ലെ
രക്ഷതൻ സന്തോഷത്തെ വീണ്ടും നീ തന്നീടുക
നവ്യമാം ജീവാധാരം തന്നെന്നെ താങ്ങേണമെ
എങ്കിൽ ഞാൻ അതിക്രമം കാട്ടിടും പാപികളെ
അങ്ങുതൻ പാത ചെമ്മെ പഠിപ്പിച്ചിടും നൂനം
പാപികളതു കേട്ടു ഹൃദയം നുറുങ്ങിടും
അങ്ങുതൻ സരണിയിൽ തിരിച്ചുവരുമവൻ
മാമക രക്ഷയുടെ ദൈവമെ എൻ ദൈവമെ
രക്തപാതകത്തിൽ നിന്നെന്നെ നീ രക്ഷിക്കുക
ഉച്ചത്തിൽ പ്രകീർത്തിക്കും അങ്ങുതൻ രക്ഷയെ ഞാൻ
കർത്താവെ എന്നധരം ദയവായ് തുറക്കുക
മാമക നാവെന്നെന്നും അങ്ങയെ സ്തുതിച്ചിടും
ഒട്ടുമെ പ്രസാദിക്കുന്നില്ല നീ ബലികളിൽ
സന്തുഷ്ടനാവുന്നില്ല ദഹനബലികളിൽ
പാപബോധത്തിൻ ചൂടാൽ ഉരുകും മനസിഷ്ടം
തകർന്നു നുറുങ്ങിയ ഹൃദയം എൻ ദൈവമെ
നിരസിക്കുകയില്ല നിർണ്ണയമൊരിക്കലും
അങ്ങുതാൻ പ്രസാദിച്ചു സീയോനു നന്മ ചെയ്ക
ജേറുസലേമിൻ കോട്ട പുതുക്കി പണിയുക
അവിടുന്നപ്പോൾ നൂനം നിർദ്ദിഷ്ടബലിയിലും
ദഹനബലിയിലും പൂർണ്ണമായ് പ്രസാദിക്കും
സത്വരം അങ്ങയുടെ ബലിപീഠത്തിൽ നൂനം
കാളയെ അർപ്പിച്ചിടും ചിന്മയാ ജഗൽപതീ.

## 52

ശക്തനാം മനുഷ്യാ നീ ഭക്തന്മാർക്കെതിരായി
ചെയ്തതാം ദുഷ്ടതയിൽ അഹങ്കരിപ്പതെന്തെ?
ദിവസം മുഴുവനും വിനാശം നിരൂപിപ്പൂ
വഞ്ചകാ നിന്റെ നാവു ക്ഷുരകക്കത്തിപോലെ
നന്മയെക്കാളധികം തിന്മയും, സത്യത്തെക്കാൾ
വ്യാജവും നിർണ്ണയം നീ ഇഷ്ടപ്പെടുന്നു കഷ്ടം
വഞ്ചന നിറഞ്ഞതാം നാവേ നീ യഥാർത്ഥത്തിൽ
നാശത്തിൻ വചനങ്ങൾ അധികം ഇഷ്ടപ്പെടും
തകർക്കും നിന്നെ ദൈവം എന്നുമെന്നേക്കുമായി
നിർണ്ണയം നിന്നെ ചീന്തിക്കളയും അവിടുന്ന്
ജീവിക്കും നരരുടെ നഗരം തന്നിൽ നിന്നും
വേരോടെ പിഴുതഹൊ എറിഞ്ഞു കളഞ്ഞിടും

ഭയപ്പെട്ടീടുമതു കണ്ടതാം നീതിജ്ഞന്മാർ
പുഛസ്വരത്തിലവർ പറയുമിപ്രകാരം
“ദൈവത്തിൽ ശരണം വച്ചീടാത്ത നരനിതാ
സ്വന്തമാം സമ്പത്തതിൽ വിശ്വാസമർപ്പിച്ചവൻ
അക്രമമാർഗ്ഗങ്ങളിൽ അഭയം തേടിയവൻ
ദൈവത്തിൻ ഭവനത്തിൽ വളരുമൊലിവു ഞാൻ
അവന്റെ കാരുണ്യത്തിൽ ഞാനെന്നുമാശ്രയിപ്പൂ
താവകകൃപകൾക്കായ് നന്ദി ഞാനെന്നും ചൊല്ലും
അങ്ങുതൻ ഭക്തർ മുമ്പിൽ കീർത്തിക്കും തവനാമം
എന്തെന്നാൽ അതെത്രയൊ ശ്രേഷ്ഠമാം, മഹനീയം.

## 53

ഈശ്വരനില്ലായെന്നു ഭോഷനാം നരനവൻ
സന്തതം ഹൃദയത്തിൽ ചൊല്ലുന്നൂ നിരന്തരം
മ്ലേഛത തന്നിലവർ മുഴുകി ദുഷിച്ചവർ
നന്മയൊരൽപം പോലും പ്രവർത്തിച്ചീടുന്നില്ല
സർവ്വശക്തനാം ദൈവം സുരലോകത്തിൽ നിന്നും
മാനവസുതന്മാരെ വീക്ഷിപ്പൂ ശ്രദ്ധാപൂർവ്വം
ദൈവത്തെ തേടീടുന്ന ജ്ഞാനികളുണ്ടോയെന്നു
ചെമ്മെയായാരായുന്നു ജിജ്ഞാസാപൂർവ്വമവൻ
ഏവരും വഴിതെറ്റി ഒന്നുപോൽ ദുഷിച്ചുപോയ്
നന്മചെയ്യുന്നോനില്ല, ഒരുത്തൻ പോലുമില്ല
അധർമ്മം കാട്ടുന്നോർക്കു എള്ളോളം ബോധമില്ല
മാമക ജനതയെ തിന്നുന്നൂ പൂപം പോലെ
പാപികൾ നരരിവർ ഒരിക്കൽ പോലുമയ്യൊ
ചിന്മയനാം ദൈവത്തെ പ്രാർത്ഥിച്ചീടുന്നതില്ല
ഇന്നിതാ പരിഭ്രാന്തരായിതാ കഴിയുന്നു
ഇന്നോളം ഒരിക്കലും കണ്ടിട്ടില്ലാത്തതത്രെ
ധാർമ്മികരല്ലാത്തതാം നരർ തന്നസ്ഥി ദൈവം
ചിതറിത്തെറിപ്പിക്കും, ലജ്ജിതരാകുമവർ
പാപികളാകും നരവർഗ്ഗത്തെ അഖിലവും
നിർദ്ദയം നിസ്സങ്കോചം കൈവെടിഞ്ഞിരിക്കുന്നു
വന്നിരുന്നെങ്കിലിസ്രായേലിന്റെ വിമോചനം
സീയോനിൽ നിന്നുമെന്റെ ചിന്മയാ ജഗദീശാ
ദൈവം തൻ ജനത്തിന്റെ സുസ്ഥിതി സ്ഥാപിക്കുമ്പോൾ
യാക്കോബങ്ങാനന്ദിക്കും, ഇസ്രായേൽ സന്തോഷിക്കും.

## 54

ദൈവമെ തിരുനാമത്താലെന്നെ രക്ഷിക്കുക
നീതി നീ നടത്തുക താവക ശക്തിയതാൽ
ദൈവമെ എൻ പ്രാർത്ഥന കേൾക്കുക ദയവായി
മാമക വചനങ്ങൾ ശ്രദ്ധിച്ചു ശ്രവിക്കുക
അഹങ്കാരികൾ എന്നെ സന്തതം എതിർക്കുന്നു
നിർദ്ദയർ എന്നെ നിത്യം വേട്ടയാടീടുന്നയ്യൊ
ദുഷ്ടന്മാർ, ധിക്കാരികൾ, അഹങ്കാരികളവർ-
ക്കൊട്ടുമെ ലവലേശം ദൈവചിന്തയില്ലഹൊ
മാമക സഹായകൻ നിർണ്ണയം ദൈവമല്ലൊ
കർത്താവു മമ ജീവൻ നിലനിർത്തീടുന്നവൻ
ശത്രുജനങ്ങളോടു പകരം വീട്ടുമവൻ
നിന്റെ വിശ്വസ്ഥതയാൽ അവരെ സംഹരിക്ക
ഹൃദയപൂർവ്വമഹം ബലിയർപ്പിച്ചീടും ഞാൻ
കർത്താവെ അവിടുത്തെ ശ്രേഷ്ഠമാം നാമത്തിനു
സാദരം അങ്ങയോടും നന്ദി ഞാൻ പറഞ്ഞിടും
കഷ്ടതകളിൽ നിന്നും സദയം മോചിപ്പിച്ചു
കണ്ടെന്റെ നയനങ്ങൾ ശത്രുവിൻ പരാജയം
ദൈവമാം കർത്താവവൻ എത്രയൊ കാരുണ്യവാൻ.

## 55

ദൈവമെ കേൾക്കേണമെ മാമക പ്രാർത്ഥന നീ
എന്റെ യാചനകൾ നീ നിരസിച്ചീടല്ലഹൊ
മമപ്രാർത്ഥന കേട്ടു ഉത്തരമരുളണെ
ക്ലേശങ്ങൾ നിരവധി അടിപ്പെടുത്തിയെന്നെ
ശത്രുവിന്നട്ടഹാസം ദുഷ്ടർ തൻ പീഡനവും
ദുർബലനാകുമെന്നെ പരിഭ്രാന്തനാക്കിയാർ
എപ്പോഴുമെന്നോടവർ ദ്രോഹങ്ങൾ ചെയ്തീടുന്നു
കോപത്തോടെന്നോടവർ ശത്രുത പുലർത്തുന്നു
ഹൃദയം വേദനയാൽ പിടയുന്നെല്ലായ്പോഴും
മൃത്യുവിൻ ഭീതി എന്മേൽ നിപതിച്ചിരിക്കുന്നു
ഭയവും വിറയലും വിട്ടുമാറീടുന്നില്ല
വല്ലാത്ത പരിഭ്രാന്തി എന്നെ ഹാ ഗ്രസിച്ചയ്യൊ
പറഞ്ഞാനഹമപ്പോൾ "പ്രാവിനെപ്പോലെനിക്കു
സുന്ദരതരമായ ചിറകു മുളച്ചെങ്കിൽ
പറന്നു പറന്നു പോയ് ദൂരെയൊരേടത്തായി

വിശ്രമമെടുക്കുവാൻ എനിക്കു കഴിഞ്ഞേനേ
വിദൂരസ്ഥലങ്ങളിൽ പറന്നു നടന്നേനേ
വിജനപ്രദേശത്തു വസിക്കാൻ കഴിഞ്ഞേനേ
കൊടുങ്കാറ്റതിൽ നിന്നും ചുഴലിക്കാറ്റിൽ നിന്നും
രക്ഷപ്പെട്ടകന്നു ഞാൻ സങ്കേതം തേടിയേനേ
കർത്താവെ തോൽപിക്കുക അവർ തന്നുദ്യമങ്ങൾ
അവർ തൻ ഭാഷകളെ നിർദ്ദയം ഭിന്നിപ്പിക്ക
അക്രമം കലഹവും കാണുന്നൂ നഗരത്തിൽ
രാപകലവൻ മുറ്റും ചുറ്റിലും നടക്കുന്നു
അതിന്റെ ഉള്ളിൽ നൂനം കുഴപ്പം ഉപജാപം
അതിന്റെ മദ്ധ്യേ നാശം കുടികൊണ്ടീടുന്നഹൊ
അതിന്റെ തെരുക്കളിൽ മർദ്ദനം, വഞ്ചനയും
വിട്ടുമാറീടുന്നില്ല, നിത്യവും കുടികൊൾവൂ
ശത്രുക്കളല്ല എന്നെ നിത്യവും നിന്ദിപ്പതു
ആയിരുന്നെങ്കിൽ നൂനം സഹിപ്പാൻ കഴിഞ്ഞേനേ
എതിരാളികളല്ല ധിക്കാരം കാട്ടുന്നതു
ആയിരുന്നെങ്കിലഹം മറഞ്ഞങ്ങിരുന്നേനേ.
എന്നാലെൻ സഹചരൻ ചെങ്ങാതി, ഉറ്റതോഴൻ
നീ തന്നെയല്ലെ എന്നോടീവിധം വർത്തിച്ചതു
ഹൃദയം തുറന്നു നാം സംസാരിച്ചിരുന്നഹൊ
നമ്മളങ്ങൊന്നിച്ചല്ലൊ കർത്തന്റെ ഗൃഹം തന്നിൽ
വിശുദ്ധ കൂട്ടായ്മകൾ ആചരിച്ചിരുന്നതും
പിടികൂടീടട്ടഹൊ മരണം അവരെത്താൻ
പതിക്കട്ടവർ നാഗ ലോകത്തിൽ ജീവനോടെ
അവർ തൻ ഹൃദയത്തിൽ ഭവനം തന്നിൽപ്പോലും
കൊടിയ തിന്മ മുറ്റും കുടികൊണ്ടീടുന്നഹൊ
നിത്യനാം ദൈവത്തിനെ വിളിച്ചങ്ങപേക്ഷിപ്പൂ
നിർണ്ണയം കർത്താവെന്നെ രക്ഷിക്കും ദയതോന്നി
സന്ധ്യയിൽ, പ്രഭാതത്തിൽ, മദ്ധ്യാഹ്നനേരത്തിലും
ആവലാതിപ്പെട്ടു ഞാൻ കരയും ദീനനായി
മാമകസ്വരം നന്നായ് ശ്രവിക്കും ദയാപൂർവ്വം
ഇവിടെ നടക്കുന്ന ധർമ്മയുദ്ധത്തിൽ നൂനം
വൈരികളനേകം പേർ നിരന്നു നിന്നീടുന്നു
എങ്കിലും അഹമേറ്റം ഉറപ്പായ് വിശ്വസിപ്പൂ
ദയവിൻ സിന്ധു അവൻ കാത്തുപാലിക്കുമെന്നെ
ആദിമകാലം മുതൽ സിംഹാസനസ്ഥനവൻ
മമ പ്രാർത്ഥന കേട്ടു അവരെ ലജ്ജിപ്പിക്കും

എന്തെന്നാൽ അവർ ദൈവകല്പന പാലിക്കില്ല
അവനെ അൽപംപോലും ഭയക്കുന്നതുമില്ല
മാമക സുഹൃത്തവൻ അവന്റെ കൂട്ടുകാർക്ക്
നിർണ്ണയമെതിരായി സന്തതം കൈനീട്ടിയാൻ
മാമക കൂട്ടുകാരൻ ഈവിധം ചെയ്തതിനാൽ
അവന്റെ ഉടമ്പടി അവൻ താൻ ലംഘിച്ചഹൊ
അവന്റെ സംഭാഷണം വെണ്ണപോൽ മൃദുലമാം
അവന്റെ ഹൃദയത്തിൽ പടതന്നൊരുക്കമാം
അവന്റെ വചനങ്ങൾ എണ്ണപോൽ കോമളമാം
എങ്കിലൊ വചനങ്ങൾ ഉറയൂരിയ ഖഡ്ഗം
താവകഭാരം നിങ്ങൾ കർത്തനെ ഏല്പിക്കുക
കരുണാമൂർത്തിയവൻ സദയം താങ്ങിക്കൊള്ളും.
നീതിജ്ഞൻ കുലുങ്ങുവാൻ സമ്മതിക്കുകില്ലവൻ
തള്ളിവീഴ്ത്തീടുമങ്ങ് അവരെ അഗാധത്തിൽ
ശോണിതദാഹികളും വഞ്ചകന്മാരും നൂനം
ആയുസിന്നർദ്ധഭാഗം എത്തുകയില്ല സത്യം.

## 56

ദൈവമെ എന്നോടെന്നും കരുണ തോന്നേണമെ
മനുഷ്യർ എന്നെ നിത്യം ചവിട്ടിമെതിക്കുന്നു
ദിവസം മുഴുവനും ശത്രുക്കൾ ദ്രോഹിക്കുന്നു
ചവിട്ടിമെതിക്കുന്നു ശത്രുക്കൾ എന്നെ നിത്യം
അത്യന്തം ഗർവ്വോടവർ എന്നോടു യുദ്ധം ചെയ്വൂ
ഭയമുണ്ടായീടുമ്പോൾ അങ്ങിൽ ഞാൻ ആശ്രയിക്കും
ആരുടെ വചനത്തെ നിത്യവും പ്രകീർത്തിപ്പൂ
അവനിൽ നിർഭയനായ് ആശ്രയിച്ചീടുന്നഹം
അത്യന്തം നിസ്സാരനും കൃമിക്കു തുല്യനുമാം
മർത്യനു എന്നോടെന്തു ചെയ്യുവാൻ കഴിഞ്ഞിടും?
ദിവസം മുഴുവനും ദ്രോഹിക്കാൻ നോക്കുന്നവർ
നിർണ്ണയം അവരുടെ ചിന്തകളഖിലവും
എങ്ങനെ എന്നെ ദ്രോഹിച്ചീടുവാൻ കഴിഞ്ഞിടും
അവരൊ സംഘം കൂടി ഒളിച്ചങ്ങിരിക്കുന്നു
മാമക പ്രാണനായി എന്റെ കാലടികളെ
നിത്യവും നിരീക്ഷിപ്പൂ ഗൂഢമായിരുന്നിട്ട്
അവർ താൻ ചെയ്തിട്ടുള്ള നീചമാം കർമ്മങ്ങൾക്കു
തക്കതാം പ്രതിഫലം നൽകണെ കൃപാനിധേ
ദൈവമെ ക്രോധത്തോടെ നരരെ തകർക്കണെ

എണ്ണിയാനവിടുന്നു മാമക ദുരിതങ്ങൾ
മാമക കണ്ണീർക്കണം ഒട്ടുമെ ചോർന്നീടാതെ
ചിന്മയനവിടുന്നു കുപ്പിയിൽ ശേഖരിച്ചു
അവകൾ മുഴുവനും അങ്ങുതൻ ഗ്രന്ഥം തന്നിൽ
ചെമ്മെയായെഴുതിയാൻ നിഷ്കളൻ നിരുപമൻ.
അങ്ങയെ വിളിക്കുമ്പോൾ ശത്രുക്കൾ പിന്തിരിയും
ദൈവമെൻ പക്ഷത്തെന്നു ഞാൻ ചെമ്മെ അറിയുന്നു
ആരുടെ വചനം ഞാൻ നിത്യവും കീർത്തിക്കുന്നു
ദൈവമാം കർത്താവിൽ ഞാൻ നിർഭയം ആശ്രയിക്കും
എന്തുചെയ്തീടാനാവും മർത്യനായ് പിറന്നോനു
ദൈവമെ അങ്ങേയ്ക്കുള്ള നേർച്ചകൾ നിറവേറ്റാൻ
എത്രയൊ അധികം ഞാൻ കടപ്പെട്ടിരിക്കുന്നു
നന്ദി തൻ ബലി നൂനം അർപ്പിക്കും അങ്ങേയ്ക്കു ഞാൻ
ദൈവസന്നിധിയിങ്കൽ ജീവന്റെ പ്രകാശത്തിൽ
ഞാൻ നടന്നീടാനായി ചിന്മയാ എൻ ജീവനെ
മൃത്യുവിൽ നിന്നും മമ ചരണദ്വയങ്ങളെ
വീഴ്ചയിൽ നിന്നും നാഥൻ രക്ഷിച്ചു പാലിച്ചഹൊ.

## 57

ദൈവമെ എന്നോടെന്നും കൃപയുണ്ടാകേണമെ
ചിന്മയാ എന്നോടെന്നും ദയതോന്നീടേണമെ
അങ്ങയിൽ നിരന്തരം അഭയം തേടീടുന്നു
നാശത്തിൻ കൊടുങ്കാറ്റു കടന്നുപോകും വരെ
ശരണം പ്രാപിക്കുന്നു അങ്ങുതൻ ചിറകതിൽ
അത്യുന്നതനായീടും ദൈവത്തെ നിരന്തരം
വിളിച്ചങ്ങപേക്ഷിപ്പൂ പാപിയാമീയുള്ളവൻ
എനിക്കുവേണ്ടിത്തന്നെ സർവ്വവും ചെയ്തീടുന്ന
നിഷ്കളൻ, നിരുപമൻ, നിർമ്മലൻ കർത്തൻ തന്നെ
നഭസിൽ നിന്നും ദൈവം സഹായമയച്ചഹൊ
നിർണ്ണയം സുതനെന്നെ രക്ഷിക്കും ഇതു സത്യം
നിസ്വനാമെന്നെയൊട്ടും കരുണയില്ലാതഹൊ
ചവിട്ടിമെതിക്കുന്ന നരരെ ലജ്ജിപ്പിക്കും
ദൈവംതൻ വിശ്വസ്ഥത കാരുണ്യമിവയെല്ലാം
സന്തതം അയച്ചിടും ജഗത്തിൻ നന്മയ്ക്കായി
മാനവസുതന്മാരെ ആർത്തിയാൽ വിഴുങ്ങുന്ന
കേസരി നടുവിൽ ഞാൻ വസിപ്പൂ ദിനംപ്രതി
അവന്റെ ദന്തനിര കുന്തങ്ങൾ അസ്ത്രങ്ങളും

മൂർച്ചയേറിയ വാളിന്നൊപ്പമാം നാവുകളും
വ്യോമത്തിന്മീതെ അങ്ങു ഉയർന്നു നിൽക്കേണമെ
അങ്ങുതൻ മഹത്വം ഹാ ധരയിൽ നിറയട്ടെ
മമ കാലടികൾക്കു വലകൾ വിരിച്ചവർ
മാമക മനസ്സയ്യൊ തകർന്നു നുറുങ്ങി ഹാ
മാമക സരണിയിൽ കുഴികൾ കുഴിച്ചവർ
നിർണ്ണയമിവൻ തന്നെ കുഴിയിൽ പതിച്ചയ്യൊ
മാമക ജീവാധാരം സുസ്ഥിരം അചഞ്ചലം
അങ്ങുതൻ സുതനായ പാപിയാമീയുള്ളവൻ
നാളെന്നും ഗീതങ്ങളാൽ അങ്ങയെ സ്തുതിച്ചിടും
മാമക ഹൃദന്തമെ ഉണരൂ ഉണരൂ നീ
വീണയും കിന്നരവും സത്വരം ഉണരട്ടെ
നിർണ്ണയം പ്രഭാതത്തെ സന്തതം ഉണർത്തും ഞാൻ
കർത്താവെ ജനതതൻ മദ്ധ്യത്തിൽ നിരന്തരം
നന്ദിയർപ്പിച്ചീടും ഞാൻ ചിന്മയാ, ജഗൽപതീ
അങ്ങുതൻ അനുകമ്പ ഗഗനത്തോളമല്ലൊ
അങ്ങുതൻ വിശ്വസ്ഥത മേഘങ്ങളോളം തന്നെ
ദൈവമെ ദയവായി നഭസിന്മീതെ അങ്ങു
ഉയർന്നു നിൽക്കേണമെ ജഗന്നിവാസാ, നാഥാ
ചിന്മയാ, ജഗല്പതി, അതിമായിക, ദേവാ
അങ്ങുതൻ മഹത്വം ഹാ ധരയിൽ നിറയട്ടെ.

## 58

നിങ്ങൾ തൻ വിധി നീതി നിഷ്ടമാണോ ശക്തരെ
സത്യമായാണൊ നിങ്ങൾ നരരെ വിധിപ്പതു
തിന്മ നിരൂപിക്കുന്നു, നിങ്ങൾ തൻ ഹൃദന്തത്തിൽ
ധരയിൽ അതിക്രമം തുടങ്ങീടുന്നൂ നിങ്ങൾ
ഉരുവായപ്പോൾ മുതൽ ദുഷ്ടന്മാർ പിഴയായി
ജനനം മുതലവർ നുണകൾ പറഞ്ഞഹൊ
ദുഷിച്ച സരണിയിൽ സഞ്ചരിച്ചീടുന്നവർ
അവർക്കു സർപ്പത്തിന്റെ ജംഗുലം വളരെയാം
കർണ്ണങ്ങൾ അടഞ്ഞുള്ള അണലിപോലെയവർ
ശ്രവിപ്പാൻ കഴിയാത്ത ബധിരന്മാരാണവർ
പാമ്പാട്ടിയുടെ സ്വരം മാന്ത്രികന്റെയും ശബ്ദം
അവയൊ കേൾക്കുന്നില്ല, ഒട്ടുമെ കേൾക്കുന്നില്ല.
ദൈവമെ അവരുടെ ദന്തങ്ങൾ തകർക്കണെ
യുവസിംഹങ്ങൾ തന്റെ ദംഷ്ട്രങ്ങൾ പിഴുതണെ

ഒഴുകിമറയുന്ന സർവതോമുഖം പോലെ
എന്നുമെന്നേക്കുമായി മറഞ്ഞു പോയീടട്ടെ
തൃണം പോൽ അവർ വേഗം ചവിട്ടപ്പെടുകയും
മറഞ്ഞു പോവുകയും ചെയ്യട്ടെ ഇതു സത്യം
ഇഴഞ്ഞു പോയീടുമ്പോൾ അലിഞ്ഞു തീർന്നിടുന്ന
ഒച്ചുപോലായിത്തീരാൻ ഇടയായീടട്ടവൻ
പത്മിനീപതിയുടെ വെളിച്ചം കണ്ടീടുവാൻ
കഴിയാത്തതാം ചാപിള്ളയെപ്പോലാകട്ടവൻ
നിങ്ങൾ തൻ കലത്തിന് താപമേറ്റീടും മുമ്പ്
വെന്തതും പച്ചയെല്ലാം ഒരുപോൽ പറത്തീടും
ദൈവത്തിൻ പ്രതികാരം ചെമ്മെയായ് കണ്ടിട്ടഹൊ
നീതിമാൻ സന്തോഷത്തിൽ ആഹ്ലാദിച്ചീടും നൂനം
ദുഷ്ടർ തൻ ശോണിതത്തിൽ നീതിജ്ഞകദംബകം
ചരണദ്വയം നൂനം ക്ഷാളനം ചെയ്തീടും കേൾ
നിർണ്ണയം നീതിജ്ഞനു ഫലസിദ്ധിയുമുണ്ട്
നിശ്ചയം ധരണിയിൽ നിയമം പാലിക്കുവാൻ
ചിന്മയരൂപൻ സത്യപാലകനാകും ദൈവം
ഉണ്ടെന്നു ധരണിയിൽ മാനവർ പറഞ്ഞിടും.

## 59

എന്റെ ദൈവമെ എന്നെ വൈരിതൻ കയ്യിൽ നിന്നും
മോചിപ്പിച്ചീടേണമെ കരുണാസിന്ധോ നാഥാ
രക്ഷിക്കേണമെ എന്നെ ദൈവമാം കർത്താവെ നീ
നിത്യവുമെതിർക്കുന്ന നരരിൽ നിന്നുമഹൊ
ദുഷ്ടമാനസരിൽ നിന്നെന്നെ നീ വിടുവിക്ക
കാത്തുകൊള്ളേണമെന്നെ രക്തദാഹിയിൽ നിന്നും
മാമക ജീവനായി ഗൂഢമായിരിക്കുന്നു
എനിക്കു വിരോധമായ് സംഘം ചേർന്നിടുന്നവർ
കരുണാമൂർത്തിയാകും കർത്താവെ ഇവയെന്റെ
പാപത്താൽ അതിക്രമത്താലുമല്ലീശ്വരനെ
വൈരികൾ ഓടിയടുത്തീടുന്നതൊരിക്കലും
എന്റെ തെറ്റിനാലല്ല പാപത്താലല്ല നൂനം
ഉണർന്നങ്ങെഴുന്നേറ്റു മാമക രക്ഷയ്ക്കായി
വരുവാൻ ദയ ചെയ്ക കരുണാകരാ വിഭോ
സേനതൻ ദൈവമായ ചിന്മയാ ദയാസിന്ധോ
നിർണ്ണയമവിടുന്നു ഇസ്രായേലിന്റെ ദൈവം
നരരെ ശിക്ഷിക്കുവാൻ അവിടുന്നുണരുക

വഞ്ചനയോടെ തിന്മ നിരൂപിച്ചീടുന്നോരിൽ
ഒരുവനെയും ദേവാ വെറുതെ വിട്ടീടല്ലേ
സന്ധ്യകൾ തോറുമവർ മടങ്ങി വന്നീടുന്നു
നായ്ക്കളെപ്പോലെയവർ ഓലിയങ്ങിട്ടുംകൊണ്ട്
നഗരംതോറും ചുറ്റിക്കറങ്ങി നടക്കുന്നു
അവർതൻ നാവെന്നെന്നും അസഭ്യം ചൊരിയുന്നു
അവർ തന്നധരങ്ങൾ കരവാൾ സമമത്രെ
കേൾക്കുവാൻ ആരുണ്ടഹൊ എന്നവർ ചിന്തിക്കുന്നു
പരിഹസിച്ചീടുന്നു കർത്താവെ നീയവരെ
നരവർഗ്ഗത്തെയെല്ലാം നീതന്നെ പുഛിക്കുന്നു
മാമകശക്തിക്കെല്ലാം ആധാരമായുള്ളോനെ
പാടിടും ഞാനെന്നെന്നും അങ്ങേയ്ക്കു സ്തുതി സ്തോത്രം
ദൈവമെ അങ്ങെനിക്കു കോട്ടയും അഭയവും
മാമക കർത്താവിനു കരുണതോന്നിക്കൊണ്ടു
പാവമാമെന്നെയവൻ നിത്യവും സന്ദർശിക്കും
മാമക വൈരികൾ തൻ തോൽവി കണ്ടീടുവാനായ്
നീതിമാനായ ദൈവം ഇടയാക്കീടും നൂനം
അവരെക്കൊല്ലല്ലെ നീ അല്ലെങ്കിൽ നരഗണം
നിർണ്ണയമവിടുത്തെ വിസ്മരിച്ചീടുമവർ
ഞങ്ങൾ തൻ പരിചയാം കർത്താവെ എൻ ദൈവമെ
അങ്ങുതൻ ശക്തിയാലെ അവരെ ക്ഷയിപ്പിക്ക
അവർതൻ വക്ത്രത്തിലെ പാപങ്ങൾ നിമിത്തവും
അധരങ്ങളിലുള്ള വചനം നിമിത്തവും
മനസ്സിൽ അഹങ്കാരം നിറഞ്ഞുകവിഞ്ഞുള്ള
ദുഷ്ടമാനസന്മാരെ കെണിയിൽ കുടുക്കട്ടെ.
ദുഷ്ടന്മാർ ചൊരിയുന്ന നുണയാൽ ശാപത്താലെ
അങ്ങുതൻ ക്രോധത്താലെ അവരെ സംഹരിക്ക
അവരെ ഉന്മൂലനം ചെയ്യണെ തമ്പുരാനെ
അങ്ങനെ ദൈവമെന്നും യാക്കോബാം പിതാവിന്റെ
മേലായി വാഴുന്നെന്നും ധരണി മുഴുവനും
സീമകളോളം തന്നെ മനുഷ്യർ അറിയട്ടെ
സന്ധ്യകൾ തോറുമവർ മടങ്ങി വന്നീടുന്നു
നായ്ക്കളെപ്പോലെയവർ ഓലിയങ്ങിട്ടുംകൊണ്ട്
നഗരം മുഴുവനും ഇരയ്ക്കായ് നടക്കുന്നു
ഭക്ഷണത്തിനുവേണ്ടി ചുറ്റിത്തിരിയുന്നവർ
മതിയായീടുവോളം ഭക്ഷണമില്ലായെങ്കിൽ
ജൽപനം ചെയ്തീടുന്നു പകലന്തിയാവോളം

അങ്ങുതൻ ശക്തിയെന്നും പാടിപ്പുകഴ്ത്തീടും ഞാൻ
സുപ്രഭാതത്തിൽ നിന്റെ കാരുണ്യം പ്രകീർത്തിക്കും
കഷ്ടത്തിൻ ദശാന്തരെ കരുണാകരനങ്ങു
കോട്ടയും അഭയവുമായെന്നെ സംരക്ഷിച്ചു
മാമക ശക്തിക്കഹൊ കാരണമായീടുന്നു
അങ്ങേയ്ക്കു സ്തുതിഗീതമാലപിച്ചീടുമഹം
ദൈവമെ അങ്ങാണെന്റെ ദുർഗ്ഗവും ഖഡ്ഗമതും
കാരുണ്യമെന്നോടെന്നും കാട്ടീടും ചിന്മയനും.

## 60

ദൈവമെ ഞങ്ങളെ നീ ത്യജിച്ചു കളഞ്ഞല്ലൊ
പ്രതിരോധത്തിൻ നിര തകർത്തുകളഞ്ഞയ്യൊ
കുപിതനായിരുന്നു ചിന്മയനവിടുന്ന്
ഞങ്ങളെ ദയാപൂർവ്വം കടാക്ഷിച്ചീടേണമെ
സർവ്വശക്തനാമങ്ങു ഭൂമിയെ വിറപ്പിച്ചു
ക്ഷോണിയെ അവിടുന്നു പിളർന്നു രണ്ടാക്കിയാൻ
അതിന്റെ വിള്ളലുകൾ നികത്തിത്തരേണമെ
സർവ്വവും ഇടിഞ്ഞയ്യൊ വീഴാറായിരിക്കുന്നു
സ്വന്തമാം ജനത്തിനെ യാതനയ്ക്കിരയാക്കി
പരിഭ്രാന്തിതൻ വീഞ്ഞു ഞങ്ങളെ കുടിപ്പിച്ചു
ധനുസിൽ നിന്നുമഹൊ ഓടിയങ്ങകന്നീടാൻ
തന്നുടെ ഭക്തർക്കവൻ സൂചനയായിട്ടഹൊ
സേനതൻ ദൈവമായ നിഷ്കളൻ, നിരുപമൻ
ഉയർത്തി വർണ്ണോജ്ജ്വലമായൊരു കൊടിക്കൂറ
ഞങ്ങൾതൻ പ്രാർത്ഥനകൾ ചെമ്മെയായ് ശ്രവിച്ചിട്ടു
അങ്ങുതൻ വലങ്കയ്യാൽ ഞങ്ങളെ രക്ഷിക്കണെ.
അങ്ങുതൻ പ്രിയജനം ബന്ധനമതിൽ നിന്നും
മോചിതരായീടട്ടെ, തുഷ്ടി പൂണ്ടിരിക്കട്ടെ.
ദൈവംതൻ വിശുദ്ധമാം മന്ദിരമതിൽനിന്നും
സസ്നേഹം സസന്തോഷം അരുളിച്ചെയ്തു ചെമ്മെ
ആനന്ദത്തോടെ അഹം ഷെക്കേമിനെത്തന്നഹൊ
വിഭജിച്ചിടുകയും സൂക്കോത്തിൻ താഴ്വരയെ
അളന്നു തിരിക്കയും ചെയ്തഹൊ ഇതു സത്യം
ഗിലയാദ് എന്റേതല്ലൊ മനാസ്സെ എന്റേതല്ലൊ
എഫ്രയിം പടത്തൊപ്പി, യൂദാ എൻ ചെങ്കോലത്രെ
മോവാബു നിർണ്ണയമെൻ ക്ഷാളനപാത്രമത്രെ
ഏദോമിൽ അഹമെന്റെ പാദുകം അഴിച്ചിടും

ഫിലിസ്ത്യായുടെമേൽ ഞാൻ വിജയം മുഴക്കിടും
സുരക്ഷാ നഗരത്തിൽ ആരെന്നെ നയിച്ചിടും?
ഏദോമിലേക്കങ്ങെന്നെ ആരങ്ങുകൊണ്ടുപോകും
ദൈവമെ നീ ഞങ്ങളെ നിർദ്ദയം ത്യജിച്ചില്ലെ
ഞങ്ങൾതൻ സേനയ്ക്കൊപ്പം അവിടുന്നില്ലല്ലൊ ഹാ
ശത്രുവിനെതിരെ നീ ഞങ്ങളെ സഹായിക്ക
മനുഷ്യസഹായമൊ വ്യർത്ഥവും അസ്ഥിരവും
ദേവനോടൊത്തു ഞങ്ങൾ ധീരരായ് പൊരുതിടും
അങ്ങല്ലൊ ശത്രുക്കളെ ചവിട്ടി മെതിപ്പതും.

## 61

മാമക നിലവിളി ദൈവമെ കേൾക്കേണമെ
ചെവിക്കൊണ്ടീടേണമെ മമ പ്രാർത്ഥനയെന്നും
ഹൃദയം തകർന്നു ഞാൻ ഭൂമിതന്നതിർത്തിയിൽ
നിന്നും ഞാൻ അങ്ങയോടു വിളിച്ചങ്ങപേക്ഷിപ്പൂ
എനിക്കു അപ്രാപ്യമാം പാറയിൻ മുകളിൽ നീ
കയറ്റിനിർത്തേണമെ സൂനുവാമടിയനെ
മാമക രക്ഷാകേന്ദ്രം നിർണ്ണയമങ്ങാണല്ലൊ
വൈരികൾക്കെതിരായ സുശക്ത ഗോപുരവും
അങ്ങുതൻ കൂടാരത്തിൽ ഞാനെന്നും വസിക്കട്ടെ
അങ്ങുതൻ ചിറകതിൽ സുരക്ഷ നേടീടട്ടെ
ദൈവമെ അവിടുന്നെൻ നേർച്ചകൾ സ്വീകരിച്ചു
അങ്ങുതൻ നാമധേയം ഭയപ്പെട്ടീടുന്നോർക്കു
ഉള്ളതാം അവകാശം സദയം എനിക്കേകി
ദൈവമെ രാജാവിനു ദീർഘായുസ്സേകേണമെ
അവന്റെ സംവത്സരം നിലനിൽക്കട്ടെ നീണാൾ
ദൈവസന്നിധിയിങ്കൽ പാർത്ഥിവനെന്നന്നേക്കും
സിംഹാസനസ്ഥനായി ദീർഘനാളിരിക്കട്ടെ
അങ്ങുതൻ കാരുണ്യവും വിശ്വസ്ഥതയുമെന്നും
അവനെ കാത്തുപരിപാലിച്ചീടട്ടെ നൂനം
എങ്കിൽ ഞാൻ അവിടുത്തെ നാമത്തെ സ്തുതിച്ചിടും
അങ്ങനെ ഞാനെൻ നേർച്ച നിർമ്മല മൂർത്തിക്കായി
ദിനവും നിറവേറ്റും നിർണ്ണയമവിതർക്കം.

# 62

ദേവനിൽ മാത്രമത്രെ എന്റെ ആശ്വാസമെല്ലാം
അവിടുന്നല്ലൊ നൂനം രക്ഷ നൽകീടുന്നതും
അങ്ങുമാത്രമാണെന്റെ ശിലയും കോട്ടയതും
കുലുങ്ങി വീഴില്ലെ ഞാൻ, ദൈവമെൻ ചാരത്തല്ലൊ
ചരിഞ്ഞ മതിൽപോലെ, ആടുന്ന വേലിപോലെ
മരുവും ഒരുവനെ തകർക്കാൻ നശിപ്പിക്കാൻ
വത്സല തനയരെ ഉത്തരം ചൊന്നീടുക
നിങ്ങളെത്ര നാളുകൾ അതിനായൊരുമ്പെടും
അവന്റെ ഔന്നത്യത്തിൽ നിന്നുമാ മനുഷ്യനെ
നിർദ്ദയം തള്ളിയിടാൻ മാത്രമായ് ചിന്തിക്കുന്നു
വ്യാജമാം കാര്യങ്ങളിൽ ആനന്ദിച്ചീടുന്നവർ
ചുണ്ടുകൾ ചലിപ്പിച്ചു കൃപകൾ ചൊരിയുന്നു
ഹൃദയം വ്യഥകൊണ്ടു വെറുതെ ശപിക്കുന്നു
കർത്തനിൽ നിന്നും മാത്രം ആശ്വാസം ലഭിക്കുന്നു
അവനാണെനിക്കെന്നും പ്രത്യാശ നൽകുന്നവൻ
അങ്ങുമാത്രമാണെന്റെ ശിലയും കോട്ടയതും
കുലുക്കം ഒരിക്കലും എനിക്കു തട്ടില്ലഹൊ
മാമക മഹിമയും മോചനമതുമെന്നും
നിർണ്ണയം കർത്താവാകും ദൈവത്തിൽ തന്നെയത്രെ
മാമക രക്ഷാശില അഭയം ദൈവത്തിലാം
ശരണം വച്ചീടുവീൻ ദൈവത്തിൽ നിങ്ങളെന്നും
ഹൃദയം തുറക്കുവിൻ അവന്റെ മുമ്പിൽ നിങ്ങൾ
ദൈവമാമവിടുന്നു നമ്മുടെ സങ്കേതം താൻ
അവനല്ലാതെ വേറെ യാതൊരു നരനില്ല
മർത്യനൊ വെറുമൊരു നിശ്വാസം മാത്രം നൂനം
വലിയോൻ, ചെറിയവൻ ഒന്നുപോൽ മിഥ്യയത്രെ
നിർണ്ണയം പൊങ്ങിപ്പോകും തുലാസിൻ തട്ടിലവൻ
അവരൊ മുഴുവനും ഒത്തുചേർന്നാലും ശരി
കേവലം ശ്വാസത്തേക്കാൾ ലഘുവെന്നതും സത്യം
ആശ്രയിക്കല്ലെ നിങ്ങൾ ചൂഷണം തന്നിൽ നൂനം
കവർച്ച തന്നിലാശ വയ്ക്കല്ലെ വ്യർത്ഥമായി
വർദ്ധിക്കും സമ്പത്തതിൽ മനസ്സു വച്ചീടൊല്ല
ചിന്മയൻ ഒരുവട്ടം അരുളിച്ചെയ്തു സത്യം
ഞാനതു രണ്ടുവട്ടം ശ്രവിച്ചെന്നതും സത്യം
ശക്തിയതെല്ലാമെന്നും ചില്പുരുഷന്റേതല്ലൊ

കർത്താവെ കാരുണ്യവും അങ്ങുതൻ സ്വന്തമല്ലൊ
മാനവനെല്ലായ്പ്പോഴും അവന്റെ പ്രവൃത്തിക്കു
തക്കപോൽ പ്രതിഫലം നൽകുന്നു അവിടുന്ന്.

## 63

ദൈവമെ അവിടുന്നു മാത്രമാണെന്റെ ദൈവം
ഞാനെന്നുമെല്ലായ്പ്പോഴും അങ്ങയെ തേടീടുന്നു
മാമക ആത്മാവെന്നും അങ്ങയ്ക്കായ് ദാഹിക്കുന്നു
ഉണങ്ങി വരണ്ടുള്ള ധരിത്രിയെന്നപോലെ
അങ്ങയെ കാണാതെന്റെ വിഗ്രഹം തളരുന്നു
അങ്ങുതൻ മഹത്വവും ശക്തിയും ദർശിക്കുവാൻ
വിശുദ്ധ മന്ദിരത്തിൽ ഞാനിതാ വന്നണഞ്ഞു
അങ്ങുതൻ അനുകമ്പ ജീവനെക്കാളും കാര്യം
മാമക അധരങ്ങൾ അങ്ങയെ സ്തുതിച്ചിടും
ജീവിതകാലമെല്ലാം അങ്ങയെ പുകഴ്ത്തും ഞാൻ
കരങ്ങളുയർത്തി ഞാൻ വിളിച്ചങ്ങപേക്ഷിക്കും
ശയനീയത്തിലഹം അങ്ങയെ സ്മരിക്കയും
രാത്രിതൻ യാമങ്ങളിൽ അങ്ങയെ ധ്യാനിക്കയും
ചെയ്യുമ്പോൾ മജ്ജയതും മേദസും കൊണ്ടെന്നപോൽ
സംതൃപ്തിയടയുന്നു, സന്തോഷം തോന്നീടുന്നു
മാമക അധരങ്ങൾ ചിന്മയാ അങ്ങേയ്ക്കെന്നും
ആനന്ദഗാനങ്ങൾ ഞാൻ ആലപിച്ചീടും നൂനം
അങ്ങെനിക്കെന്നാളുമെൻ രക്ഷയും സഹായവും
അങ്ങുതൻ ചിറകിന്റെ കീഴിൽ ഞാനാനന്ദിക്കും
ഒട്ടിച്ചേർന്നിരിക്കുന്നു മാമകാത്മാവങ്ങയിൽ
അങ്ങുതൻ വലംകരം താങ്ങിനിർത്തിടുന്നെന്നെ
മാമകജീവൻ നശിപ്പിക്കുവാൻ നോക്കുന്നവർ
ഭൂമിതന്നഗാധത്തിൻ ഗർത്തത്തിൽ പതിച്ചിടും
ഇരയായീടുമവർ കരവാളിനാൽത്തന്നെ
ജംബുകവൃന്ദത്തിനു ഭക്ഷണമായിത്തീരും
പാർത്ഥിവൻ ദൈവത്തിങ്കൽ സന്തോഷിച്ചീടും നൂനം
അങ്ങുതൻ നാമം തന്നിൽ സത്യം ചെയ്തീടുന്നവർ
നിർണ്ണയം അഭിമാനം കൊണ്ടിടും ഇതു സത്യം
സന്തതം അസത്യങ്ങൾ പുലമ്പും നുണയർ തൻ
വദനം ഇനിമേലിൽ അടഞ്ഞുപോകും നൂനം.

# 64

മാമക അഭ്യർത്ഥന കേൾക്കണെ ദൈവമെ നീ
വൈരിഭയത്തിൽ നിന്നും ജീവനെ രക്ഷിക്കണെ
ദുഷ്ടമാനസന്മാർതൻ ഗൂഢചിന്തയിൽ നിന്നും
ദുഷ്കർമ്മ നരന്മാർതൻ തന്ത്രങ്ങളതിൽ നിന്നും
മാമക കർത്താവായ ദൈവമെ കൃപചെയ്ക
പാപിയാമെന്നെ മറച്ചീടണെ ദയാസിന്ധോ
ദുഷ്ടമാനസരവർ തങ്ങൾ തൻ രസനകൾ
മൂർച്ചയുള്ളതാക്കുന്നു, കരവാളുപോൽ തന്നെ
അസ്ത്രം പോൽ പരുഷമാം വാക്കുകൾ തൊടുക്കുന്നു
കുറ്റം ചെയ്തീടാത്തോരെ ഗൂഢമായെയ്തീടുന്നു
സത്വരമവരേറ്റം കൂസലൊന്നില്ലാതഹൊ
എയ്യുന്നൂ ദയവിന്റെ ലേശവുമില്ലാതയ്യൊ
അവർ താൻ അവരുടെ ദുഷിച്ച ലക്ഷ്യം തന്നിൽ
ഉറച്ചു നിന്നീടുന്നു നിർഭയരായിത്തന്നെ
എവിടെ കെണിവയ്ക്കും എന്നവർ ആലോചിപ്പൂ
ആർ നമ്മെ കണ്ടീടുവാൻ എന്നവർ ചിന്തിക്കുന്നു
നമ്മൾ തൻ പ്രവൃത്തികൾ കണ്ടുപിടിപ്പാനാര്
കൗശലപൂർവ്വം നമ്മൾ കെണിയങ്ങൊരുക്കുന്നു
നരന്റെ അന്തരംഗം, ഹൃദന്തം അഗാധമാം
എങ്കിലും കർത്തൻ നൂനം സായകമയച്ചിടും
അപ്രതീക്ഷിതമായി അവർക്കു മുറിവേൽക്കും
അവർതൻ നാവിനാലെ നീതിതൻ പതിയങ്ങ്
അവർക്കു ശാശ്വതമാം വിനാശം വരുത്തിടും
കണ്ടിടും ജനമെല്ലാം ദുഷ്ടമാനസന്മാരെ
നിർണ്ണയം ഹസിച്ചഹൊ ശിരസു കുലുക്കിടും.
സകല മനുഷ്യരും ഭയപ്പെട്ടീടും നൂനം
അവർതാൻ ദൈവത്തിന്റെ കർമ്മത്തെ പ്രഘോഷിക്കും
അങ്ങുതൻ ചെയ്തികളെ കുറിച്ചു ധ്യാനിച്ചിടും
നീതിമാൻ കർത്താവിങ്കൽ സന്തോഷിച്ചീടട്ടെന്നും
അവൻ താൻ കർത്താവിങ്കൽ അഭയം തേടീടട്ടെ
നിർമ്മല ഹൃദയന്മാർ സത്യസന്ധരായവർ
ദൈവമാം കർത്താവിങ്കൽ അഭയം തേടീടട്ടെ.

## 65

സീയോനിൽ വസിക്കുന്ന സ്തുതിക്കു യോഗ്യനങ്ങ്
കർത്തനുള്ളതാം നേർച്ച നിറവേറ്റീടും ഞങ്ങൾ
പ്രാർത്ഥന ശ്രവിക്കുന്ന ദയതൻ സമുദ്രമെ
പാപഭാരവുമായി മാനവകദംബകം
അങ്ങുതൻ സന്നിധിയിൽ പാപമോചനത്തിനായ്
തകർന്ന ഹൃത്തുമായി ആഗതരായീടുന്നു
ദുഷ്പ്രവൃത്തികൾക്കഹൊ അടിമപ്പെട്ടീടുമ്പോൾ
കരുണാമയനങ്ങു ഞങ്ങളെ മോചിപ്പിപ്പൂ
അങ്ങുതന്നങ്കണത്തിൽ സന്തതം വസിക്കുവാൻ
അങ്ങുതാൻ തെരഞ്ഞെടുത്തീടുന്നോൻ ഭാഗ്യവാനാം.
അങ്ങു തൻ ഗൃഹത്തിലെ വിശുദ്ധ ഗേഹത്തിലെ
നന്മകൾ കൊണ്ടു ഞങ്ങൾ തൃപ്തരായീടുമഹൊ
ഞങ്ങൾ തൻ രക്ഷയായ ദൈവമാം കർത്താവെ നീ
ഭീകരപ്രവൃത്തിയാൽ മോചനമരുളുന്നു
ഭൂമി മുഴുവന്റെയും പാരാവാരത്തിന്റെയും
ആശയാഭിലാഷങ്ങൾ അങ്ങയിൽ മാത്രമല്ലൊ.
ശക്തികൊണ്ടവിടുന്നു അരയും മുറുക്കിയാൻ
പർവ്വതങ്ങളെ ചെമ്മെ ഉറപ്പിച്ചീടുന്നു നീ
കടലിൻ മുഴക്കവും കല്ലോലഘോഷങ്ങളും
മാനവകലഹവും ശമിപ്പിച്ചീടുന്നങ്ങ്.
ഭൂമിതൻ വിദൂരമാം അതിരിൽ വസിപ്പോരും
അങ്ങുതൻ പ്രവൃത്തി കണ്ടത്ഭുതപ്പെട്ടീടുന്നു
സൂര്യോദയത്തിന്റെയും അസ്തമയത്തിന്റെയും
ദിക്കുകൾ ആനന്ദത്താൽ ആർത്തുവിളിച്ചീടുവാൻ
അങ്ങിടയാക്കീടുന്നു ഭൂമിയെ നനയ്ക്കുന്നു
ഭൂമിയെ ഫലപുഷ്ടി ഉള്ളതാക്കീടുന്നു നീ.
ദൈവത്തിൻ തരംഗിണി നിറഞ്ഞങ്ങൊഴുകുന്നു
ഭൂമിയെ നിരപ്പാക്കി ധാന്യവും നൽകീടുന്നു.
ഉഴവുചാലുകളെ നനപ്പൂ സമൃദ്ധമായ്
കട്ടയുടച്ചു മഴ വർഷിച്ചു കുതിർക്കുന്നു
കിളുന്നു മുളകളെ അനുഗ്രഹിച്ചീടുന്നു
സംവത്സരത്തെ അങ്ങു മകുടം ചാർത്തീടുന്നു
അങ്ങുതൻ രഥത്തിന്റെ ചാലുകൾ നിരന്തരം
സുന്ദരതരമായി പുഷ്ടിപൊഴിച്ചീടുന്നു
മരുപ്രദേശത്തിലെ പുൽപ്പുറമഖിലവും

സമൃദ്ധി ധാരാളമായ് ദിനവും ചൊരിയുന്നു
കുന്നുകൾ സന്തോഷത്തിൻ ഹാരങ്ങളണിയുന്നു
മേച്ചിൽപ്പുറങ്ങളാട്ടിൻ കൂട്ടത്താൽ നിറയുന്നു
താഴ്വര ധാന്യങ്ങളാൽ മൂടിയിരിക്കുന്നിതാ
ആർത്തുപാടീടുന്നവ തുഷ്ടിയാൽ, ആനന്ദത്താൽ.

## 66

ധരണീവാസികളെ വർദ്ധിച്ച സന്തോഷത്താൽ
നമ്മൾ തൻ ദൈവത്തിനു ആർപ്പുവിളിച്ചീടുവിൻ
അവന്റെ നാമത്തിന്റെ മഹത്വം പ്രകീർത്തിപ്പിൻ
സ്തുതിഗീതങ്ങളാലെ മഹത്വപ്പെടുത്തുവിൻ
അവന്റെ പ്രവൃത്തികൾ അത്ഭുതജനകമാം
അങ്ങുതൻ ശക്തിയാലെ വൈരികൾ കീഴടങ്ങും
മാനവരഖിലവും അങ്ങയെ ആരാധിപ്പൂ
മാനുഷ കദംബകം പാടിപ്പുകഴ്ത്തീടുന്നു
അങ്ങുതൻ നാമത്തിനു സ്തോത്രമാലപിക്കുന്നു
ദൈവത്തിൻ പ്രവൃത്തികൾ വന്നുകാണുവീൻ നിങ്ങൾ
മാനവർക്കിടയിലായ് അവന്റെ പ്രവൃത്തികൾ
നിർണ്ണയമവിതർക്കം അത്ഭുതജനകമാം
വാരിരാശിയെ അങ്ങു വരണ്ടനിലമാക്കി
അവന്റെ ജനസംഘം നടന്നൂ അതിലൂടെ
അവിടെ നമ്മൾ നൂനം ദൈവത്തിൽ സന്തോഷിച്ചു
അങ്ങുതൻ ശക്തിയാലെ അങ്ങു വാണിടും ചിരം.
അങ്ങഹൊ ജനങ്ങളെ സൂക്ഷ്മമായ് നിരീക്ഷിപ്പൂ
കലഹപ്രിയരവർ അഹങ്കരിച്ചീടൊല്ല
മാനവ കദംബമെ കർത്തനെ വാഴ്ത്തീടുവീൻ
അവനെ സ്തുതിക്കുന്ന നിസ്വനമുയരട്ടെ
നമ്മുടെ ചേതനയെ കാത്തുപാലിക്കുന്നവൻ
തനയർ ഭയപ്പെടാൻ അവൻ സമ്മതിക്കില്ല
പരീക്ഷിച്ചറിഞ്ഞു നീ ഞങ്ങളെ നിരന്തരം
കളധൂതമെന്നപോൽ അങ്ങു ശോധന ചെയ്തു
ഞങ്ങളെ അവിടുന്നു വലയിൽ കുരുക്കിയാൻ
ഞങ്ങൾ തൻ ശിരസിന്മേൽ പെരിയ ഭാരം വച്ചു
വൈരികൾ പീഡിപ്പിക്കാൻ അങ്ങഹൊ ഇടയാക്കി
തീയിലും വെള്ളത്തിലും കടക്കാനിട വന്നു.
എങ്കിലും അവിടുന്നു ഞങ്ങളെ വിശാലമാം
ധരണീതലം തന്നിൽ സദയം കൊണ്ടുവന്നു
ദഹനബലിയുമായ് അങ്ങുതൻ ഗേഹം തന്നിൽ

വന്നിടും എനിക്കുള്ള നേർച്ചകളഖിലവും
സത്യമായ് ചൊല്ലുന്നഹം പൂർണ്ണമായ് നിറവേറ്റും
കഷ്ടത്തിൻ ദശാന്തരെ എന്റെ നാവിനാലത്രെ
നേർന്ന നേർച്ചകളത്രെ അവകളഖിലവും
കൊഴുത്ത മൃഗങ്ങളെ ദഹനബലിയായി
കാഴ്ചയായർപ്പിച്ചിടും നിർണ്ണയമങ്ങേയ്ക്കു ഞാൻ
ദൈവഭക്തരെ വന്നു കേൾക്കുവീൻ നിങ്ങൾ വേഗം
അവിടുന്നെനിക്കായി ചെയ്തതു വിവരിക്കാം
ഉച്ചത്തിൽ അവനോടു ഞാൻ വിളിച്ചപേക്ഷിച്ചു
മാമക നാവുകൊണ്ടു പുകഴ്ത്തി അവിടുത്തെ
മാമക ഹൃദയത്തിൽ ദുഷ്ടത ഇരുന്നെങ്കിൽ
നിർണ്ണയം കർത്താവതു കേൾക്കുമായിരുന്നില്ല.
എങ്കിലെൻ ദൈവമെന്റെ പ്രാർത്ഥന കേട്ടു നൂനം
മമ പ്രാർത്ഥനാസ്വരം കർത്തൻ താൻ ശ്രദ്ധിച്ചഹൊ
ഇസ്രായേൽ ദൈവമെന്നും വാഴ്ത്തപ്പെട്ടീടട്ടഹൊ
തള്ളിക്കളഞ്ഞില്ലെന്റെ പ്രാർത്ഥന അവിടുന്ന്
എടുത്തു കളഞ്ഞില്ല കാരുണ്യം എന്നിൽ നിന്നും.

## 67

ദേവാധി ദേവൻ നമ്മിൽ കൃപയെ വർഷിക്കട്ടെ
സദയം അനുഗ്രഹം ചൊരിഞ്ഞീടട്ടെ മേന്മേൽ
അങ്ങുതൻ പന്ഥാവതു ധരണീതലത്തിലും
നിൻ രക്ഷാകരശക്തി സകല നരരിലും
അറിയപ്പെട്ടീടുവാൻ ജഗന്നിവാസം നിന്നെ
സ്തുതിച്ചു പാടീടുവാൻ കരുണ ചെയ്യേണമെ
അങ്ങയെ കീർത്തിക്കട്ടെ, ദൈവമെ ജനതകൾ
മാനവകുലമെല്ലാം അങ്ങയെ സ്തുതിക്കട്ടെ.
മാനവരെല്ലാമിന്നു ആഹ്ലാദിച്ചീടുകയും
ആനന്ദഗാനം ചെമ്മെ ആലപിക്കയും ചെയ്ക.
അങ്ങുതാൻ ജനതയെ വിധിക്കും നീതിപൂർവ്വം
ചെമ്മെയായ് നയിക്കുന്നു ജനപദങ്ങളെ നീ
ദൈവമെ ജനതകൾ അങ്ങയെ കീർത്തിക്കട്ടെ
സകല ജനതയും അങ്ങയെ സ്തുതിക്കട്ടെ
ധരണി അതിനുള്ള വിളവു നൽകി നൂനം
ദൈവമാം കർത്താവവൻ നമ്മളിൽ കൃപചെയ്തു
അനുഗ്രഹിച്ചു നമ്മെ ചിന്മയനവിടുന്ന്
അവനെ ഭയക്കട്ടെ ധരണി മുഴുവനും.

# 68

എഴുന്നേൽക്കട്ടെ ദൈവം, ശത്രുക്കൾ ചിതറട്ടെ
അവനെ ദ്വേഷിപ്പവർ ഓടട്ടെ മുമ്പിൽ നിന്നും
ഗന്ധവാഹനിൽ പുകയെന്നപോൽ തുരത്തണെ
അഗ്നിയിൽ മെഴുകുപോൽ ദുഷ്ടന്മാർ നശിക്കട്ടെ
നീതിമാന്മാർക്കെന്നെന്നും സന്തോഷം നിറയട്ടെ
കർത്തൃസന്നിധിയിങ്കൽ ഉല്ലസിച്ചീടട്ടവർ
ആനന്ദസമുദ്രത്തിൽ ആറാടീടട്ടേയവർ
നിഷ്കളൻ ദൈവത്തിനു സ്തുതിപാടുവിൻ നിങ്ങൾ
അവന്റെ നാമത്തെ നീ നിത്യവും പ്രകീർത്തിക്ക
ജലദങ്ങളിൽകൂടി സഞ്ചരിച്ചീടുന്നോനു
സ്തുതിസ്തോത്രഗീതങ്ങൾ ആലപിക്കുവിൻ നിങ്ങൾ
അവന്റെ നാമം നൂനം കർത്താവെന്നായീടുന്നു
അവന്റെ മുമ്പിൽ നിങ്ങൾ ആവോളം ആനന്ദിക്ക
വിശുദ്ധ നിവാസത്തിൽ ദൈവമാം കർത്താവവൻ
നിർണ്ണയമനാഥർക്കു താതനാണവനെന്നും
വിധവമാർക്കു സത്യസംരക്ഷകനുമത്രെ.
അഗതികൾക്കു ദൈവം വസിക്കാൻ ഇടം നൽകും
തടവുകാരെയവൻ സത്വരം മോചിപ്പിച്ച്
സമൃദ്ധി തന്നിലേക്കു നയിച്ചീടുന്നു വീണ്ടും
കലഹപ്രിയർ നൂനം വരണ്ട ധരണിയിൽ
പാർപ്പിടം പണിഞ്ഞിട്ടു വസിപ്പൂ ചിരകാലം
ദൈവമെ അവിടുന്നു ജനത്തിൻ മുമ്പിൽ കൂടി
നിർന്നിമേക്ഷനായി നടന്നു നീങ്ങിയപ്പോൾ
മരുഭൂമിയിലൂടെ അങ്ങു മുന്നേറിയപ്പോൾ
ദൈവസാന്നിദ്ധ്യത്താലെ കമ്പനമുണ്ടാകയും
സന്തതം വിഹായസു മഴയും ചൊരിഞ്ഞഹൊ
സീനായിപോലും ഇസ്രായേലിന്റെ ദൈവമായ
അവന്റെ മുമ്പിലയ്യൊ വിറച്ചു കുലുങ്ങിപ്പോയ്
ദൈവമെ അങ്ങു മഴ ധാരാളം പെയ്യിച്ചഹൊ
അങ്ങു തൻ അമ്പേ വാടിത്തളർന്ന അവകാശം
തൽക്ഷണം പൂർവ്വസ്ഥിതി ആക്കിയാൻ ദയവായി
അങ്ങുതന്നജഗണം അതിനുള്ളിലായൊരു
വസിപ്പാനൊരു സ്ഥലം സത്വരം കണ്ടെത്തിയാർ
ദൈവമെ അവിടുത്തെ നന്മയാൽ ദരിദ്രർക്കു
വേണ്ടതാം വകയെല്ലാം സമൃദ്ധമായി നൽകി.

കർത്താവാം ദൈവമവൻ ഈവിധമാജ്ഞാപിപ്പൂ
വലിയ പുരുഷാരം നൂനമാ നല്ല വാർത്ത
സന്തതം വിളംബരം ചെയ്യുന്നു മടിക്കാതെ
സേനതൻ രാജാക്കന്മാർ പിന്തിരിഞ്ഞോടീടുന്നു
ലക്ഷ്യമില്ലാതെങ്ങോട്ടോ പായുന്നൂ മാൻപേടപോൽ
ഭവനം തന്നിലുള്ള മങ്കമാർ കൂട്ടംകൂടി
കവർച്ച മുതലുകൾ പങ്കുവെച്ചീടുന്നഹൊ
ആട്ടിൻതൊഴുത്തിൽ നിങ്ങൾ ഒളിച്ചങ്ങിരിക്കുന്നോ
വെള്ളിയാൽ പൊതിഞ്ഞതും തിളങ്ങി വിളങ്ങുന്ന
പൊൻചിറകുള്ളതുമാം പ്രാക്കളിൽ രൂപമിതാ
സർവ്വശക്തനാം ദേവൻ പാർത്ഥിവന്മാരെയെല്ലാം
നിർദ്ദയം ആക്രമിച്ചു സത്വരം ചിതറിച്ചു.
നിർണ്ണയം സൽമോനതിൽ നീഹാരം പെയ്തിറങ്ങി
ബാഷാനെന്ന പർവ്വതം എത്രയൊ ഉത്തുംഗമാം
കുന്നുകൾ നിരവധി ഉള്ളതാം മഹീഭൃത്തേ
കർത്തനെന്നേക്കുമായി സസുഖം വസിക്കുവാൻ
തിരഞ്ഞെടുത്തതാം മലയെ നീയെന്തിനായ്
ഈവിധം അസൂയയാൽ വീക്ഷിപ്പൂ നിരന്തരം
സഹസ്രക്കണക്കിനു രഥവ്യൂഹങ്ങളോടെ
കർത്താവു സീനായി തൻ മലയിൽ നിന്നും വേഗം
വിശുദ്ധസ്ഥലത്തേക്കു ആഗതനായീ നൂനം
കർത്താവാമവിടുന്ന് ഉന്നതഗിരിതന്നിൽ
തടവുകാരെയെല്ലാം സന്തതം നയിച്ചഹൊ
തൽക്ഷണം ആരോഹണം ചെയ്തഹൊ മടിയാതെ
മാനുഷന്മാരിൽ നിന്നും കലഹക്കാരിൽ നിന്നും
ദൈവമാമവിടുന്നു സ്വീകരിച്ചു ഹാ കപ്പം
ദൈവമാം കർത്താവു നീ അവിടെ വസിച്ചിടും
നിത്യവും നമ്മെ താങ്ങും ചിന്മയരൂപൻ നാഥൻ
വാഴ്ത്തപ്പെട്ടീടട്ടെന്നും, ദൈവം നമ്മുടെ രക്ഷ
നമ്മുടെ ദൈവം നൂനം രക്ഷതൻ ദൈവമല്ലൊ
മൃത്യുവിൽ നിന്നും മുക്തി കർത്തൻ താൻ നൽകീടുന്നു
വൈരിതൻ ശിരസുകൾ തകർക്കും ദൈവം നൂനം
ദുർമാർഗ്ഗ ചാരികൾ തൻ നെറുക തകർത്തിടും
അവൻ താൻ അരുളിയാൻ ബാഷാനിൽ നിന്നും അഹം
അവരെ തിരിച്ചഹൊ കൊണ്ടുവന്നീടും നൂനം
സിന്ധുവിനഗാധത്തിൽ നിന്നും ഞാൻ അവരെത്താൻ
തിരിച്ചു വിളിച്ചിടും, നിർണ്ണയമവിതർക്കം

നിങ്ങൾതൻ ചരണങ്ങൾ നിണത്തിൽ കഴുകാനും
നിങ്ങൾ തൻ നായ്ക്കളതു പൂർണ്ണമായ് കുടിപ്പാനും
ദൈവമെ അവിടുത്തെ മഹത്വപൂർണ്ണമായ
എഴുന്നെള്ളത്തു കാണ്മാൻ എനിക്കു ഭാഗ്യമുണ്ടായ്
മാമക രാജാവായ ദൈവമാം കർത്താവവൻ
വിശുദ്ധസ്ഥലത്തേക്കു എഴുന്നെള്ളീടുന്നഹൊ
മുമ്പിൽ ഗായകസംഘം പിന്നിലായ് വാദ്യക്കാരും
നടുവിൽ തപ്പുകൊട്ടും കന്യകാരത്നങ്ങളും
പെരിയ സഭ തന്നിൽ ദൈവത്തെ വാഴ്ത്തീടുവിൻ
ഇസ്രായേൽ വംശജരെ കർത്തനെ വാഴ്ത്തീടുവിൻ
ഏറ്റവും നിസ്സാരനാം ബഞ്ചമിൻ മുമ്പിലുണ്ട്
യൂദപ്രഭുക്കന്മാർ തൻ സംഘവും പിന്നിലുണ്ട്
സെബലൂൺ പ്രഭുക്കന്മാർ, നഫ്താലി പ്രഭുക്കന്മാർ
അതിനു പിന്നിലായി നടന്നീടുന്നു മന്ദം.
പ്രകടിപ്പിക്കേണമെ അങ്ങുതൻ മഹാശക്തി
ജറുസലേമിലുള്ള അങ്ങുതൻ വേശ്മം തന്നിൽ
പാർത്ഥിവർ അങ്ങേയ്ക്കുള്ള കാഴ്ചകളെത്തിക്കുന്നു
ഞാങ്ങണയ്ക്കിടയിലായ് വസിക്കും ജന്തുക്കളെ
പശുക്കുട്ടികളുള്ള കാള തൻ സംഘങ്ങളെ
കർത്തൻ നീ ശാസിക്കുക കപ്പം കൊതിച്ചീടുന്ന
ജനവർഗ്ഗങ്ങളെ നീ ചവിട്ടിമെതിക്കുക
സംഗരം കാമിക്കുന്ന നരരെ ചിതറിക്ക
കൊണ്ടുവന്നീടട്ടഹൊ ഈജിപ്തിൽ നിന്നും ഓട്
കർത്തനിലേക്കെത്യോപ്യ കരങ്ങൾ നീട്ടിടട്ടെ
ഭൂവിലെ രാജ്യങ്ങളെ ദൈവത്തെ സ്തുതിക്കുവിൻ
കർത്തനു സ്തുതിഗീതം നിത്യവും പാടീടുവിൻ
ആകാശമേഘങ്ങളിൽ ആദിരഹിതമായ
സ്വർഗ്ഗത്തിൽ നിരന്തരം സഞ്ചരിച്ചീടുന്നോനെ
അങ്ങുതൻ ശക്തമായ നിസ്വനം മുഴക്കുന്നു
ഏറ്റുപറഞ്ഞീടുവിൻ ദൈവത്തിൻ മഹാശക്തി
ഇസ്രായേൽ മേലുണ്ടല്ലോ അവന്റെ മഹിമ താൻ
അവന്റെ മഹാശക്തി ഗഗനത്തിലുണ്ടല്ലോ
ഇസ്രായേലിന്റെ ദൈവം ആകുമാ കർത്താവിന്റെ
വിശുദ്ധ മന്ദിരത്തിൽ ഭീതിദായകനത്രെ.
ദൈവമെ അവിടുന്ന് അങ്ങുതൻ ജനത്തിനു
ശക്തി അധികാരങ്ങൾ സദയം ദാനം ചെയ്വൂ.

## 69

ദൈവമെ സദയം നീ രക്ഷിച്ചീടണമെന്നെ
ജലമെൻ കഴുത്തോളം എത്തിയെൻ ജഗദീശാ
കാലുറച്ചീടാത്തതാം ചേറ്റിൽ ഞാൻ താണീടുന്നു
ആഴമുള്ളാറ്റിലഹം എത്തിച്ചേർന്നിരിക്കുന്നു
കമലം തലയ്ക്കുമേൽ കവിഞ്ഞങ്ങൊഴുകുന്നു
കരഞ്ഞു കരഞ്ഞു ഞാൻ തളർന്നു വീഴുന്നയ്യൊ
തൊണ്ട വരണ്ടുപോയി, കണ്ണുകൾ മങ്ങിപ്പോയി.
കാരണം കൂടാതെന്നെ എതിർക്കും അമിത്രന്മാർ
കേശത്തിന്നിഴയേക്കാൾ വളരെ അധികമാം
മാമക നാശത്തിന്നായ് ഒരുങ്ങി വരുന്നവർ
നുണകൊണ്ടെന്നെ നിത്യം ആക്രമിച്ചീടുന്നവർ
പ്രബലന്മാരാണവർ, ശക്തരും ക്രൂരന്മാരും
ഒരിക്കൽപ്പോലുമഹം മോഷ്ടിച്ചീടാത്ത മുതൽ
തിരിച്ചു നൽകീടുവാൻ ആകുമൊ ചൊന്നീടുക
മാമക ഭോഷത്തങ്ങൾ അവിടുന്നറിയുന്നു
തെറ്റുകൾ അങ്ങിൽ നിന്നും മറഞ്ഞിരിക്കുന്നില്ല.
സേനതൻ ദൈവമായ കർത്താവെ അവിടുത്തെ
പ്രത്യാശ വയ്ക്കുന്നവർ ലജ്ജിതരായീടല്ലെ.
ഇസ്രായേൽ ജനതതൻ ദൈവമെ എൻ കർത്താവെ
അങ്ങയെ തേടുന്നവർ ഞാനെന്ന നരൻ മൂലം
അപമാനിതരാകാൻ ഇട നീ വരുത്തല്ലെ
അങ്ങെ പ്രതിയഹം നിന്ദകൾ സഹിച്ചല്ലൊ
മാമക വദനം താൻ ലജ്ജയാൽ മറഞ്ഞതും
മമസോദരന്മാർക്കും അജ്ഞാതനായിപ്പോയി.
മാമക മാതാവിന്റെ തനയന്മാർക്കുമെല്ലാം
തികച്ചും അന്യനായി തീർന്നു ഞാൻ ജഗദീശാ
അങ്ങുതന്നാലയത്തെ കുറിച്ചങ്ങെനിക്കുള്ള
തീക്ഷ്ണത എന്നെ മുറ്റും വിഴുങ്ങിക്കളഞ്ഞഹൊ
അങ്ങയെ നിന്ദിച്ചീടും വൈരിതൻ കദംബത്തിൽ
നിന്ദനം മുഴുവനും പതിച്ചെൻ ശിരസ്സിന്മേൽ
ഉപവാസത്തിനാൽ ഞാൻ വിനീതനാക്കിയെന്നെ
ആയതും എനിക്കഹൊ നിന്ദനത്തിനു മൂലം
ചാക്കുടുത്തതിനാൽ ഞാൻ അവർക്കു പഴമൊഴി
നഗരവാസികൾക്കു സംസാരവിഷയമായ്
മദ്യപാനികളെന്നെക്കുറിച്ചു നിരവധി

പാട്ടുകൾ ചമയ്ക്കുന്നു, പരസ്യമാക്കീടുന്നു
കർത്താവെ അങ്ങയോടു ഞാനിതാ പ്രാർത്ഥിക്കുന്നു
കരുണാസമ്പന്നൻ നീ ഉത്തരമരുളണെ
രക്ഷ തൻ വാഗ്ദാനത്തിൽ വിശ്വസ്ഥനാകുന്നങ്ങ്
ചേറിൽ മുങ്ങിപ്പോകാതെ എന്നെ നീ രക്ഷിക്കണെ
ശത്രുസംഘത്തിൽ നിന്നും വിശാല സമുദ്രത്തിൻ
ആഴത്തിൽ നിന്നുമെന്നെ സദയം മോചിപ്പിക്ക
മേഘപുഷ്പമെന്റെമേൽ കവിയാതിരിക്കട്ടെ.
ആഴങ്ങൾ എന്നെ ഒട്ടും വിഴുങ്ങാതിരിക്കട്ടെ.
പാതാളം എന്നെ മൂടികളയാതിരിക്കട്ടെ.
കർത്താവെ എനിക്കു നീ ഉത്തരമരുളണെ
ശ്രേഷ്ഠമാണല്ലൊ നിന്റെ സുസ്ഥിരസ്നേഹം നൂനം
കരുണാസമ്പന്നൻ നീ കടാക്ഷിക്കേണമെന്നെ
ദാസനാമെന്നിൽ നിന്നും മുഖം നീ മറയ്ക്കൊല്ല
കഷ്ടത തന്നിലകപ്പെട്ടൊരാമെനിക്കു നീ
ഉത്തരമരുളണെ സത്വരം ദയാനിധേ
ചാരത്തു വന്നിട്ടെന്നെ രക്ഷിക്ക ദയാപൂർവ്വം
വൈരിയിൽ നിന്നുമെന്നെ സ്വതന്ത്രനാക്കേണമെ
ഞാനേറ്റ നിന്ദനവും ലജ്ജയും അപമാനം
സർവ്വവും സർവ്വജ്ഞനാം അവിടുന്നറിയുന്നു
മാമക വൈരികളെ അങ്ങേയ്ക്കു പരിചിതം
എന്നുടെ ഹൃദയത്തെ നിന്ദനം തകർത്തയ്യൊ
ഞാനിതാ നൈരാശ്യത്തിൽ വീണുപോയ് ജഗദീശാ
സത്യമായ് സഹതപിക്കുന്നവരുണ്ടോയെന്ന്
അന്വേഷിച്ചഹം പക്ഷെ ആരേയും കണ്ടതില്ല
ആശ്വസിപ്പിക്കുന്നവർ ആരാനുമുണ്ടോയെന്ന്
വളരെ നോക്കി പക്ഷെ ആരെയും കണ്ടതില്ല
ഭക്ഷണമായി അവർ എനിക്കു വിഷം തന്നു
ദാഹത്തിനെനിക്കഹൊ ചൊറുക്കാ തന്നെ തന്നു
അവർ തൻ സ്വന്തമായ ഭക്ഷണമേശ നൂനം
അവർക്കു കെണിയായി തീരുവാൻ ഇടയാക
അവർ തൻ യാഗോത്സവ ഘോഷങ്ങളഖിലവും
അവർക്കു കുരുക്കായി തീരുവാൻ ഇടയാക.
അവർ തൻ നയനങ്ങൾ തമസുപൂണ്ടിട്ടഹൊ
അന്ധരായ് പോയീടുവാൻ ഇടയാകട്ടെ ഇപ്പോൾ
അവർ തൻ അരക്കെട്ട് ഹിമത്തിലെന്നപോലെ
നിർണ്ണയം നിരന്തരം വിറകൊള്ളീടട്ടഹൊ

അങ്ങുതൻ രോഷമെല്ലാം അവർതൻ ശിരസ്സിന്മേൽ
മാരിപോൽ വർഷിക്കണെ ജഗന്നിവാസാ ദേവാ.
അങ്ങുതൻ കോപത്തിന്റെ തീജ്ജ്വാല മുഴുവനും
അവരെ ഗ്രസിക്കുവാൻ ഇടയാകണെ നാഥാ
അവർതൻ താവളങ്ങൾ ശൂന്യമായ് പോയീടട്ടെ
കൂടാരങ്ങളിലാരും വസിക്കാതിരിക്കട്ടെ
കർത്തൻ താൻ പ്രഹരിച്ച നരനെ ദയാഹീനം
പീഡിപ്പിച്ചീടുന്നവർ ക്രൂരമായ് നിഷ്ഠൂരമായ്
കർത്തൻ മുറിവേൽപിച്ച നരനെ കിരാതന്മാർ
ദ്രോഹിപ്പൂ വീണ്ടും വീണ്ടും ഹാ എത്ര ഭയങ്കരം
അവർക്കു ശിക്ഷയ്ക്കുമേൽ ശിക്ഷ നീ നൽകേണമെ
ശിക്ഷയിൽ നിന്നും മുക്തി ലഭിക്കാതിരിക്കട്ടെ
ജീവിക്കുന്നവരുടെ പുസ്തകം തന്നിൽ നിന്നും
അവരെ മായിക്കുവാൻ ദയതോന്നീടേണമെ
നീതിജ്ഞകദംബത്തിൽ നിർണ്ണയമവരുടെ
പേരുകളെഴുതുവാൻ ഇടയാകല്ലെ നാഥാ
ഞാനിതാ പീഡിതനും വേദന ഭക്ഷിപ്പോനും
അങ്ങുതൻ രക്ഷ എന്നെ പുനരുദ്ധരിക്കട്ടെ
ദൈവത്തിൻ നാമത്തെ ഞാൻ പാടിസ്തുതിക്കുമെന്നും
നിറഞ്ഞ നന്ദിയോടെ മഹത്വപ്പെടുത്തിടും.
കാളയെക്കാളും പിന്നെ കുളമ്പും കൊമ്പുമുള്ള
കാളക്കൂറ്റനെക്കാളും കർത്തനു പ്രസാദമാം
പീഡിതരതു കണ്ടു ആനന്ദം നിറയട്ടെ
ദൈവത്തെ തേടുന്നോരെ ഹൃദയാനന്ദം കൊൾക
കർത്താവു ദരിദ്രന്റെ പ്രാർത്ഥന കേട്ടീടുന്നു
ബന്ധനസ്ഥരെയങ്ങു നിന്ദിച്ചിടുകയില്ല
നഭസും ധരണിയും സമുദ്രങ്ങളും പിന്നെ
അവയിൽ സഞ്ചരിക്കും സമസ്തജീവികളും
അങ്ങയെ സ്തുതിക്കട്ടെ സീയോനെ രക്ഷിക്കട്ടെ
യൂദർ തൻ നഗരങ്ങൾ പുതുക്കിപ്പണിഞ്ഞിടും
അങ്ങുതൻ ദാസരതിൽ പാർത്തു കൈവശമാക്കും
അങ്ങുതൻ ദാസന്മാർതൻ സന്താനപരമ്പര
നിർണ്ണയം അതുവേഗം കൈവശമാക്കീടുമെ
തിരുനാമത്തെ സ്നേഹിച്ചീടുന്നോർ വസിച്ചിടും.

## 70

ദൈവമെ മോചിപ്പിക്കാൻ ദയതോന്നീടേണമെ
എന്റെ സഹായത്തിനായ് വേഗം വന്നീടേണമെ
മാമക ജീവൻ അപഹരിക്കാൻ ശ്രമിപ്പവർ
ലജ്ജിച്ചു പരിഭ്രാന്തരാകട്ടെ നിരന്തരം
എനിക്കായ് ദ്രോഹസൂത്രം ചിന്തിക്കും നരഗണം
അപമാനിതരായ് പിന്തിരിയട്ടെ വേഗം
ഹാ ഹാ എന്നുച്ചരിച്ചു പരിഹസിക്കുന്നവർ
ലജ്ജയാൽ, നൈരാശ്യത്താൽ സ്തബ്ധരായ് തീർന്നീടട്ടെ
അങ്ങയെ തേടുന്നവർ ചിന്മയനാമങ്ങയിൽ
സന്തോഷിച്ചുല്ലസിപ്പാൻ ഇടയായീടട്ടെന്നും
അങ്ങുതൻ രക്ഷയെത്താൻ സ്നേഹിക്കും നരഗണം
ദൈവത്തിൻ മഹത്വത്തെ നിത്യവും ഘോഷിക്കട്ടെ
ഞാനൊരു ദരിദ്രനും പാവപ്പെട്ടവനുമാം
ദൈവമെ എന്റെ ചാരെ സത്വരം വരേണമെ
അങ്ങെന്റെ സഹായകൻ, നിർണ്ണയം മോചകനും
കർത്താവെ വൈകരുതെ, വേഗം നീ വരേണമെ.

## 71

ആശ്രയിച്ചീടുന്നു ഞാൻ അങ്ങയിൽ നിരന്തരം
ലജ്ജിപ്പാനെന്നെ ഇടയാക്കല്ലെ ജഗന്നാഥാ
അങ്ങുതൻ നീതിപോലെ മോചിപ്പിച്ചീടുകയും
രക്ഷിച്ചീടുകയും നീ ചെയ്യണെ ജഗൽപ്പനീ
മമയാചന കേട്ടു രക്ഷിച്ചീടണമെന്നെ
അങ്ങെന്റെ അഭയവും രക്ഷാദുർഗ്ഗവുമാക
അങ്ങുതന്ന ഭയവും രക്ഷാദുർഗ്ഗവുമത്രെ.
മമ ദൈവമെ എന്നെ ദുഷ്ടന്റെ കൈയിൽ നിന്നും
നീതിരഹിതനായ ക്രൂരന്റെ കൈയിൽ നിന്നും
പാവമാമെന്നെ നാഥാ ദയവായ് രക്ഷിക്കണെ
കർത്താവെ ഉലകത്തിൽ അങ്ങാണെൻ പ്രത്യാശ താൻ
ചെറുപ്പം മുതൽ തന്നെ അങ്ങെനിക്കാശ്രയവും
ജനനം മുതലഹം അങ്ങയെ ആശ്രയിച്ചു
മാതാവിനുദരത്തിൽ നിന്നും നീ എടുത്തെന്നെ
രാവിലും പകലിലും അങ്ങയെ സ്തുതിക്കുന്നു
പലർക്കും ഞാനന്നൊരു ഭീതിതന്നടയാളം
എങ്കിലും അവിടുന്നെൻ ശക്തമാം സങ്കേതം താൻ

മാമക അധരങ്ങൾ അങ്ങയെ സ്തുതിക്കുന്നു
അങ്ങുതൻ മഹത്വം ഞാൻ നിത്യവും പ്രഘോഷിപ്പൂ
തള്ളി നീ കളയൊല്ല വാർദ്ധക്യകാലത്തെന്നെ
ശക്തി ക്ഷയിച്ചീടുമ്പോൾ ഉപേക്ഷിച്ചീടല്ലെന്നെ
മമശത്രുക്കൾ എനിക്കെതിരായ് സംസാരിപ്പൂ
മമജീവനെ വേട്ടയാടുന്നോർ ചിന്തിക്കുന്നു
ദൈവം പരിത്യജിച്ചു അവനെ കളഞ്ഞഹൊ
അവനെ പിന്തുടർന്നു പിടികൂടുവീൻ നിങ്ങൾ
അവനെ രക്ഷിക്കുവാൻ യാതൊരുത്തനുമില്ല.
ദൈവമെ എന്നിൽ നിന്നും ദൂരെയായിരിക്കല്ലെ
എന്റെ സഹായത്തിനായ് വേഗം നീ വരേണമെ
വെറുതെ എന്നെ കുറ്റം പറഞ്ഞു നടപ്പവർ
ലജ്ജിതരായീടട്ടെ, വധിക്കപ്പെട്ടീടട്ടെ.
മാമക ദ്രോഹത്തിന്നായ് ശ്രമിക്കും മനുഷ്യരെ
നിന്ദനം, ലജ്ജയതും മൂടട്ടെ എല്ലാനാളും
അഹമെപ്പോഴും നല്ല പ്രത്യാശയുള്ളവനാം
അങ്ങയെ നിരന്തരം വാഴ്ത്തീടും പുകഴ്ത്തിടും
മാമക അധരങ്ങൾ നിർണ്ണയമവിടുത്തെ
നീതിപൂർവ്വമാം രക്ഷാകരമാം പ്രവൃത്തികൾ
ഉച്ചമാം നാദത്താലെ വാദ്യമേളങ്ങളോടെ
ആനന്ദബാഷ്പത്തോടെ നിത്യവും പ്രഘോഷിക്കും
അവയെന്ററിവിനു അപ്രാപ്യമാണു നൂനം
ദൈവമാം കർത്താവിന്റെ ശക്തമാ പ്രവൃത്തിക്കു
സാക്ഷ്യമായൊരു നാളിൽ നിശ്ചയം വന്നീടും ഞാൻ
ഞാനെന്നുമങ്ങയുടെ നീതിയെ പ്രകീർത്തിക്കും
ചെറുപ്പം മുതലെന്നെ അങ്ങു ശിക്ഷണം നൽകി.
അത്ഭുതപ്രവൃത്തികൾ ഞാനിന്നും ഘോഷിക്കുന്നു
വാർദ്ധക്യം നരയതും ബാധിച്ചോരെന്നെ നാഥാ
നിർദ്ദയം, നിർദ്ദാക്ഷിണ്യം ത്യജിച്ചുകളയൊല്ല
വരുന്ന തലമുറ തലമുറകളോടും
അങ്ങയെ പ്രഘോഷിക്കാൻ ഇടയാക്കീടേണമെ
അങ്ങുതൻ ശക്തി നീതി വാനോളമെത്തീടുന്നു
പെരിയകാര്യം ചെയ്തോരങ്ങേക്കു തുല്യനാര്?
ഭീകരകഷ്ടതകൾ വരുത്തി എനിക്കു നീ
എങ്കിലുമവിടുന്നു പുതിയ ജീവൻ നൽകും
ഭൂമിതന്നാഴത്തിൽ നിന്നെന്നെ നീ കരകേറ്റും
മാമക മഹത്വം നീ നിർണ്ണയം വർദ്ധിപ്പിക്കും

വീണ്ടുമെനിക്കു നാഥൻ ആശ്വാസം പകർന്നിടും
അങ്ങുതൻ വിശ്വസ്തത നിമിത്തം ഞാനങ്ങയെ
വീണവായിച്ചു ചെമ്മെ പുകഴ്ത്തും ഇതു സത്യം
ഇസ്രായേലിന്റെ പരിശുദ്ധനാം കർത്താവിനെ
കിന്നരം മീട്ടിയഹം സ്തുതിച്ചു പാടും നിത്യം
അങ്ങയെ കീർത്തിക്കുമ്പോൾ മാമക അധരങ്ങൾ
അങ്ങുതാൻ രക്ഷിച്ചെന്റെ ആത്മാവും നിരന്തരം
ആനന്ദം വർദ്ധിച്ചഹൊ ആർത്തങ്ങു വിളിച്ചിടും
എന്റെ നാവങ്ങയുടെ നീതിപൂർവ്വകമായ
രക്ഷയെ നിരന്തരം വാഴ്ത്തിടും സ്തുതിച്ചിടും
നിർണ്ണയമെന്നെ നിത്യം ദ്രോഹിക്കും ജനസംഘം
ലജ്ജിതരായീടട്ടെ, നിന്ദിതരായീടട്ടെ.

## 72

ദൈവമെ രാജാവിനു അങ്ങു തൻ നീതിബോധം
രാജകുമാരനു നീ ധർമ്മനിഷ്ഠയും നൽക
പാർത്ഥിവൻ അങ്ങയുടെ ജനത്തെ നീതിയോടും
ദീനരെ ധർമ്മനിഷ്ടയോടെയും ഭരിക്കട്ടെ
നീതിയാൽ പർവ്വതങ്ങൾ കുന്നുകൾ ഇവയെല്ലാം
അങ്ങുതൻ ജനങ്ങൾക്കായ് ഐശ്വര്യം നൽകീടട്ടെ
ആലംബഹീനർക്കായി നീതി പാലിച്ചീടട്ടെ
ദരിദ്രജനതയ്ക്കു മോചനം നൽകീടട്ടെ
മർദ്ദകപ്പരിഷയെ തകർത്തങ്ങെറിയട്ടെ
സൂര്യനും ശശാങ്കനും ഉദിക്കും കാലംവരെ
ജീവിതം നയിക്കട്ടെ തലമുറകളോളം
നിർണ്ണയമവൻ വെട്ടിനിർത്തിയ പുൽമേടതിൽ
വീഴുന്നമഴപോലെ ഭൂമിയെ നനയ്ക്കുന്ന
വർഷമെന്നതുപോലെ ആയിരിക്കട്ടെ മേന്മേൽ
വളർന്നീടട്ടെ നീതി അവന്റെ കാലത്തെല്ലാം
ചന്ദ്രനുള്ളിടത്തോളം ശാന്തിയും പുലരട്ടെ
സമുദ്രം മുതലെന്നും സമുദ്രം വരെയതും
വാഹിനി മുതൽ പാരിൻ സീമകൾ വരെയും താൻ
അവന്റെ ആധിപത്യം നാളെന്നും നിന്നീടട്ടെ
വൈരികൾ അവൻ മുമ്പിൽ ശിരസു നമിക്കട്ടെ
മണ്ണുകപ്പീടട്ടെന്നും അവന്റെ ശത്രുസംഘം
ശ്രേഷ്ഠമാം തർഷീഷിലെ ദ്വീപുകളിലുമുള്ള
പാർത്ഥിവർ വന്നവനു കപ്പവും കൊടുക്കട്ടെ

ഷേബായിലെയും പിന്നെ സേബായിലെയും നൃപർ
കാഴ്ചകൾ അവനായി കൊണ്ടുവന്നീടട്ടഹൊ
പാർത്ഥിവരെല്ലാവരും അവന്റെ മുമ്പിൽ വന്ന്
ഭക്തി ആദരവോടെ സാഷ്ടാംഗം നമിക്കട്ടെ
സകല ജനതയും അവനെ സേവിക്കട്ടെ
സകല ജീവികളും അവനെ വണങ്ങട്ടെ
നിത്യവും നിലവിളിച്ചീടുന്ന നിസ്വനെയും
നിസ്സഹായനാകുന്ന ദരിദ്രനരനെയും
ജഗന്നിവാസനവൻ കരുണാമൂർത്തി നാഥൻ
നിഷ്കളൻ, നിരാമയൻ മോചിപ്പിച്ചീടും നൂനം
ദുർബ്ബലനോടും പിന്നെ പാവപ്പെട്ടവനോടും
കരുണ കാണിക്കുന്ന കരുണാ സമുദ്രം താൻ
അഗതികളാം നരർ തന്നുടെ ജീവൻ നൂനം
സേനതൻ ദൈവമായ യഹോവാ രക്ഷിച്ചീടും
പീഡനങ്ങളിൽ നിന്നും അക്രമങ്ങളിൽ നിന്നും
നരർതൻ ജീവനവൻ വീണ്ടെടുത്തീടും തീർച്ച
അവർ തൻ രക്തമെന്നും ജഗന്നിവാസനഹൊ
വിലയേറിയതത്രെ, നിർണ്ണയം സുനിശ്ചിതം
നീതിജ്ഞനവനഹൊ, ദീർഘായുസ്സുണ്ടാകട്ടെ
ഷേബാതന്നിലെ സ്വർണ്ണം കാഴ്ചയായ് ലഭിക്കട്ടെ
അവനുവേണ്ടിത്തന്നെ നിമിഷം പ്രതിയഹൊ
പ്രാർത്ഥന ഉയരട്ടെ കൃപയുണ്ടായീടട്ടെ
ധാന്യസമൃദ്ധി ഭൂവിൽ നാളെന്നും ഉണ്ടാകട്ടെ
ഗിരിതൻ നിരകളിൽ കതിരങ്ങുലയട്ടെ
വിശ്രുതലബാനോൻ പോൽ ഫലങ്ങളുണ്ടാകട്ടെ
വയലിൽ പുല്ലുപോലെ ജനങ്ങൾ വർദ്ധിക്കട്ടെ
അവന്റെ നാമം നിത്യം നിലനിന്നീടട്ടഹൊ
സൂര്യനുള്ളിടത്തോളം കീർത്തിയും നിലനിൽക്ക.
അവനെപ്പോലെ തന്നെ കൃപയുണ്ടായീടട്ടെ
ഇങ്ങനെ നരഗണം ആശംസ ചൊരിയട്ടെ
ജനങ്ങൾ വിളിക്കട്ടെ "കൃപകൾ നിറഞ്ഞവൻ
ഇസ്രായേൽ ദൈവമായ കർത്താവു നിരന്തരം
വാഴ്ത്തപ്പെട്ടീടട്ടെന്നും സ്തുതിക്കപ്പെടട്ടെന്നും
അങ്ങുമാത്രമാണല്ലോ അത്ഭുതം കാട്ടുന്നത്
മഹത്വപൂർണ്ണമായ അങ്ങുതൻ തിരുനാമം
വാഴ്ത്തപ്പെട്ടീടട്ടെന്നും സ്തുതിക്കപ്പെടട്ടെന്നും
അങ്ങുതൻ മഹത്വം താൻ ഭൂവിതിൽ നിറയട്ടെ.

## 73

ചിന്മയൻ ഇസ്രായേലിനെന്നെന്നും നല്ലവനാം
നിർമ്മലം വിമലമാം ഹൃദയമുള്ളോർക്കെല്ലാം
മാമകചരണങ്ങൾ ഇടറാൻ ഭാവിച്ചല്ലൊ
മാമക പാദങ്ങളും വഴുതാൻ തുടങ്ങി ഹാ
ദുഷ്ടന്റെ അഭിവൃദ്ധി കാണുവാൻ കഴിഞ്ഞിട്ട്
അഹങ്കാരികളോട് അസൂയ തോന്നിയേവം
തീവ്രമാം വേദനയില്ലവർക്കുമല്പം പോലും
തടിച്ചു കൊഴുത്തഹൊ അവർതൻ കളേബരം
കഷ്ടത പ്രയാസങ്ങൾ ഒട്ടുമെ അവർക്കില്ല
മറ്റുള്ള നരരെപ്പോൽ പീഡിതരല്ല അവർ
ഉള്ളഹങ്കാരത്താലെ ഹാരമങ്ങണിയുന്നു
അക്രമമാകുമങ്കി അവർ താൻ ധരിക്കുന്നു
മേദസു മുറ്റിയതാം അഹന്തയോടെ അവർ
വീക്ഷിപ്പൂ ഹൃദയത്തിൽ ഭോഷത്തം കവിയുന്നു
ദിവസം മുഴുവനും അന്യരെ നിന്ദിക്കുന്നു
ദുഷ്ടതയോടെ അവർ സംസാരിച്ചീടുന്നഹൊ
പീഡിപ്പിക്കുമെന്നവർ ഭീഷണിപ്പെടുത്തുന്നു
അവർതന്നധരങ്ങൾ വ്യോമത്തിന്നെതിരായി
നിത്യവും തിരിയുന്നു, അവർ തൻ നാവോ ഭൂവിൽ
ദൂഷണം പരത്തുന്നു, കലഹം സൃഷ്ടിക്കുന്നു
അവരെ നോക്കിക്കൊണ്ടു ജനങ്ങൾ പ്രശംസിപ്പൂ
അവരിൽ കുറ്റമൊട്ടു കണ്ടിടുന്നതുമില്ല
ദൈവത്തിന്നേതുവിധം അറിയാൻ കഴിഞ്ഞിടും
അത്യുന്നതനു നൂനം അറിവുണ്ടോയെന്നവർ
ചോദിച്ചീടുന്നു എന്നും നിത്യവും നിരന്തരം
ഇവരൊ ദുഷ്ടരത്രെ, ആസ്വദിക്കുന്നു ശാന്തി
അവർതൻ സമ്പത്തഹൊ നിത്യവും വർദ്ധിക്കുന്നു
ഞാനെന്റെ ഹൃദയത്തെ ശുദ്ധമായ് സൂക്ഷിച്ചതും
മാമക കരങ്ങൾ ഹാ നിഷ്കളങ്കത തന്നിൽ
കഴുകി സൂക്ഷിച്ചതും വ്യർത്ഥമായ് പോയി കഷ്ടം
പീഡനം സഹിക്കുന്നു ഞാനിതാ നിരന്തരം
സകല ഉഷസിലും ദണ്ഡനമേറ്റീടുന്നു
അഹവും അവരെപ്പോൽ സംസാരിച്ചീടുവാനായ്
ഒരുങ്ങിയിരുന്നെങ്കിൽ അങ്ങുതൻ മകളുടെ
തലമുറകളെ ഞാൻ നിത്യവും വഞ്ചിച്ചേനെ

എങ്കിലൊ ഇതുഗ്രഹിക്കേണ്ടതെങ്ങനെയെന്ന്
ഞാൻ ചിന്തിച്ചെങ്കിലും ഹാ വളരെ ക്ലേശമായി
സന്തതം എനിക്കഹൊ തോന്നിയാനപ്പോൾത്തന്നെ
ദൈവത്തിൻ ഗൃഹം തന്നിൽ ചെന്നപ്പോൾ അവരുടെ
അന്ത്യമെങ്ങനെയെന്നു ഞാനിതാ ഗ്രഹിച്ചല്ലൊ
അവരെ തെന്നുന്നതാം സ്ഥലത്തു നിർത്തിയങ്ങു
നാശത്തിൽ വീണീടുവാൻ അങ്ങഹൊ ഇടയാക്കി
എത്രയൊ വേഗമവർ നശിച്ചു പോയീ കഷ്ടം
ഭീകരപ്രവൃത്തിയാൽ ഉന്മൂലനാശം വന്നു
ഉണർന്നീടുമ്പോൾ മായും സ്വപ്നംപോലെയാണവർ
അങ്ങുണർന്നവരെ ഹാ സത്വരമെറിയുന്നു
മമ ആത്മാവിൽ നൂനം കയ്പുനീർ നിറഞ്ഞപ്പോൾ
ഹൃദയം മുഴുവനും മുറിവേറ്റപ്പോൾ അന്നു
ഞാനഹൊ വെറും മൂഢൻ അജ്ഞനുമായിരുന്നു
അങ്ങുതൻ തിരുമുമ്പിൽ ഞാനൊരു മൃഗം പോലെ
എന്നിട്ടും ഈയുള്ളവൻ അങ്ങുതൻ ചാരെ തന്നെ
അങ്ങെന്റെ വലത്തുകൈ നിർണ്ണയം ഗ്രഹിച്ചഹൊ
ഉപദേശത്താലങ്ങു എന്നെ ഹാ നയിക്കുന്നു
അങ്ങെന്നെ സ്വീകരിക്കും മഹത്വത്തിലേക്കഹൊ
നാകത്തിലങ്ങല്ലാതെ ആരാണിന്നെനിക്കഹൊ
ഭൂവിലും അങ്ങല്ലാതെ ആരെയും വേണ്ടേ വേണ്ട
മാമക ശരീരവും മനസും ക്ഷീണിച്ചേക്കാം
എങ്കിലും ചിന്മയനെ, അങ്ങാണെൻ ബലമെല്ലാം
യഹോവ തന്നെയല്ലൊ നാളെന്നുമെനിക്കുള്ള
ഓഹരി, അവകാശം അഭയം കോട്ടയതും
എന്തെന്നാൽ അങ്ങിൽ നിന്നും അകന്നു നിൽക്കുന്നവർ
അങ്ങുതൻ ശാപത്താലെ നശിച്ചു പോകും നൂനം
ചിന്മയാ, നിന്നോടഹൊ കാപട്യം കാട്ടുന്നോരെ
വർദ്ധിച്ച കോപം പൂണ്ടു അങ്ങു സംഹരിച്ചിടും
കർത്തന്റെ ചാരേ ചേർന്നു നിൽപതാണെന്നാനന്ദം
ദൈവമാം കർത്താവിനെ അഭയം പ്രാപിച്ചു ഞാൻ
ദൈവമാം കർത്താവെ നിൻ പ്രവൃത്തികളെയെല്ലാം
തന്ത്രിതൻ നാദത്തോടെ ഉച്ചത്തിൽ പ്രഘോഷിക്കും.

# 74

നിർദ്ദയം ഞങ്ങളെ നീ തള്ളിക്കളഞ്ഞതെന്തേ
അങ്ങുതൻ മേച്ചിൽപ്പുറം തന്നിലായ് മേഞ്ഞീടുന്ന
മേഷത്തിൻ നേരെ അങ്ങു കോപം ജ്വലിപ്പതെന്തേ?
അങ്ങുതാൻ പണ്ടേതന്നെ തിരഞ്ഞെടുത്തതാം
ജനത്തെ മറക്കല്ലെ, അങ്ങു താൻ വീണ്ടെടുത്തു
അവകാശമാക്കിയ ഗോത്രത്തെ ഓർക്കേണമെ
അങ്ങുതാൻ സസന്തോഷം സാനന്ദം വസിച്ചതാം
സീയോൻകുന്നിനെ നൂനം നിത്യവും സ്മരിക്കണെ
നിത്യശൂന്യത തന്നിൽ അങ്ങു കാൽ വയ്ക്കേണമെ
വിശുദ്ധമന്ദിരത്തിൽ ഉള്ളതാം വകയെല്ലാം
വൈരികൾ സംഘം ചേർന്നു ക്രൂരമായ് നശിപ്പിച്ചു
അങ്ങുതൻ ശത്രുസംഘം വിശുദ്ധമന്ദിരത്തിൻ
നടുവിൽ നിലകൊണ്ടു ഉച്ചത്തിൽ അലറിയാൻ
വിശുദ്ധ ഗേഹം തന്നിൽ വാദ്യഘോഷങ്ങളോടെ
ആനന്ദഘോഷത്തോടെ വിജയക്കൊടി നാട്ടി
മരം വെട്ടീടുന്നവർ മരങ്ങൾ മുറിക്കുംപോൽ
മന്ദിരകവാടത്തിൽ അഴികൾ സുന്ദരമാം
മഴുക്കൾ കൊണ്ടും കൂടംകൊണ്ടും ഹാ നശിപ്പിച്ചു
പാവന ശ്രീകോവിൽ ഹാ തീവച്ചു നശിപ്പിച്ചു
അങ്ങുതൻ തിരുനാമം വഹിക്കും ശ്രീകോവിൽ ഹാ
ഇടിച്ചുനിരത്തിയാർ അശുദ്ധമാക്കി അവർ
അവരെ നമുക്കഹൊ കീഴടക്കീടാം വേഗം
എന്നവർ തങ്ങളോടു പറഞ്ഞു നിരന്തരം
ദേശത്തെ ആരാധനാകേന്ദ്രങ്ങളഖിലവും
അഗ്നിതൻ ഭഗവാനു ഭക്ഷണമായി നൽകി
ഞങ്ങൾക്കു ലഭിക്കുന്നതില്ലൊരു സൂചനയും
യാതൊരു പ്രവാചകശ്രേഷ്ഠനും ഇല്ല ബാക്കി.
എത്രകാലത്തേക്കെന്നു അറിയുന്നവരഹൊ
ഞങ്ങൾ തൻ സമൂഹത്തിൽ ഒരുത്തൻ പോലുമില്ല
ശത്രുക്കൾ എത്ര നാൾകൾ അങ്ങയെ നിന്ദിച്ചീടും
തിരുനാമത്തെ എന്നും വൈരികൾ നിന്ദിക്കുമൊ?
അങ്ങുതൻ കരമെന്നെ പിൻവലിച്ചീടുന്നഹൊ
അങ്ങുതൻ വലത്തുകൈ അടക്കിവച്ചതെന്തെ?
ആദിയിൽ മുതലങ്ങു ഞങ്ങൾ തൻ രാജാവല്ലൊ
ഭൂവിതിലെങ്ങും രക്ഷ അങ്ങു നൽകീടുന്നഹൊ

ശക്തിയാലവിടുന്നു ആഴിയെ വിഭജിച്ചു
ഭീകര സത്വങ്ങൾ തൻ ശിരസ്സു പിളർന്നു നീ
ലവിയാഥാന്റെ തല തകർത്തു കളഞ്ഞു നീ
മരുവിൽ ജന്തുക്കൾക്കു ഭക്ഷ്യമായ് നൽകിയങ്ങ്
ഉറവ, നീർച്ചോലകൾ തുറന്നുവിട്ടു നാഥൻ
ഒഴുകും നദികളെ വരണ്ട നിലമാക്കി
പകലും രജനിയും ചിന്മയാ നിന്റേതല്ലൊ
ജ്യോതിസും സൂര്യനെയും അങ്ങു താൻ പ്രതിഷ്ഠിച്ചു
ധരണീതലത്തിനു അതിരു നിശ്ചയിച്ചു
ഗ്രീഷ്മവും ഹേമന്തവും സൃഷ്ടിച്ചു അവിടുന്ന്
വൈരികൾ നിന്റെ തിരുനാമത്തെ നിന്ദിപ്പതും
അധർമ്മി അധിക്ഷേപിക്കുന്നതും ഓർക്കേണമെ.
അങ്ങുതൻ കപോതത്തിൽ ജീവനെ ഒരിക്കലും
കാട്ടിലെ മൃഗത്തിന്നായ് വിട്ടുകൊടുത്തീടൊല്ല
അങ്ങുതൻ ദരിദ്രരാം തനയന്മാർ തൻ ജീവൻ
എന്നേക്കും മറക്കല്ലെ നിഷ്കളാ ജഗൽപ്പതി.
അങ്ങു തന്നുടമ്പടി വിസ്മരിച്ചീടൊല്ല നീ
ധരയിൽ അന്ധകാരം നിറഞ്ഞ ഇടങ്ങളിൽ
അക്രമം കുടിയിരുന്നീടുന്നു സീമാതീതം
പീഡിതർ ലജ്ജിതരായ് പിരിഞ്ഞു പോയീടല്ലെ
ദരിദ്രർ, അഗതികൾ, അങ്ങയെ സ്തുതിക്കട്ടെ
ദൈവമെ ഉണർന്നു നീ അങ്ങുതൻ ന്യായങ്ങളെ
വാദിച്ചൊന്നുറപ്പിക്കാൻ മനസ്സുണ്ടാകേണമെ.
ദുഷ്ടരെങ്ങനെ നിന്നെ രാവിലും പകലിലും
അധിക്ഷേപിക്കുന്നെന്നു സ്മരിക്കേണമെ താതാ
അങ്ങുതൻ ശത്രുക്കൾ തൻ ആരവം അട്ടഹാസം
ജഗത്തിൻ രക്ഷകനെ മറന്നീടരുതെ നീ.

## 75

ദൈവമെ നന്ദി ഞങ്ങൾ അങ്ങേയ്ക്കു പറയുന്നു
അർപ്പിച്ചീടുന്നു ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത
അങ്ങുതൻ നാമം വിളിച്ചപേക്ഷിച്ചീടുകയും
അങ്ങുതൻ പ്രവൃത്തികൾ കീർത്തിക്കുകയും ചെയ്വൂ.
ഞാനഹൊ നിർണ്ണയിച്ച സമയമായീടുമ്പോൾ
വിധിക്കും നീതിയോടെ ഞാനിതാ ചൊന്നീടുന്നു
ധരണി, സകല നിവാസികളോടും കൂടി
കമ്പനം കൊണ്ടീടുമ്പോൾ ഞാനാണ് ഞാൻ മാത്രമാം

അതിന്റെ തൂണുകളെ ഉറപ്പിച്ചീടുന്നത്
വമ്പു ചൊന്നീടല്ലെന്നു അഹങ്കാരികളോടും
കൊമ്പുയർത്തരുതെന്നു ദുഷ്ടരോടും ചൊല്ലുന്നു
വ്യോമത്തിനെതിരായി കൊമ്പുയർത്തീടൊല്ല നീ
പൂർവ്വഭാഗത്തുനിന്നോ, പശ്ചിമഭാഗത്തൂന്നൊ
മരുവിൽ നിന്നോ അല്ല ഉയർച്ച വരുന്നതു
പതനം ഒരുവനു ഉയർച്ച മറ്റൊരുവൻ
ഈ വിധി നടപ്പാക്കി തന്നീടുന്നതും ദൈവം.
നുരഞ്ഞു പൊന്തീടുന്നു വീര്യമേറിയ വീഞ്ഞു
നിറഞ്ഞ പാനപാത്രം കർത്താവിൻ കൈയിലുണ്ട്
അങ്ങു താൻ പകർന്നേകും വീര്യമേറിയ വീഞ്ഞു
ഭൂവിലെ ദുഷിച്ചവർ ഏവരും ഒരുപോലെ
പൂർണ്ണമായ് കുടിച്ചിടും മട്ടുവരെയും നൂനം
എന്നാൽ ഞാനെന്നന്നേക്കും ആഹ്ലാദിച്ചാനന്ദിക്കും
യാക്കോബിൻ ദൈവത്തിനു സ്തുതിഗീതം പാടും ഞാൻ
ദുഷ്ടർ തൻ കൊമ്പു നൂനം അങ്ങു താൻ വിഛേദിക്കും
നീതിജ്ഞർ തൻ കൊമ്പുകൾ ഉയർത്തപ്പെടുമഹൊ.

## 76

യഹൂദാ ദേശത്തഹൊ യഹോവ പ്രസിദ്ധനാം
അവന്റെ നാമം ഇസ്രായേലിലും മഹനീയം
സാലേമിൽ അവിടുത്തെ നിവാസം ഉറപ്പിച്ചു
സീയോനിൽ വാസസ്ഥലം സ്ഥാപിച്ചുമിരിക്കുന്നു
അവിടെ അവിടുന്നു പണുതിടും അസ്ത്രങ്ങളും
പരിചവാളിങ്ങനെ സർവ്വ ആയുധങ്ങളും
സർവ്വവും തകർത്ത നീ മഹത്വപൂർണ്ണനല്ലൊ
ശാശ്വത ശൈലത്തെക്കാൾ തേജസുള്ളവൻ നീയെ
ധീരർ തൻ മുതലെല്ലാം കവർന്നങ്ങെടുത്തഹൊ
അവർ നിദ്രയിലാണ്ടു, സേനയിലൊരുവനും
കരങ്ങളുയർത്തുവാൻ കഴിവില്ലാതെപോയി
യാക്കോബിൻ ദൈവമെ നീ ശാസിച്ച ദശാന്തരെ
കുതിര, രഥങ്ങളും നടുങ്ങി നിലംപറ്റി
ഭീതിദനാകുന്നങ്ങ്, അങ്ങു കോപിച്ചീടുകിൽ
അങ്ങുതൻ മുമ്പിൽ നിൽക്കാൻ ആർക്കഹൊ കഴിഞ്ഞിടും
നഭസിൽ തന്നെ നിന്നു വിധി പ്രസ്താവിച്ചു നീ
നീതി സ്ഥാപിച്ചീടുവാൻ ധരണീതലത്തിലെ
പീഡിതജനതയെ മുഴുവൻ രക്ഷിച്ചീടാൻ

അങ്ങെഴുന്നേറ്റനേരം ഭൂമി സ്തംഭിച്ചു പോയി
മാനവക്രോധം പോലും അങ്ങേയ്ക്കു സ്തുതിയാകും
രക്ഷപെട്ടീടുന്നവർ അങ്ങുതൻ ചാരേ നിൽക്കും
ദൈവമാം കർത്താവിനു നേർച്ചകൾ നേർന്നീടുക
പൂർണ്ണമായവയെല്ലാം നിറവേറ്റുവിൻ നിങ്ങൾ
ചുറ്റിനുമുള്ള ജനം ഭീതിദനവനെന്നും
തിരുമുൽക്കാഴ്ചകളാൽ അർപ്പണം ചെയ്തീടട്ടെ
കർത്തനാമവിടുന്നു ദുഷിച്ച പ്രഭുക്കൾ തൻ
പ്രാണനെ നിഷ്കരുണം ഛേദിച്ചു കളഞ്ഞിടും
ഭൂവിലെ നൃപന്മാർക്കു ഭയകാരണനവൻ.

## 77

ഞാനെന്റെ ശബ്ദം മെല്ലെ ഉയർത്തി ദൈവത്തോടു
ശബ്ദം ഉയർത്തി ദൈവത്തോടു ഞാൻ വിലപിക്കും
എനിക്കു ചെവി തരും കരുണാകരനവൻ
കഷ്ടത്തിൻ ദശാന്തരെ അവരെ അന്വേഷിച്ചു
രാത്രിയിൽ മമകരം ഒട്ടുമെ തളരാതെ
മലർത്തിയിരുന്നു ഞാൻ നിർണ്ണയം ഇതു സത്യം
മാമക മനസ്സഹൊ ആശ്വാസം നിരസിച്ചു
ദൈവത്തെ സ്മരിച്ചു ഞാൻ വ്യാകുലപ്പെട്ടീടുന്നു
ധ്യാനിച്ചു നിർണ്ണയം ഞാൻ, ആത്മാവു വിഷാദിപ്പൂ
മാമക കണ്ണിനു നീ ഉറക്കം തടുത്തഹൊ
സംസാരം കഴിയാതെ വ്യാകുലപ്പെട്ടു അഹം
പഴയദിവസത്തെ, സംവത്സരങ്ങളെയും
നിർവ്വികാരനായ്ത്തന്നെ ഞാനിന്നു ചിന്തിക്കുന്നു
രാത്രിയിൽ അഹമെന്റെ സംഗീതം സ്മരിക്കുന്നു
മാമക ഹൃദയത്താൽ ഞാനിന്നു ധ്യാനിക്കുന്നു
മാമക ആത്മാവെന്നും ശോധന കഴിക്കുന്നു
തള്ളിക്കളഞ്ഞീടുമൊ പാപിയാമെന്നെ കർത്തൻ
ഇനിമേലൊരിക്കലും പ്രസാദിച്ചീടുകില്ലെ?
അങ്ങുതന്നനുകമ്പ സ്ഥിരമായ് നിലച്ചുവോ
അങ്ങുതൻ വാഗ്ദാനങ്ങൾ സ്ഥിരമായൊടുങ്ങിയൊ?
കൃപകാണിക്കാൻ ദൈവം മറന്നുപോയിട്ടുണ്ടോ?
അങ്ങു തൻ കോപത്താലെ അവന്റെ കരുണ തൻ
വാതിലുകളുമെല്ലാം സ്ഥിരമായടച്ചുവോ?
സർവ്വശക്തന്റെ ശക്തി പ്രകടമായിട്ടില്ല
നിർണ്ണയം അതാണെന്റെ ദുഃഖത്തിനെല്ലാം ഹേതു.

കർത്താവിൻ പ്രവൃത്തികൾ നാളെന്നും സ്മരിക്കും ഞാൻ
അങ്ങുതന്നത്ഭുതങ്ങൾ നിത്യവും ഓർത്തിടും ഞാൻ
അങ്ങുതൻ പ്രവൃത്തിയെപ്പറ്റി ഞാൻ ധ്യാനിച്ചിടും
ദൈവമെ തവമാർഗ്ഗം വിമലം പരിശുദ്ധം
നമ്മുടെ ദൈവത്തെപ്പോൽ ഉന്നതൻ വേറാരുണ്ട്
അത്ഭുതം പ്രവൃത്തിക്കും ദൈവമാണവിടുന്ന്
ജനതാമദ്ധ്യത്തിലായ് തന്നുടെ മഹാശക്തി
വെളിവാക്കിയ ദേവൻ നിർണ്ണയം അങ്ങാണല്ലൊ
അങ്ങുതാൻ കരങ്ങൾ താൻ അങ്ങു തൻ ജനങ്ങളെ
യാക്കോബിന്റെയും ജോസഫിന്റെയും സുതന്മാരെ
നിഷ്കളൻ, നിരാമയൻ, ജഗന്നിവാസൻ, താതൻ
സർവ്വകാരണൻ ദേവൻ ചെമ്മെയായ് രക്ഷിച്ചഹൊ
അങ്ങുതൻ തിരുമുമ്പിൽ വാരിധി ഭ്രമിച്ചഹൊ
അങ്ങയെക്കണ്ട നേരം ആഴികൾ കമ്പിതരായ്
അംബുദം ജലം തൂകി അംബരം ഗർജ്ജിച്ചഹൊ
അങ്ങുതൻ സായകങ്ങൾ പായുന്നു എല്ലാടവും
അങ്ങുതന്നിടിനാദം ചുഴലിക്കൊടുങ്കാറ്റിൽ
മാറ്റൊലിക്കൊണ്ടീടുന്നു, ശക്തമായ് വ്യക്തമായി
അങ്ങുതൻ മിന്നലുകൾ ലോകത്തെ ജ്വലിപ്പിച്ചു
ധരണീതലമങ്ങു നടുങ്ങി വിറച്ചയ്യൊ
അങ്ങുതൻ വഴിനൂനം പാരാവാരത്തിലൂടെ
അങ്ങുതൻ പാത പെരുവെള്ളത്തിൽകൂടിത്തന്നെ
അങ്ങുതൻ കാല്പാടുകൾ നിർണ്ണയമവിതർക്കം
നയനയുഗത്തിനു ദൃശ്യമായിരുന്നില്ല
താതൻ മോശയുടെയും നൂനമഹറോന്റെയും
ശക്തമാം നേതൃത്വത്തിൽ അങ്ങുതൻ ജനത്തിനെ
ഏകമാം ആട്ടിൻകൂട്ടമെന്നപോൽ തന്നെയങ്ങ്
നയിച്ചു പാലിച്ചു നീ നിർമ്മലമൂർത്തീ നാഥാ.

## 78

എന്റെ ജനമെ കേൾക്ക, ബോധനം ശ്രവിക്കുക
എന്റെ വാക്കുകൾക്കഹൊ ശ്രവണം തന്നീടുക
ഉപമ പറയാം ഞാൻ പഴയ ചരിത്രത്തിൻ
നിഴലും പൊരുളും ഞാൻ വ്യക്തമാക്കീടാം നൂനം
ഞാനതു ശ്രവിച്ചഹൊ മനസിൽ പതിച്ചഹൊ
നിർമ്മല പിതാക്കന്മാർ നമ്മോടു ചൊല്ലീട്ടുണ്ട്
അവർ തൻ സുതന്മാരിൽ നിന്നു നാമൊരിക്കലും

മറച്ചു വച്ചീടൊല്ല സത്യമായതു നൂനം
കർത്താവു പ്രവർത്തിച്ച ശ്രേഷ്ഠമാം പ്രവൃത്തികൾ
ശക്തിതൻ പ്രഭാവവും അത്ഭുതകൃത്യങ്ങളും
ഭാവിതലമുറയ്ക്കു പകർന്നു കൊടുക്കണം
യാക്കോബിന്നവിടുന്നു നൽകിയാൻ പ്രമാണങ്ങൾ
ഇസ്രായേലിനു നൽകി ശ്രേഷ്ഠമാം നിയമങ്ങൾ
മക്കളെ അവയെല്ലാം പഠിപ്പിച്ചിടുവാനായ്
അവിടുന്നാജ്ഞാപിച്ചു താതസമൂഹത്തോടായ്
വരുന്ന തലമുറ ഇനിയും ജനിക്കാത്ത
മക്കൾ താനവയെല്ലാം ഹൃദിസ്ഥമാക്കിക്കൊണ്ടു
അവർതൻ മക്കൾക്കഹൊ പകർന്നു കൊടുത്തിടും
ആശ്രയിച്ചീടുന്നവർ ദൈവത്തിൽ പൂർണ്ണമായി
അങ്ങുതൻ പ്രവൃത്തിയെ വിസ്മരിച്ചീടാതവർ
കല്പന അഭംഗുരം പാലിക്കും നിരന്തരം
അവരൊ തങ്ങളുടെ താതരെപ്പോലെ തന്നെ
ദുശ്ശാഠ്യക്കാരന്മാരും മത്സരബുദ്ധികളും
ചഞ്ചലഹൃദയരും ദൈവത്തോടൊരിക്കലും
അവിശ്വസ്ഥരുമായി നിർണ്ണയമായീടൊല്ല
വില്ലാളിവീരന്മാരാം എഫ്രയീം നിവാസികൾ
യുദ്ധത്തിൻ ദിനം തന്നിൽ പിന്തിരിഞ്ഞോടി നൂനം
ആദരിച്ചില്ല അവർ ദൈവത്തിന്നുടമ്പടി
നിയമം മാനിക്കുവാൻ കൂട്ടാക്കിയതുമില്ല
അങ്ങുതൻ പ്രവൃത്തികൾ അത്ഭുതങ്ങളുമെല്ലാം
പാപികളവർ നൂനം മറന്നു കളഞ്ഞയ്യൊ
ഈജിപ്തു രാജ്യത്തിലെ സോവാനിൻ വലയതിൽ
അവർ തൻ താതർ കാൺകെ അത്ഭുതം പ്രവർത്തിച്ചു
അവർക്കു കടക്കുവാൻ സിന്ധുവെ വിഭജിച്ചു
ജലത്തെ കുന്നുപോലെ നിർത്തിയാനവിടുന്ന്
പകലിൻ നേരത്തങ്ങു വാരി വാനത്തെക്കൊണ്ടും
രാത്രിയിലഗ്നിജ്വാല കൊണ്ടും നീ നയിച്ചഹൊ
മരുഭൂമിയിലങ്ങു പാറകൾ പിളർന്നഹൊ
അവർക്കു കുടിക്കുവാൻ ആഴത്തിൽ നിന്നുമേറെ
ജലവും സമൃദ്ധമായ് നൽകിയാൻ ജഗദീശൻ
പാറയിൽ നിന്നുമങ്ങു ഒഴുക്കീ നീർച്ചാലുകൾ
ഒഴുകീ നദികൾപോൽ സർവ്വതോമുഖം നൂനം
എങ്കിലും ദുഷ്ടരവർ അവിടുത്തേക്കെതിരായി
നിമിഷംതോറും പാപം ചെയ്തു കൂട്ടിയാനവർ

മരുഭൂമിയിലവർ സർവ്വശക്തനോടെന്നും
വെറുതെ മത്സരിച്ചു കൈപ്പുനീർ കുടിച്ചഹൊ
ഇഷ്ടഭക്ഷണത്തിന്നായ് ചോദിച്ചു ചോദിച്ചഹൊ
ദൈവത്തെ പരീക്ഷിച്ചു പരിഹാസ്യരായവർ
ദൈവത്തിന്നെതിരായി വളരെ സംസാരിച്ചാർ
മരുവിൽ മേശയൊരുക്കീടുവാൻ കഴിയുമോ?
പാറയിൽ അടിച്ചങ്ങു വിനിർഗ്ഗമിച്ചു ജലം
കവിഞ്ഞു നീർച്ചാലുകൾ സർവ്വത്ര ജലം തന്നെ
എങ്കിലീ ജനത്തിനു പൂവവും തരസവും
നൽകുവാനായീടുമൊ താതനാം ദൈവത്തിനു
ആയതു കേട്ടനേരം ദൈവമൊ ക്രൂദ്ധനായി
യാക്കോബിൻ നേരെയഗ്നി ജ്വലിച്ചു ശക്തമായി
യിസ്രായേലിന്റെ നേരെ കോപമങ്ങുയർന്നഹൊ
എന്തെന്നാൽ അവർ നൂനം ദൈവമാം കർത്താവിങ്കൽ
വിശ്വാസമർപ്പിച്ചില്ല, രക്ഷകനവിടുത്തെ
നിത്യമാം രക്ഷാകര ശക്തിയിലവരൊട്ടും
ആശ്രയമർപ്പിക്കുവാൻ മനസ്സുണ്ടായിട്ടില്ല
എങ്കിലുമവിടുന്നു നഭസിനോടു ചൊന്നു
ഗഗന വാതിലുകൾ തുറന്നൂ ത്ധടുതിയിൽ
അവർക്കു ഭക്ഷിക്കുവാൻ വർഷിച്ചു മന്നയേറെ
സ്വർഗ്ഗത്തിൽ വളരുന്ന സുന്ദരമാകും ധാന്യം
പുഷ്ടവൃഷ്ടിപോൽ ദേവൻ വർഷിച്ചു നിരന്തരം
മനുഷ്യൻ മാലാഖതൻ ഭക്ഷണം രുചിച്ചഹൊ
ഭക്ഷണം സമൃദ്ധമായ് അയച്ചു അവിടുന്ന്
നഭസിൽ കിഴക്കൻ കാറ്റടിപ്പിച്ചവിടുന്ന്
തുറന്നുവിട്ടു തെക്കൻ കാറ്റിനെ അവിടുന്നു
കർത്തൻ തൻ ജനങ്ങൾ മേൽ പൊടിപോൽ മാംസത്തെയും
കടലിൻ തീരത്തിലെ മണലിൻതരിപോലെ
പറവജാലങ്ങളെ മാരിപോൽ വർഷിച്ചവൻ
കർത്തൻ താൻ അവരുടെ പാളയമദ്ധ്യത്തിലായ്
പാർപ്പിടത്തിനു ചുറ്റും അവയെ പൊഴിച്ചഹൊ
അവരൊ സമൃദ്ധമായ് ഭക്ഷിച്ചു സംതൃപ്തരായ്
അവരാഗ്രഹിച്ചതു താതനവർക്കു നൽകി
എങ്കിലും അവരുടെ കൊതി തീർന്നിടും മുമ്പ്
ഭക്ഷണം വദനത്തിൽ ഇരിക്കും ദശാന്തരെ
കർത്തന്റെ കോപം അവർക്കെതിരായുയർന്നഹൊ
ബലവാന്മാരെ ദൈവം വധിച്ചു നിർദ്ദാക്ഷിണ്യം

ഇസ്രായേൽ യോദ്ധാക്കളെ മുഴുവൻ സംഹരിച്ചു
എന്നിട്ടും അവർ വീണ്ടും തെറ്റുകുറ്റങ്ങൾ ചെയ്തു
അവർ വിശ്വസിച്ചില്ല, അത്ഭുതം ദർശിച്ചിട്ടും.
അതിനാൽ അവിടുന്ന് അവർതൻ നാളുകളെ
ഒരു നിശ്വാസം പോലെ അവസാനിപ്പിച്ചഹൊ
അവർ തൻ സംവത്സരം ഭീതിയിലാണ്ടുപോയി
അവിടുന്നവരെ ഹാ നിർദ്ദയം നിഗ്രഹിച്ചു
അങ്ങയെ തേടിയവർ അനുതാപം പൂണ്ടിട്ടു
തിരിഞ്ഞു ചിന്മയനിൽ തീവ്രതയോടെ തന്നെ.
ദൈവം താൻ തങ്ങളുടെ അത്ഭുതശിലയെന്നും
ദൈവം താൻ തങ്ങളുടെ വീണ്ടെടുക്കുന്നോനെന്നും
അവരെ നിരന്തരം അനുസ്മരിച്ചെങ്കിലും
അവർ തൻ സ്തുതി മുറ്റും കപടം തന്നെ നൂനം
അവർ തൻ നാവിൽ നിന്നും നുണകളൊഴുകിയാൻ
അവർതൻ ഹൃദന്തം താൻ അങ്ങയോടടുത്തില്ല
അങ്ങുതൻ വിശുദ്ധമാം ഉടമ്പടിയോടവൻ
സത്യസന്ധതയൊട്ടും കാട്ടിയില്ലവർ നൂനം
കരുണാസിന്ധുവായ ദൈവമാം കർത്താവവൻ
അവർ തന്നകൃത്യങ്ങൾ മുഴുവൻ ക്ഷമിച്ചഹൊ
കോപമടക്കിയവൻ നശിപ്പിച്ചില്ലവരെ
ക്രോധത്തിന്നഗ്നിജ്വാല ആളിക്കത്തിച്ചീടുവാൻ
കരുണാസമ്പൂർണ്ണൻ താൻ സമ്മതം നൽകിയില്ല
അവരൊ ജഢമെന്നും, മടങ്ങി വരാത്തതാം
കടന്നു പോയീടുന്ന കാറ്റാണെന്നവർ ചൊല്ലി
അങ്ങയോടെത്രവട്ടം മരുഭൂമിയിൽ വച്ചു
കാരണരഹിതമായ് മത്സരിച്ചവരയ്യൊ
എത്രയൊ വട്ടമവർ വിജനപ്രദേശത്തു
അങ്ങയെ ദുഃഖിപ്പിച്ചു, ശാന്തിയെ നശിപ്പിച്ചു.
അവരൊ നിരന്തരം ദൈവത്തെ പരീക്ഷിച്ചു
ഇസ്രായേൽ പരിശുദ്ധനേയവർ കോപിപ്പിച്ചു
അങ്ങുതൻ ശക്തിയെയൊ ശത്രുവിൽ നിന്നുമവൻ
അവരെ രക്ഷിച്ചതാം ദിനമോ ഓർത്തതില്ല
ഈജിപ്തിൽ പ്രവർത്തിച്ച അടയാളങ്ങൾ മുറ്റും
ഓർത്തില്ല, സോവാനിലെ അത്ഭുതങ്ങളും മറ്റും
അവർതൻ നദികളെ രക്തത്തിൻ നിറമാക്കി
അരുവി തന്നിൽ നിന്നും കുടിപ്പാൻ കഴിഞ്ഞില്ല
അവർ തന്നിടങ്ങളിൽ ഈച്ചയെ അയച്ചവൻ

ഈച്ചകൾ നിഷ്കരുണം അവരെ വിഴുങ്ങിയാർ
അവർ തന്നിടങ്ങളിൽ ഹരിയെ അയച്ചവൻ
കൊടിയ നാശം ചെയ്തു തവള സഹസ്രങ്ങൾ
അവർ തൻ വിളവുകൾ കമ്പിളിപ്പുഴുവിനും
അദ്ധ്വാനഫലം വെട്ടുക്കിളിക്കും നൽകിയവൻ.
മുന്തിരിത്തോട്ടങ്ങളെ കന്മഴയതുകൊണ്ടും
സിക്കമൂർ മരങ്ങളെ ഹിമത്താൽ നശിപ്പിച്ചു
കന്മഴകൊണ്ടു കന്നുകാലിയെ നശിപ്പിച്ചു
കോലാട്ടിൻകൊറ്റന്മാരെ മേഘനാദത്താൽത്തന്നെ
അവർ തന്നിടങ്ങളിൽ ഉഗ്രമാം ക്രോധം, കോപം,
രോഷം, ദുരിതമെന്നീ സംഹാരദൂതന്മാർ തൻ
സംഘത്തെ അയച്ചവൻ കോപത്തെ അഴിച്ചഹൊ
മൃത്യുവിൽ നിന്നുമവൻ ഒഴിവാക്കിയതില്ല
അവർ തൻ ചേതനയെ ആമയത്തിനു നൽകി
ഈജിപ്താം രാജ്യത്തിലെ കടിഞ്ഞൂൽ സൂനുക്കളെ
ഹാമിൻ കൂടാരത്തിലെ പൗരുഷം സമ്മാനിച്ച
പ്രഥമഫലങ്ങളെ സംഹരിച്ചവൻ നൂനം
എങ്കിലുമവൻ തന്റെ മാനവസമൂഹത്തെ
ചെമ്മരിയാടെന്നപോൽ പുറത്തു കൊണ്ടുവന്നു
ആട്ടിൻപറ്റത്തെപ്പോലെ മരുവിൽ നയിച്ചവൻ
സുരക്ഷ ലഭിച്ചവർ നിർഭയരായിത്തീർന്നു
അവർ തൻ വിരോധികൾ സിന്ധുവിലമർന്നു പോയ്.
അവരെ വേഗം നാഥൻ വിശുദ്ധ ദേശത്തേക്കും
വലങ്കൈ നേടിയതാം ഗിരിയിൽ കൊണ്ടുവന്നു
അവർ തൻ മുമ്പിൽ നിന്നും ജനത്തെ തുരത്തിയാൻ
അവർക്കങ്ങവകാശം അളന്നുകൊടുത്തവൻ
ഇസ്രായേൽ ഗോത്രങ്ങളെ പാർപ്പിച്ചു പാളയത്തിൽ
എന്നിട്ടുമവരെന്നും നാഥനെ പരീക്ഷിച്ചു
ദൈവത്തോടവരെന്നും നിർലജ്ജം മത്സരിച്ചു
അങ്ങുതൻ കൽപനകൾ പാലിപ്പാൻ തുനിഞ്ഞില്ല
അവർതൻ താതരെപ്പോൽ ദൈവത്തിൽ നിന്നകന്നു
അവിശ്വസ്തരായ്ത്തന്നെ നിത്യവും പെരുമാറി
കെട്ടിയ ഞാണയഞ്ഞ വില്ലുപോൽ വഴുതിയാർ
അവർതൻ പൂജാഗിരിയതിനാൽ കോപിപ്പിച്ചു
വിഗ്രഹങ്ങളെക്കൊണ്ടു തീക്ഷ്ണത ജനിപ്പിച്ചു
ക്രൂദ്ധനാം ദൈവം ഇസ്രായേലിനെ ത്യജിച്ചഹൊ
ആകയാൽ ഷിലോവിലെ വിശുദ്ധനിവാസവും

മാനവർക്കിടയിലെ ഗേഹവുമുപേക്ഷിച്ചു
തന്റെ ശക്തിയെ നൂനം അടിമത്തത്തിനായും
തന്നുടെ മഹത്വത്തെ അഹിതന്മാർക്കും നൽകി
അങ്ങുതൻ ജനത്തിനെ വാളിനങ്ങേല്പിച്ചഹൊ
തന്നവകാശത്തിന്മേൽ ചൊരിഞ്ഞാൽ ക്രോധം മേന്മേൽ
അവർ തൻ യുവാക്കളെ പാവകൻ വിഴുങ്ങിനാൻ
അവർ തൻ കന്നികൾക്കു മംഗളഗീതമില്ല
അവർ തൻ പുരോഹിതർ വാളിനങ്ങിരയായി
അവർ തൻ വിധവകൾ വിലപിച്ചതുമില്ല
മുന്തിരിരസം കുടിച്ചലറും മല്ലനെപ്പോൽ
നിദ്രയിൽ നിന്നെന്നപോൽ കർത്തനങ്ങെഴുന്നേറ്റു
അങ്ങുതൻ വൈരികളെ തുരത്തിയോടിച്ചഹൊ
നിത്യമാമപമാനം അവർക്കു വരുത്തിയാൻ
അങ്ങുതാൻ ജോസഫിന്റെ കൂടാരം ഉപേക്ഷിച്ചു
എഫ്രയിം ഗോത്രത്തിനെ തെരഞ്ഞങ്ങെടുത്തില്ല
എങ്കിലും അവിടുന്നു യൂദർതൻ ഗോത്രത്തെയും
തെരഞ്ഞങ്ങെടുത്തഹൊ സീയോനാം ഗിരിയെയും
ഏറ്റവും ഉന്നതമാം നാകത്തെപ്പോലെയുമാം
നിത്യമായ് സ്ഥാപിച്ചതാം പാരിനെപ്പോലെയുമാം
അങ്ങുതന്നാലയത്തെ നിർമ്മിച്ചു ചിത്രമായി
അങ്ങുതൻ പ്രിയദാസൻ ദാവീദാം പാർത്ഥിവനെ
കർത്തനാമവിടുന്നു തെരഞ്ഞങ്ങെടുത്തഹൊ
ആടുകൾക്കിടയനാം ദാവീദാം ബാലകനെ
വിളിച്ചൂ മേഷങ്ങൾ തൻ മദ്ധ്യത്തിൽ നിന്നും തന്നെ
ജനമാം യാക്കോബിനെ, അവകാശമാക്കിയ
ഇസ്രായേൽ ജനത്തെയും മേയിക്കുന്നതിനായി
തള്ളയാടുകളെത്താൻ മേയിച്ച ദാവീദിനെ
ജഗന്നിവാസനവൻ വിളിച്ചു വരുത്തിയാൻ
സത്യമാം ഹൃദയത്തിൽ അവരെ മേയിച്ചവൻ
കൈമിടുക്കോടെയവൻ ഭരണം നടത്തിയാൻ
ദാവീദിൻ മഹത്വത്തെ വർണ്ണിപ്പാനസാധ്യമാം.

# 79

ദൈവമെ വിജാതീയർ നിന്നവകാശം തന്നിൽ
നിർലജ്ജം, നിരങ്കുശം കടന്നങ്ങിരിക്കുന്നു
അങ്ങുതൻ വിശുദ്ധമാം മന്ദിരം മുഴുവനും
ഹാ, ശാന്തം, പാപം, പാപം അശുദ്ധമാക്കിയവർ
ജഗൽപ്രസിദ്ധമാകും ജറുസലേമിനെത്താൻ
നാശകൂമ്പാരമാക്കി പരിവർത്തനം ചെയ്തു
അങ്ങുതൻ ദാസന്മാർ തൻ ശരീരം മുഴുവനും
ആകാശപ്പറവയ്ക്കു ഭക്ഷണമായി നൽകി.
അങ്ങുതൻ വിശുദ്ധർ തൻ പാവനമാകും മേനി
കാനനമൃഗങ്ങൾക്കു ഇരയായ് കൊടുത്തവർ
അവർ തൻ ശോണിതമൊ ജലം പോലൊഴുകിയാർ
അവർ തൻ സംസ്കാരത്തിന്നാരുമെ ഉണ്ടായില്ല
അയൽവാസികൾക്കഹൊ നിന്ദിതരായി ഞങ്ങൾ
ചുറ്റിലും വസിപ്പവർ ഞങ്ങളെ അനുദിനം
ഹസിപ്പൂ, അധിക്ഷേപിച്ചീടുന്നു നിരന്തരം
കർത്താവെ അങ്ങു നിത്യം കോപം പൂണ്ടിരിപ്പതും
തീക്ഷ്ണത അഗ്നിപോലെ ജ്വലിപ്പതെത്രത്തോളം
അങ്ങയെ അറിയാത്ത മാനവസംഘത്തിന്മേൽ
അങ്ങുതൻ തിരുനാമം വിളിക്കാത്തിടങ്ങളിൽ
നിഷ്കളാ, നിരാമയാ, നിർമ്മലമൂർത്തേ നാഥാ
അങ്ങുതൻ തീവ്രകോപം ചൊരിയേണമെ നിത്യം
അവർ താൻ യാക്കോബിനെ വിഴുങ്ങിക്കളകയും
അവന്റെ വാസസ്ഥലം ശൂന്യമാക്കയും ചെയ്തു
ഞങ്ങൾ തൻ പൂർവ്വികന്മാർ ചെയ്തതാമകൃത്യങ്ങൾ
ഞങ്ങൾക്കങ്ങെതിരായ് നീ ഓർക്കല്ലെ, ജഗന്മയാ
അങ്ങുതൻ കൃപവേഗം ഞങ്ങളിൽ ചൊരിയണെ
ഞങ്ങൾ ഹാ തീർത്തും നാഥാ നിലംപറ്റിയെ താതാ
ഞങ്ങൾ തൻ രക്ഷയായ ദൈവമെ എൻ ദൈവമെ
തിരുനാമത്തെപ്രതി ഞങ്ങളെ സഹായിക്ക
തിരുനാമത്തെപ്രതി ഞങ്ങളെ മോചിപ്പിക്ക
ഞങ്ങൾ തൻ പാപം മുറ്റും പൊറുക്കേണമെ നാഥാ
എവിടെ അവരുടെ ദൈവമെന്നിപ്രകാരം
ജനത ചോദിക്കുവാൻ ഇടയാക്കുന്നതെന്തെ?
അങ്ങുതൻ ദാസരുടെ ശോണിതം ചൊരിയുവാൻ
ഇടയാക്കിയ മഹാശത്രുവിൻ സംഘത്തോടും

രക്തത്തിൻപ്രതികാരം ചെയ്വതു കണ്ടീടുവാൻ
അങ്ങുതൻ ദാസർ ഞങ്ങൾക്കിടയാകട്ടെയെന്നും
ബന്ധിതജനത തൻ തേങ്ങലും വിലാപവും
അങ്ങുതൻ സന്നിധിയിൽ സത്വരം എത്തീടട്ടെ
വിധിക്കപ്പെട്ടതായ മാനവസമൂഹത്തെ
അങ്ങുതൻ ശക്തിയാലെ രക്ഷിപ്പാൻ കഴിയട്ടെ
അയൽവാസികളവർ കർത്തനെ നിന്ദിച്ചതി-
ന്നേഴിരട്ടിയായ് നൂനം പകരം ചെയ്യേണമെ
അങ്ങുതൻ ജനമായ ഞങ്ങളാ ദശാന്തരെ
കർത്തന്റെ മേച്ചിൽസ്ഥലത്തുള്ളതാം ആടുകളാം
കർത്തനു കൃതജ്ഞത അർപ്പിക്കും എല്ലാനാളും
സ്തുതിയും സ്തോത്രങ്ങളും അർപ്പിക്കും ഇതു സത്യം
നിർണ്ണയം തലമുറ തലമുറയോളമാം.

# 80

ആട്ടിൻകൂട്ടത്തെപ്പോലെ താതനാം ജോസഫിനെ
ചെമ്മെ നയിക്കുന്നോനെ ഇസ്രായേലിടയനെ
ജഗന്നിവാസാ, ദേവാ, കളങ്കമില്ലാത്തോനെ
കരുണാപൂർവ്വമെന്റെ പ്രാർത്ഥന ചെവിക്കൊൾക
ദീർഘമാം കേരൂബിന്മേൽ വാസം ചെയ്തീടുന്നോനെ
സുവർണ്ണദീപ്തിയതാൽ നീ പ്രകാശിക്കേണമെ
എഫ്രയീമിനും പിന്നെ ബെഞ്ചമിൻ മനെസ്സെക്കും
അങ്ങയെത്തന്നെ നൂനം വെളിപ്പെടുത്തേണമെ
ഉണർന്ന ശക്തിയോടെ ഞങ്ങളെ രക്ഷിക്കണെ
പുനരുദ്ധരിക്കുവാൻ ദയവുണ്ടാകേണമെ
അങ്ങുതൻ മുഖം മുറ്റും പ്രകാശിച്ചീടുകയും
മക്കളാം ഞങ്ങൾ രക്ഷപ്പെടുവാനിടയാക.
കൊണ്ടുവന്നവിടുന്നു ഈജിപ്തിൽ നിന്നും തന്നെ
സുന്ദരതരമായ ഒരു മുന്തിരിവള്ളി
നരരെ അവിടുന്നു സത്വരം പുറത്താക്കി
മുന്തിരിവള്ളി ചെമ്മെ വാത്സല്യപൂർവ്വം നട്ടു
അവിടുന്നതിനായി തടമങ്ങൊരുക്കിയാൻ
മുന്തിരി വേരൂന്നിയാൽ വളർന്നു പടർന്നഹൊ
അതിന്റെ തണലിനാൽ പർവ്വതപംക്തികളും
അതിന്റെ ശാഖയതിൽ ദേവാദാരുവും മൂടി
മുന്തിരിശാഖകളെ സമുദ്രസീമവരെ
ചില്ലകൾ മുഴുവനെ നദിവരെയും നീട്ടി.

അങ്ങുതാൻ അതിന്മതിൽ തകർത്തതെന്തിന്നായി
വഴിയാത്രക്കാർ അതിൻ ഫലങ്ങൾ പറിക്കുന്നു
കാട്ടുപന്നികളെത്തി അതിനെ നശിപ്പിപ്പൂ
സകലജന്തുക്കളും അതിനെ തിന്നീടുന്നു
ഞങ്ങളിലേക്കു വേഗം തിരിഞ്ഞീടണെ നാഥാ
നാകത്തിൽ നിന്നുമങ്ങ് നോക്കിക്കണ്ടീടേണമെ
അങ്ങുതൻ വലംകൈയാൽ നട്ടുനനച്ചതായ
മുന്തിരി തൻ വല്ലിയെ പാലിക്കാൻ കൃപ ചെയ്ക
അതിനെ അവർ വേഗം അഗ്നിക്കു നൽകീടുന്നു
നിർദ്ദയം വെട്ടി വീഴ്ത്തി നശിപ്പിച്ചീടുന്നഹോ
അങ്ങുതൻ വായിൽനിന്നും വരുന്ന ശാസനയാൽ
നശിച്ചു പോയീടട്ടെ ശാശ്വതമായിട്ടവർ
അങ്ങുതൻ കരം നിന്റെ വലത്തുഭാഗത്തുള്ള
നിനക്കായ് വളർത്തിയ നരന്മേലിരിക്കട്ടെ
അങ്ങിൽ നിന്നൊരിക്കലും പിരിഞ്ഞീടുകയില്ല
ഞങ്ങൾക്കു ജീവൻ നൽകാൻ ദയവുണ്ടായീടണെ
അങ്ങുതൻ നാമം ഞങ്ങൾ നിത്യവും വിളിച്ചിടും
സേനതൻ ദൈവമായ കർത്താവെ എൻ ദൈവമെ
പുനരുദ്ധരിക്കുവാൻ ദയവുണ്ടാകേണമെ
അങ്ങുതൻ മുഖം ചെമ്മെ പ്രകാശിച്ചീടുകയും
അതിനാൽ ഞങ്ങൾ രക്ഷപ്പെടുവാനിടയാക.

## 81

നമ്മുടെ ശക്തികേന്ദ്രമായിടും ദൈവത്തിനു
ഉച്ചത്തിൽ പാടീടുവിൻ, പാടിപ്പുകഴ്ത്തീടുവിൻ
യാക്കോബിൻ ദൈവത്തിനു ആനന്ദത്തോടെ നിത്യം
ആർപ്പുവിളിച്ചീടുവീൻ നൃത്തമാടുവിൻ നിങ്ങൾ
തപ്പുകൾ കൊട്ടീടുവിൻ, കിന്നരം, വീണാതന്ത്രി
എന്നിവ മീട്ടീടുവിൻ, ഗാനമുതിർത്തീടുവിൻ
അമാവാസി തന്നിലും ഉത്സവദിനമായ
പൗർണ്ണമിയിലും നിങ്ങൾ കാഹളമൂതീടുവിൻ
എന്തെന്നാൽ അവയെല്ലാം ഇസ്രായേലിന്റെ ചട്ടം
യാക്കോബിൻദൈവത്തിന്റെ നിയമാവലിയുമാം
ഈജിപ്തിലേക്കു ചെമ്മെ തിരിച്ച ദശാന്തരെ
ശ്രേഷ്ഠനാം ജോസഫിനും നിയമം നൽകിയവൻ
അപരിചിതമാകും ഒരു ശബ്ദം ഞാൻ കേൾപ്പൂ
താവകതോളിൽ നിന്നും ഭാരം ഞാൻ ഇറക്കിയാൻ

കുട്ടയിൽ നിന്നും തവ കരങ്ങൾ വിടുവിച്ചു
നീ വിളിച്ചപേക്ഷിച്ചു കഷ്ടത്തിൻ ദശാന്തരെ
ഞാൻ നിന്നെ മോചിപ്പിച്ചു സത്വരം അദൃശ്യനായ്
ഇടിനാദത്തിലൂടെ ഉത്തരം തന്നു അഹം
മെരീബാ വെള്ളത്തിൽ ഞാൻ അങ്ങയെ പരീക്ഷിച്ചു
മാമകജനമെ ഞാൻ അറിയിപ്പതു കേൾപ്പിൻ
ഇസ്രായേൽ എന്റെ വാക്കു കേട്ടെങ്കിൽ നന്നായേനെ
നിങ്ങൾക്കൊരന്യദൈവം ഉണ്ടായീടൊല്ല നൂനം.
അന്യദേവനെ നിങ്ങൾ വണക്കം ചെയ്തീടൊല്ല
ഈജിപ്തിൽ നിന്നും നിന്നെ മോചിപ്പിച്ചവനഹം
വദനം തുറക്കുക, ഭക്ഷണം നൽകീടാം ഞാൻ
എങ്കിലും എന്റെ ജനം ശ്രവിച്ചില്ലെൻ വാക്കുകൾ
കൂട്ടാക്കിയില്ല എന്നെ ഇസ്രായേൽ ജനസംഘം
സ്വന്തമാം ആലോചന പോലവെ നടക്കുവാൻ
അവരെ ഏൽപിച്ചഹം കഠിനഹൃദയർക്കു
മാമകജനമെന്റെ വാക്കു കേട്ടിരുന്നെങ്കിൽ
മമ മാർഗ്ഗത്തിലവർ സഞ്ചരിച്ചിരുന്നെങ്കിൽ
സത്വരം അവരുടെ വൈരിയെ തകർത്തേനെ
വൈരികൾക്കെതിരെ ഞാൻ കരങ്ങൾ പൊക്കിയേനേ
കാൽക്കൽ വീണേനേ അവർ കർത്തന്റെ വിരോധികൾ
നിലനിന്നേനേ നൂനം അവർതൻ ശിക്ഷ നിത്യം
മേൽത്തരം ഗോതമ്പിനാൽ നിങ്ങളെ പോറ്റിയേനേ
പാറയിൽ നിന്നുമുള്ള മകരന്ദത്താൽത്തന്നെ
നിങ്ങളെ അഹം നൂനം സംതൃപ്തരാക്കിയേനെ.

## 82

സ്വർഗ്ഗീയ സഭ തന്നിൽ നിഷ്ക്കളൻ നിന്നീടുന്നു
സ്വർഗ്ഗവാസികളുടെ മദ്ധ്യത്തിലിരുന്നിട്ട്
ന്യായം വിധിച്ചീടുന്നു ദൈവമാം കർത്താവവൻ
നീതിക്കു വിരോധമായ് നിങ്ങൾ ഹാ എത്ര കാലം
ദുഷ്ടർ തൻ പക്ഷം ചേർന്നു വിധികൾ പ്രസ്താവിക്കും
ദുർബ്ബലർ, അനാഥന്മാർ ന്യായം പാലിച്ചീടുവീൻ
പീഡിതർ, അനാഥർ തൻ ന്യായമായവകാശം
സ്ഥാപിച്ചു കിട്ടീടുവാൻ അദ്ധ്വാനിക്കുവീൻ നിങ്ങൾ
ദുർബ്ബലർ, ദരിദ്രന്മാർ ഇവരെ രക്ഷിക്കുവീൻ
ദുഷ്ടർ തൻ കെണികളിൽ നിന്നും മോചിപ്പിക്കുവീൻ
അവർക്കൊ അറിവില്ല, ബുദ്ധിയതൊട്ടുമില്ല

തപ്പിത്തടഞ്ഞിടുന്നു അന്ധകാരത്തിലവർ
ഭൂമിതന്നടിസ്ഥാനം ആകവെ ഇളകുന്നു
ഞാൻ പറഞ്ഞീടുന്നിപ്പോൾ നിങ്ങൾ ദൈവങ്ങളത്രെ.
നിങ്ങളേവരും നൂനം ചിന്മയസുതരത്രെ
എങ്കിലും മനുഷ്യരെപ്പോലെ മൃത്യുവെ പുൽകും
ഏതൊരു പ്രഭുവിനെപോലെ വീണിടും നിങ്ങൾ
ദൈവമെ എഴുന്നേറ്റു ഭൂമിയെ വിധിക്കണെ
സകല ജനതയും സകല സൃഷ്ടികളും
സർവ്വവും അഖിലേശാ അങ്ങുതൻ സ്വന്തമല്ലൊ.

## 83

ദൈവമെ ദയതോന്നി മൗനമായിരിക്കല്ലെ
നിശ്ചലൻ, നിശ്ശബ്ദനുമാകല്ലെ തമ്പുരാനെ
അങ്ങുതൻ വിരോധികൾ ഇളകിമറിയുന്നു
അങ്ങുതൻ ശത്രുസംഘം മൗലിയങ്ങുയർത്തുന്നു
വൈരികൾ അങ്ങയുടെ ജനത്തിന്നെതിരായി
ഗൂഢമായ് കെണിയൊരുക്കീടുന്നു വൈകീടാതെ
അങ്ങഹൊ പരിപാലിക്കുന്നവർക്കെതിരായി
ഗൂഢമായാലോചന നടത്തീടുന്നു അവർ
ദുഷ്ടമാനസന്മാരാം ജനത്തെ മുഴുവനായ്
തുടച്ചു മാറ്റീടുവാൻ വരുവിൻ നിങ്ങൾ വേഗം
ഇസ്രായേൽ എന്നനാമം ഇനിമേൽ ആരും തന്നെ
സ്മരിക്കാതിരിക്കട്ടെ എന്നവർ പറയുന്നു
ഏകമാം മനസ്സോടെ ഗൂഢമായാലോചിപ്പൂ
ദൈവത്തിനെതിരായി സഖ്യമുണ്ടാക്കുന്നവർ
ഏദോമ്യർ, ഇസ്മായേല്യർ, ഹഗ്രിയർ, മോവാബ്യരും
ഗേബലും അമോന്യരും ട്രയിർ നിവാസികളും
അമലേക്ക്, ഫിലിസ്ത്യരും, ലോത്തിന്റെ സുതന്മാരാം
അസ്സീറിയായും വേഗം അവരോടൊത്തുചേർന്നു
മേദിയാക്കാരോടു നീ ചെയ്തതുപോലെ തന്നെ
ദുഷ്ടമാനസരോടും ചെയ്യണെ കൃപാനിധേ
കിഷോണാം നദിതന്നിൽ സീസേറായാബിനോടും
ചെയ്തതുപോലെ തന്നെ ചെയ്യുവാൻ ദയ ചെയ്ക.
എൻദോറിൽ വച്ചവരെ നശിപ്പിച്ചല്ലൊ നാഥൻ
അവരും ധരണിക്കു വളമായ്ത്തീർന്നു നൂനം
അവർതൻ കുലീനരെ ഒറേബു, സേബും പോലെ
അവർതൻ പ്രഭുക്കളെ സേബ, സൽമുന്ന പോലെ

ആക്കുവാൻ കനിയണെ ജഗന്നിവാസാ ദേവാ
കരുണാസിന്ധോ നാഥാ കൃപചെയ്യണെ താതാ
ദൈവത്തിൻ മേച്ചിൽപ്പുറം നമുക്കു കയ്യടക്കാം
എന്നവർ ദുർബുദ്ധികൾ പറഞ്ഞു സ്വയമായി
മമ ദൈവമെ നാഥാ അവരെ കൊടുങ്കാറ്റിൽ
പറക്കും പൊടിപോലെ, കാറ്റത്തു പാറീടുന്നു
പതിരുപോലേയും നീ ആക്കണെ ദയതോന്നി
വനത്തെ അഗ്നിജ്വാല വിഴുങ്ങുന്നതുപോലെ
പാവകൻ മലകളെ ദഹിപ്പിക്കുന്നതുപോൽ
അങ്ങുതൻ കൊടുങ്കാറ്റാൽ പിന്തുടർന്നാലുമങ്ങ്
അങ്ങുതൻ പ്രകമ്പനം കൊണ്ടു നീ ഭ്രമിപ്പിക്ക
അങ്ങുതൻ നാമധേയം അന്വേഷിപ്പതിനായി
അവർ തൻ മുഖം ലജ്ജകൊണ്ടു നീ മൂടേണമെ
അവർ നിത്യവും ലജ്ജിച്ചീടട്ടെ ഭ്രമിക്കട്ടെ
അവമാനിതരായി നശിച്ചു പോയീടട്ടെ
കർത്താവിൻ നാമധേയം വഹിക്കും അവിടുന്ന്
മാത്രമല്ലയൊ ഭൂമി മുഴുവൻ ഭരിക്കുന്ന
ഉന്നതനെന്നു ദുഷ്ടമാനസരറിയട്ടെ.

## 84

സേനതൻ കർത്താവെ നിൻ സദനം മനോഹരം
മാമക ആത്മാവഹൊ നിന്റെ അങ്കണം തന്നിൽ
എത്തുവാൻ, പ്രവേശിപ്പാൻ വാഞ്ചിച്ചു തളരുന്നു
എന്റെ ദൈവമെ മമ മനസും ശരീരവും
ജീവിക്കും നിനക്കായി ഗാനമാലപിക്കുന്നു
മാമക ഭൂപതിയും ദൈവവുമായുള്ളോനെ
സേന തൻ കർത്താവെ ഹാ കുരികിൽപക്ഷി ഒരു
സങ്കേതഭവനവും, മീവൽപക്ഷികൾ തന്റെ
കുഞ്ഞിനായൊരു കൂടും അങ്ങുതൻ പീഠത്തിങ്കൽ
നിത്യവും സത്യമായി കണ്ടെത്തീടുന്നുവല്ലൊ
നാളെന്നും അവിടുത്തെ വാഴ്ത്തി സ്തുതിച്ചുംകൊണ്ടു
അങ്ങു തൻ ഭവനത്തിൽ വാഴുന്നോർ ഭാഗ്യവാന്മാർ
അങ്ങയിൽ ശക്തി കണ്ടെത്തിയവർ ഭാഗ്യവാന്മാർ
അവർതൻ ഹൃദയത്തിൽ സീയോനിലെത്താനുള്ള
രാജവീഥികളുണ്ട് നിർണ്ണയമവിതർക്കം
കണ്ണുനീർ താഴ്വരയിൽ കടക്കും ദശാന്തരെ
നീരുറവകളുടെ താഴ്വരയാക്കുന്നവർ

ശരത്കാലത്തുണ്ടാകും വൃക്ഷ്ടിയാൽ പ്രദേശത്തെ
നിർണ്ണയം ജലാശയം കൊണ്ടഹൊ നിറയ്ക്കുന്നു
മേൽക്കുമേൽ അവയെല്ലാം ശക്തിയാർജ്ജിച്ചീടുന്നു
അവർ താൻ യഹോവയെ സീയോനിൽ ദർശിച്ചിടും
സേനതൻ ദൈവമായ കർത്താവെ എൻ കർത്താവെ
എന്റെ പ്രാർത്ഥന കേൾപ്പാൻ ദയവുണ്ടാകേണമെ
യാക്കോബിൻ ദൈവമെ നീ പ്രാർത്ഥന കേൾക്കേണമെ
ഞങ്ങൾ തൻ പരിചയാം ദൈവമെ എൻ കർത്താവെ
അഭിഷിക്തനായോനെ നീ കടാക്ഷിക്കേണമെ
അന്യമാം പ്രദേശത്തു സഹസ്രദിവസങ്ങൾ
പാർത്തിടുന്നതിനേക്കാൾ എത്രയൊ അഭികാമ്യം
അങ്ങുതന്നങ്കണത്തിൽ കേവലം ഒരു ദിനം
അങ്ങുതൻ സമീപത്തു ആയിരിപ്പതു തന്നെ
ദുഷ്ടത പെരുത്തതാം കൂടാരങ്ങളിൽ നിത്യം
സമ്പൽസമൃദ്ധിയോടെ വാണിടുന്നതിനെക്കാൾ
മാമക ദൈവത്തിന്റെ നിർമ്മല വസതിയിൽ
കാവൽക്കാരനാകുവാൻ ഞാനേറ്റം ഇച്ഛിക്കുന്നു
എന്തെന്നാൽ കർത്താവവൻ സൂര്യനും പരിചയും
കൃപയും മഹത്വവും അവിടുന്നേകീടുന്നു
പരമാർത്ഥതയോടെ ജീവിതം നയിപ്പോർക്കു
ഒരു നന്മയുമവൻ മുടക്കില്ലൊരിക്കലും
സേനതൻ ദൈവമായ കർത്താവെ ദയാസിന്ധോ
അങ്ങിലാശ്രയിപ്പവൻ ഭാഗ്യവാൻ തന്നെ നൂനം.

## 85

കർത്താവെ അങ്ങയുടെ ദേശത്തോടെക്കാലവും
കാരുണ്യം കാണിച്ചങ്ങു കരുണകടലല്ലൊ.
യാക്കോബിൻ ഭാഗധേയം പുനസ്ഥാപിച്ചു അങ്ങ്
അങ്ങുതൻ ജനത്തിന്റെ അകൃത്വം മറന്നഹൊ
പാപങ്ങളഖിലവും ക്ഷമിച്ചു അവിടുന്നു
ക്രോധങ്ങളഖിലവും പിൻവലിച്ചവിടുന്ന്
തീക്ഷ്ണകോപത്തിൽ നിന്നും പിന്മാറിയവിടുന്നു
ഞങ്ങൾ തൻ രക്ഷയുടെ ദൈവമെ എൻ ദൈവമെ
പുനരുദ്ധരിക്കുവാൻ ദയതോന്നീടേണമെ
ദാസരാം ഞങ്ങളോടുള്ളത്യന്ത രോഷമെല്ലാം
ഞങ്ങളിൽ ദയതോന്നി പരിത്യജിക്കേണമെ
ഞങ്ങളോടെന്നന്നേക്കും കോപിഷ്ടനായീടുമൊ

നീണ്ടുനിൽക്കുമോ കോപം തലമുറകളോളം
അങ്ങുതൻ ജനമായ ഈ ഞങ്ങൾ എക്കാലവും
അങ്ങുതൻ നാമം തന്നിൽ ആനന്ദം കൊണ്ടീടുവാൻ
ചിന്മയാ, നിഷ്കളനെ, ജഗന്നിവാസാ നാഥാ
ഞങ്ങൾക്കു നവജീവൻ നൽകണെ ദയ തോന്നി
അങ്ങു തൻ കാരുണ്യം നീ ഞങ്ങളിൽ ചൊരിയണെ
ഞങ്ങൾക്കു നിത്യരക്ഷ ദാനമായ് നൽകേണമെ
ശ്രവിക്കും അഹം നൂനം കർത്താവിൻ വചനങ്ങൾ
ശാന്തി നൽകീടും ദേവൻ തന്നുടെ ജനത്തിനു
ഹൃദയപൂർവ്വം തന്നിലേക്കഹൊ തിരിയുന്ന
അങ്ങു തൻ വിശുദ്ധർക്കു ശാന്തി നൽകീടും നൂനം.
അങ്ങയെ ഭയപ്പെടും ശിഷ്ടരാം ജനതയ്ക്കു
നിത്യമാം രക്ഷയെന്നും അവർ തൻ ചാരത്തല്ലൊ
അങ്ങു തൻ മഹത്വവും അങ്ങു തൻ ധാവള്യവും
നമ്മുടെ പ്രദേശത്തു നിത്യവും കുടികൊള്ളും
കരുണ വിശ്വസ്ഥത തമ്മിലാശ്ലേഷിച്ചിടും
നീതി, സമാധാനവും ചുംബിക്കും പരസ്പരം
ഭൂമിയിൽ വിശ്വസ്ഥത മുളയെടുക്കും മെല്ലെ
നഭസിൽ നിന്നും നീതി ഭൂമിയെ കടാക്ഷിക്കും
നന്മ പ്രദാനം ചെയ്യും കർത്താവാമവിടുന്ന്
സമൃദ്ധമായി വിള നൽകീടും ദേശം നൂനം
നീതി മുമ്പായ് നടന്നു കർത്തനു വഴികാട്ടും.

## 86

കർത്താവെ ചെവി ചായ്ച്ചു ഉത്തരമരുളണെ
അഹമൊ ദരിദ്രനും നിസ്സഹായനുമല്ലൊ
മമ ജീവനെ അങ്ങു സംരക്ഷിച്ചീടേണമെ
അഹമൊ അങ്ങയുടെ ഭക്തനെന്നതുമോർക്ക
അങ്ങയിൽ ആശ്രയിക്കും ദാസനെ രക്ഷിക്കണെ
എന്റെ ദൈവമങ്ങല്ലൊ കരുണ കാട്ടേണമെ
ദിവസം മുഴുവനും അങ്ങയെ വിളിക്കുന്നു
ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കേണമെ
മാമക മനസിനെ അങ്ങിലേക്കുയർത്തുന്നു
കർത്താവെ അവിടുന്ന് നല്ലവൻ ക്ഷമാശീലൻ
അങ്ങയെ വിളിച്ചപേക്ഷിച്ചിടും ജനത്തോടു
സമൃദ്ധമായി കൃപ കാട്ടുന്നു അവിടുന്ന്
കർത്താവെ എൻ പ്രാർത്ഥന കേൾക്കണെ ദയവായി

മമ യാചനാസ്വരം ശ്രദ്ധിപ്പിൻ ദയാസിന്ധോ
അനർത്ഥകാലത്തു ഞാൻ അങ്ങയെ വിളിക്കുന്നു
അങ്ങേയ്ക്കു ദയതോന്നി ഉത്തരമരുളുന്നു
കർത്താവേ ദേവന്മാരിൽ തുല്യനായ് ആരുമില്ല
അങ്ങുതൻപ്രവൃത്തിക്കു തുല്യമായ് മറ്റൊന്നില്ല
കർത്താവെ അവിടുന്നു സൃഷ്ടിച്ച ജനതതി
അങ്ങയെ നമസ്കരിച്ചാരാധിച്ചീടും നൂനം
മഹത്വപ്പെടുത്തിടും അങ്ങു തൻ തിരുനാമം
എന്തെന്നാൽ അവിടുന്ന് ഉന്നതൻ മഹോന്നതൻ
വിസ്മയ കരങ്ങളാം കാര്യങ്ങൾ ചെയ്തീടുന്നു
അങ്ങു മാത്രമാകുന്നു സർവ്വശക്തനാം ദൈവം
അങ്ങു തൻ സത്യം തന്നിൽ ഞാൻ നടപ്പതിനായി
പഠിപ്പിച്ചീടേണമെ അങ്ങുതൻ വഴിയെന്നെ
ജഗന്നിവാസനുടെ നാമത്തെ ഭയപ്പെടാൻ
മാമകഹൃദയത്തെ ഏകാഗ്രമാക്കേണമെ
മമ ദൈവമെ മമ കർത്താവെ സ്വസ്തി, സ്വസ്തി
പൂർണ്ണഹൃദയത്തോടെ നന്ദി ഞാൻ ചൊന്നീടുന്നു
നിർണ്ണയം അങ്ങയുടെ നാമത്തെ നിരന്തരം
മഹത്വപ്പെടുത്തിടും സ്തുതി ചൊന്നിടുമഹം
അങ്ങു കാട്ടീടുന്നതാം കാരുണ്യം വലുതല്ലൊ
അധമപാതാളത്തിൽ കിടന്നോരെൻ പ്രാണനെ
കരുണാകരനങ്ങു സദയം രക്ഷിച്ചഹൊ
അഹങ്കാരികളെന്നെ നിർദ്ദയം എതിർക്കുന്നു
കഠിനഹൃദയരെൻ ജീവനെ വേട്ടയാടി
അവർക്കങ്ങയെപ്പറ്റി ഒട്ടുമെ ചിന്തയില്ല
കാരുണ്യവാനും കൃപാനിധിയുമാകുന്നങ്ങ്
ഭൂമിയെപ്പോലെ ക്ഷമാശീലനാണവിടുന്ന്
സ്നേഹസമ്പന്നൻ നീയെ, വിശ്വസ്തൻ തന്നെ നൂനം
ആർദ്രതയോടെ നാഥാ തിരിയേണമെ എന്നിൽ
അങ്ങുതൻ ശക്തി ദാസനേകണെ കൃപാനിധേ
അങ്ങുതൻ ദാസിയുടെ പുത്രനെ രക്ഷിക്കണെ
കാണിക്ക ദയവായി കൃപതന്നടയാളം
ലജ്ജിതരായീടട്ടെ മാമകവിരോധികൾ
കർത്താവെ അവിടുന്നു വളരെ സഹായിച്ചു
നിർണ്ണയമാശ്വാസത്തിൻ തെളിനീർ പകർന്നു നീ.

## 87

വിശുദ്ധനഗരിയിൽ നഗരം സ്ഥാപിച്ചങ്ങ്
യാക്കോബിൻ ഗൃഹത്തെക്കാൾ വളരെയധികമായ്
സീയോന്റെ കവാടത്തെ കർത്താവു സ്നേഹിക്കുന്നു
ദൈവത്തിൻ നഗരമെ നിർണ്ണയം നിന്നെപ്പറ്റി
ഒട്ടേറെ മഹത്തായ കാര്യങ്ങൾ പറയുന്നു
മാമക പരിചയക്കാരുടെ സംഘം തന്നിൽ
റഹാബും ബാബിലോണും ഉൾപ്പെട്ടീടുന്നു നൂനം
ഫിലിസ്ത്യാദേശത്തിലും നിർണ്ണയം ടയീറിലും
എത്യോപ്യാ രാജ്യത്തിലും വസിക്കുന്നവരെല്ലാം
ഇവിടെത്തന്നെ ജനിച്ചെന്നഹൊ പറയുന്നു
സകല മനുഷ്യരും ഇവിടെ ജനിച്ചെന്നു
സീയോനാം പട്ടണത്തെ കുറിച്ചു പറഞ്ഞിടും
ഉന്നതനാകും ദൈവം തന്നെയല്ലയൊ നൂനം
ശങ്കയില്ലൽപം പോലും അവളെ സ്ഥാപിച്ചതും
കർത്താവു ജനത തൻ കണക്കങ്ങെടുക്കുമ്പോൾ
ഇവൻ താൻ ഇവിടങ്ങു ജനിച്ചെന്നെഴുതിടും
മാമക ഉറവകൾ മുഴുവൻ നിന്നിലെന്നു
നർത്തകർ, ഗായകന്മാർ ഒന്നുപോൽ പാടും നൂനം.

## 88

മാമക കർത്താവെ ഞാൻ വാസരം മുഴുവനും
അങ്ങു തൻ സഹായത്തിനായിതാ പ്രാർത്ഥിക്കുന്നു
രാത്രിയിൽ മുഴുവനും വിലപിച്ചീടുന്നു ഞാൻ
മമപ്രാർത്ഥനയെന്നും താവക തിരുമുമ്പിൽ
എത്തുമാറാകേണമെ വിലാപം കേൾക്കേണമെ
മാമക ആത്മാവിപ്പോൾ ദുഃഖപൂർണ്ണമാകുന്നു
മാമക ജീവനിപ്പോൾ പാതാളത്തിന്റെ വക്കിൽ
പാതാളം തന്നിൽ വീഴാൻ പോകുന്ന ജനത്തിന്റെ
കൂട്ടത്തിലെന്റെ നാമം എണ്ണപ്പെട്ടിരിക്കുന്നു
മാമക ശക്തി സർവ്വം ചോർന്നുപോയിരിക്കുന്നു
മൃത്യുവിന്നിരയായ മാനവകദംബത്തിൽ
ഒരുവനായിത്തന്നെ എണ്ണിയിരിക്കുന്നെന്നെ
ശവക്കല്ലറ തന്നിൽ കിടക്കും മൃതനെപ്പോൽ
അങ്ങിനി ഒരിക്കലും സ്മരിക്കാത്തവരെപ്പോൽ
അങ്ങയിൽ നിന്നുമഹം മുറിക്കപ്പെട്ടു താതാ

അങ്ങെന്നെ പാതാളത്തിൽ ആഴമുള്ളടിത്തട്ടിൽ
തമസിൽ നിഷ്കരുണം നിർദ്ദയമുപേക്ഷിച്ചു
അങ്ങുതൻ ക്രോധമെന്നെ ദിനവും ഞെരിക്കുന്നു
അങ്ങുതൻ കല്ലോലങ്ങൾ നിർദ്ദയം മൂടുന്നെന്നെ
സ്നേഹിതർ എന്നെ വിട്ടു പോകുവാനിടയാക്കി
അവർക്കൊ ഭീകരമാം വസ്തുവായ് ചമച്ചെന്നെ
രക്ഷകിട്ടാത്തവണ്ണം തടവിലാക്കിയെന്നെ
ദുഃഖത്താലെന്റെ കൺകൾ മങ്ങിപ്പോയീടുന്നഹൊ
കർത്താവെ ദിനംതോറും ഞാൻ വിളിക്കുന്നങ്ങയെ
അങ്ങുതൻ സന്നിധിയിൽ കരങ്ങളുയർത്തുന്നു
മരിച്ച മനുഷ്യർക്കായ് അത്ഭുതം കാട്ടീടുമൊ
മൃതന്മാരെഴുന്നേറ്റു അങ്ങയെ സ്തുതിക്കുമൊ
ശവകുടീരം തന്നിൽ അങ്ങുതൻ ദിവ്യസ്നേഹം
വിനാശ ദശാന്തരെ അങ്ങുതൻ വിശ്വസ്തത
തമസിൽ അങ്ങയുടെ അത്ഭുതപ്രവൃത്തികൾ
വിസ്മൃതി ദേശത്തഹൊ രക്ഷയും ഘോഷിക്കുമൊ
അങ്ങയോടഹമിതാ കരഞ്ഞു യാചിക്കുന്നു
സുപ്രഭാതത്തിലെന്റെ പ്രാർത്ഥന എത്തീടുന്നു
കർത്താവെ എന്തിനായി തള്ളിക്കളയുന്നെന്നെ
എന്നിൽ നിന്നെന്തിനായി വദനം മറയ്ക്കുന്നു
ചെറുപ്പം മുതലിന്നുവരെയും പീഡിതനും
ആസന്നമരണനുമായി ഞാൻ അങ്ങയുടെ
ഭീകരശിക്ഷകൾ ഹാ സഹിപ്പൂ നിരന്തരം
അഹമൊ നിസ്സഹായൻ നിരാലംബനുമല്ലൊ
താവകക്രോധമെന്റെ മീതെയായൊഴുകുന്നു
അങ്ങുതൻ ഘോരത്വങ്ങൾ സംഹരിച്ചീടുന്നെന്നെ
പെരുവെള്ളം പോലെന്നെ വലയം ചെയ്തീടുന്നു
അവകളൊരുമിച്ചു ദിനവും പൊതിയുന്നു
സ്നേഹിതർ, അയൽക്കാരെ എന്നിൽ നിന്നകറ്റി നീ
ഭീകരം പൈശാചികമാകുമീ അന്ധകാരം
മാത്രമാണെനിക്കെന്നും സന്തതസഹചരൻ.

## 89

കർത്താവെ പ്രകീർത്തിക്കും അങ്ങു തൻ കാരുണ്യത്തെ
മാമക അധരങ്ങൾ തലമുറകളോടു
അങ്ങുതൻ വിശ്വസ്ഥത നിത്യവും പ്രഘോഷിക്കും
എന്തെന്നാൽ തവകൃപനാളെന്നും നിലനിൽക്കും

താവക വിശ്വസ്തത വാനംപോൽ സുസ്ഥിരമാം
അവിടുന്നിപ്രകാരം അരുളിച്ചെയ്തു നൂനം
മാമക വൃതനുമായ് ഉണ്ടാക്കി ഉടമ്പടി
ശപഥം ചെയ്തു ദാസനായിടും ദാവീദോടു
താവക സന്തതിയെ നാളെന്നുമുറപ്പിക്കും
താവക സിംഹാസനം സ്ഥിരമായ് നിലനിർത്തും
കർത്താവെ വിഹായുസ്സു ദൈവമാമങ്ങയുടെ
അത്ഭുതങ്ങളെ നിത്യം സ്തുതിച്ചു പാടീടട്ടെ
നീതിജ്ഞ സമൂഹത്തിൽ അങ്ങുതൻ വിശ്വസ്തത
ഘോഷിക്കപ്പെട്ടീടട്ടെ സ്തുതിക്കപ്പെട്ടീടട്ടെ
കർത്തനു സമനായി നാകത്തിൽ വേറാരുണ്ട്
കർത്തനു സദൃശനായ് വേറൊരു ദേവനുണ്ടോ?
വിശുദ്ധ കദംബകം അങ്ങയെ ഭയക്കുന്നു
സഹവാസികളെക്കാൾ ഉന്നതൻ ഭീതിദനും
സേനതൻ ദൈവമായ കർത്താവെ വിശ്വസ്തത
ധരിച്ച അങ്ങയെപ്പോൽ ബലവാൻ വേറാരുണ്ട്
ഇളകിമറിയുന്ന ആഴിയെ ഭരിക്കുന്നു
തിരകളുയരുമ്പോൾ ശാന്തമാക്കീടുന്നങ്ങു
ഹതനെപ്പോലെ റാഹാബിനെയും തകർത്തഹൊ
ബലിഷ്ടകരത്തിനാൽ ശത്രുവെ ചിതറിച്ചു
വാനവും ധരണിയും അങ്ങുതൻ സ്വന്തമല്ലൊ
ലോകവും അതിലുള്ള സർവ്വവും സ്ഥാപിച്ചു നീ
ദിക്കുകൾ നാലിനെയും സൃഷ്ടിച്ചു അവിടുന്ന്
അങ്ങുതൻ നാമത്തെ ഹാ താബോറും ഹെർമോനതും
ആഹ്ലാദത്തോടെ നിത്യം വാഴ്ത്തിപുകഴ്ത്തീടുന്നു
അങ്ങുതൻ ഭുജം ബലമേറിയതത്രെ നൂനം
കരുത്തുറ്റതാണത്രെ അങ്ങുതൻ കരം രണ്ടും
വലംകൈ അവിടുന്നു ഉയർത്തിയിരിക്കുന്നു
നീതിയിൽ ന്യായത്തിലും അങ്ങുതൻ സിംഹാസനം
ചെമ്മെയായ് സ്ഥിരമായി ഉറപ്പിച്ചിരിക്കുന്നു
ദൈവമെ അവിടുത്തെ മുമ്പിലായ് നീങ്ങീടുന്നു
കരുണ, വിശ്വസ്തത ആദിയായവയെല്ലാം
ഉത്സവഘോഷത്തോടെ അങ്ങയെ സ്തുതിപ്പവർ
നിർണ്ണയം ഭാഗ്യവാന്മാർ സംശയമേതുമില്ല.
ഭാഗ്യവാന്മാരാമവർ അങ്ങുതൻ മുഖത്തിന്റെ
ജ്യോതിസിൽ നിർഭയരായ് സന്തതം നടക്കുന്നു
നിത്യവും അങ്ങയുടെ നാമത്തിൽത്തന്നെ അവർ

ആനന്ദിക്കുന്നു നിന്റെ നീതിയെ പുഴ്ത്തുന്നു
അങ്ങല്ലോ അവരുടെ ശക്തിയും മഹത്വവും
ദൈവമെ അങ്ങയുടെ പ്രസാദംകൊണ്ടല്ലയൊ
ഞങ്ങൾതൻ കൊമ്പെത്രയും ഉയർന്നു നിൽക്കുന്നതു
ഞങ്ങൾതൻ പരിചയൊ കർത്താവു തന്നെ നൂനം
ഞങ്ങൾതൻ രാജൻ ഇസ്രായേലിന്റെ പരിശുദ്ധൻ
പണ്ടൊരു ദർശനത്തിൽ ദൈവമാമവിടുന്നു
തന്നുടെ വിശ്വസ്തനോടരുളിച്ചെയ്തു നൂനം.
ശക്തനായൊരുവനെ കിരീടമണിയിച്ചു
ഒരുവനെ ഞാൻ തെരഞ്ഞെടുത്തങ്ങുയർത്തിയാൻ
മമദാസനും ദാവീദിനെ ഞാൻ കണ്ടെത്തിയാൻ
അവനെ തൈലത്താൽ ഞാൻ അഭിഷേകവും ചെയ്തു
മാമക കരമെന്നും അവനു സമീപസ്ഥം
അവനു ശക്തി നൽകും മാമക ഭുജമെന്നും
യാതൊരു വിരോധിയും അവനെ തോൽപിക്കില്ല
ദുഷ്ടൻ താൻ അവന്റെമേൽ പ്രാബല്യം നേടുകില്ല
അവന്റെ ശത്രുവിനെ അവന്റെ മുമ്പിൽ വച്ചു
തകർക്കും നിഷ്കരുണം നിലംപതിപ്പിച്ചിടും
മാമക വിശ്വസ്തത, കാരുണ്യം ഇവയെല്ലാം
അവനോടൊപ്പം തന്നെ നിലനിന്നിടും നൂനം
മമനാമത്തിലവൻ ശിരസ്സുയർത്തി നിൽക്കും
അവന്റെ അധികാരം പാരാവാരത്തിന്മേലും
ഭരണം സരിത്തിലും വ്യാപിച്ചീടുമഹം
സത്വരം എന്നോടവൻ, മാമകജനകനും
രക്ഷതൻ ശിലയതും ദൈവവും അവിടുന്നു
എന്നവൻ ക്ഷണനേരം കൊണ്ടവൻ അത്യുച്ചത്തിൽ
ഉൽഘോഷിച്ചിടും നൂനം സ്തുതിച്ചു പുകഴ്ത്തിടും
അവനെ എന്റെ ആദ്യജാതനും ഭൂമിയിലെ
പാർത്ഥിവന്മാരിൽ അത്യുന്നതനും ആക്കീടും ഞാൻ
മാമക ദയവെല്ലാക്കാലവും അവന്റെമേൽ
അവനോടുള്ളുടമ്പടി സുസ്ഥിരമായി നിൽക്കും
അവന്റെ വംശത്തെ ഞാൻ ശാശ്വതമാക്കും നൂനം
അവന്റെ സിംഹാസനം നിലനിന്നീടും നൂനം
നഭസും മാർത്താണ്ഡനും നിലനിന്നീടും വരെ
അവന്റെ സന്തതിയെൻ നിയമം മറക്കുകിൽ
വിധികൾ, തീർമാനങ്ങൾ പാലിക്കാതിരിക്കുകിൽ
ചട്ടങ്ങൾ ലംഘിക്കുകിൽ, കൽപന തള്ളീടുകിൽ

അവർ തൻ ലംഘനത്തെ ദീർഘമാം ദണ്ഡിനാലും
ശിക്ഷിക്കും ചമ്മട്ടിയാൽ അവർ തൻ അകൃത്യത്തെ
അവനിൽ നിന്നും ദയ പിൻവലിക്കുകയില്ല
മമ വിശ്വസ്തതയ്ക്കു ഭംഗവും വരുത്തില്ല
മാമക ഉടമ്പടി നിർണ്ണയം ലംഘിക്കില്ല
വാക്കിനു വള്ളി പുള്ളി വ്യത്യാസം വരുത്തില്ല
ശപഥം ചെയ്തു ഞാനെൻ പരിശുദ്ധിയെക്കൊണ്ടു
ദാസനാം ദാവീദോടു വ്യാജം ഞാൻ പറകില്ല
അവന്റെ വംശം നൂനം ശാശ്വതമായീടുമെ
അവന്റെ സിംഹാസനം സൂര്യനുള്ളതുവരെ
മാമക മുമ്പിൽ നിലനിന്നിടും ഇതു സത്യം
നഭസുള്ളിടത്തോളം സുസ്ഥിരം തന്നെ നൂനം
എങ്കിലും അങ്ങവനെ നിർദ്ദയം ത്യജിച്ചഹൊ
അഭിഷിക്തന്റെ നേരേ ക്രൂദ്ധനായവിടുന്നു
അങ്ങുതൻ ദാസനോടു ചെയ്തതാമുടമ്പടി
അങ്ങിതാ ഉപേക്ഷിച്ചു നിർദ്ദയം നിഷ്ക്കരുണം
അവന്റെ കിരീടത്തെ മലിനമാക്കിയങ്ങ്
അവന്റെ മതിലുകൾ തകർത്തു അവിടുന്ന്
ദുർഗ്ഗങ്ങൾ മുഴുവനും ഇടിച്ചു നിരത്തിയാൻ
അവനെ കൊള്ളചെയ്തു വഴിയാത്രക്കാർ പോലും
അയൽക്കാർക്കവനയ്യൊ പരിഹാസപാത്രമായ്
അവന്റെ വൈരികൾ തൻ വലംകൈ ഉയർത്തിയാൻ
സർവ്വ ശത്രുക്കളെയും സന്തോഷിപ്പിച്ചു നാഥൻ
അവന്റെ കരവാളിൻ വായ്ത്തല മടക്കി നീ
യുദ്ധത്തിൽ അടരാടാൻ കഴിവില്ലാതാക്കിയാൻ
അവന്റെ കയ്യിൽ നിന്നും എടുത്തു ചെങ്കോൽ വേഗം
അവന്റെ സിംഹാസനം പൂഴിയിൽ മറിച്ചിട്ടു
അവന്റെ യുവത്വത്തിൻ നാളുകൾ ചുരുക്കി നീ
അവനെ അവിടുന്നു ലജ്ജയാൽ പൊതിഞ്ഞഹൊ
കർത്താവെ ഇതെത്രനാൾ, നിത്യവും മറയുമൊ
അഗ്നിപോലുള്ള ക്രോധം എത്രനാൾ ജ്വലിച്ചിടും
കർത്താവെ മമ ആയുസ്സെത്രയൊ ഹ്രസ്വമെന്നും
മർത്യജീവിതമെത്ര വ്യർത്ഥമെന്നോർക്കേണമെ
മരണം കണ്ടീടാതെ ധരയിൽ ജീവിക്കുവാൻ
മനുഷ്യനായീടുമൊ, ജഗന്നിവാസാ, നാഥാ
ജീവനെ പാതാളത്തിൻ പിടിയിൽ നിന്നും ചെമ്മെ
വിടുവിച്ചീടാനാർക്കു കഴിയും ചൊന്നീടുക

അങ്ങുതൻ പൂർവ്വസ്നേഹം എവിടെപ്പോയീ നാഥാ
ദാവീദിനോടു ചെയ്ത ശപഥം എവിടഹൊ
കർത്താവെ അങ്ങയുടെ ദാസനിതെത്രമാത്രം
നിന്ദിക്കപ്പെടുന്നെന്നു ഓർക്കണെ കൃപാനിധേ
മാനവകദംബത്തിൻ പരിഹാസമാം ശരം
മാമക നെഞ്ചിൽ നിത്യം ഏൽക്കുന്നു ദയാസിന്ധോ
അങ്ങുതൻ വൈരികൾ ഹാ അവനെ നിന്ദിക്കുന്നു
വാഴ്ത്തപ്പെട്ടീടട്ടഹൊ ദൈവമാം കർത്താവെന്നും.

## 90

ആദിമകാലം മുതൽ കർത്താവാശ്രയമഹൊ
പർവ്വതം, ഭൂമി, ലോകം എന്നിവയ്ക്കെല്ലാം മുമ്പും
നരനെ അവിടുന്നു മണ്ണിലേയ്ക്കയയ്ക്കുന്നു
മാനവസുതന്മാരെ തിരിച്ചു പോയീടുവിൻ
എന്നു താൻ അവിടുന്നു അരുളിച്ചെയ്തീടുന്നു
ആയിരം വത്സരങ്ങൾ അങ്ങുതൻ ദൃഷ്ടി തന്നിൽ
കഴിഞ്ഞിന്നലെ പോലെ, രാത്രിയിൽ യാമംപോലെ
ഉണർന്നീടുമ്പോൾ മാഞ്ഞുപോയിടും സ്വപ്നംപോലെ
തുടച്ചുമാറ്റീടുന്നു നരനെ അവിടുന്ന്
രാവിലെ മുളയ്ക്കുന്ന പുല്ലുപോലല്ലൊ മർത്യൻ
തഴച്ചുവളരുന്നു സുപ്രഭാതത്തിലതു
സന്ധ്യമയങ്ങുംനേരം വാടിക്കരിഞ്ഞീടുന്നു
അങ്ങുതൻ ക്രോധത്താലെ ഭീതിപ്പെട്ടീടുന്നു ഹൊ
ഞങ്ങൾ തന്നകൃത്യങ്ങൾ അങ്ങുതൻ മുമ്പിലുണ്ട്
ഞങ്ങൾ തൻ രഹസ്യമാം പാപങ്ങൾ അങ്ങയുടെ
മുഖത്തിൻ പ്രകാശത്തിൽ വെളിപ്പെട്ടീടുന്നഹൊ
ഞങ്ങൾ തൻ ദിവസങ്ങൾ അങ്ങുതൻ ക്രോധത്തിന്റെ
നിഴലിലിതാ വേഗം കടന്നുപോയീടുന്നു
ഞങ്ങൾ തൻ വത്സരങ്ങൾ നെടുവീർപ്പുപോൽ തീരും
ഞങ്ങൾ തന്നായുഷ്കാലം നിർണ്ണയമെഴുപത്
ഏറിയാൽ എൺപതത്രെ, അദ്ധ്വാനം ദുരിതവും
വർഷങ്ങൾ മുഴുവനും പെട്ടെന്നു തീർന്നിട്ടഹൊ
കടന്നുപോകും ഞങ്ങൾ വിണ്ടലം തന്നിൽ നൂനം
കർത്താവെ അങ്ങയുടെ കോപത്തിന്നുഗ്രതയും
ക്രോധത്തിൻ ഭീകരത ഗ്രഹിച്ച നരനാര്.
ഞങ്ങൾ തന്നായുസ്സിന്റെ ദിനങ്ങൾ എണ്ണീടുവാൻ
ഞങ്ങളെ പഠിപ്പിക്കാൻ ദയ തോന്നേണം നാഥാ

ജ്ഞാനപൂർണ്ണമാകട്ടെ ഞങ്ങൾ തൻ ഹൃദന്തവും
ചിന്മയാ കർത്താവെ നീ മടങ്ങി വരേണമെ
എത്രനാൾ വൈകിടും നീ അലിവു തോന്നേണമെ
സുപ്രഭാതത്തിൽ നാഥാ അങ്ങു തൻ കാരുണ്യത്താൽ
സംതൃപ്തരാക്കേണമെ ഞങ്ങളെ അഖിലേശാ
ഞങ്ങൾ തന്നായുഷ്കാലം മുഴുവൻ ജഗന്മയാ
സന്തോഷിച്ചുല്ലസിക്കാൻ ഇടയായീടേണമെ
കർത്തനെ അവിടുന്നു പീഡിപ്പിച്ചിടത്തോളം
ദാസരാം ഞങ്ങൾ കഷ്ടം ചുമന്ന കാലത്തോളം
ഞങ്ങൾക്കു സന്തോഷിക്കാൻ ഇടയാക്കേണം നാഥാ
അങ്ങുതൻ ദാസർക്കഹൊ അങ്ങുതൻ പ്രവൃത്തിയും
വെളിപ്പെട്ടീടട്ടെന്നും മക്കൾക്കു മഹത്വവും
ഞങ്ങൾതൻ ദൈവമായ കർത്താവിൻ കൃപയെന്നും
ദാസരാം തനയരാം ഞങ്ങൾ മേലുണ്ടാകട്ടെ
ഞങ്ങൾതൻ പ്രവൃത്തികൾ സഫലമാക്കേണമെ
ഞങ്ങൾതൻ പ്രവൃത്തികൾ സുസ്ഥിരമാക്കേണമെ.

## 91

അത്യുന്നതന്റെ സംരക്ഷണത്തിൽ വസിപ്പവൻ
അവന്റെ ചിറകതിൽ നിഴലിൽ രമിപ്പവർ
നിർണ്ണയം കർത്താവിനോടെന്റെ സങ്കേതം കോട്ട
ഞാനെന്നുമാശ്രയിക്കും ദൈവമെന്നുരചെയ്യും
സൂത്രശാലിയാം വേടൻ ഒരുക്കിവച്ചിട്ടുള്ള
കെണിയിൽ നിന്നും പിന്നെ മാരകമായീടുമാം
ഭീകര മഹാമാരി തന്നിൽ നിന്നവൻ നിന്നെ
സത്വരം, നിരാക്ഷേപം, രക്ഷിക്കും ഇതു സത്യം.
തൂവൽകൊണ്ടവിടുന്നു മറയ്ക്കും നിന്നെ നൂനം
ചിറകിൻകീഴിൽ നിനക്കഭയം തരുമങ്ങ്
കർത്തന്റെ വിശ്വസ്തത കവചം പരിചയും
രാത്രിയിൽ കണ്ടീടുന്ന ഭീകരനിമിഷത്തെ
പകലിൽ പറക്കുന്ന അസ്ത്രത്തെ ഭയക്കേണ്ട
ഇരുട്ടിൽ ചരിക്കുന്ന ഭീകരമഹാമാരി
ഉച്ചയ്ക്കു വന്നീടുന്ന നാശത്തെ ഭയക്കേണ്ട
താവക പാർശ്വങ്ങളിൽ സഹസ്രം ജനതതി
മൃത്യുവെ പുൽകിക്കൊണ്ടു വീണിടും ധരണിയിൽ
വലത്തുവശത്തഹൊ പതിനായിരങ്ങളാം
അങ്ങേയ്ക്കൊരനർത്ഥവും സംഭവിക്കുകയില്ല.

ദുഷ്ടർക്കു ലഭിക്കുന്ന ന്യായമാം പ്രതിഫലം
താവക നയനങ്ങൾ കൊണ്ടഹൊ കണ്ടീടും താൻ
ദൈവമാം കർത്താവിങ്കൽ ആശ്രയമർപ്പിച്ചു നീ
ഉന്നതനായവനിൽ വാസം നീ ഉറപ്പിച്ചു
തിന്മകളൊന്നുപോലും നിനക്കു ഭവിക്കില്ല
അനർത്ഥം കൂടാരത്തിൻ ചാരത്തുവരികില്ല
താവകവഴികളിൽ പരിപാലിച്ചീടുവാൻ
ദൂതരോടുരചെയ്യും ചിന്മയനവിടുന്നു
താവക പാദം കല്ലിൽ തട്ടാതിരിക്കുവാൻ
കൈകളിൽ വഹിച്ചിടും ദൂതന്മാർ നിന്നെ നൂനം
ചവിട്ടി നടക്കും നീ സിംഹത്തിന്മേലും പിന്നെ
അണലിയുടെ മേലും ധീരതയോടെ തന്നെ
യുവകേസരിയെയും ചക്ഷുശ്രവണനെയും
ചവിട്ടിമെതിക്കും നീ നിർണ്ണയം നിർദ്ദയമായ്
സ്നേഹത്തിൽ എന്നോടവൻ ഒട്ടിനിൽപ്പതിനാലെ
അവനെ രക്ഷിക്കും ഞാൻ സത്യം ഞാനുരയ്ക്കുന്നു
മാമക നാമമവൻ അറിയുന്നതിനാലെ
അവനെ സംരക്ഷിക്കും പരിപാലിക്കും നൂനം
സാദരം എന്നെ അവൻ വിളിച്ചപേക്ഷിക്കുമ്പോൾ
ഉത്തരം സദയം ഞാൻ അരുളും ഇതു സത്യം.
അവന്റെ കഷ്ടതയിൽ, ആപത്തിൻകാലത്തിങ്കൽ
അവനോടൊപ്പം ചേർന്നു നിന്നിടും നിരന്തരം
അവനെ മോചിപ്പിക്കും, മഹത്വപ്പെടുത്തും ഞാൻ
അവനെ തൃപ്തനാക്കും ദീർഘായുസ്സേകി നൂനം
കാണിച്ചു കൊടുക്കും ഞാൻ മാമകരക്ഷാദുർഗ്ഗം.

## 92

അത്യുന്നതനായിടും കർത്താവെ അങ്ങേയ്ക്കു ഞാൻ
ഹൃദയംഗമമായ നന്ദിയർപ്പിക്കുന്നതും
അങ്ങുതൻ തിരുനാമത്തിനെന്നും സുന്ദരമായ്
സ്തുതി ആലപിപ്പതും എത്രയോ ശ്രേഷ്ഠം, ധന്യം
നിർണ്ണയം ദശതന്ത്രീനാദത്തോടു കൂടിയും
സുന്ദരതരമായി കിന്നരം, വീണ മീട്ടി
രാവിലെ അവിടുത്തെ ദിവ്യകാരുണ്യത്തെയും
രാത്രിയിൽ അവിടുത്തെ സത്യസന്ധതയെയും
ജഗന്നിവാസാ, ദേവാ, കരുണാമൂർത്തേ നാഥാ
നിത്യവും ഉൽഘോഷിപ്പതെത്രയൊ ഉചിതമാം

കർത്താവെ അങ്ങയുടെ പ്രവൃത്തി അഖിലവും
ദാസനാമെന്നെ സന്തോഷിപ്പിച്ചു അനുദിനം
അങ്ങുതൻ അതിശയപ്രവൃത്തി കണ്ടിട്ടഹം
ആനന്ദഗീതം ചെമ്മെ ആലപിക്കുന്നു മോദാൽ
കർത്താവെ അവിടുത്തെ പ്രവൃത്തി മഹനീയം
അങ്ങു തൻ മഹനീയ ചിന്തകളഗാധമാം
ബുദ്ധിഹീനനാം നരനജ്ഞാതം അവയെല്ലാം
ഭോഷനു മനസ്സിലാക്കീടുവാൻ കഴിയില്ല
ദുഷ്ടന്മാർ തൃണംപോലെ മുളച്ചു പൊങ്ങീടുന്നു
തിന്മചെയ്തീടും നരർ തഴച്ചുവളരുന്നു
എങ്കിലുമവർ നൂനം നശിക്കും നിത്യമായി
കർത്താവെ അങ്ങെന്നേക്കും ഉന്നതനായീടുന്നു
അങ്ങുതൻ ശത്രുസംഘം നിർണ്ണയം നശിച്ചീടും
ദുഷ്പ്രവൃത്തിക്കാർ നൂനം ചിതറിക്കപ്പെട്ടീടും
എങ്കിലും അവിടുന്നു നിർണ്ണയമെന്റെ കൊമ്പു
കാട്ടുപോത്തിന്റെ കൊമ്പുപോലെ നീ ഉയർത്തിയാൻ
കർത്താവെ അവിടുന്നു നവമാമൊരു തൈലം
വർദ്ധിച്ചസ്നേഹത്തോടെ എന്റെമേൽ ഒഴിച്ചു നീ
എന്നെ ആക്രമിക്കുന്ന ദുഷ്ടർതൻ ദുരന്തങ്ങൾ
സത്വരം ശ്രവിച്ചു ഞാൻ മാമക കർണ്ണങ്ങളിൽ
പനപോൽ തഴച്ചിടും നീതിജ്ഞകദംബകം
ലബനോൻ ദേവദാരു പോലവർ വളർന്നിടും
നട്ടിരിക്കുന്നവരെ കർത്താവിൻ ഭവനത്തിൽ
നമ്മുടെ ദൈവത്തിന്റെ അങ്കണങ്ങളിൽ നൂനം
തഴച്ചുവളരുന്നു നീതിജ്ഞകദംബകം
വാർദ്ധക്യകാലത്തിലും ഫലം തന്നീടുമവർ
പുഷ്ടിയാൽ ഇലചൂടി നിന്നിടും അവർ എന്നും
അവൻ നീതിജ്ഞനെന്നു പ്രഘോഷിച്ചീടുന്നവർ
അവിടുന്നാകുന്നു എൻ അഭയശിലയെന്നും
കർത്തനാമങ്ങിൽ നൂനം നീതികേടില്ല ലേശം.

## 93

കർത്താവു വാണീടുന്നു മഹിമ അണിയുന്നു
ശക്തിയാലവിടുന്നു അരയും മുറുക്കിയാൻ
ധരണീതലം സുസ്ഥാപിതമായിരിക്കുന്നു
അതിനങ്ങൽപം പോലും ഇളക്കം തട്ടുന്നില്ല
അങ്ങുതൻ സിംഹാസനം സുസ്ഥിരം പണ്ടുമുതൽ

അനാദികാലം മുതൽ ഉള്ളവനാകുന്നങ്ങ്
കർത്താവെ പ്രവാഹങ്ങൾ അവരോഹണം ചെയ്വൂ
ശബ്ദമങ്ങുയർത്തുന്നു നിത്യവും പ്രവാഹങ്ങൾ
ആർത്തിരമ്പീടുന്നഹോ ദിനവും പ്രവാഹങ്ങൾ
ആഴികളുയർത്തുന്ന ഗർജ്ജനങ്ങളെക്കാളും
മേൽക്കുമേലുയരുന്ന കല്ലോലങ്ങളെക്കാളും
ദൈവമാമവിടുന്നു ശക്തനാകുന്നു നൂനം
അങ്ങുതൻ കൽപനകൾ വിശ്വസിക്കാവുന്നതും
ലംഘിക്കാനാവാത്തതും ആകുന്നൂ ജഗന്മയാ
കർത്താവെ പരിശുദ്ധി ചിന്മയനങ്ങയുടെ
വസതിക്കെന്നന്നേക്കും അനുയോജ്യമാകുന്നു.

## 94

പ്രതികാരത്തിൻ ദൈവം ആയിടുമെൻ കർത്താവെ
പ്രതികാരത്തിൻ ദേവാ പ്രത്യക്ഷനാകേണമെ
ഭൂമിയെ വിധിപ്പോനെ എഴുന്നേറ്റിടേണമെ
അഹങ്കാരിക്കു യോഗ്യമായിടും ശിക്ഷ നൽക
കർത്താവെ ദുഷ്ടജനം എത്രനാൾ ഉയർന്നിടും
എത്രനാൾ ധരണിയിൽ അഹങ്കരിക്കുമവർ
ഗർവ്വിഷ്ടമായീടുന്ന വാക്കുകൾ ചൊരിയുന്നു
വമ്പു പറഞ്ഞീടുന്നു ദുഷ്പ്രവൃത്തിക്കാരവർ
കർത്താവെ അങ്ങയുടെ ജനത്തെ ഞെരിക്കുന്നു
പീഡിപ്പിക്കുന്നു നിന്റെ അവകാശത്തെ അവർ
വിധവ, വിദേശികൾ ഇവരെ വധിക്കുന്നു
ആലംബഹീനന്മാരെ നിർദ്ദയം വധിക്കുന്നു
കർത്താവ് യാതൊന്നുമെ കാണുന്നതില്ല നൂനം
യാക്കോബിൻ ദൈവം ഗ്രഹിക്കുന്നില്ലെന്നോതുന്നവൻ
പമ്പരവിഡ്ഢികളെ നിങ്ങൾ താനറിയുവിൻ
ഭോഷരെ നിങ്ങൾക്കെന്നു ചേതന ലഭിച്ചിടും
ചെവി നൽകിയ ദേവൻ ശ്രവിച്ചീടുകില്ലെന്നൊ?
കണ്ണുനൽകിയ ദേവൻ കാണുന്നില്ലെന്നൊ ചൊൽക
മാനവകദംബത്തെ ശിക്ഷിക്കും അനാദ്യനു
നിങ്ങളെ ശിക്ഷിക്കുവാൻ കഴിഞ്ഞീടുകയില്ലെന്നൊ?
ജഗത്തിൽ മുഴുവനും അറിവു പകരുന്ന
സർവ്വജ്ഞനാകുന്നോനു അറിവില്ലെന്നോ മൂഢാ
കർത്താവു മനുഷ്യർ തൻ ചിന്തകളറിയുന്നു
നിസ്സാരനാകും നരൻ കേവലമൊരു ശ്വാസം

കർത്താവെ അവിടുന്നു സത്വരം ശിക്ഷിക്കയും
നിയമം പഠിപ്പിക്കും മാനവൻ ഭാഗ്യവാനാം
ദുഷ്ടനാം മനുഷ്യനെ സത്വരം പിടികൂടാൻ
സന്തതം കുഴി കുഴിച്ചീടുന്ന കാലം വരെ
കഷ്ടകാലത്തിലങ്ങു ദാസനാമവന്നഹൊ
സദയം നൽകീടുന്നു വിശ്രമസുഖം നൂനം
കർത്താവ് തന്റെ പ്രിയജനത്തെ ത്യജിക്കില്ല
അവന്റെ അവകാശം ഉപേക്ഷിക്കില്ല നൂനം
വിധികൾ നൂനം വീണ്ടും നീതിപൂർവ്വകമാകും
പരമാർത്ഥികളതു മാനിക്കും നിരന്തരം
ആരെനിക്കായി ദുഷ്ടമാനസർക്കെതിരായി
എഴുന്നേറ്റീടും പിന്നെ എതിർത്തു നിൽക്കും ചൊൽക
അങ്ങുതൻ സഹായം താൻ കിട്ടില്ലായിരുന്നെങ്കിൽ
മാമക പ്രാണൻ പണ്ടെ മൗനവാസം ചെയ്തേനെ
ചരണം വഴുതുന്നു, എന്നു ഞാൻ ചിന്തിച്ചപ്പോൾ
കർത്താവെ അവിടുത്തെ കാരുണ്യം എന്നെ താങ്ങി.
മാമക ഹൃദയത്തിൽ ആതങ്കം വർദ്ധിക്കുമ്പോൾ
അങ്ങുതന്നാശ്വാസത്താൽ ഉന്മേഷം ലഭിക്കുന്നു
നിയമം വഴിയായി ദുരിതം സൃഷ്ടിക്കുന്ന
ഭരണകർത്താക്കൾക്കു സഖ്യം ചെയ്തീടാനാമൊ?
നീതിജ്ഞനാകുന്നോന്റെ ജീവനയ്ക്കെതിരായി
ദുഷ്ടമാനസസംഘം ഒത്തുചേർന്നീടുന്നഹൊ
തെറ്റുകൾ ചെയ്യാത്തോനെ വധിക്കാൻ വിധിക്കുന്നു
ശക്തികേന്ദ്രമാകുന്നു നിർണ്ണയം എന്റെ കർത്തൻ
മാമക ദൈവമെന്റെ അഭയശിലയത്രെ
അവർ തന്നകൃത്യങ്ങൾ ദൈവമാമവിടുന്നു
അവരിലേക്കു തന്നെ തിരിച്ചുവിടും നൂനം
അവർ തൻ ദുഷ്ടതയാൽ ദൈവമാം ന്യായാധിപൻ
അവരെ നിർമ്മാർജ്ജനം ചെയ്തിടും ഇതു സത്യം
അവരെ സംഹരിക്കും ദൈവമാം കർത്താവവൻ.

## 95

വരുവീൻ കർത്താവിനു സ്തോത്രമാലപിച്ചിടാം
നമ്മുടെ രക്ഷാശിലയായിടും കർത്താവിനു
സന്തോഷപൂർവ്വം പാടി പുകഴ്ത്താം നിരന്തരം
സ്തോത്രത്തോടവിടുത്തെ സന്നിധിയണഞ്ഞിടാം
ആനന്ദത്തോടെ സ്തുതിഗീതങ്ങൾ ആലപിക്കാം

നിർണ്ണയം കർത്താവവൻ ഉന്നതനാകും ദൈവം
സകല ദേവന്മാർക്കും ഉന്നതനാകും രാജൻ
ഭൂമിതന്നധോഭാഗം അങ്ങുതൻ കരങ്ങളിൽ
പർവ്വതശൃംഗങ്ങളും അങ്ങുതൻ സ്വന്തമല്ലൊ
സമുദ്രം അങ്ങയുടെ, അങ്ങല്ലൊ നിർമ്മിച്ചതു
വരണ്ട കരയെയും അങ്ങു താൻ മെനഞ്ഞഹൊ
വരുവീൻ നമുക്കിന്നു വണങ്ങി ആരാധിക്കാം
സ്രഷ്ടാവാം കർത്തൻ മുമ്പിൽ നമുക്കു മുട്ടുകുത്താം
എന്തെന്നാൽ അവിടുന്നു നമ്മുടെ ദൈവമത്രെ
നാമെല്ലാം അവിടുന്നു മേയ്ക്കുന്ന ജനതയും
കർത്തനാമവിടുന്നു പാലിക്കും അജഗണം
നിങ്ങളിന്നവിടുത്തെ നിസ്വനം ശ്രവിച്ചെങ്കിൽ
മെരീബാ വെള്ളത്തിങ്കൽ മരുവാം മസ്സാ തന്നിൽ
ചെയ്തതുപോലെ നിങ്ങൾ ഇനിമേലൊരിക്കലും
നിർണ്ണയം ജീവാധാരം കഠിനമാക്കീടൊല്ല
നിങ്ങൾ തൻ പിതാക്കന്മാർ പരീക്ഷിച്ചെന്നെയന്ന്
മാമക പ്രവൃത്തികൾ കണ്ടിട്ടും പരീക്ഷിച്ചു
നാൽപതു സംവത്സരം ആ തലമുറയോടു
എനിക്കങ്ങധികമായ് നീരസം തോന്നി സത്യം
നിത്യവും വഴിതെറ്റി പങ്കിലമായിട്ടുള്ള
ഹൃദയം വഹിക്കുന്ന പാപസന്തതിയത്രെ
മാമകവഴികളെ ആദരിക്കുന്നില്ലവർ
എന്നു ഞാൻ പറഞ്ഞഹൊ താപത്താലാതങ്കത്താൽ
അവരെൻ സ്വസ്ഥതയിൽ പ്രവേശിക്കില്ലെന്നഹൊ
കോപത്താൽ ശപഥം ഞാൻ ചെയ്തഹൊ അപ്പോൾത്തന്നെ.

## 96

കർത്തനായൊരു നവഗാനമാലപിക്കുവിൻ
ധരണി മുഴുവനും കർത്തനെ സ്തുതിക്കട്ടെ
കർത്തനെ അനുദിനം പാടിപ്പുകഴ്ത്തീടുവിൻ
തിരുനാമത്തെ എന്നും വാഴ്ത്തി സ്തുതിച്ചീടുവിൻ
ദിനവും അവിടുത്തെ രക്ഷയെ പ്രകീർത്തിപ്പിൻ
ജനതയ്ക്കിടയിലായ് മഹത്വം പ്രഘോഷിപ്പിൻ
ജാതികൾക്കിടയിലായ് കർത്തനാമവിടുത്തെ
അത്ഭുതപ്രവൃത്തികൾ ചിത്രമായ് വർണ്ണിക്കുവിൻ
എന്തെന്നാൽ അവിടുന്നു ഉന്നതനായീടുന്നു
അത്യന്തം സ്തുത്യർഹനും ആകുന്നു ഇതു സത്യം

സർവ്വദേവന്മാരെക്കാൾ ഭയപ്പെടുവാൻ യോഗ്യൻ
ജാതിതൻ ദേവന്മാരൊ വിഗ്രഹങ്ങൾ മാത്രമാം
കർത്താവു വിഹായസിൻ സ്രഷ്ടാവും പാലകനും
മഹത്വം തേജസ്സതും കർത്തന്റെ ചാരത്തുണ്ട്.
ബലവും സൗന്ദര്യവും വിശുദ്ധനിവാസത്തിൽ
ഘോഷിപ്പിൻ ജാതികളെ ഉൽഘോഷിക്കുവിൻ നിങ്ങൾ
മഹത്വം ശക്തിയതും ലോകാവസാനത്തോളം
കർത്തന്റേതാണെന്നിപ്പോൾ ഉദ്ഘോഷിക്കുവിൻ നിങ്ങൾ
കർത്താവിൻ നാമത്തിനു യോജിക്കുംവിധത്തിലായ്
കർത്തനെ അനുദിനം മഹത്വപ്പെടുത്തുവിൻ
നേർച്ചകാഴ്ച്ചകളുമായ് കർത്തന്റെ സവിധത്തിൽ
വിനയപുരസ്സരം പ്രവേശിക്കുവിൻ നിങ്ങൾ
വിശുദ്ധമാകും വസ്ത്രം ചെമ്മെയായ് ധരിച്ചിട്ടു
ദൈവമാം കർത്താവിനെ ആരാധിക്കുവിൻ നിങ്ങൾ
ധരണി മുഴുവനും കർത്തന്റെ തിരുമുമ്പിൽ
നിത്യവും വണങ്ങട്ടെ ഭയന്നുവിറയ്ക്കട്ടെ
ജനതയ്ക്കിടയിലായ് പ്രഘോഷിക്കുവിൻ നിങ്ങൾ
കർത്താവു വാണിടുന്നു, പാരിടം സുസ്ഥാപിതം
ജഗത്തിനൊരിക്കലും ഇളക്കം തട്ടുകില്ല
ദൈവമാമവിടുന്നു ജനതകളെയെല്ലാം
നീതിപൂർവ്വകമായി വിധിക്കും ഇതു സത്യം
ആഹ്ലാദിക്കട്ടെ വാനം ഭൂമി ആനന്ദിക്കട്ടെ
ആർപ്പുവിളിച്ചീടട്ടെ സമുദ്രം മുഴുവനും
ആഹ്ലാദിക്കട്ടെ വയൽ അതിലുള്ളതൊക്കെയും
നിർണ്ണയമപ്പോൾ ദൈവമായിടും കർത്താവിന്റെ
ചാരത്തു വനവൃക്ഷം ആനന്ദഗീതം പാടും
എന്തെന്നാൽ വന്നീടുന്നു കർത്തനാമവിടുന്നു
ഭൂമിയെ വിധിക്കുവാൻ വരുന്നു അവിടുന്നു
കർത്തനാമവിടുന്നു ലോകത്തെ നീതിയോടും
ജനതകളെ സത്യത്തോടെയും വിധിച്ചിടും.

## 97

കർത്താവ് വാണീടുന്നു ഭൂമി സന്തോഷിക്കട്ടെ
ദ്വീപസമൂഹങ്ങളും ആനന്ദിക്കട്ടെ നിത്യം
മേഘവും തമസതും അവന്റെ ചുറ്റുമുണ്ട്
നീതിന്യായങ്ങളെല്ലാം കർത്തന്റെ അടിസ്ഥാനം
പാവകൻ അവിടുത്തെ മുമ്പായി നീങ്ങീടുന്നു

ദഹിപ്പിക്കുന്നു അങ്ങ് വൈരികൾ സർവ്വരെയും
അങ്ങുതൻ മിന്നൽപ്പിണർ പാരിനെ മുഴുവനും
ഉജ്വലജ്യോതിസ്സാലെ കുളിപ്പിക്കുന്നു നൂനം
ഭൂമിയും അതിലുള്ളതൊക്കെയും അതു കണ്ടു
ഭയസംഭ്രമമായി വിറകൊള്ളുന്നു നിത്യം
കർത്താവിൻ തിരുമുമ്പിൽ ഭൂമിനാഥന്റെ മുമ്പിൽ
പർവ്വതം മെഴുകുപോലുരുകി ഒഴുകുന്നു
ആകാശം അവിടുത്തെ നീതിയെ പ്രഘോഷിപ്പൂ
ജനത അവിടുത്തെ മഹത്വം ദർശിക്കുന്നു.
വ്യർത്ഥമാം ബിംബങ്ങളിൽ സന്തോഷം കൊണ്ടീടുന്ന
മൂർത്തിയെ ഭജിപ്പവർ ലജ്ജിതരായിത്തീർന്നു.
സകലദേവന്മാരും കർത്തന്റെ തിരുമുമ്പിൽ
വിനയപുരസ്സരം കുമ്പിട്ടു വണങ്ങുന്നു.
ഇതൊക്കെ ശ്രവിച്ചിട്ടു സന്തോഷിക്കുന്നു സീയോൻ
യൂദപുത്രന്മാരിതാ തുഷ്ടിയാൽ ആനന്ദിപ്പൂ
ദൈവമെ അവിടുത്തെ ന്യായമാംവിധിയതിൽ
മാനവകദംബകം നിത്യവും ആനന്ദിപ്പൂ
കർത്താവെ അവിടുന്നു ഭൂമിനാഥനാകുന്നു
സകല സുരരിലും അധിപൻ അവിടുന്ന്
തിന്മയെ ദ്വേഷിപ്പോനെ കർത്താവു സ്നേഹിക്കുന്നു
അവന്റെ ഭക്തന്മാർ തൻ ജീവനെ പാലിക്കുന്നു
ദുഷ്ടർതൻ കയ്യിൽ നിന്നും അവരെ മോചിക്കുന്നു
ശിഷ്ടന്മാരുടെ മേലായ് വെളിച്ചം ഉദിച്ചല്ലൊ
നിർമ്മലഹൃദയർക്കു സന്തോഷം ഉദിച്ചല്ലൊ
നീതിമാന്മാരെ നിങ്ങൾ കർത്തനിൽ ആനന്ദിപ്പിൻ
ദൈവമാം കർത്താവിന്റെ വിശുദ്ധനാമത്തിനു
ഹൃദയംഗമമായ നന്ദിയർപ്പിച്ചീടുവിൻ.

## 98

കർത്താവിനൊരു നവകീർത്തനമാലപിപ്പീൻ
അത്ഭുതപ്രവൃത്തികൾ ചെയ്തു താനവിടുന്നു
കർത്തന്റെ കരങ്ങളും നിർമ്മല ഭുജങ്ങളും
നേടിയിരിക്കുന്നിതാ മഹത്വമാർന്ന ജയം
കർത്താവു തന്റെ ജയം വിളംബരം ചെയ്തഹൊ
വെളിപ്പെടുത്തി നീതി ജാതികൾ മുമ്പിലവൻ
ഇസ്രായേൽ ഭവനത്തോടെപ്പോഴും ഉള്ളതായ
കരുണ, വിശ്വസ്തത അനുസ്മരിച്ചു അവൻ

ഭൂമിതന്നതിർത്തികൾ നമ്മുടെ ദൈവത്തിന്റെ
മഹത്വമാർന്ന ജയം ചിത്രമായ് ദർശിച്ചഹൊ
ധരണി മുഴുവനും ദൈവമാം കർത്താവിനു
ആനന്ദഗാനസുധ ചൊരിഞ്ഞീടട്ടെ നിത്യം
ആഹ്ലാദത്തോടെ ഉച്ചശബ്ദത്തോടവിടുത്തെ
സ്തുതിപ്പിൻ നിരന്തരം, സ്തുതിച്ചു പാടീടുവിൻ
കിന്നരം സംഘം ചേർന്നു മീട്ടുവിൻ കർത്താവിനു
സ്തുതികൾ നിരന്തരം ആലപിക്കുവിൻ നിങ്ങൾ
വാദ്യഘോഷങ്ങളോടെ കർത്തനെ പുകഴ്ത്തുവിൻ
കൊമ്പുകാഹളങ്ങളും മുഴക്കി രാജാവായ
കർത്തൃസന്നിധിയിങ്കൽ സാനന്ദം ആർപ്പിടുവീൻ
സിന്ധുവും അതിലുള്ള സമസ്ത വസ്തുക്കളും
ഭൂമിയും അതിലുള്ള മാനവകദംബവും
ഉച്ചത്തിൽ അവരുടെ സ്വരമങ്ങുയർത്തട്ടെ
ജലപ്രവാഹം കരഘോഷവും മുഴക്കട്ടെ
കർത്താവിൻ തിരുമുമ്പിൽ ഗിരികളൊരുമിച്ച്
ആനന്ദഗാനാമൃതം ചൊരിഞ്ഞീടട്ടെ നിത്യം
ഭൂമിയെ വിധിക്കുവാൻ വരുന്നു അവിടുന്നു
കർത്തനാമവിടുന്നു ലോകത്തെ നീതിയോടും
ജാതിയെ ന്യായത്തോടും വിധിക്കും ഇതു സത്യം.

## 99

കർത്താവ് വാണീടുന്നു ജാതികൾ വിറയ്ക്കട്ടെ
സിംഹാസനസ്ഥനായി കെരൂബുകളിന്മേലായ്
ധരണി കുലുങ്ങട്ടെ സീയോനിൻ ഉന്നതനാം
സർവ്വ ജാതിയിന്മേലും ഉന്നതനവിടുന്ന്
കർത്തന്റെ മഹത്തായ ഭീതിജനകമായ
തിരുനാമത്തെ അവർ നിത്യവും സ്തുതിക്കട്ടെ
ദൈവമാം കർത്താവവൻ പരിശുദ്ധനാകുന്നു
ശക്തനാം നരപതി, നീതിയെ സ്നേഹിപ്പോനെ
സുസ്ഥാപിതമാക്കിയാൻ ന്യായത്തെ അവിടുന്നു
യാക്കോബിൽ അവിടുന്നു ന്യായവും നടത്തിയാൻ
ദൈവമാം കർത്താവിനെ നിത്യവും പുകഴ്ത്തുവിൻ
പാദപീഠത്തിൽ നിങ്ങൾ പ്രണമിക്കുവിൻ ചെമ്മെ
ചിന്മയനവിടുന്നു പരിശുദ്ധനാകുന്നു
മോശയും അഹറോനും അങ്ങുതൻ പുരോഹിതർ
അങ്ങുതൻ തിരുനാമം വിളിച്ചപേക്ഷിച്ചോരിൽ

ശ്രേഷ്ഠപുത്രനാം സമുവേലും ഉൾപ്പെട്ടീടുന്നു
അവർതാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചഹൊ
അവിടുന്നവർക്കെല്ലാം ഉത്തരമരുളിയാൻ
മേഘസ്തംഭത്തിൽ നിന്നും കർത്തൻ സംസാരിച്ചഹൊ
കർത്തന്റെ കൽപനകൾ ചട്ടങ്ങൾ പാലിച്ചവർ
ഞങ്ങൾ തൻ ദൈവമായ കർത്താവെ രക്ഷിതാവെ
അവിടുന്നവർക്കഹൊ ഉത്തരമരുളിയാൻ
അവിടുന്നവർക്കെന്നും ക്ഷമിക്കും ദൈവമത്രെ
തെറ്റുകൾക്കെല്ലാം നല്ല ശിക്ഷകൾ നൽകുന്നോനും
ദൈവമാം കർത്താവിനെ മഹത്വപ്പെടുത്തുവിൻ
അങ്ങുതൻ വിശുദ്ധമാം പർവ്വതം തന്നിൽ നിന്നും
സത്യമാമാരാധന നടത്തീൻ സഹജരെ
നമ്മുടെ ദൈവമായ കർത്താവു പരിശുദ്ധൻ.

## 100

ഭൂതലം മുഴുവനും കർത്താവിൻ തിരുമുമ്പിൽ
ആനന്ദഗീതാമൃതം നിത്യവും ചൊരിയട്ടെ
ശുശ്രൂഷ ചെയ്തീടുവിൻ കർത്തനു തുഷ്ടിയോടെ
ശുദ്ധസംഗീതത്തോടെ സന്നിധി അണയുവീൻ
കർത്താവ് ദൈവമെന്നു നിർണ്ണയമറിയുവിൻ
കർത്തനാകുന്നു നമ്മെ ഈവിധം സൃഷ്ടിച്ചതു
നമ്മളെന്നെന്നും നൂനം കർത്തന്റെ സമ്പത്തല്ലൊ
നാമെല്ലാം അവിടുത്തെ ജനവും, അവിടുന്നു
മേയിച്ചു പാലിച്ചിടും ആട്ടിൻകൂട്ടവുമല്ലൊ
നന്ദിതൻ ഗീതത്തോടെ വാതിലു കടക്കുവീൻ
സ്തുതികൾ നിരന്തരം ആലപിച്ചവിടുത്തെ
വിശിഷ്ടാങ്കണത്തിങ്കൽ ധീരരായ് പ്രവേശിപ്പിൻ
സ്തുത്യനാം കർത്താവിനു നന്ദി പറഞ്ഞീടുവിൻ
അവന്റെ തിരുനാമം വാഴ്ത്തുവിൻ നിരന്തരം
ദൈവമാമവിടുന്നു നല്ലവൻ തന്നെ നൂനം
കർത്തനാം അവിടുത്തെ കാരുണ്യം ശാശ്വതമാം
അങ്ങുതൻ വിശ്വസ്തത തലമുറകളോളം
ഉറപ്പായ്, സ്ഥിരമായി നിലനിന്നീടും നൂനം.

## 101

നീതിയെ കരുണയെ കുറിച്ചു പാടീടും ഞാൻ
കർത്താവെ ഞാനങ്ങേയ്ക്കു കീർത്തനം ആലപിക്കും
നിർമ്മല മാർഗ്ഗമതിൽ ചരിക്കാൻ ശ്രദ്ധവയ്ക്കും
എപ്പോഴാണവിടുന്നെൻ ചാരത്തു വന്നീടുക
പരമാർത്ഥതയുള്ള ഹൃദയത്തോടെ എന്റെ
ഭവനം തന്നിലഹം വ്യാപരിച്ചീടും നിത്യം
നീചമായൊന്നിലും ഞാൻ കണ്ണു വച്ചീടുകില്ല
പിഴച്ച മനുഷ്യർ തൻ പ്രവൃത്തി വെറുക്കുന്നു
അതിന്റെ പിടിയിൽ ഞാൻ അകപ്പെടുകില്ലഹൊ
സ്പർശിച്ചീടുകില്ലെന്നെ ഹൃദയ വക്രതകൾ
തിന്മയതൊന്നുപോലും അറിഞ്ഞീടുകില്ല ഞാൻ
അയൽവാസിയാം നരന്നെതിരായ് പച്ചക്കള്ളം
പറയും ദുഷ്ടനെ ഞാൻ നിർണ്ണയം നശിപ്പിക്കും;
അഹങ്കാരിയെ, പിന്നെ ഗർവ്വിയാം മനുഷ്യനെ
പൊറുപ്പിക്കുകയില്ല നിർണ്ണയമൊരിക്കലും
മാമക ദേശത്തുള്ള നിർമ്മല മനസ്കരെ
പ്രീതിയാൽ സന്തോഷത്താൽ വീക്ഷിക്കും നിരന്തരം
നിർണ്ണയം എന്നോടൊത്തു വസിക്കും എക്കാലവും
നിർമ്മലമാർഗ്ഗം തന്നിൽ ചരിക്കും നരൻ നൂനം
എന്റെ സേവകനായി വേലചെയ്തീടും നീണാൾ
വഞ്ചന ചെയ്തീടുന്ന യാതൊരു മനുഷ്യനും
മാമക ഭവനത്തിൽ വസിപ്പാൻ കഴികില്ല
ഏഷണി പറയുന്ന യാതൊരു മനുഷ്യനും
മാമക സന്നിധിയിൽ തുടരാനാകില്ലഹൊ
മാമക ദേശത്തുള്ള ദുഷ്ടമാനസന്മാരെ
രാവിലെതോറും അഹം നിഗ്രഹിച്ചീടും നൂനം
കർത്താവിൻ നഗരത്തിൽ നിന്നും ഞാൻ പൂർണ്ണമായി
ദുഷ്ടമാനസന്മാരെ ഉന്മൂലനാശം ചെയ്യും.

## 102

പ്രാർത്ഥന കേൾക്കേണമെ, മാമക കർത്താവെ നീ
അങ്ങുതൻ സന്നിധിയിൽ എത്തട്ടെൻ നിലവിളി
മാമക കഷ്ടദിനം തന്നിലങ്ങെന്നിൽ നിന്നും
താവക മുഖം മറച്ചീടല്ലെ ദയവായി
അവിടുന്നെനിക്കായി ശ്രവണം നൽകേണമെ

ഞാൻ വിളിക്കുമ്പോൾ നാഥാ ഉത്തരമരുളണെ
മാമക ദിനങ്ങൾ ഹാ പുകപോൽ പോയീടുന്നു
എരിയുന്നെന്നസ്ഥികൾ തീക്കൊള്ളിപോലെ തന്നെ
മാമക ഹൃദന്തം ഹാ പുല്ലുപോൽ വാടീടുന്നു
ഭക്ഷണം കഴിക്കുവാൻ മറന്നുപോകുന്നഹം
കരഞ്ഞു കരഞ്ഞു ഞാൻ അസ്ഥിപഞ്ചരമായി
മരുഭൂമിയിൽ വാഴും വേഴാമ്പൽ പോലായി ഞാൻ
വിജനപ്രദേശത്തെ മൂങ്ങപോൽ മരുവുന്നു
ഉറക്കം വരാതെ ഞാൻ കിടപ്പൂ കിടക്കയിൽ
പുരയ്ക്കു മുകളിലായ് തനിച്ചങ്ങിരിക്കുന്നു.
പക്ഷിയെപ്പോലെതന്നെ ഏകാകിയായിപ്പോയി
എന്റെ ശത്രുക്കൾ എന്നെ നിന്ദിപ്പൂ നിരന്തരം
എന്റെ വൈരികൾ എന്നെ പേർചൊല്ലി ശപിക്കുന്നു
ചാമ്പലെന്നാഹാരമായ്, പാനപാത്രത്തിൽ കണ്ണീർ
അങ്ങുതൻ രോഷം, ക്രോധം എന്നിവകൊണ്ടുതന്നെ
നിർദ്ദയമവിടുന്നു എറിഞ്ഞുകളഞ്ഞെന്നെ
സായാഹ്നത്തിലെ നിഴൽ പോലെന്റെ ദിനങ്ങൾ ഹാ
കടന്നുപോയീടുന്നു നിഷ്പ്രയോജനമായി
വയലിൽ വളരുന്ന പുല്ലുപോൽ ഞാനിന്നിതാ
നിത്യവും വാടിവാടി കരിഞ്ഞു പോയീടുന്നു
അവിടുന്നെന്നന്നേക്കും സിംഹാസനസ്ഥനല്ലോ
അങ്ങുതൻ തിരുനാമം നാളെന്നും നിലനിൽക്കും
അവിടുന്നെഴുന്നേറ്റു സീയോനോടെന്നുമെന്നും
കരുണ കാണിച്ചിടും, കൃപയെ ചൊരിഞ്ഞിടും
നിർണ്ണയം അവളോടും കൃപകാണിച്ചിടേണ്ട
നിശ്ചയിക്കപ്പെട്ടൊരു സമയം വന്നു ചേർന്നു
അങ്ങുതൻ ദാസേയർക്കു അവൾ തൻ കല്ലുകളോ
സ്വീകാര്യം മാത്രമല്ല, പ്രിയപ്പെട്ടവയത്രെ.
അവർക്കൊ അവളുടെ പാദരേണുക്കളോടും
അലിവും ദയവതും തോന്നുന്നു ഇതു സത്യം
ജനത കർത്താവിന്റെ നാമത്തെ ഭയപ്പെടും
അങ്ങുതൻ മഹത്വത്തെ രാജാക്കൾ ഭയപ്പെടും
ദൈവമാം യഹോവ താൻ സീയോനെ പണിതിടും
അങ്ങുതൻ മഹത്വത്തിൽ പ്രത്യക്ഷനാകും നൂനം
ദരിദ്രജനതതൻ പ്രാർത്ഥന ശ്രവിച്ചിടും
അവർ തൻ യാചനകൾ നിരസിക്കയുമില്ല
വരുവാനിരിക്കുന്ന തലമുറകൾക്കായി

ഇനിയും ഇതുവരെ ജനിച്ചിട്ടില്ലാത്തവർ
അങ്ങയെ സ്തുതിപ്പാനായ് എഴുതിവച്ചീടുന്നു
തടവുപുള്ളികൾ തൻ ഞരക്കം ശ്രവിപ്പാനും
മരണശിക്ഷക്കാരെ സ്വതന്ത്രരാക്കീടാനും
അങ്ങുതാൻ അവിടുത്തെ നിർമ്മല വസതിയിൽ
നിന്നും ഹാ ദയവായി താഴേക്കു വീക്ഷിച്ചഹൊ
നഭസിൽ നിന്നുമവൻ നോക്കിയാൻ ധരണിയിൽ
ജനത രാജ്യങ്ങളും ഒന്നായി ചേർന്നിട്ടഹൊ
ദൈവമാം കർത്താവിനെ നിത്യമാരാധിക്കുമ്പോൾ
സീയോനിൽ കർത്താവിന്റെ നാമവും ജേർസലേമിൽ
അങ്ങുതൻ സ്തുതിയതും ഘോഷിക്കപ്പെടാൻ തന്നെ
ആയുസിൻ മദ്ധ്യത്തിലായ് ശക്തിനീ തകർത്തെന്റെ
മാമക ദിനങ്ങൾ നീ നിർദ്ദയം ചുരുക്കിയാൻ
നീണ്ടവത്സരങ്ങൾക്കു അറുതിയില്ലാത്തോനെ
ആയുസിൻ മദ്ധ്യത്തിൽ വച്ചെന്നെ നീ എടുക്കല്ലെ
ധരണിക്കടിസ്ഥാനം ഇട്ടു പണ്ടവിടുന്നു
വിഹായസവിടുത്തെ കരവേലയുമത്രെ
അവയൊ നശിച്ചീടും, അങ്ങഹൊ നിലനിൽക്കും
അവകൾ വസ്ത്രംപോലെ പഴകിപ്പോകും നൂനം
ഉടുപ്പുമാറുംപോലെ അവയെ മാറ്റീടും നീ
സത്വരം അവയെല്ലാം കടന്നുപോകും നൂനം
ദൈവമാമങ്ങേയ്ക്കഹൊ മാറ്റമില്ലൊരിക്കലും
അങ്ങുതൻ വർഷങ്ങൾക്കു അന്ത്യമില്ലൊരിക്കലും
അങ്ങുതൻ ദാസേയർ തൻ നന്ദനർ ഇതു സത്യം
നിത്യവും സുരക്ഷിതരായിത്താൻ വസിച്ചിടും
സന്തതിപരമ്പര ചാരത്തു നിലനിൽക്കും.

## 103

മാമകാത്മാവെ നിത്യം കർത്തനെ വാഴ്ത്തീടുക
അന്തരംഗമെ കർത്തൃനാമത്തെ പുകഴ്ത്തുക
മാമക മാനസമെ കർത്തനെ വാഴ്ത്തീടുക
അവന്റെ അനുഗ്രഹം മറക്കൊല്ലൊന്നുപോലും
താവക അകൃത്യങ്ങൾ രക്ഷകൻ ക്ഷമിക്കുന്നു
രോഗങ്ങളഖിലവും സുഖപ്പെടുത്തീടുന്നു
ചിന്മയനവിടുന്നു തവജീവനെ നൂനം
സദയം രക്ഷിക്കുന്നു നാശകൂപത്തിൽ നിന്നും
സ്നേഹവും കരുണയും കൊണ്ടവൻ സ്നേഹമൂർത്തി

താവക ശിരസിന്മേൽ മകുടമണിയിപ്പൂ
തവയൗവ്വനം നൂനം കഴുകന്റേതുപോലെ
പുതുക്കപ്പെട്ടീടുവാൻ തവജീവിതകാലം
മുഴുവൻ നിന്നെയേറ്റം സംതൃപ്തനാക്കീടുന്നു
പീഡിതരെല്ലാവർക്കും ന്യായം പാലിക്കുന്നവൻ
തന്നുടെ വഴികളെ മോശയാം നബിയെയും
പ്രവൃത്തികളെ യിസ്രായേലിനേമറിയിച്ചാൻ
നമ്മുടെ ദൈവം ആർദ്രഹൃദയൻ കാരുണ്യവാൻ
നിർണ്ണയം ക്ഷമാശീലൻ സ്നേഹമൂർത്തിയുമത്രെ.
അവിടുന്നെല്ലായ്പോഴും ശാസിച്ചീടുകയില്ല
അവന്റെ കോപം നീണാൾ നിലനിൽക്കയുമില്ല
നമ്മൾ ചെയ്തീടും പാപപ്രവൃത്തിക്കൊത്തപോലെ
നിർണ്ണയമവിടുന്നു നമ്മളെ ശിക്ഷിക്കില്ല
നമ്മുടെ അകൃത്യങ്ങൾക്കൊത്തപോലൊരിക്കലും
നമ്മളോടവൻ നൂനം പകരം ചെയ്യുന്നില്ല
ഭൂമിക്കു മീതെയായി ഉയർന്നങ്ങിരിക്കുന്ന
ഗഗനത്തോളം തന്നെ ഉന്നതമായീടുന്നു
തന്നുടെ ഭക്തരോടു ഭക്തവത്സലൻ നാഥൻ
കാട്ടിടും കാരുണ്യവും സംശയലേശമില്ല
കിഴക്കും പടിഞ്ഞാറും തമ്മിലുള്ളകലത്തിൽ
നമ്മുടെ പാപങ്ങളെ അകറ്റി നിർത്തിയവൻ
താതനു സുതരോടു എന്നപോൽ കർത്താവിനു
ഭക്തരോടതിരറ്റ അലിവുണ്ടായീടുന്നു
എന്തിൽനിന്നാകുന്നൂ ഹേ നമ്മളെ മെനഞ്ഞത്
സർവ്വവും അവിടുന്നു ചെമ്മെയായറിയുന്നു
മാനവൻ വെറുമൊരു ധൂളിമാത്രമാണെന്നും
ജഗന്നിവാസൻ നാഥൻ സത്വരം ഓർമ്മിക്കുന്നു
മാനവ ജീവിതമൊ പുല്ലുപോൽ നിസ്സാരമാം
വയലിൽ കുസുമംപോൽ രമ്യമായ് വിരിയുന്നു
കാറ്റടിച്ചീടും നേരം വീഴുന്നൂ ധരണിയിൽ
നിന്നിരുന്നിടംപോലും അതിനെ ഓർക്കുന്നില്ല
കർത്താവിൻ ദയാവായ്പ് അവന്റെ ഭക്തന്മാരിൽ
ആചന്ദ്രതാരം തന്നെ നിലനിന്നീടും നൂനം
കർത്തന്റെ നീതി തലമുറയായ് നിലനിൽക്കും
അവന്റെ ഉടമ്പടി പാലിക്കും ജനതയ്ക്കും
കൽപന പാലിച്ചിടും മാനവജാതിക്കും താൻ
ദൈവമാം കർത്താവഹൊ അവന്റെ സിംഹാസനം

നഭസിൽ യഥായോഗ്യം സ്ഥാപിച്ചങ്ങിരിക്കുന്നു
ഏവരും അവിടുത്തെ രാജകീയമായതാം
അധികാരത്തിൻകീഴിൽ ആകുന്നൂ നിനയ്ക്കുകിൽ
കർത്താവിൻ വചനങ്ങൾ സശ്രദ്ധം ശ്രവിക്കയും
അവന്റെ കൽപനകൾ നിത്യവും പാലിക്കയും
ചെയ്തിടും ശക്തരായ നിർമ്മല ദൂതന്മാരെ
കർത്തനാമവിടുത്തെ വാഴ്ത്തുവീൻ നിരന്തരം
കർത്താവിൻഹിതം മുറ്റും ചെമ്മെയായ് നിറവേറ്റും
ദാസർതൻ വ്യൂഹങ്ങളെ അവനെ സ്തുതിക്കുവീൻ
അവന്റെ അധികാരസീമയിൽപെട്ടവരെ
കർത്തനെ അനുദിനം സ്തുതിച്ചു പാടീടുവിൻ
എന്റെ ആത്മാവെ നിത്യം കർത്തനെ സ്തുതിക്കുക.

## 104

എന്റെ ആത്മാവെ നിത്യം കർത്തനെ വാഴ്ത്തീടുക
എന്റെ കർത്താവെ എന്റെ ദൈവമെ നീ ഉന്നതൻ
നീ ധരിച്ചിരിക്കുന്നു മഹത്വം തേജസതും
വസ്ത്രമെന്നപോലങ്ങു തേജസു ധരിച്ചഹൊ
കൂടാരമെന്നപോലെ വാനത്തെ വിരിച്ചു നീ
അങ്ങുതൻ ഗൃഹത്തിന്റെ ദീർഘമാം തുലാങ്ങളെ
ഇന്നിതാ ജലത്തിന്മേൽ ഉറപ്പിച്ചിരിക്കുന്നു
വാനിലെ മേഘങ്ങളെ സന്തതം രഥമാക്കി
തെന്നലിൻ ചിറകതിൽ സഞ്ചരിച്ചീടുന്നങ്ങ്
കാറ്റിനെ ദൂതരായും അഗ്നിജ്വാലകളെയും
നിർണ്ണയമഗ്നിയെയും അവൻ സേവകരാക്കി
അങ്ങുതാൻ ധരണിയെ അതിന്റെ ബലിഷ്ഠമാം
അടിസ്ഥാനത്തിൻ മേലെ ചെമ്മെയായുറപ്പിച്ചു
നിർണ്ണയം ഒരിക്കലും ഇളകീടുകില്ലഹൊ
അംബരം കൊണ്ടെന്നപോൽ ആഴിയാലവിടുന്ന്
ധരണീതലത്തിനെ ചെമ്മെയായ് പുതപ്പിച്ചു
ഗിരികൾക്കെല്ലാം മീതെ ജലവും നിന്നു നൂനം
കർത്തനുച്ഛ്വസിക്കുമ്പോൾ ഓടിയകന്നീടുന്നു
അങ്ങിടിമുഴക്കുമ്പോൾ അപ്രത്യക്ഷമാകുന്നു
അങ്ങുതാൻ നിർദ്ദേശിച്ച കാമ്യമാമിടങ്ങളിൽ
ഗിരികൾ സദാ പൊങ്ങി താഴ്വര താണും നിൽപൂ
പുഷ്കരം ധരണിയെ മറയ്ക്കാതിരിക്കുവാൻ
ലംഘിക്കാനാവാത്തതാം സീമ നീ നിശ്ചയിച്ചു

താഴ്‌വരകളിലേക്കു ഒഴുക്കുന്നുറവയെ
മലകൾക്കിടയിലൂടൊഴുക്കുന്നവ നൂനം
കാനനമൃഗങ്ങളും കുടിക്കുന്നതിൽ നിന്നും
കാട്ടിലെ കഴുതകൾ പൈദാഹം തീർത്തീടുന്നു
വാനിലെ പറവകൾ തീരത്തു വസിക്കുന്നു
മരത്തിൻകൊമ്പിലിരുന്നുറക്കെ പാടീടുന്നു
അവിടുന്നുന്നതമാം തന്റെ മന്ദിരം തന്നിൽ
നിന്നഹൊ മലകളെ ചെമ്മെയായ് നനയ്ക്കുന്നു
കർത്തന്റെ പ്രവൃത്തിതൻ ഫലങ്ങൾ ഭുജിച്ചഹൊ
സംതൃപ്തിയടയുന്നു നാം വസിച്ചീടും ഭൂമി
സർവ്വശക്തനാം ദൈവം കന്നുകാലികൾക്കായി
പുല്ലുകൾ യഥാകാലം, മുളപ്പിക്കുന്നൂ ഭാഗ്യാൽ
നരനു ധരണിയിൽ ഭക്ഷണം ലഭിച്ചീടാൻ
കൃഷിക്കു വേണ്ട സസ്യം മുളപ്പിച്ചീടുന്നവൻ
മനുഷ്യഹൃദയത്തെ രമിപ്പിച്ചീടാൻ വീഞ്ഞും
മുഖംമിനുക്കാനെണ്ണ, ശക്തിക്കു ഭക്ഷണവും
ഭക്തവത്സലൻ നാഥൻ നിത്യവും നൽകീടുന്നു
കർത്തനാമവിടുന്നു നട്ടുപിടിപ്പിച്ചതാം
ലബനോനിലെ ദിവ്യദേവദാരുക്കൾക്കെന്നും
വളരെ സമൃദ്ധമായ് കമലം ലഭിക്കുന്നു
അവയിൽ പക്ഷിജാലം കൂടുകൾ കൂട്ടീടുന്നു
ദേവദാരുവിലിതാ കൊക്കുകൾ ചേക്കേറുന്നു
ഉന്നതപർവ്വതങ്ങൾ കാട്ടിലെ ആടുകൾക്കും
പാറകൾ കുഴിമുയലുകൾക്കും സങ്കേതമാം
ഋതുക്കൾ നിർണ്ണയിക്കാൻ ചന്ദ്രനെ നിർമ്മിച്ചവൻ
തന്നുടെ അസ്തമയം സൂര്യൻ ഹാ അറിയുന്നു
ഇരുട്ടു വരുത്തുന്നു രാത്രിയാക്കീടുന്നവൻ
വന്യജീവികളെപ്പോൾ പുറത്തേക്കിറങ്ങുന്നു
യുവസിംഹങ്ങളിപ്പോൾ ഇരയ്ക്കായലറുന്നു
ദൈവത്തോടവയെല്ലാം ഇര ചോദിച്ചീടുന്നു
സൂര്യനുദിക്കും നേരം അവകൾ മടങ്ങിപ്പോയ്
ഗുഹകളോരോന്നിലായ് സന്തതം കിടക്കുന്നു.
നിർണ്ണയമപ്പോൾ നരൻ വേലയ്ക്കായിറങ്ങുന്നു
സന്ധ്യമയങ്ങും വരെ അദ്ധ്വാനിച്ചീടുന്നവർ
കർത്താവെ അങ്ങയുടെ സൃഷ്ടികൾ എത്രമാത്രം
വൈവിദ്ധ്യപൂർണ്ണമായി പരിലസിച്ചീടുന്നു
ജ്ഞാനത്താൽ അവിടുന്നു അവയെ നിർമ്മിച്ചു താൻ

ധരണി അവിടുത്തെ സൃഷ്ടിയാൽ നിറഞ്ഞഹൊ
നോക്കുവീൻ വിസ്തൃതമാം വിശാലസമുദ്രം താൻ
ചെറുതും വലുതുമാം അസംഖ്യം ജീവിയാലെ
പെരിയസമുദ്രം താൻ നിറഞ്ഞുകവിഞ്ഞിതാ
സിന്ധുവിൽക്കൂടി കപ്പൽ നിർവിഘ്നമൊഴുകുന്നു
ദൈവമെ അവിടുന്നു സൃഷ്ടിച്ച ലിവിയാഥാൻ
നിർണ്ണയം അവയിലായ് സന്തതം വിഹരിപ്പൂ
ഭക്ഷ്യവസ്തുക്കൾ യഥാസമയം ലഭിക്കുവാൻ
അവകൾ നിരന്തരം അങ്ങയെ നോക്കീടുന്നു
ദൈവമെ അവിടുന്നു സദയം നൽകീടുമ്പോൾ
അവകൾ ഭക്ഷിച്ചഹൊ സംതൃപ്തരായീടുന്നു
കൈതുറന്നവിടുന്നു കൊടുക്കും ദശാന്തരെ
അവയെ നന്മകളാൽ തൃപ്തി കൈവരിക്കുന്നു
അവിടുന്നവിടുത്തെ വദനം മറയ്ക്കുമ്പോൾ
അവകൾ വിറയാർന്നു പരിഭ്രാന്തരാകുന്നു
അവതൻ ശ്വാസം അങ്ങു പിൻവലിച്ചീടും നേരം
അവകൾ മൃതിപൂണ്ടു മണ്ണിലേക്കണയുന്നു
കർത്തൻ താൻ ജീവശ്വാസം അയയ്ക്കും ദശാന്തരെ
അവകൾ ധരണിയിൽ സൃഷ്ടിക്കപ്പെട്ടീടുന്നു
ഭൂമുഖം അവിടുന്നു പുതുതാക്കുന്നു ചെമ്മെ
നിന്റെ മഹത്വമതു നിലനിൽക്കട്ടെ നീണാൾ
കർത്തൻ തൻ സൃഷ്ടികളിൽ ആനന്ദിക്കട്ടെ എന്നും
അങ്ങൊന്നു നോക്കീടുമ്പോൾ ഭൂതലം വിറയ്ക്കുന്നു
അങ്ങൊന്നു സ്പർശിക്കുമ്പോൾ ഗിരികൾ പുകയുന്നു
എന്റെ ജീവിതകാലം മുഴുവൻ ഇതു സത്യം
കർത്തനു കീർത്തനം ഞാൻ പാടിടും നിരന്തരം
മാമക ആയുഷ്കാലം അത്രയും ഇതു സത്യം
എന്റെ ദൈവത്തെ പാടിസ്തുതിക്കും നിരന്തരം
എന്റെ ഈ സങ്കീർത്തന രത്നാകരമങ്ങേയ്ക്കു
നിർണ്ണയം നിത്യം പ്രീതികരമായ് തീർന്നീടട്ടെ.
പാപിയാമീയുള്ളവൻ കർത്താവിൽ ആനന്ദിപ്പൂ
പാപികൾ പാരിൽ നിന്നും മറഞ്ഞു പോയീടട്ടെ
ദുഷ്ടന്മാർ ധരണിയിൽ ഇല്ലാതെ ആയീടട്ടെ
എന്റെ ആത്മാവെ നിത്യം കർത്തനെ വാഴ്ത്തീടുക.

# 105

കർത്തനു കൃതജ്ഞത അർപ്പിപ്പിൻ നിരന്തരം
അവന്റെ നാമം നിത്യം വിളിച്ചപേക്ഷിക്കുവിൻ
അവന്റെ പ്രവൃത്തികൾ മാനവർക്കിടയിലായ്
കാഹളനാദത്തോടെ നിത്യവുമുൽഘോഷിപ്പിൻ
അവനു സ്തുതിഗീതമാലപിക്കുവിൻ നിങ്ങൾ
അവന്റെ അത്ഭുതങ്ങൾ നിത്യവും വർണ്ണിക്കുവിൻ
അങ്ങുതൻ വിശുദ്ധമാം തിരുനാമത്തിലെന്നും
കൊള്ളുവീൻ അഭിമാനം, പ്രിയരാം സഹജരെ
ദൈവമാം കർത്താവിനെ തേടിടും നരരുടെ
ഹൃദയം ചിരകാലം ആഹ്ലാദം കൊണ്ടീടട്ടെ
കർത്താവിനെയും പിന്നെ അവന്റെ ബലത്തെയും
സത്യസന്ധതയോടെ അന്വേഷിക്കുവിൻ നിങ്ങൾ
തേടുവിൻ നിരന്തരം അവന്റെ സാന്നിദ്ധ്യവും
കർത്തനാമവിടുന്നു ധരയിൽ ചെയ്തതായ
വിസ്മയാവഹങ്ങളാം പ്രവൃത്തി ഓർത്തീടുവീൻ
അങ്ങുതന്നത്ഭുതങ്ങൾ ന്യായവിധിയും തന്നെ
കർത്തന്റെ ദാസേയനാം അബ്രഹാം പിതാവിന്റെ
സന്തതികളെ നിങ്ങൾ സശ്രദ്ധം ശ്രവിക്കുവിൻ
തെരഞ്ഞെടുക്കപ്പെട്ട യാക്കോബിൻ സുതന്മാരെ
സൂക്ഷ്മമായ് ചിന്തിക്കുവിൻ, ഓർമ്മിച്ചിടുവിൻ നിങ്ങൾ
നമ്മുടെ ദൈവമായ കർത്താവാണവിടുന്ന്
അവന്റെ ന്യായവിധി സർവർക്കും ബാധകമാം
അങ്ങുതന്നുടമ്പടി നാളെന്നും സ്മരിച്ചിടും
അവന്റെ വാഗ്ദാനങ്ങൾ നിത്യവും ഓർമ്മിച്ചിടും
അബ്രഹാം പിതാവോടു ചെയ്തതാം ഉടമ്പടി
യിസഹാക്കിനോടവൻ ചെയ്ത സത്യവും തന്നെ
അവിടുന്നതു പിന്നെ യാക്കോബിനൊരു ചട്ടം
ഇസ്രയേലിനോ ഒരു ശാശ്വത ഉടമ്പടി
അവിടുന്നുരചെയ്തു നിനക്കു നിശ്ചയിച്ച
ഓഹരിയായിട്ടു ഞാൻ കാനാവിൻദേശം നൽകും
അന്നവർ യഥാർത്ഥത്തിൽ എണ്ണത്തിൽ കുറഞ്ഞോരും
നിസ്സാരൻ പരദേശി എന്നിവ ആയിരുന്നു
ജനതയ്ക്കിടയിലും രാജ്യങ്ങൾക്കിടയിലും
അലഞ്ഞു നടന്നവർ ലക്ഷ്യങ്ങളില്ലാതഹൊ
അവരെ പീഡിപ്പിക്കാൻ ദൈവമാമവിടുന്നു

സമ്മതം നൽകിയില്ല, കേവലമൊരുത്തനും
അവരെപ്രതി നൂനം ചിന്മയനവിടുന്നു
പാർത്ഥിവ വീരന്മാരെ നിർദ്ദയം ശാസിച്ചഹൊ
എന്റെ അഭിഷിക്തരെ തൊട്ടുപോകല്ലെ നിങ്ങൾ
എൻപ്രവാചകന്മാരെ ഉപദ്രവിച്ചീടൊല്ല
ചിന്മയൻ, നിഷ്കളനാമവിടുന്നാജ്ഞാപിച്ചു
അവിടുന്നത്രെ നാട്ടിൽ പട്ടിണി വരുത്തിയാൻ
അപ്പമാകുന്ന താങ്ങു തകർത്തുകളഞ്ഞവൻ
അവർക്കു മുമ്പായിട്ടു അയച്ചു ഒരുവനെ
അടിമയായിട്ടു താൻ ജോസഫാം നാമാവിനെ
അവന്റെ ചരണങ്ങൾ മുറിഞ്ഞു വിലങ്ങിനാൽ
ഇരുമ്പിൻ ചങ്ങലയാൽ മുറുക്കി ഗളം തന്നിൽ
അവന്റെ പ്രവചനം സംഭവിച്ചീടുവോളം
കർത്തൃവചനം ചെമ്മെ അവനെ പരീക്ഷിച്ചു
രാജദൂതന്മാർ ചെന്നു അവനെ വിടുവിച്ചു
ഭവനനാഥനായി സമ്പത്തിന്റുടമയായ്
രാജരാജേന്ദ്രൻ തന്നെ അവനെ നിയമിച്ചു
തന്നുടെ പ്രഭുക്കൾക്കു ശിക്ഷണം നൽകീടാനും
തന്നുടെ ശ്രേഷ്ഠന്മാർക്കു ബോധനം നൽകീടാനും
ജഗന്നിവാസൻ നാഥൻ കരുണാകരൻ നാഥൻ
അവർ തൻ രക്ഷയ്ക്കായി അവനെ നിയോഗിച്ചു
ഈജിപ്തിലേക്കു വന്നു ഇസ്രയേലപ്പോൾത്തന്നെ
ഹാമിന്റെ ദേശം തന്നിൽ യാക്കോബു ചെന്നു പാർത്തു
ദൈവം തൻ ജനതയെ വളരെ വർദ്ധിപ്പിച്ചു
വൈരികളേക്കാളേറെ ശക്തിയുള്ളവരാക്കി
തന്നുടെ ജനങ്ങളെ നിത്യവും വെറുക്കാനും
തന്റെ ദാസന്മാരോടു കൗശലം കാണിപ്പാനും
ദൈവമാമവിടുന്നു അവരെ പ്രേരിപ്പിച്ചു
ദാസനാം മോശയേയും താൻ തെരഞ്ഞെടുത്തതാം
അഹറോനെത്തന്നെയും അവനങ്ങയച്ചഹൊ
അവർതാൻ അവരുടെ ഇടയിൽ അങ്ങയുടെ
അടയാളങ്ങൾ ഹാമിൻദേശത്തെ അത്ഭുതങ്ങൾ
ചിന്മയൻ, നിരാകരൻ, നിഷ്കളൻ, നിരാമയൻ
സർവ്വദേവാധിദേവൻ ഇങ്ങനെ പ്രവർത്തിച്ചു
അവിടുന്നന്ധകാരം നിർലോഭമായച്ചഹൊ
നാടിനെ മുഴുവനും അന്ധകാരത്തിലാക്കി
അവർ താൻ എതിർത്തഹൊ അങ്ങുതൻ വചനത്തെ

അവർതൻ ജലമെല്ലാം ശോണിതമാക്കി നൂനം
സംഖ്യയില്ലാത്തവണ്ണം മത്സ്യങ്ങൾ ചത്തൊടുങ്ങി
അവർതൻ ദേശം തന്നിൽ തവളനിറഞ്ഞഹൊ
മഴയ്ക്കു പകരമായ് കൽമഴ കൊടുത്തവൻ
അവർതൻ നാട്ടിലെല്ലാം മിന്നലുണ്ടായി പാരം
മുന്തിരിത്തോട്ടങ്ങളും അത്തിയും തകർത്തഹൊ
നാട്ടിലെ വൃക്ഷങ്ങൾ ഹാ മുഴുവൻ നശിപ്പിച്ചു
അങ്ങു താൻ കൽപിച്ചപ്പോൾ വെട്ടുക്കിളികൾ വന്നു
സംഖ്യകൾക്കതീതമായ് അവകൾ വന്നുചേർന്നു
അവർതൻ ദേശത്തിലെ സകല സസ്യങ്ങളും
സകല വിളകളും തിന്നവയൊടുക്കിയാൻ
അവർതൻ ദേശത്തിലെ കടിഞ്ഞൂലിനെയെല്ലാം
മികച്ച പൗരുഷത്തിൻ ആദ്യഫലങ്ങളെല്ലാം
കരുണ ലവലേശം ഇല്ലാതെ സംഹരിച്ചു
തദനന്തരം ഇസ്രായേലിനെ സ്വർണ്ണത്തോടും
നിർണ്ണയം വെള്ളിയോടും കൂടിത്താൻ മോചിപ്പിച്ചു
അവന്റെ ഗോത്രങ്ങളിൽ യാതൊരു മനുജനും
പേടിച്ചു വിറച്ചില്ല, കാലിടറിയുമില്ല
അവർ പോയപ്പോൾ ഈഗുപ്തായരും സന്തോഷിച്ചു
അവരോടുള്ള ഭയം അവർമേൽ വീണു നൂനം
അവർക്കു തണലിനായ് മേഘത്തെ വിരിച്ചവൻ
ശർവ്വരി തന്നിൽ ജ്യോതി ലഭിപ്പാൻ ഉടയവൻ
ഉജ്ജ്വലപ്രഭയേകും അഗ്നിയെ ജ്വലിപ്പിച്ചു.
അവർ ചോദിച്ചനേരം കാടപ്പക്ഷിയെ നൽകി
അവർക്കായാകാശത്തുനിന്നും സമൃദ്ധമായി
മന്നയാം പൂവം ചെമ്മെ മാരിപോൽ വർഷിച്ചവൻ
പാറയെ തുറന്നിട്ടു കമലം ഒഴുക്കിയാൻ
പാറയിൽ നിന്നും ചെമ്മെ പുറപ്പെട്ടതാം ജലം
മരുഭൂമിയിലൂടെ നദിപോൽ പ്രവഹിച്ചു
എന്തെന്നാൽ അവിടുന്ന് തന്റെ വാഗ്ദാനത്തെയും
തന്റെ ദാസനായിടും അബ്രഹാമിനേം ഓർത്തു
കർത്തനാമവിടുന്നു തന്നുടെ ജനതയെ
സന്തോഷത്തോടെ നല്ല ഉല്ലാസത്തോടെ തന്നെ
താൻ തെരഞ്ഞെടുത്തതാം മാനവകദംബത്തെ
ഗാനാലാപനത്താലെ മുന്നോട്ടു നയിച്ചവൻ
ദൈവമാമവിടുന്നു മാനവ ജനത തൻ
ദേശങ്ങൾ അഖിലവും അവർക്കു നൽകി ചെമ്മെ

മാനവകദംബത്തിൻ അദ്ധ്വാനത്തിന്റെ ഫലം
നിർഭയം നിരങ്കുശം അവർ കയ്യടക്കിയാർ
അവർതൻ ചട്ടങ്ങളെ ആദരിച്ചീടുവാനും
തന്നുടെ നിയമത്തെ നിത്യവും പാലിപ്പാനും
ദൈവമാം കർത്താവിനെ നിത്യവും സ്തുതിക്കുവിൻ.

## 106

കർത്തനെ സ്തുതിക്കുവിൻ, നന്ദി പറഞ്ഞീടുവീൻ
അവൻ താനല്ലൊ മമ രക്ഷയും അഭയവും
നിർണ്ണയമവിടുന്നു നല്ലവനായീടുന്നു
അവന്റെ ദയാവായ്പ് നിലനിൽക്കുന്നു എന്നും
അവന്റെ അത്ഭുതങ്ങൾ ആരഹൊ വർണ്ണിച്ചീടും
അവന്റെ അപദാനം ആരഹൊ കീർത്തിച്ചീടും
നിയമം പാലിക്കയും നീതി പ്രവർത്തിക്കയും
ചെയ്യുന്ന നരരെല്ലാം ഭാഗ്യവാന്മാർ തന്നല്ലൊ
കർത്താവെ അവിടുന്നു നരവർഗ്ഗത്തോടെല്ലാം
കരുണ കാണിക്കുമ്പോൾ എന്നെയും ഓർക്കേണമെ
അവരെ അവിടുന്നു സ്വതന്ത്രരാക്കീടുമ്പോൾ
എന്നെ നീ സഹായിക്ക താവക കരുണയാൽ
അങ്ങുതൻ തെരഞ്ഞെടുത്തുള്ളതാം നരരുടെ
ഐശ്വര്യം കണ്ടീടുവാൻ ഇടയാകട്ടെയെന്നും
അങ്ങുതൻ ജനത്തിന്റെ വർദ്ധിച്ച സന്തോഷത്തിൽ
പാപിയാമീയുള്ളവൻ പങ്കുചേരട്ടെ മോദാൽ
അങ്ങുതൻ ഉന്നതമാം അവകാശത്തോടൊപ്പം
പാപിയാമീയുള്ളവൻ അഭിമാനിച്ചീടട്ടെ
ഞങ്ങളും ഞങ്ങളുടെ താതർ തൻ സമൂഹവും
നിത്യവും നിരവധി പാപങ്ങൾ ചെയ്തുകൂട്ടി
നീതിക്കു വിരോധമായ് ഞങ്ങൾ ഹാ പ്രവർത്തിച്ചു
ദുഷ്ടതയോടെ ഞങ്ങൾ നിത്യവും പെരുമാറി
ഞങ്ങൾ തൻ പിതാക്കന്മാർ ഈജിപ്തിൽ വസിക്കുമ്പോൾ
അത്ഭുതങ്ങളെയൊട്ടും കാര്യമാക്കിയതില്ല
കരുണാസിന്ധുവാകും അങ്ങുതൻ കാരുണ്യത്തെ
പാപികൾ ഞങ്ങളൊട്ടും അനുസ്മരിച്ചതില്ല
ചെങ്കടൽ തീരംതന്നിൽ അങ്ങുതൻ സന്താനങ്ങൾ
കർത്തനങ്ങെതിരായി നിത്യവും മത്സരിച്ചു
എന്നിട്ടും അവിടുന്നു അങ്ങുതൻ മഹാശക്തി
വെളിപ്പെടുത്താൻവേണ്ടി തന്റെ നാമത്തെപ്രതി

അവരെ രക്ഷിച്ചു നീ, ശാസിച്ചു കടലിനെ
വറ്റിവരണ്ടു കടൽ, നിമിഷനേരം കൊണ്ടും
അവരെ അവിടുന്നു മരുഭൂവിലെന്നപോൽ
സത്വരം നടത്തി നീ ആഴിയിലൂടെത്തന്നെ
വൈരിതൻ കൈയിൽ നിന്നും അവരെ രക്ഷിച്ചു നീ
വീണ്ടെടുത്തവരെ നീ രുപുക്കൾ തന്നിൽ നിന്നും
അവർ തൻ ശത്രുക്കളെ സലിലം മുക്കിത്താഴ്ത്തി
അവരിലൊരാൾ പോലും അവശേഷിച്ചില്ലഹൊ
അങ്ങുതൻ വചനങ്ങൾ വിശ്വസിച്ചവർ നൂനം
സത്വരം അങ്ങേയ്ക്കവർ സ്തുതിഗീതങ്ങൾ പാടി.
എങ്കിലും അവിടുത്തെ പ്രവൃത്തി മറന്നവർ
അങ്ങുതൻ ഉപദേശം തേടിയുമില്ല അവർ
മരുഭൂമിയിൽ വച്ചു ആസക്തി വർദ്ധിച്ചവർ
വിജനപ്രദേശത്തു ദൈവത്തെ പരീക്ഷിച്ചു
അവർ ചോദിച്ചതെല്ലാം സദയം കൊടുത്തവൻ
എങ്കിലും മാരകമാംരോഗത്തെ അയച്ചവൻ
മാനവകദംബകം പാളയം തന്നിൽ വച്ചു
മോശയിൽ, അഹറോനിൽ അസൂയാലുക്കളായി
ധരണി പിളർന്നിട്ടു ദാഥാനെ വിഴുങ്ങിയാൻ
അബീറാം കദംബത്തെ മൂടിക്കളഞ്ഞു വേഗം
അവർ തൻ സമൂഹത്തിൽ അഗ്നിബാധകളുണ്ടായ്
നിർദ്ദയം ദഹിപ്പിച്ചു ദുഷ്ടരെ അഗ്നിജ്വാല
ഹോറബിൽ വച്ചു അവർ കാളക്കുട്ടിയെ തീർത്തു
ആരാധിച്ചവർ കഷ്ടം, വാർത്തതാം വിഗ്രഹത്തെ
കർത്തനു നൽകേണ്ടതാം മഹത്വം അവരപ്പോൾ
കാള തൻ ബിംബത്തിനു നൽകിയാർ നിരന്തരം
ഈജിപ്തിൽ വൻ കാര്യങ്ങൾ ചെയ്തതാം രക്ഷകനെ
അവർ തൻ ദൈവത്തിനെ നിർദ്ദയം മറന്നവർ
ഹാമിന്റെ ദേശം തന്നിൽ അത്ഭുതപ്രവൃത്തികൾ
ചെമന്ന കടലിലെ ഭീകരകാര്യങ്ങളും
സന്തതം പ്രവർത്തിച്ച ചിന്മയസ്വരൂപനെ
പാപികൾ ഇസ്രായേല്യർ സത്വരം വിസ്മരിച്ചു
നിർണ്ണയം പാപികളെ വിസ്മരിച്ചീടുമെന്നു
സർവ്വശക്തനാം ഈശൻ സത്വരം അരുളിയാൻ
എങ്കിലും അവിടുന്നു തെരഞ്ഞെടുത്തതായ
മോശയൊ ജനത്തിനു മറയായ് മരുവിയാൻ
കർത്തന്റെ മുമ്പിൽ നിന്നും തടഞ്ഞില്ലെങ്കിൽ നൂനം

അവന്റെ ക്രോധം തന്നിൽ അവരും നശിച്ചേനെ
സുന്ദരമാകും ദേശം അവരൊ നിരസിച്ചു
കർത്തന്റെ വാഗ്ദാനങ്ങൾ വിശ്വസിച്ചില്ല അവർ
അവരൊ തങ്ങളുടെ കൂടാരങ്ങളിൽ ചെമ്മെ
ഇരുന്നു പിറുപിറുത്തിരുന്നു ദിനംതോറും
കർത്തന്റെ കൽപനകൾ പാലിച്ചതില്ല അവർ
അവരെ മരുഭൂവിൽ നിർദ്ദയം വീഴ്ത്തുമെന്നും
അവർതൻ സന്തതിയെ ചിതറിച്ചീടുമെന്നും
ജഗന്നിവാസൻ താതൻ, ചിന്മയരൂപൻ നാഥൻ
കരങ്ങൾ പൊക്കിക്കൊണ്ടു ശപഥം ചെയ്തു മുദാ.
പാപികൾ പെയോരിലെ ബാലിന്റെ ശിഷ്യരായി
നിർജ്ജീവ ദേവന്മാർക്കു ഭക്തന്മാരർപ്പിച്ചതാം
ബലിവസ്തുക്കളെല്ലാം ഭക്ഷിച്ചു സംതൃപ്തരായ്
പാപികളവരുടെ പാപത്തെ വർദ്ധിപ്പിച്ചു
അവരൊ തങ്ങളുടെ ദുഷ്പ്രവൃത്തികൾ കൊണ്ടു
കർത്തന്റെ കോപം നൂനം വളരെ ജ്വലിപ്പിച്ചു
പാപികളവരുടെ ഇടയിലൊരു മഹാ-
മാരിയും പടർന്നങ്ങു പിടിച്ചു ദിനംതോറും
ഫിനെഹാസിടപെട്ടു മാരിയും നിലച്ചു താൻ
നീതിമാനായിട്ടവൻ കരുതപ്പെട്ടു നൂനം
മെരീബാ ജലരാശി തന്നുടെ ചാരത്തായി
കർത്തനാമവിടുത്തെ അവരും കോപിപ്പിച്ചു
അവർതൻ പാപംമൂലം മോശയ്ക്കും ദോഷമുണ്ടായ്
പാപികളവരയ്യൊ അവന്റെ മനസ്സിനു
വേദനയുളവാക്കി വിടുവാക്കുരച്ചഹൊ
കർത്താവു കൽപിച്ചപോൽ മാനവകദംബത്തെ
നിർണ്ണയം അവരൊട്ടു നശിപ്പിച്ചതുമില്ല
അവരോടെപ്പോഴുമങ്ങിഴുകി ചേർന്നിട്ടഹൊ
അവർതൻ ആചാരങ്ങൾ മുഴുവൻ ശീലിച്ചഹോ
അവർതൻ ബിംബങ്ങളെ നിർണ്ണയം സേവിച്ചവർ
വിഗ്രവസേവ നൂനം അവർക്കു കെണിയായി
അവരെ തങ്ങളുടെ സന്താനങ്ങളെയെല്ലാം
ഭൂതങ്ങൾ, പിശാചുക്കൾ എന്നിവർക്കർപ്പിച്ചഹൊ
അവർ താൻ നിഷ്കളങ്ക ശോണിതം ചൊരിഞ്ഞഹൊ
കനാനിൽ ബിംബങ്ങൾ തൻ മുമ്പിലായർപ്പിച്ചതാം
ബാലികാബാലന്മാർ തൻ രുധിരം തന്നെ നൂനം
രക്തത്താൽ മലിനമായ് അവർതൻ ജന്മദേശം

അവരൊ തങ്ങളുടെ ദുഷ്പ്രവൃത്തികളാലെ
നിർണ്ണയം അശുദ്ധരായ് തീർന്നു ഹാ ദിനംതോറും
ദുഷ്പ്രവൃത്തികളാലെ പാപികളാകും നരർ
കർത്തനോടെന്നുമവർ അവിശ്വസ്തത കാട്ടി.
ജനത്തിന്നെതിരായി ജ്വലിച്ചു ദൈവകോപം
വെറുത്തു തന്റെ അവകാശത്തെ അവിടുന്ന്
അവടുന്നേൽപിച്ചഹൊ അവരെ ഉടനടി
മാനവകദംബത്തിൻ കരത്തിൽ തന്നെ നൂനം
ശത്രുസമൂഹം തന്നെ അവരെ ഭരിച്ചു താൻ
അവർതൻ വിരോധികൾ അവരെ ഞെരുക്കിയാർ
അധികാരത്തിൻകീഴിൽ അമർന്നു അവർ വീണ്ടും
അവരെ മോചിപ്പിച്ചു ചിന്മയൻ പലവട്ടം
എങ്കിലും മനപ്പൂർവ്വം അവനെ ധിക്കരിച്ചു
അവർതാൻ ചെയ്തിട്ടുള്ള പാപകർമ്മങ്ങളാലെ
നിർണ്ണയം അവരഹൊ അധപ്പതിച്ചു നിത്യം
എന്നിട്ടും അവരുടെ കരച്ചിൽ ശ്രവിച്ചിട്ടു
ചിന്മയൻ അവരുടെ കഷ്ടത ഗൗനിച്ചഹൊ
അവിടുന്നവർക്കായി ഓർമ്മിച്ചു ഉടമ്പടി
കാരുണ്യാതിരേകത്താൽ മനസ്സും അലിഞ്ഞഹൊ
അവരെ തടവതിൽ ആക്കിയ നരന്മാർക്കു
ദയവു തോന്നീടുവാൻ അവിടുന്നിടയാക്കി.
ഞങ്ങൾ തൻ ദൈവമായ കർത്തനെ രക്ഷിക്കണെ
ഒന്നിച്ചു കൂട്ടേണമെ ഞങ്ങളെ ധരണിയിൽ
അങ്ങുതൻ പരിശുദ്ധ നാമധേയത്തിനെന്നും
നന്ദിയർപ്പിച്ചീടാനും ദൈവമാം കർത്താവിനെ
നിത്യവും സ്തുതിപ്പതിനഭിമാനം കൊള്ളാനും
പാപികൾ ഞങ്ങൾക്കഹൊ ഇടയാക്കേണം നാഥാ
ഇസ്രായേലിന്റെ ദൈവം ആകുന്ന കർത്താവെന്നും
വാഴ്ത്തപ്പെട്ടീടട്ടഹൊ സ്തുതിക്കപ്പെട്ടീടട്ടെ
മാനവർ ആമേൻ ചൊല്ലി കർത്തനെ സ്തുതിക്കുക.

## 107

കർത്തനു കൃതജ്ഞത ചൊല്ലുവിൻ നിരന്തരം
മറ്റു ദേവന്മാരെക്കാൾ നല്ലവൻ അവനല്ലൊ
അവന്റെ ദയാവായ്പു നാളെന്നും നിലനിൽക്കും
രക്ഷിക്കപ്പെട്ട ജനം ഈവിധം ചൊന്നീടട്ടെ
കഷ്ടത തന്നിൽ നിന്നും അവരെ രക്ഷിച്ചവൻ

പൂർവ്വദേശത്തു നിന്നും പശ്ചിമദിക്കിൽ നിന്നും
ഉത്തരദിക്കിൽ നിന്നും ദക്ഷിണദിക്കിൽ നിന്നും
ദൈവമാമവിടുന്നു അവരെ ഒന്നിച്ചാക്കി
വസിപ്പാൻ യോഗ്യമായ നഗരം തന്നിലേക്കു
സരണി കണ്ടെത്താതെ മാനവർ ചിലരെല്ലാം
ദുർബ്ബലമാനസരായ് ക്ഷീണിതഗാത്രരായി
മരുഭൂമിയിൽക്കൂടി അലഞ്ഞുനടന്നഹൊ
വിശപ്പാൽ ദാഹത്താലെ വളരെ വലഞ്ഞവർ
ദുരവസ്ഥയിലവർ കർത്തനെ വിളിച്ചഹൊ
കഷ്ടത തന്നിൽ നിന്നും അവരെ രക്ഷിച്ചവൻ
വാസയോഗ്യമായിടും നഗരാതിർത്തി തന്നിൽ
എത്തിടുംനേരം വരെ നേർവഴി നയിച്ചവൻ
അവന്റെ അനന്തമാം കാരുണ്യശീലത്തെയും
നരർക്കായവൻ ചെയ്ത അത്ഭുതത്തെയുംപ്രതി
മാനവസമുദായം കർത്തനാം ദൈവത്തിനു
നന്ദിയും സ്തോത്രങ്ങളും ചൊല്ലട്ടെ നിരന്തരം
ദാഹിക്കും മനുഷ്യനു സംതൃപ്തി നൽകീടുന്നു
വിശപ്പാൽ വലയുന്ന നരനു വിശിഷ്ടമാം
വിഭവം നൽകിക്കൊണ്ടു ജഗന്നിവാസൻ താതൻ
മാനവർക്കെല്ലാമവൻ ഉളവാക്കുന്നു തൃപ്തി
പീഢിതർ, ബന്ധിതന്മാർ ഭീകരതമസിലും
മൃത്യുവിൻനിഴലിലും സന്തതം ഇരുന്നഹൊ
ദൈവത്തിൻ വചനങ്ങൾ ധിക്കരിച്ചവർ നൂനം
അവന്റെ പ്രബോധനം നിരസിച്ചവരെന്നും
അടിമപ്പണി ചെയ്തു മാനസം തകർന്നഹൊ
ധരയിൽ വീണു അവർ, രക്ഷിപ്പാനൊരാളില്ല
ദുരവസ്ഥയിലവർ കർത്തനോടപേക്ഷിച്ചു
ഞെരുക്കങ്ങളിൽ നിന്നും അവരെ രക്ഷിച്ചവൻ
ഭീകരമായിടുമാം അന്ധകാരത്തിൽ നിന്നും
മൃത്യുവിൻ പൈശാചിക നിഴലിൽ നിന്നും വേഗം
കർത്തനാമവിടുന്നു ദുഃഖിതർ മനുഷ്യരെ
സന്തോഷം നൽകീടുവാൻ പുറത്തു കൊണ്ടുവന്നു
അവർ തൻ ഗാത്രത്തിലെ ബന്ധനം മുഴുവനും
സർവ്വശക്തനാമങ്ങു പൊട്ടിച്ചെറിഞ്ഞു വേഗം
കർത്തന്റെ അചഞ്ചലമാകുന്ന സ്നേഹത്തെയും
നരർക്കായങ്ങുചെയ്ത അത്ഭുതങ്ങളെപ്രതി
ദൈവമാം കർത്താവിനു മാനവരഖിലവും

ഹൃദയംഗമമായി നന്ദി ഉരച്ചീടട്ടെ
പിച്ചളവാതിലുകൾ തകർക്കുന്നവിടുന്നു
ഒടിക്കുന്നവനിതാ ഇരുമ്പോടാമ്പൽകളും
പാപത്തിൻ സരണിയിൽ പിന്തുടർന്നീടും ചിലർ
നിത്യരോഗികളായി തീരുന്നൂ ദിനംതോറും
അവർ തൻ ദുഷിച്ചതാം പ്രവൃത്തികളാൽത്തന്നെ
ദുരിതത്തിലായിതാ തീരുന്നൂ ദിനംപ്രതി
അശനം അഖിലവും നിർണ്ണയം വെറുത്തവർ
മൃത്യുകവാടങ്ങളെ സന്തതം സമീപിച്ചു
ദുരവസ്ഥയിലവർ കർത്തനോടപേക്ഷിച്ചു
ഞെരുക്കങ്ങളിൽ നിന്നും സത്വരം രക്ഷിച്ചവൻ
വചനം അയച്ചങ്ങു അവരെ സൗഖ്യമാക്കി
നിർണ്ണയം വിനാശത്തിൽ നിന്നും നീ വിടുവിച്ചു
കർത്താവിന്നവിടുത്തെ അനുകമ്പയെപ്രതി
നരർക്കായ് ചെയ്തിട്ടുള്ള അത്ഭുതങ്ങളെപ്രതി
മാനവർ അവനായി ഹൃദയംഗമമായി
നന്ദി പറഞ്ഞീടട്ടെ സ്തുതിയും കരേറ്റട്ടെ
നന്ദി തൻ ബലിയവർ നിത്യവും അർപ്പിക്കട്ടെ
ആനന്ദഗീതാമൃതം നിത്യവും പാടിപ്പാടി
ജഗന്നിവാസൻ തന്റെ പ്രവൃത്തികളെയെല്ലാം
നിത്യവും പ്രകീർത്തിക്കാൻ ഇടയായീടട്ടഹൊ
സമുദ്രം വഴിയായി വ്യാപാരം ചെയ്തീടുവാൻ
കപ്പലുകളിൽ ചെമ്മെ പുറപ്പെട്ടിതു ചിലർ
ചിന്മയനാകും കർത്തൻ ആഴിയിൽ പ്രവർത്തിച്ച
അത്ഭുതപ്രവൃത്തികൾ സന്തതം കണ്ടു അവർ
ചിന്മയൻ കൽപിച്ചപ്പോൾ വീശിയാൻ കൊടുങ്കാറ്റ്
മലപോൽ കല്ലോലങ്ങൾ ഉയർന്നു സമുദ്രത്തിൽ
അംബരത്തോളം തന്നെ ഉയർന്നു പൊങ്ങിവേഗം
വീണ്ടും ഹാ സമുദ്രത്തിൽ ആഴത്തിൽ പതിച്ചവ
സിന്ധുവിൽ നടന്നതാം സംഭവം കണ്ടനേരം
ധീരത അഖിലവും മഞ്ഞുപോലുരുകിപ്പോയ്
ഉന്മത്തന്മാരെപ്പോലെ ആടിയങ്ങുലഞ്ഞവർ
മദ്യപന്മാരെപ്പോലെ വിറച്ചുനടന്നവർ
അവരൊ അറിഞ്ഞില്ല എന്തുചെയ്യേണമെന്നു
ദുരവസ്ഥയിലവർ കർത്തനോടപേക്ഷിച്ചു
ഞെരുക്കങ്ങളിൽ നിന്നും ചിന്മയൻ വിടുവിച്ചു
കൊടുങ്കാറ്റിനെ അവൻ സത്വരം ശാന്തമാക്കി

തിരമാലകളെല്ലാം ശമിച്ചു നിമിഷത്തിൽ
ശാന്തത വന്നതിനാൽ അവരും സന്തോഷിച്ചു
അവരെ അവിടുന്നു ലക്ഷ്യത്തിലെത്തിച്ചഹൊ
കർത്താവിന്നവിടുത്തെ ദയാവായ്പിനെപ്രതി
അവൻ താൻ ചെയ്തിട്ടുള്ള അത്ഭുതങ്ങളെപ്രതി
മാനവർ അഖിലവും ഹൃദയംഗമമായി
ദൈവമാം കർത്താവിനു നന്ദിയും ചൊന്നീടട്ടെ
മഹത്വപ്പെടുത്തട്ടെ കർത്തനെ സഭ തന്നിൽ
ശ്രേഷ്ഠർ തൻ സഭ തന്നിൽ അവനെ കീർത്തിക്കട്ടെ
കർത്തനാമവിടുന്നു നദിയെ മരുവായും
നീരോടും നിലങ്ങളെ വരണ്ട നിലമാക്കും
ഫലപുഷ്ടിയുള്ളതാം ഭൂമിയെ അവിടുന്നു
ഓരുകൾ നിറഞ്ഞുള്ള നിലമായ് മാറ്റീടുന്നു
ഇത്തരം പ്രവൃത്തികൾ ദേശവാസികളുടെ
ദുഷ്ടത നിമിത്തമായ് വന്നു ഭവിച്ചീടുന്നു
മരുഭൂമിയെ കർത്തൻ നദിയായ് മാറ്റീടുന്നു
വരണ്ട ധരണിയെ നീരുറവാക്കീടുന്നു
വിശക്കും ജനതയെ അവിടെ പാർപ്പിക്കുന്നു
വസിപ്പാൻ അവനൊരു നഗരം സ്ഥാപിക്കുന്നു
വയലേലകളിലായ് വിതച്ചീടുന്നു ചിലർ
മുന്തിരി ധാരാളമായ് വെച്ചുപിടിപ്പിക്കുന്നു
അവകൾ സമൃദ്ധമായ് വിളവു നൽകീടുന്നു
അങ്ങുതൻ കൃപയാലെ അവകൾ പെരുകിയാൻ
കാലികൾ കുറയുവാൻ അങ്ങു സമ്മതിച്ചില്ല
പീഡനം കഷ്ടതകൾ സങ്കടം അതിനാലെ
എണ്ണവും കുറഞ്ഞിട്ടു ദുർബ്ബലഗാത്രരായി
പ്രഭുക്കന്മാരെയങ്ങു നിന്ദാപാത്രങ്ങളാക്കി
ശൂന്യമാംദേശങ്ങളിൽ ഉഴലാൻ ഇടയാക്കി
ആലംബഹീനന്മാരെ പീഡനങ്ങളിൽ നിന്നും
സദയം അവിടുന്നു സത്വരം കരേറ്റിയാൻ
ആട്ടിൻപറ്റമെന്നപോൽ അവർ തൻ കുടുംബത്തെ
വളരെ വർദ്ധിപ്പിച്ചു നിഷ്കളൻ നിരാമയൻ
നിർമ്മലഹൃദയന്മാർ ആഹ്ലാദം കൊണ്ടീടുന്നു
ദുഷ്ടമാനസർ മൗനം പാലിക്കും നിരന്തരം
പ്രാജ്ഞരാം നരഗണം ശ്രദ്ധിച്ചു ഗ്രഹിക്കട്ടെ
മാനവർ കർത്താവിന്റെ അനുകമ്പയെപ്പറ്റി
സന്തതം ചിന്തിക്കട്ടെ, ഗ്രഹിച്ചീടട്ടെ സത്യം.

# 108

മാമക ജീവാധാരം ഒരുങ്ങിയിരിക്കുന്നു
മമ ദൈവമെ എന്റെ ഹൃദയം ഒരുക്കമായ്
അങ്ങയെ ഞാനെന്നെന്നും പാടിപ്പുകഴ്ത്തും നൂനം
മമ ആത്മാവെ വേഗം ഉണരൂ ഉണരൂ നീ
വീണയും കിന്നരവും സത്വരം ഉണരട്ടെ
വിളിച്ചങ്ങുണർത്തും ഞാൻ നിർണ്ണയം ഉഷസിനെ
ജനതയ്ക്കിടയിൽ ഞാൻ അങ്ങേയ്ക്കു നന്ദി ചൊല്ലും
ജാതികൾക്കിടയിൽ ഞാൻ സ്തോത്രമാലപിച്ചീടും
അങ്ങുതൻ ദയാവായ്പു വാനംപോൽ ഉന്നതമാം
അങ്ങുതൻ വിശ്വസ്തത മേഘങ്ങളോളം തന്നെ
നഭസിൻ മുകളിൽ നീ ഉയർന്നു നിൽക്കേണമെ
അങ്ങുതൻ മഹത്വം താൻ ധരയിൽ വ്യാപിക്കട്ടെ
അങ്ങയെ സ്നേഹിപ്പവർ മോചിതരായീടട്ടെ
അങ്ങുതൻ വലത്തുകൈ സന്തതം നീട്ടിയെന്നെ
സദയം സഹായിക്ക, ഉത്തരം അരുളുക
ദൈവമാമവിടുന്നു വിശുദ്ധാലയം തന്നിൽ
വച്ചു വാഗ്ദാനം ചെയ്തു; വിജയഘോഷത്തോടെ
വിഭജിച്ചിട്ടുമഹം നിർണ്ണയം ഷേക്കേമിനെ
അളന്നുതിരിച്ചിടും സൂക്കോത്താം തഴ്വരയെ
ഗിലയാദെനിക്കല്ലൊ, മനാസ്സെ എന്റേതല്ലൊ
എഫ്രയിം പടത്തൊപ്പി, യൂദാ എൻ ചെങ്കോലല്ലൊ
മോവാബാണെനിക്കുള്ള ക്ഷാളനപാത്രം നൂനം
എന്റെ പാദുകമിതാ ഏദോമിൽ വച്ചീടുന്നു
ഫിലിസ്ത്യാ ദേശത്തു ഞാൻ മുഴക്കും ജയഭേരി
രക്ഷ തൻ നഗരത്തിൽ ആരെന്നെ നയിച്ചീടും?
ഏദോമിലേക്കങ്ങെന്നെ നയിപ്പാനാരുണ്ടിനി?
ദൈവമെ അവിടുന്നു ഞങ്ങളെ ത്യജിച്ചുവോ?
സഞ്ചരിച്ചീടുന്നില്ലെ അങ്ങു സേനയോടൊപ്പം
ശത്രുവിന്നെതിരായി ഞങ്ങളെ സഹായിക്ക
എന്തെന്നാൽ മനുഷ്യന്റെ സഹായം നിഷ്ഫലമാം
ദൈവമെ അവിടുന്നെൻ ചാരത്തായുണ്ടായെങ്കിൽ
ധീരമായ്, കൊടുങ്കാറ്റായ് പൊരുതും ഞങ്ങൾ നൂനം
അവിടുന്നല്ലൊ നൂനം ഞങ്ങൾ തൻ ശത്രുക്കളെ
ചവിട്ടിയരയ്ക്കുന്ന കർമ്മധീരനായവൻ

# 109

ദൈവമെ ഞാനങ്ങയെ സ്തുതിച്ചു പുകഴ്ത്തുന്നു
രക്ഷകനവിടുന്നു മൗനമായിരിക്കൊല്ല
ദുഷ്ടതവഞ്ചനകൾ നിറഞ്ഞ വദനങ്ങൾ
നിർദ്ദയം എന്റെ നേരേ തുറന്നങ്ങിരിക്കുന്നു
എനിക്കങ്ങെതിരായി വ്യാജഭാഷണം ചെയ്വൂ
വിദ്വേഷം നിറഞ്ഞതാം വാക്കുകൾ കൊണ്ടിന്നെന്നെ
സന്തതം എന്നെ അവർ വളഞ്ഞു ചുറ്റീടുന്നു
കാരണമില്ലാതെന്നെ ആക്രമിച്ചീടുന്നവർ
അവർക്കായ് ദിനംതോറും പ്രാർത്ഥിക്കുന്നെങ്കിൽപ്പോലും
സ്നേഹത്തിൻ സ്ഥാനത്തവർ ശത്രുത കാട്ടീടുന്നു
നന്മയ്ക്കു പകരമായി തിന്മ നൽകീടുന്നവർ
സ്നേഹത്തിൻ സ്ഥാനത്തവർ വിദ്വേഷം തന്നീടുന്നു
ദൈവമെ അവന്റെ മേൽ ദുഷ്ടനെ നിയമിക്ക
കുറ്റം ആരോപിക്കട്ടെ നീചനവന്റെ മേലായ്
വിസ്തരിച്ചിടും നേരം കുറ്റവാളിയായവൻ
വിധിക്കപ്പെട്ടീടട്ടെ, ശിക്ഷയും നൽകീടട്ടെ
പാപിയാമവനുടെ പ്രാർത്ഥന അഖിലവും
പാപമായ് ഗണിക്കുവാൻ ഇടയാകട്ടെ നീണാൾ
അവന്റെ വത്സരങ്ങൾ ചുരുങ്ങിപ്പോയീടട്ടെ
അവന്റെ സമ്പത്തെല്ലാം അപരൻ ഏറ്റീടട്ടെ
അവന്റെ സന്താനങ്ങൾ അനാഥരായീടട്ടെ
സഹധർമ്മിണി നൂനം വിധവയായീടട്ടെ
അവന്റെ സന്താനങ്ങൾ അലഞ്ഞു നടന്നിട്ടു
ഭവനംതോറും ഭിക്ഷ യാചിപ്പാനിടയാക
അവർതാൻ വസിക്കുന്ന നഷ്ടശിഷ്ടങ്ങളതിൽ
നിന്നുപോലും നിർദ്ദയം ആട്ടിയോടിച്ചീടട്ടെ
അവന്റെ സമ്പത്തെല്ലാം കടക്കാരെടുക്കട്ടെ
അദ്ധ്വാനഫലമെല്ലാം കൊള്ളയടിച്ചീടട്ടെ
കരുണ കാട്ടീടുവാൻ ഒരുത്തൻ ഇല്ലാതാക
അവന്റെ അനാഥരാം മക്കളോടൊരുത്തനും
അലിവൊരലൽപം പോലും തോന്നാതങ്ങിരിക്കട്ടെ
അവന്റെ തലമുറ വേരറ്റു പോയീടട്ടെ
അവന്റെ നാമധേയം മാഞ്ഞുപോകട്ടെ നിത്യം
അവന്റെ താതന്മാർ തൻ അകൃത്യമഖിലവും
കർത്തൃസന്നിധിയിങ്കൽ ഓർമ്മിക്കപ്പെട്ടീടട്ടെ

അവന്റെ മാതാവിന്റെ പാപങ്ങളഖിലവും
ആചന്ദ്രതാരം മാഞ്ഞു പോകാതെയിരിക്കട്ടെ
അവകൾ നിരന്തരം കർത്താവിൻ തിരുമുമ്പിൽ
മായാതെ മറയാതെ ഉണ്മയായിരിക്കട്ടെ
അവന്റെ സ്മരണകൾ ധരണീതലം തന്നിൽ
ഛേദിക്കപ്പെട്ടീടട്ടെ മറയ്ക്കപ്പെട്ടീടട്ടെ
കരുണ കാട്ടീടുവാൻ അവനങ്ങോർത്തതില്ല
ദരിദ്രർ, അഗതികൾ, ഹൃദയം തകർന്നവർ
അവർ തൻ മൃത്യു വരെ അവരെ പീഡിപ്പിച്ചു
നിർദ്ദയം ശപിപ്പതു അവനു വിനോദമാം
ശാപങ്ങളഖിലവും അവന്മേൽ പതിക്കട്ടെ
നിർണ്ണയം അനുഗ്രഹം അപ്രിയം അവനത്രെ
അകന്നു നിന്നീടട്ടെ അവനിൽ നിന്നും കൃപ
അംബരമെന്നപോലെ ശാപങ്ങൾ ധരിച്ചവൻ
ജലംപോൽ ഗാത്രത്തിലും എണ്ണപോലസ്ഥിയിലും
ശാപങ്ങളഖിലവും കിനിഞ്ഞങ്ങിറങ്ങട്ടെ
നിത്യവും അവർ ധരിച്ചീടുന്ന അങ്കിപോലെ
നിത്യവും അണിയുന്ന അരപ്പട്ടപോലെയും
എനിക്കങ്ങെതിരായി തിന്മ സംസാരിക്കുന്ന
എന്റെമേൽ കുറ്റം നിത്യം ആരോപിച്ചീടുന്നതാം
നരർക്കു കർത്താവിൽ നിന്നുള്ളതാം പ്രതിഫലം
എപ്പോഴുമെല്ലായ്പ്പോഴും ഇതുതന്നായീടട്ടെ
ദൈവമാം കർത്താവെ നിൻ ന്യായത്തിനൊത്തവിധം
പ്രവർത്തിച്ചീടേണമെ, വിധിച്ചീടേണമെന്നെ
അങ്ങുതൻ വിശിഷ്ടമാം ദയയെ പ്രതിയെന്നെ
സദയം മോചിപ്പിക്കാൻ കരുണ തോന്നേണമെ
ദരിദ്രൻ അഗതിയും ആകുന്നു ഈയുള്ളവൻ
ഹൃദയം കഠിനമായ് നുറുങ്ങിയിരിക്കുന്നു
സായാഹ്നകാലത്തിലെ നിഴൽപോലീയുള്ളവൻ
കടന്നുപോയീടുന്നു നിത്യവും അനുസ്യൂതം
പറക്കും വെട്ടുക്കിളി എന്നപോലെന്നെ നിത്യം
കുടഞ്ഞങ്ങെറിയുന്നു, നിർദ്ദയം നിർദ്ദാക്ഷിണ്യം
ഉപവാസത്താലെന്റെ ചരണം ദുർബ്ബലമായ്
അത്യന്തം മെലിഞ്ഞു ഞാൻ അസ്ഥിമാത്രമായഹൊ
എന്റെമേൽ കുറ്റം നിത്യം ആരോപിച്ചീടുന്നോർക്കു
ഞാൻ വെറുമൊരു നിന്ദാപാത്രമായ് ഭവിച്ചഹൊ
അവർതാൻ എന്നെക്കാണും നേരത്തെൻ നിഷ്കളനെ

പരിഹാസത്താൽ തലകുലുക്കും നിരന്തരം
എന്റെ കർത്താവെ എന്നെ നിത്യവും സഹായിക്ക
എന്നെ നീ രക്ഷിക്കുക, താവക കാരുണ്യത്താൽ
കർത്താവെ ഇതു നിന്റെ തൃക്കരമാണെന്നതും
അങ്ങത്രെ ചെയ്തതെന്നും അവരൊന്നറിയട്ടെ
അവർ താൻ നിരന്തരം ശപിച്ചു കൊള്ളട്ടെന്നെ
അങ്ങെന്നെ അനുഗ്രഹിച്ചീടുവാൻ മറക്കല്ലെ
മാമക വിരോധികൾ ലജ്ജിതരായീടട്ടെ
ദൈവമെ നിന്റെ ദാസൻ സന്തുഷ്ടനായീടട്ടെ
ദാസനാമെന്നിൽ നിത്യം കുറ്റമാരോപിക്കുന്നോർ
നിർദ്ദയം അപമാനം ദിനവും ധരിക്കട്ടെ
നിത്യവും അപമാനം പുതപ്പെന്നതുപോലെ
അവരെ പൊതിയട്ടെ, നാളെന്നും പൊതിയട്ടെ
നന്ദിയർപ്പിച്ചീടുമെന്നധരം കർത്താവിനു
ജാതികൾ നടുവിൽ ഞാൻ അവനെ പ്രകീർത്തിക്കും
നിസ്വനെ മൃത്യുവിനായ് വിധിക്കുന്നോരിൽ നിന്നും
അവരെ രക്ഷിക്കുവാൻ, അവനെ സംരക്ഷിപ്പാൻ
വലത്തുഭാഗത്തഹൊ നിന്നിടും അവിടുന്നു.

## 110

കർത്താവെൻ കർത്താവിനോടരുളിച്ചെയ്തീടുന്നു
ഞാൻ നിന്റെ ശത്രുക്കളെ കീഴ്പ്പെടുത്തീടും വരെ
അവരെ നിന്റെ പാദപീഠമാക്കീടും വരെ
നീ ചെമ്മെ ഇരിക്കുക മാമക വലഭാഗെ
സീയോനിൽ നിന്നും കർത്തൻ അധികാരത്തിൻ ചെങ്കോൽ
നിന്റെ പേർക്കയച്ചീടും സംശയം ലേശമില്ല
ശത്രു തൻ മദ്ധ്യത്തിൽ നീ വാഴുക ചിരകാലം
ഗിരിതൻ മുകളിൽ നീ സേനയെ നയിക്കുമ്പോൾ
താവകജനം നൂനം തങ്ങളെത്തന്നെ മടി-
കൂടാതെ നിനക്കായി പൂർണ്ണമായ് സമർപ്പിക്കും.
ഉഷസിന്നുദരത്തിൽ നിന്നു മഞ്ഞെന്നപോലെ
തരുണകദംബകം അണയും നിന്റെ ചാരെ
ശപഥം ചെയ്തു കർത്തൻ മെൽക്കിസദേക്കിന്നുടെ
ക്രമംപോൽ നീയെന്നേക്കും നിത്യപുരോഹിതനാം
അതിനങ്ങൊരിക്കലും മാറ്റമുണ്ടാവുകില്ല
നിന്നുടെ വലഭാഗെ കർത്താവു നിന്നീടുന്നു
ക്രോധത്തിൻ ദിനങ്ങളിൽ രാജാധിരാജനവൻ

നിർണ്ണയം രാജാക്കളെ തകർത്തു കളഞ്ഞിടും
മാനവവർഗ്ഗത്തിന്റെ ഇടയിൽ അവിടുന്നു
തന്നുടെ ന്യായവിധി നടപ്പിലാക്കും നൂനം
മൃതശരീരം കൊണ്ടു അവിടം നിറഞ്ഞിടും
ഭൂമിലെങ്ങുമുള്ള പാർത്ഥിവന്മാരെയെല്ലാം
കർത്തനാമവിടുന്നു തകർക്കും ഇതു സത്യം
പാതയോരത്തുള്ളതാം അരുവിതന്നിൽ നിന്നും
നിർണയമവൻ പാനം ചെയ്തിടും ജലം നിത്യം
കർത്തൻ നീ ഉത്തമാംഗം ഉയർത്തി നിലകൊള്ളും.

# 111

കർത്തനെ സ്തുതിക്കുവീൻ, നീതിജ്ഞസംഘത്തിലും
മാനവസഭയിലും പൂർണ്ണമനസ്സോടഹം
അവനു നന്ദിചൊല്ലും അവന്റെ പ്രവൃത്തികൾ
മഹത്വമേറിയതാം മഹനീയവുമത്രെ
അവയിൽ പൂർണ്ണമായി ആനന്ദിച്ചീടുന്നവർ
അവയെ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു നൂനം
അങ്ങുതൻ പ്രവൃത്തികൾ മഹത്വമേറിയതും
തേജസുറ്റതുമത്രെ, നീതിയൊ ശാശ്വതവും
അത്ഭുതപ്രവൃത്തികളൊക്കെയും അവിടുന്നു
അവിസ്മരണീയമാം സംഭവങ്ങളാക്കിയാൻ
കർത്താവ് കൃപാലുവും വാത്സല്യനിധിയുമാം
അവന്റെ ഭക്തന്മാർക്കു ആഹാരം നൽകീടുന്നു
അവിടുന്നുണ്ടാക്കിയ തന്റെ ഉടമ്പടിയെ
എപ്പോഴും എല്ലായ്പോഴും സ്മരിച്ചീടുന്നു നൂനം
ജാതിതന്നവകാശം തന്റെ ജനത്തിനേകി
തന്റെ പ്രവൃത്തികൾ തൻ ശക്തിയെ വെളിവാക്കി
അങ്ങുതൻ പ്രവൃത്തികൾ വിശ്വസ്തം നീതിയുക്തം
അങ്ങുതൻ പ്രമാണങ്ങൾ വിശ്വാസ്യം തന്നെ നൂനം
പരമാർത്ഥതയോടെ, വിശ്വസ്തതയോടെയും
പാലിക്കപ്പെട്ടീടുവാൻ അവയെ സ്ഥാപിച്ചു നീ
ജനത്തെ അവിടുന്നു രക്ഷിച്ചു വീണ്ടെടുത്തു
താവക ഉടമ്പടി സ്ഥിരമായുറപ്പിച്ചു
ദൈവമെ അവിടുത്തെ നിർമ്മല നാമധേയം
വിശുദ്ധമായീടുന്നു, ഭീതിദമായിടുന്നു
ജ്ഞാനത്തിനാരംഭമൊ ഈശ്വരഭക്തിയത്രെ
ഭക്തി ശീലിക്കുന്നവൻ പ്രജ്ഞരായീടും നൂനം

ചിന്മയനവിടുന്നു ലോകൈക നാഥനല്ലോ
അവിടുന്നെന്നന്നേക്കും സ്തുതിക്കപ്പെടും നൂനം.

## 112

കർത്തനെ സ്തുതിക്കുവീൻ അവനെ ഭയപ്പെട്ടു
കൽപന പാലിപ്പവൻ ഭാഗ്യവാൻ തന്നെ നൂനം
അവന്റെ സന്തതികൾ ധരയിൽ ശക്തരാകും
പരമാർത്ഥികളവർ കൃപയാൽ നിറഞ്ഞിടും
സമ്പൽസമൃദ്ധമാകും അവന്റെ വാസസ്ഥലം
നാളെന്നും നിലനിൽക്കും അവന്റെ നീതി നൂനം
പരമാർത്ഥിയാം നരൻ അന്ധകാരത്തിൽപോലും
ഈശ്വര കാരുണ്യത്താൽ വെളിച്ചമുദിച്ചിടും
അവൻതാൻ ഉദാരനാം, കാരുണ്യവാനുമത്രെ
നീതിനിഷ്ടനുമത്രെ, സത്യസന്ധനുമത്രെ
വായ്പകളുദാരമായ് കൊടുത്തീടുന്നു അവൻ
നീതിയോടഖിലവും പ്രവർത്തിച്ചീടുന്നഹൊ
സർവ്വ വ്യാപാരങ്ങളും ശുഭമായ് കലാശിക്കും
നീതിമാനൊരിക്കലും ഇളക്കം തട്ടുകില്ല
നാളെന്നും നിലനിൽക്കും അവന്റെ സ്മരണകൾ
നിർണ്ണയം ദുർവാർത്തകൾ ഭയപ്പെടുകില്ലവൻ
അവന്റെ ജീവാധാരം നിത്യവും അചഞ്ചലം
കർത്താവിൽ നിരന്തരം ആശ്രയിച്ചീടുന്നതും
അവന്റെ ഹൃദന്തം താൻ ഉറപ്പുള്ളതാണത്രെ
ഭൂവിതിലൊന്നിനെയും ഭയപ്പെട്ടീടില്ലവൻ
അവന്റെ വൈരികൾ തൻ തോൽവികളവൻ കാണും
ദാനം ചെയ്തീടുന്നവൻ ദരിദ്രർക്കുദാരമായ്
അവന്റെ നീതിയെന്നും നിലനിൽക്കുന്നൂ ഭൂവിൽ
അഭിമാനത്തോടവൻ ശിരസ്സുയർത്തി നിൽക്കും
ദുഷ്ടന്മാരതു കണ്ടു കോപിപ്പൂ നിരന്തരം
അവന്റെ മനസ്സിതാ ഉരുകിത്തിളയ്ക്കുന്നു
പല്ലുകൾ നിരന്തരം ശക്തിയായിറുമ്മുന്നു
ദുഷ്ടന്റെ അഭിലാഷം നിഷ്ഫലമായീടുന്നു.

## 113

കർത്തനെ സ്തുതിക്കുവീൻ, അവന്റെ ദാസന്മാരെ
അവനെ സ്തുതിക്കുവിൻ, നാമത്തെ സ്തുതിക്കുവിൻ
വാഴ്ത്തപ്പെടട്ടെ എന്നും അവന്റെ തിരുനാമം
ഉദയം മുതലെന്നും അസ്തമയം വരെയും
കർത്താവിൻ തിരുനാമം വാഴ്ത്തപ്പെടട്ടെ നൂനം
സകലജാതികൾ മേൽ കർത്താവു വാണിടുന്നു
നഭസിൻ മീതേ കർത്തൃമഹത്വം ഉയർന്നഹൊ
ദൈവമാം കർത്താവിനു തുല്യനായ് വേറാരുണ്ട്
ഉന്നതതലം തന്നിൽ ആസനസ്ഥനായവൻ
ശിരസ്സുകുനിച്ചവൻ നിർണ്ണയം വ്യോമത്തെയും
പാരിതിനെയും അവൻ ചെമ്മെയായ് നോക്കീടുന്നു
പൊടിയിൽ നിന്നും ചെമ്മെ ഉയർത്തി രക്ഷിക്കുന്നു
കർത്തനാമവിടുന്നു ദരിദ്രമനുജനെ
ചാരക്കൂനയിൽ വാഴും നിസ്വനാമഗതിയെ
ഉദ്ധരിച്ചീടുന്നവൻ പാലനം ചെയ്തീടുന്നു
പ്രഭുക്കന്മാരോടൊപ്പം അവരെ ഇരുത്തുന്നു
വന്ധ്യയാം മഹിളയ്ക്കു വസതി കൊടുക്കുന്നു
സന്തുഷ്ടയാക്കീടുന്നു മക്കളെ നൽകിയവൻ.

## 114

ഇസ്രായേൽ ജനതതി ഈജിപ്തിൽ നിന്നും ചെമ്മെ
യാത്രപുറപ്പെട്ടപ്പോൾ, യാക്കോബിൻ ഭവനക്കാർ
അന്യമാം ഭാഷകളിൽ ഭാഷിക്കും ജനത തൻ
ഇടയിൽ നിന്നും പുറപ്പെട്ടതാം ദശാന്തരെ
യഹൂദാ അവിടുത്തെ വിശുദ്ധമന്ദിരവും
ഇസ്രായേൽ അവിടുത്തെ രാജ്യവും ആയിത്തീർന്നു
സിന്ധുവൊ അതു കണ്ടു എവിടൊ ഓടിപ്പോയി
പർവ്വതങ്ങളുമിതാ മുട്ടാടുകളെപ്പോലെ
മലകൾ മേഷങ്ങൾ പോൽ സാമോദം തുള്ളിച്ചാടി
സിന്ധുവെ ഓടിപ്പോകാൻ നിനക്കിന്നെന്തുപറ്റി
എന്തിനായ് ജോർദ്ദാനെ നീ പിന്തിരിഞ്ഞോടീടുന്നു
പർവ്വതങ്ങളെ നിങ്ങൾ മുട്ടാടുകളെപ്പോലെ
മലയെ കുഞ്ഞാടിനെപ്പോലെന്തെ തുള്ളീടുന്നു
കർത്തൃസന്നിധിയിങ്കൽ യാക്കോബിൻ ദൈവത്തിന്റെ
തിരുസന്നിധിയിങ്കൽ ധരണി വിറയ്ക്കട്ടെ

ആക്കിയാൻ അവിടുന്നു പാറയെ ജലാശയം
നീരുറവയാക്കിയാൻ നിർണ്ണയം തീക്കല്ലിനെ
കർത്തനെ സ്തുതിക്കുവീൻ ജീവിതാന്ത്യം വരെയും.

## 115

നിർണ്ണയം ഞങ്ങൾക്കല്ല, കർത്താവെ ഞങ്ങൾക്കല്ല
അങ്ങു തൻ കാരുണ്യത്തെ, വിശ്വസ്തതയെപ്രതി
അങ്ങു തൻ തിരുനാമ മഹത്വത്തിനായെന്നും
കിന്നരഘോഷത്തോടെ സ്തുതിപാടീടും ഞങ്ങൾ
എവിടെ അവരുടെ ദൈവമെന്നു ജാതികൾ
പറയാൻ ഇടയാക്കുന്നതുമെന്തിനായ് നാഥാ
നമ്മുടെ ദൈവം ഇതാ നഭസിൽ വാണിടുന്നു
ഇഛാനുസാരം അങ്ങു പ്രവൃത്തി ചെയ്തീടുന്നു
അവർ തൻ വിഗ്രഹങ്ങൾ സ്വർണ്ണവും രജതവും
കേവലം മനുഷ്യർ തൻ കരവേലകൾ മാത്രം
അവയ്ക്കു വായുണ്ടെന്നാൽ ഒന്നുമെ മിണ്ടുന്നില്ല
അവയ്ക്കു കണ്ണുണ്ടെന്നാൽ ഒന്നുമെ കാണുന്നില്ല
അവയ്ക്കു കാതുണ്ടെന്നാൽ ഒന്നുമെ കേൾക്കുന്നില്ല
അവയ്ക്കു മൂക്കുണ്ടെന്നാൽ വാസന അജ്ഞാതമാം
അവയ്ക്കു കരമുണ്ട് എങ്കിലും സ്പർശിക്കില്ല
അവയ്ക്കു പാദമുണ്ട് എങ്കിലും ചലിക്കില്ല
അവയ്ക്കു കണ്ഠമുണ്ട് കണ്ഠത്തിൽ നിന്നും സ്വരം
ഇന്നലെ ഇന്ന് നാളെ ഉയരില്ലൊരിക്കലും
അവയെ നിർമ്മിപ്പവൻ അവയെപ്പോലെയത്രെ
ആശ്രയം വയ്ക്കുന്നവർ ആശ്രയം ഇല്ലാതാകും
ഹാ എന്റെ ഇസ്രായേലെ കർത്തനിൽ ആശ്രയിക്ക
നിങ്ങൾ തൻ സഹായവും രക്ഷയും അവനല്ലൊ
അഹറോൻ ഭവനമെ ദൈവമാം കർത്താവിൽ നീ
ശരണം വച്ചീടുവീൻ ആചന്ദ്രതാരം തന്നെ
താവക സഹായവും രക്ഷയും അവനല്ലൊ
കർത്താവിൻ ഭക്തന്മാരെ കർത്താവിൽ നിരന്തരം
ആശ്രയമർപ്പിക്കുവിൻ, പൂർണ്ണമായി സമർപ്പിക്കുവിൻ
നിങ്ങൾ തൻ സഹായവും രക്ഷയും അവനല്ലോ.
നമ്മളെക്കുറിച്ചെന്നും വിചാരപ്പെടുന്നവൻ
അവന്റെ അനുഗ്രഹം നമുക്കു കൂട്ടാണല്ലൊ
ഇസ്രായേൽ ഭവനത്തെ ആശീർവദിക്കുമവൻ
അനുഗ്രഹിക്കും നൂനം അഹറോൻ ഭവനത്തെ

കർത്താവിൻ ഭക്തന്മാരെ ചിന്മയനവൻ നൂനം
കുബേര കുചേലരിൽ ഒരുപോൽ കൃപ ചെയ്യും
ജഗന്നിവാസൻ നാഥൻ കൃപയെ ചൊരിയട്ടെ
ദാസരാം നിങ്ങളെയും നിങ്ങൾ തൻ സുതരെയും
വാനവും ധരണിയും സൃഷ്ടിച്ച ജഗൽപതി
നിങ്ങളിൽ മഴപോലെ കൃപയെ ചൊരിയട്ടെ
ഗഗനം കർത്താവിനു മാത്രമുള്ളതല്ലയൊ
മാനവസുതന്മാർക്കു ധരണി നൽകിയവൻ
മൃത്യുവെ പുൽകിയവർ, നിത്യമാം മൗനം തന്നിൽ
ആണ്ടുപോയീടുന്നോരും കർത്തനെ സ്തുതിക്കില്ല
എങ്കിലും വിശ്വാസികളായിടും നമ്മളെന്നും
മരണം വരിച്ചാലും കർത്തനെ സ്തുതിച്ചിടും.

## 116

കർത്തനെ സ്നേഹിപ്പൂ ഞാൻ, പ്രാർത്ഥന ശ്രവിച്ചവൻ
എനിക്കായ് ചെവിചായ്ച്ചു തന്നവൻ ദയാപരൻ
മമജീവിതകാലം മുഴുവൻ ഈയുള്ളവൻ
ചിന്മയൻ അവിടുത്തെ വിളിച്ചപേക്ഷിച്ചിടും
മരണക്കെണി എന്നെ വലയം ചെയ്തു നാഥാ
പാതാളപാശങ്ങൾ ഹാ ചുറ്റിയാൻ എന്നെ മുറ്റും
ദുരിതം വേദനകൾ എന്നെ ഹാ ഗ്രസിക്കുന്നു
സത്വരം കർത്തൃനാമം വിളിച്ചപേക്ഷിച്ചു ഞാൻ
യാചിച്ചീടുന്നു നാഥാ ജീവൻ രക്ഷിക്കേണമെ
കർത്താവു നീതിമാനും കരുണാമയനുമാം
കർത്താവ് കൃപാലുവും ദരിദ്രപാലകനും
മർദ്ദിതനാകുമെന്നെ രക്ഷിച്ചു അവൻ നൂനം
ശാന്തിയിലേക്കു മടങ്ങീടുകെന്നാത്മാവെ നീ
നിന്റെമേൽ ജഗൽപതി കൃപകൾ വർഷിച്ചഹൊ
കർത്തനാമവിടുന്നു എന്റെ പ്രാണനെ വേഗം
മൃത്യുവിൽ നിന്നും, ദൃഷ്ടികളെ കണ്ണീരിൽ നിന്നും
കാലിനെ ഇടർച്ചയിൽ നിന്നും നീ മോചിപ്പിച്ചു
ജീവിക്കുന്നവരുടെ നാട്ടിൽ ഞാൻ കർത്താവിന്റെ
ദിവ്യമാം തിരുമുമ്പിൽ വ്യാപരിച്ചീടുമഹം
കൊടിയ ദുരിതത്തിൽ ഞാനിതാ അകപ്പെട്ടു
എന്നുപറഞ്ഞപ്പോഴും വിശ്വാസം പാലിച്ചഹം
മനുഷ്യരെല്ലാവരും വഞ്ചകരാണെന്നൊക്കെ

പരിഭ്രാന്തനായ ഞാൻ സത്വരം പറഞ്ഞുപോയ്
എന്റെമേൽ ജഗൽപതി ചൊരിഞ്ഞ കൃപകൾക്കു
എന്തു ഞാൻ പകരമായ് നൽകിടും ജഗൽപ്രഭൊ
രക്ഷ തൻ പാനപാത്രം ഉയർത്തി കർത്താവിന്റെ
ദിവ്യമാം നാമമെന്നും വിളിച്ചപേക്ഷിക്കും ഞാൻ
അവന്റെ ജനത്തിന്റെ മുമ്പിൽ ഞാൻ കർത്താവിനു
നേർച്ചകൾ നിറവേറ്റും കാഴ്ചകൾ അർപ്പിച്ചീടും
കർത്താവിന്നമൂല്യമാം വിശുദ്ധന്മാർ തൻ മൃത്യു
കർത്താവെ അവിടുത്തെ ദാസനാണഹമെന്നും
അങ്ങുതൻ ദാസേയനും ദാസീതൻ നന്ദനനും
എന്റെ ബന്ധനമെല്ലാം തകർത്തു അവിടുന്ന്
നന്ദിതൻ ബലി നൂനം അർപ്പിക്കും അങ്ങേയ്ക്കു ഞാൻ
വിളിച്ചപേക്ഷിക്കും ഞാൻ കർത്താവിൻ തിരുനാമം
അവന്റെ ജനത്തിന്റെ മുമ്പിൽ ഞാൻ കർത്താവിനു
നേർച്ചകൾ നിറവേറ്റും, കാഴ്ചകൾ അർപ്പിച്ചീടും
കർത്താവിൻ ഗൃഹത്തിന്റെ അങ്കണം തന്നിലായി
ജേറുസലേമേ നിന്റെ കേന്ദ്രബിന്ദുവിൽത്തന്നെ
കരുണാമയനാകും കർത്തനെ സ്തുതിക്കുവിൻ.

## 117

ഭൂവിതിൽ വസിക്കുന്ന മാനവസമൂഹമെ
കർത്തനെ സ്തുതിക്കുവിൻ, അവനെ പുകഴ്ത്തുവിൻ
നമ്മളോടവനുള്ള കാരുണ്യം ശക്തമത്രെ
കർത്തന്റെ വിശ്വസ്തത നിലനിൽക്കുന്നു എന്നും
നിഷ്കളൻ, നിരാകരൻ, നിർമ്മലൻ, നിരാമയൻ
കരുണാകരനാകും കർത്തനെ സ്തുതിക്കുവീൻ.

## 118

നന്ദി അർപ്പിച്ചീടുവിൻ കർത്താവിനെന്നുമെന്നും
കരുണാകരനവൻ നല്ലവനല്ലൊ നൂനം
അവന്റെ ദയാവായ്പു ആചന്ദ്രതാരം തന്നെ
നിലനിൽക്കുന്നു പാരിൽ അവനെ സ്തുതിക്കുവിൻ
അവന്റെ ദയാവായ്പു ശാശ്വതം തന്നെയെന്നു
ഇസ്രായേൽ ഒറ്റക്കെട്ടായ് പറഞ്ഞീടട്ടെ നിത്യം
അവന്റെ ദയാവായ്പു ശാശ്വതം തന്നെയെന്നു
അഹറോൻ ഭവനക്കാർ ഉറക്കെ പറയട്ടെ

അവന്റെ ദയാവായ്പു ശാശ്വതം തന്നെയെന്നു
അവന്റെ ഭക്തജനം ഒന്നിച്ചു പറയട്ടെ
ദുരവസ്ഥയിലഹം അവനോടപേക്ഷിച്ചു
എന്റെ പ്രാർത്ഥന കേട്ടു മോചനം തന്നു അവൻ
കർത്താവെൻ പക്ഷത്തെന്നാൽ ഞാൻ ഭയപ്പെടുകില്ല
എന്നോടിന്നെന്തു ചെയ്‌വാൻ കഴിയും നരനഹൊ?
ആപത്തിൽ സഹായിപ്പാൻ കർത്താവെൻ പക്ഷത്തുണ്ട്
ശത്രുവിൻ പതനം ഞാൻ എന്റെ നേത്രത്തിൽ കാണും
മനുഷ്യനന്ദനിൽ ആശ്രയിപ്പതിനെക്കാൾ
കർത്തനിൽ ആശ്രയിപ്പതെത്രയൊ ഗുണപ്രദം.
വലയം ചെയ്തു എന്നെ സകലജാതികളും
കർത്തൃനാമത്തിലഹം അവരെ നശിപ്പിച്ചു
നാലുവശത്തുനിന്നും വളഞ്ഞു അവരെന്നെ
കർത്തൃനാമത്തിലഹം അവരെ വിഛേദിച്ചു
തേനീച്ചകളെപ്പോലെ പൊതിഞ്ഞു അവരെന്നെ
മുൾപ്പടർപ്പിൽ പിടിച്ചു അഗ്നിപോലാളിക്കത്തി.
കർത്തൃനാമത്തിൽത്തന്നെ അവരെ വിഛേദിച്ചു
സത്വരം അവർ തള്ളിക്കയറി, വീണേനെ ഞാൻ
തൽക്ഷണം കർത്താവെന്നെ സഹായിക്കുവാനെത്തി
കർത്താവെൻ ബലമതും ഗാനവുമത്രെ നൂനം
ദൈവമാമവിടുന്നു രക്ഷയെനിക്കു നൽകി
നീതിജ്ഞസമൂഹത്തിൻ കൂടാരം തന്നിലിതാ
വിജയഘോഷമിതാ സന്തതമുയരുന്നു
കർത്താവിൻ വലത്തുകൈ കരുത്തു വെളിവാക്കി
ഞാൻ മരിക്കുകയില്ല, ധരയിൽ ജീവിച്ചിടും
നിർണ്ണയം പ്രഘോഷിക്കും കർത്താവിൻ പ്രവൃത്തികൾ
ശിക്ഷിച്ചു കഠിനമായ് ദൈവമാം കർത്താവെന്നെ
നീതിതൻ കവാടങ്ങൾ എനിക്കായ് തുറക്കുക
അകത്തു പ്രവേശിച്ചു കർത്തനു നന്ദി ചൊല്ലും
നീതിജ്ഞകദംബകം അകത്തു പ്രവേശിപ്പൂ
ഉത്തരം അരുളിയാൻ അവിടുന്നെനിക്കായി
എന്റെ പ്രാർത്ഥന കേട്ടു രക്ഷിച്ചു എന്നെ അവൻ
കർത്തനു കൃതജ്ഞത എന്നും ഞാൻ പറഞ്ഞിടും
പണിക്കാരുപേക്ഷിച്ച കല്ലു മൂലക്കല്ലായി
ദൈവമാം കർത്താവിന്റെ പ്രവൃത്തിയത്രേയിതു
നമ്മുടെ വീക്ഷണത്തിൽ വിസ്മയാവഹമത്രെ
ചിന്മയൻ ഒരുക്കിയ ദിവസം ഇന്നാണല്ലോ

വിശുദ്ധ ദിനമിന്ന് സന്തോഷിച്ചുല്ലസിക്കാം
കർത്താവെ അടിയങ്ങൾ താഴ്മയോടപേക്ഷിപ്പൂ
ഞങ്ങളെ രക്ഷിക്കണെ വിജയം നൽകേണമെ
കർത്താവിൻ നാമം തന്നിൽ ആഗമിച്ചീടുന്നവൻ
അനുഗൃഹീതനത്രെ എന്നതു സുനിശ്ചിതം
കർത്തന്റെ ആലയത്തിൽ ചെമ്മെയായ് ഞങ്ങൾ നിന്നു
നിങ്ങളെ അനുഗ്രഹിച്ചാശീർവദിക്കും നൂനം
കർത്താവ് തന്നെ ദൈവം അവിടുന്നാകുന്നല്ലൊ
നൽകിയാൻ നമുക്കവൻ ദിവ്യമാം ജ്യോതിസ്സഹൊ
മരച്ചില്ലകളേന്തി തുടങ്ങീൻ പ്രദക്ഷിണം
നടന്നു നീങ്ങീടുവിൻ ബലിപീഠത്തിൻ മുമ്പിൽ
മാമകദൈവം നീയെ നന്ദി ഞാൻ അർപ്പിച്ചിടും
അവിടുന്നെന്റെ ദൈവം അങ്ങയെ പുകഴ്ത്തിടും
കർത്തനു കൃതജ്ഞത നിത്യവും അർപ്പിക്കുവിൻ
ചിന്മയൻ അവിടുന്നു നല്ലവൻ തന്നെ നൂനം
അങ്ങു തൻ ദയാവായ്പു നിലനിൽക്കുന്നു എന്നും.

## 119

നിർമ്മല സരണിയിൽ നിത്യവും ചരിപ്പവർ
കർത്തന്റെ നിയമങ്ങൾ നിത്യവും പാലിപ്പവർ
അവന്റെ കൽപനകൾ ദിനവും പാലിപ്പവർ
അവനെ തേടുന്നവർ ഭാഗ്യമുള്ളവർ നൂനം
തെറ്റവർ ചെയ്യുന്നില്ല ചരിപ്പൂ നേർപാതയിൽ
അങ്ങു തൻ പ്രമാണങ്ങൾ പാലിക്കാൻ കല്പിച്ചു നീ
അങ്ങു തൻ നിയമങ്ങൾ പാലിക്കുന്നതിലഹം
സുസ്ഥിരമനസ്കനായ് ഭവിക്കാൻ കൃപ ചെയ്ക
അങ്ങു തൻ കൽപനയിൽ ദൃഷ്ടിയുറപ്പിച്ചതാം
എനിക്കു ലജ്ജിക്കുവാൻ ഇടയാകില്ല നൂനം
നീതിനിഷ്ഠമായിടും അങ്ങു തൻ ശാസനകൾ
പഠിക്കും ദശാന്തരെ പരമാർത്ഥമായതാം
ഹൃദയത്തോടെ അഹം അങ്ങയെ പുകഴ്ത്തിടും
അങ്ങുതൻ നിയമങ്ങൾ പൂർണ്ണമായ് പാലിച്ചിടും
പൂർണ്ണമായെന്നെ നാഥാ ത്യജിച്ചീടല്ലെ താതാ
തരുണൻ തന്റെ മാർഗ്ഗം എങ്ങനെ സൂക്ഷിച്ചിടും
അങ്ങുതൻ വചനങ്ങൾ വ്യാപരിച്ചുകൊണ്ടത്രെ
പൂർണ്ണമാംമനസ്സോടെ അങ്ങയെ തേടുന്നു ഞാൻ
അങ്ങുതൻ കൽപനകൾ വിട്ടുനടന്നീടുവാൻ

ഇടയാക്കല്ലെ, നാഥാ, കരുണാകരാ, വിഭോ
അവിടുത്തേക്കെതിരായി തെറ്റുകൾ പാപങ്ങളും
ചെയ്യാതെ ഇരിക്കുവാൻ അങ്ങു തൻ വചനങ്ങൾ
സൂക്ഷിച്ചിരിക്കുന്നു ഞാൻ മാമക ഹൃദയത്തിൽ
കർത്താവെ അവിടുന്നു വാഴ്ത്തപ്പെടട്ടെ നിത്യം
പഠിപ്പിക്കണമെന്നെ അങ്ങു തൻ നിയമങ്ങൾ
അങ്ങു തൻ നാവിൽ നിന്നും നിത്യവും പുറപ്പെടും
ശാസനങ്ങളെ എന്റെ അധരം പ്രഘോഷിക്കും
സമ്പത്തിൽ, സമൃദ്ധിയിൽ എന്നപോലങ്ങയുടെ
കൽപന പാലിപ്പതിൽ ആനന്ദിച്ചീടുമഹം
അങ്ങുതൻ ചട്ടങ്ങളെപ്പറ്റി ഞാൻ ധ്യാനിക്കയും
അങ്ങു തൻ മാർഗ്ഗം തന്നിൽ ദൃഷ്ടിയും ഉറപ്പിക്കും
അങ്ങു തൻ ചട്ടങ്ങളിൽ സന്തോഷിച്ചീടുമഹം
അങ്ങു തൻ വചനങ്ങൾ വിസ്മരിക്കയുമില്ല
ജീവനോടിരിപ്പാനും വചനം പാലിപ്പാനും
കൃപയെ ചൊരിയണെ ദാസനാമെന്നുടെമേൽ
അങ്ങുതൻ പ്രമാണത്തിൽ വൈശിഷ്ട്യം ദർശിക്കുവാൻ
എന്റെ കണ്ണുകൾ നാഥാ സത്വരം തുറക്കണെ
ധരയിൽ ഞാനിന്നൊരു കേവലം പരദേശി
മറച്ചു വച്ചീടൊല്ല കൽപന എന്നിൽ നിന്നും
അങ്ങുതൻ കൽപനയ്ക്കുള്ളഭിനിവേശം എന്നെ
അഗ്നിയെന്നപോലെന്നെ ദഹിപ്പിക്കുന്നു നിത്യം
അങ്ങുതൻ പ്രമാണങ്ങൾ വിട്ടുനടന്നീടുന്ന
ധിക്കാരികളെയങ്ങു ശാസിപ്പൂ നിരന്തരം
അവർ തൻ നിന്ദനവും പരിഹാസവും നാഥാ
എന്നിൽ നിന്നകറ്റുവാൻ ദയതോന്നീടേണമെ
അങ്ങുതൻ കൽപനകൾ നിത്യവും പാലിച്ചു ഞാൻ
പാർത്ഥിവരൊത്തു ചേർന്നു എനിക്കു വിരോധമായ്
ഗൂഢമാം ആലോചന ചെയ്യുന്നു നിരന്തരം
അങ്ങു തൻ ചട്ടങ്ങളെപ്പറ്റി ഞാൻ ധ്യാനിച്ചിടും
അങ്ങു തൻ കൽപനകൾ എന്റെ ആനന്ദമത്രെ
അവയാണെനിക്കെന്നും ബോധനം നൽകുന്നതും
മാമക പ്രാണനിതാ ധൂളിയോടൊട്ടിച്ചേർന്നു
അങ്ങുതൻ വാഗ്ദാനം പോൽ ഉജ്ജീവിപ്പിക്കേണമെ
മാമക ദുരവസ്ഥ ഞാൻ വിവരിച്ച നേരം
സദയം എനിക്കങ്ങു ഉത്തരമരുളിയാൻ
അങ്ങുതൻ നിയമങ്ങൾ പഠിപ്പിക്കണമെന്നെ

അവകൾ നിർദ്ദേശിക്കും സരണി കാണിക്കുക
അങ്ങുതൻ അത്ഭുതങ്ങളെപ്പറ്റി ധ്യാനിക്കും ഞാൻ
മാമക ജീവാധാരം ദുഃഖത്താൽ ഉരുകുന്നു
അങ്ങുതൻ വാഗ്ദാനംപോൽ ശക്തിപ്പെടുത്തേണമെ
വക്രമാർഗ്ഗത്തിൽ നിന്നും എന്നെ അകറ്റേണമെ
അങ്ങുതൻ നിയമങ്ങൾ സദയം പഠിപ്പിക്ക
വിശ്വസ്ഥതയിൻ മാർഗ്ഗം ഞാൻ തെരഞ്ഞെടുത്തഹൊ
അങ്ങു തൻ ശാസനകൾ എന്റെ കൺമുമ്പിലുണ്ട്
അങ്ങു തൻ കൽപനയോടടുത്തു നിൽക്കുന്നു ഞാൻ
ലജ്ജിതനായീടുവാൻ ഇട നീ വരുത്തല്ലെ
എന്റെ ധാരണാശക്തി നീ വർദ്ധിപ്പിച്ചീടുമ്പോൾ
അങ്ങു തൻ പ്രമാണത്തിൻ പാതയിൽ ചരിക്കും ഞാൻ
അങ്ങു തൻ നിയമത്തിൻ വഴി നീ പഠിപ്പിക്ക
ജീവിതാന്ത്യം വരെയും ഞാനതു പാലിച്ചിടും
അങ്ങു തൻ പ്രമാണങ്ങൾ പൂർണ്ണമായ് പാലിക്കാനും
പൂർണ്ണമാം മനസ്സോടെ അനുസരിച്ചീടാനും
അറിവു നൽകേണമെ സർവ്വേശാ ജഗൽപ്രഭൊ
അങ്ങു തൻ കൽപന തൻ വഴിയിലൂടെത്തന്നെ
എന്നെ നീ നയിക്കുക ചിന്മയാ, ജഗൽപതി
ഞാനതിൽ അതിരറ്റു സന്തോഷിച്ചീടുന്നഹൊ
ധനലാഭത്തിലല്ല, അങ്ങു തൻ കൽപനയിൽ
മാമക ഹൃദയത്തെ തിരിച്ചുവിടേണമെ
വ്യർത്ഥതകളിൽ നിന്നും മാമകനയനത്തെ
ഉണ്മയിലേക്കു വേഗം തിരിക്കേണമെ നാഥാ
അങ്ങുതൻ മാർഗ്ഗം തന്നിൽ നിത്യവും ചരിക്കുവാൻ
സച്ചിദാനന്ദരൂപാ ഉജ്ജീവിപ്പിക്കേണമെ
ഭക്തർക്കായ് നൽകിയതാം അങ്ങു തൻ വാഗ്ദാനങ്ങൾ
സദയം ഈ ദാസനു നിറവേറ്റണം നാഥാ
എന്നും ഞാൻ ഭയപ്പെടും അപകീർത്തിയെയെല്ലാം
എന്നിൽ നിന്നകറ്റുവാൻ കൃപ തോന്നേണം നാഥാ
അങ്ങു തൻ ചട്ടങ്ങളെ ഞാനഭിലഷിക്കുന്നു
അങ്ങു തൻ നീതിയാലെ നൽകുക പുതുജീവൻ
അങ്ങു തൻ ദയാവായ്പു എന്റെമേൽ ചൊരിയുക
അങ്ങു തൻ വാഗ്ദാനം പോൽ രക്ഷ നീ നൽകീടുക
നിത്യവും എന്നെ പരിഹസിക്കുന്നവർക്കുള്ള
ഉത്തരം പറയുവാൻ എനിക്കു കഴിഞ്ഞിടും
ദൈവമെ അങ്ങയുടെ ദിവ്യമാം വചനത്തിൽ

നിത്യവും ആശ്രയിക്കും പാപിയാം ഈയുള്ളവൻ
സത്യത്തിൻ വചനങ്ങൾ എന്റെ അധരങ്ങളിൽ
നിന്നും നീ പൂർണ്ണമായി എടുത്തുകളയൊല്ല
അങ്ങുതൻ കൽപനയിൽ അണല്ലൊ ഞാനെന്നെന്നും
ആശ്രയം അർപ്പിപ്പതും പ്രത്യാശ അർപ്പിപ്പതും
അങ്ങുതൻ കൽപനകൾ പാലിക്കും നിരന്തരം
അങ്ങുതൻ കൽപനകൾ തേടുന്നു അതിനാലെ
ഞാനെന്നും സ്വതന്ത്രമായ് വ്യാപരിച്ചീടും നൂനം
പാർത്ഥിവർ മുമ്പിൽപ്പോലും നിർണ്ണയം അവിടുത്തെ
കൽപനകളെപ്പറ്റി ധീരമായ് സംസാരിക്കും
അങ്ങു തൻ ചട്ടങ്ങളിൽ ആനന്ദം കണ്ടെത്തുന്നു
അങ്ങയെ അധികമായ് ഞാനെന്നും സ്നേഹിക്കുന്നു
അങ്ങു തൻ ചട്ടങ്ങളെപ്പറ്റി ഞാൻ ധ്യാനിക്കുന്നു
ദാസനു നൽകിയതാം വാഗ്ദാനം ഓർക്കേണമെ
അതിലൂടെയത്രെയങ്ങു പ്രത്യാശ നൽകിയതും
അങ്ങു തൻ വാഗ്ദാനങ്ങൾ ചേതന നൽകീടുന്നു
കഷ്ടകാലത്തിലവ ആശ്വാസം നൽകീടുന്നു
ദുഷ്ടന്മാർ കഠിനമായ് നിന്ദിപ്പൂ നിരന്തരം
അങ്ങു തൻ ചട്ടങ്ങളിൽ നിന്നും ഞാൻ പിന്മാറില്ല
കർത്താവെ അവിടുന്നു പണ്ടു നൽകിയതായ
നിയമങ്ങളെപ്പറ്റി ചിന്തിക്കും ദശാന്തരെ
ജഗന്നിവാസാ നാഥാ, കരുണാമൂർത്തെ താതാ
ദാസനാമെനിക്കേറെ ആശ്വാസം നൽകീടുന്നു
അങ്ങുതൻ പ്രമാണത്തെ നിത്യവും ഉപേക്ഷിക്കും
ദുഷ്ടരോടുള്ള രോഷം എന്നിൽ ഹാ ജ്വലിക്കുന്നു
തീർത്ഥാടകനായിടും എന്റെ പാർപ്പിടം തന്നിൽ
അങ്ങു തൻ പ്രമാണങ്ങൾ ആയിരുന്നെന്റെ ഗാനം
കർത്താവെ രജനിയിൽ അങ്ങയെ സ്മരിക്കുന്നു
അങ്ങു തൻ പ്രമാണങ്ങൾ ആയിരുന്നെന്റെ ഗാനം
അങ്ങുതൻ പ്രമാണങ്ങൾ പാലിപ്പൂ ദിനവും ഞാൻ
അങ്ങുതൻ പ്രമാണങ്ങൾ പാലിച്ചു എന്നതത്രെ
എനിക്കു ലഭിച്ചതാം വലിയോരനുഗ്രഹം
കർത്തനാണെന്റോഹരി, അവന്റെ കൽപനകൾ
പാലിച്ചീടുമെന്നഹം വാഗ്ദത്തം ചെയ്തീടുന്നു
ഹൃദയംഗമമായി ഞാനിതാ യാചിക്കുന്നു
അങ്ങു തൻ വാഗ്ദാനം പോൽ കൃപ തോന്നീടേണമെ
അങ്ങു തൻ മാർഗ്ഗങ്ങളെപ്പറ്റി ഞാൻ ചിന്തിച്ചിട്ടു

എന്റെ പാദങ്ങളെ ഞാൻ തിരിപ്പൂ കൽപനയിൽ
അങ്ങു തൻ പ്രമാണങ്ങൾ പാലിപ്പാൻ ഉത്സാഹിപ്പൂ
ഒട്ടുമെ അമാന്തം ഞാൻ കാണിക്കുന്നതുമില്ല
ദുഷ്ടർ തൻ കെണികളിൽ കുടുങ്ങി എങ്കിലും ഞാൻ
അങ്ങു തൻ നിയമങ്ങൾ ഒട്ടുമെ മറന്നില്ല
അങ്ങു തൻ നീതിയുറ്റ കൽപനയതിനാലെ
അങ്ങയെ സ്തുതിക്കുവാൻ, സന്തതം യാചിക്കുവാൻ
നിഷ്കളാ, നിരാമയാ, ചിന്മയാ, ജഗൽപതീ
അർദ്ധരാത്രിയിൽ പോലും എഴുന്നേറ്റീടുന്നു ഞാൻ
അങ്ങയെ ഭയക്കയും അങ്ങുതൻ പ്രമാണങ്ങൾ
പാലിക്കും നരർക്കെല്ലാം ഞാനൊരു കൂട്ടാളിയാം
ധരണി അങ്ങയുടെ ദയയാൽ നിറഞ്ഞഹൊ
അങ്ങു തൻ നിയമങ്ങൾ പഠിപ്പിച്ചീടേണമെ
അങ്ങു തൻ വചനംപോൽ പാപിയാമീദാസനു
ദൈവമാമവിടുന്നു വളരെ നന്മ ചെയ്തു
അങ്ങു തൻ ചട്ടങ്ങളിൽ വിശ്വസിപ്പതിനാലെ
അറിവും വിവേകവും എനിക്കു നൽകേണമെ
കഷ്ടത തന്നിലകപ്പെടുന്നതിനും മുമ്പു
ഞാൻ വഴിതെറ്റിപ്പോയി എങ്കിലും അഖിലേശാ
അങ്ങു തൻ വചനങ്ങൾ പൂർണ്ണമായ് പാലിപ്പൂ ഞാൻ
ദൈവമാമവിടുന്നു നല്ലവൻ തന്നെ നൂനം
നന്മകൾ നിരന്തരം ചെയ്തീടുന്നവനുമാം
അങ്ങുതൻ നിയമങ്ങൾ പഠിപ്പിക്കണമെന്നെ
പറഞ്ഞു പരത്തിയാർ ദുഷ്ടന്മാർ നുണയേറെ
പൂർണ്ണമാം മനസ്സോടെ ചട്ടങ്ങൾ പാലിക്കുന്നു
അവർ തൻ ജീവാധാരം നിർണ്ണയം മരവിച്ചു
ആനന്ദിച്ചീടുന്നു ഞാൻ അങ്ങു തൻ നിയമത്തിൽ
കഷ്ടങ്ങൾ, പ്രയാസങ്ങൾ എനിക്കങ്ങുപകാരം
അതിനാൽ അവിടുത്തെ ചട്ടങ്ങൾ പഠിച്ചു ഞാൻ
സഹസ്രക്കണക്കിനു പൊൻ വെള്ളി തുട്ടിനെക്കാൾ
അങ്ങു തൻ വദനത്തിൽ നിന്നും ഹാ പുറപ്പെടും
ചട്ടങ്ങളത്രെ എനിക്കെപ്പോഴും അഭികാമ്യം
ജഗത്തിൻ സ്രഷ്ടാവാകും നിർമ്മലാ, ജഗൽപ്പതീ
എനിക്കു രൂപംനൽകി അങ്ങുതൻ കരങ്ങളാൽ
ചട്ടങ്ങൾ പഠിക്കുവാൻ അറിവു നൽകേണമെ
അങ്ങു തൻ ഭക്തർ എന്നെ കണ്ടു സന്തോഷിച്ചീടും
നിന്നുടെ വചനത്തിൽ പ്രത്യാശയർപ്പിച്ചു ഞാൻ

നിന്നുടെ തീരുമാനം ന്യായയുക്തമാണെന്നും
അങ്ങു തൻ വിശ്വസ്ഥത നിമിത്തം അവിടുന്നു
നിർദ്ദയം പീഡിപ്പിച്ചു എന്നും ഞാൻ അറിയുന്നു
ദാസനാമെനിക്കങ്ങു നൽകിയ വാഗ്ദാനംപോൽ
അങ്ങു തൻ ദയാവായ്പു ആശ്വസിപ്പിക്കട്ടെന്നെ
ധരണീതലം തന്നിൽ ജീവിക്കുന്നതിനായി
അങ്ങു തൻ ദയാവായ്പ് എന്റെമേൽ ചൊരിഞ്ഞാലും
അങ്ങു തൻ നിയമത്തിൻ തീരുമാനത്തിലത്രെ
മാമക ഹൃദയത്തിൽ ആനന്ദം നിറയുന്നു
ദുഷ്ടന്മാരഖിലവും ലജ്ജിതരായീടട്ടെ
വഞ്ചനയതിനാലെ തകിടം മറിച്ചെന്നെ
ദൈവമാം കർത്താവെ ഞാൻ എങ്കിലും അങ്ങയുടെ
നിയമങ്ങളെപ്പറ്റി സന്തതം ധ്യാനിച്ചിടും
അങ്ങുതൻ ഭക്തജനം എന്നിലേക്കണയട്ടെ
നിന്നുടെ കൽപനകൾ അവരും അറിയട്ടെ
ദൈവമെ ഈയുള്ളവൻ ലജ്ജിക്കാതിരിക്കുവാൻ
മാമക ജീവാധാരം അങ്ങുതൻ നിയമങ്ങൾ
പൂർണ്ണമായ് പാലിക്കുവാൻ, നടപ്പിൽ വരുത്തുവാൻ
നിർമ്മലമായീടട്ടെ, പാപരഹിതമാക.
അങ്ങു തൻ രക്ഷയ്ക്കായി കാത്തു ഞാൻ തളർന്നഹൊ
നിന്നുടെ വാഗ്ദാനത്തിൽ പ്രത്യാശ വച്ചീടുന്നു
നിന്നുടെ വാഗ്ദാനങ്ങൾ നിത്യവും നോക്കി നോക്കി
മാമക നയനങ്ങൾ തളർന്നു കുഴഞ്ഞല്ലൊ
അവിടുന്നെപ്പോളെന്നെ ആശ്വസിപ്പിച്ചീടും ഹാ
എന്നു ഞാൻ ചിന്തിച്ചഹൊ ദീനനായ് വിലപിപ്പൂ
പുകയത്തു വച്ചതാം വീഞ്ഞിൻ തുരുത്തിപോൽ ഞാൻ
എങ്കിലും അങ്ങയുടെ ചട്ടങ്ങൾ മറന്നില്ല
എത്രനാൾ സഹിക്കണം ദൈവമെ ഈയുള്ളവൻ
എന്റെ പീഡകന്മാരെ എന്നു നീ വിധിച്ചിടും
അങ്ങു തൻ നിയമങ്ങൾ ഒട്ടുമെ പാലിക്കാത്ത
ദുഷ്ടന്മാർ എന്നെ വീഴ്ത്താൻ കുഴികൾ കുഴിച്ചഹൊ
അങ്ങു തൻ കൽപനകൾ എത്രയും സുനിശ്ചിതം
വ്യാജത്താൽ ദ്രോഹിക്കുന്നു, ദയവായ് സഹായിപ്പിൻ
ധരയിൽ നിന്നുമെന്നെ തുടച്ചു മാറ്റാറായി
താവക ചട്ടങ്ങൾ ഞാൻ എങ്കിലും പാലിക്കുന്നു
മാമക ജീവൻ നാഥാ സദയം രക്ഷിക്കണെ
അങ്ങു തൻ കൽപനകൾ പൂർണ്ണമായ് പാലിക്കട്ടെ

കർത്താവാം യഹോവയെ അങ്ങുതൻ വചനങ്ങൾ
നഭസിൽ എന്നന്നേക്കും സുസ്ഥിരം തന്നെ നൂനം
അങ്ങു തൻ വിശ്വസ്തത നാളെന്നും നിലനിൽപ്പൂ
ഭൂമിയെ സ്ഥാപിച്ചു നീ നിലനിൽക്കുന്നൂ ചെമ്മെ
അങ്ങു തൻ നിശ്ചയംപോൽ സർവ്വവും നിലനിൽപ്പൂ
എന്തെന്നാൽ സകലതും അങ്ങയെ സേവിക്കുന്നു
അങ്ങുതൻ ചട്ടങ്ങളെൻ ആനന്ദമല്ലായെങ്കിൽ
എന്റെ കഷ്ടത്തിലഹം നശിച്ചു പോയീടും ഹാ
നിന്നുടെ കൽപനകൾ മറക്കില്ലൊരിക്കലും
കൽപന വഴിയത്രെ എനിക്കു ജീവൻ തന്നു.
ഞാനെന്നും അവിടുത്തെ, രക്ഷിച്ചീടേണമെന്നെ
എന്തെന്നാൽ അങ്ങയുടെ ചട്ടങ്ങൾ അന്വേഷിച്ചു
ദുഷ്ടന്മാർ എന്നെയിതാ നിർദ്ദയം നശിപ്പിക്കാൻ
എന്റെ ദൈവമെ നാഥാ, ഗൂഢമായിരിക്കുന്നു
എങ്കിൽ ഞാൻ അങ്ങയുടെ കൽപനകളെപ്പറ്റി
രാപകൽ ധ്യാനിക്കുന്നു, ചിന്തിപ്പൂ നിരന്തരം
പൂർണ്ണതയ്ക്കെല്ലാമൊരു സീമ ഞാൻ കണ്ടിട്ടുണ്ട്
അങ്ങുതൻ കൽപനകൾ നിസ്സീമം, നിരുപമം
നിന്നുടെ നിയമത്തെ വളരെ സ്നേഹിക്കുന്നു
അതിനെപ്പറ്റി അഹം രാപകൽ ധ്യാനിക്കുന്നു
അങ്ങുതൻ കൽപനകൾ നിർണ്ണയം എന്നെ എന്റെ
വൈരിയെക്കാളുമേറെ ജ്ഞാനിയായ് മാറ്റീടുന്നു
എന്തെന്നാൽ അവയെല്ലാം എപ്പോഴും എന്നോടൊപ്പം
ഗുരുക്കന്മാരെക്കാളും ബുദ്ധിമാനാകുന്നു ഞാൻ
എന്തെന്നാൽ കൽപനയെപ്പറ്റി ഞാൻ ധ്യാനിക്കുന്നു
വൃദ്ധജനങ്ങളെക്കാൾ അറിവുണ്ടെനിക്കഹൊ
എന്തെന്നാൽ അങ്ങയുടെ ചട്ടങ്ങൾ പാലിക്കുന്നു
അങ്ങുതൻ വചനങ്ങൾ പാലിച്ചീടുവാൻ വേണ്ടി
ദുർമാർഗ്ഗങ്ങളിൽ നിന്നെൻ പാദങ്ങൾ പിൻവലിപ്പൂ
കർത്തനാമവിടുന്നു പഠിപ്പിച്ചതിനാൽ ഞാൻ
അങ്ങു തൻ കൽപനയിൽ നിന്നും ഞാൻ ചലിച്ചില്ല
അങ്ങു തൻ വചനങ്ങൾ എനിക്കു മധുരമാം
മാമക നാവിന്നതു തേനിലും മധുരമാം
അങ്ങു തൻ പ്രമാണത്താൽ അറിവു നേടീ അഹം
അതിനാൽ വക്രമാർഗ്ഗം ഞാനിപ്പോൾ വെറുക്കുന്നു
അങ്ങു തൻ വചനങ്ങൾ മാമക പാദത്തിനു
വിളക്കും, സരണിയിൽ ദിവ്യമാം വെളിച്ചവും

അങ്ങു തൻ നീതിയുക്തമായിടും കൽപനകൾ
പൂർണ്ണമായ് പാലിക്കുവാൻ പ്രതിജ്ഞ ചെയ്തു അഹം
പീഡിതനാകുന്നു ഞാൻ, നിന്റെ വാഗ്ദാനം പോലെ
ചേതന എനിക്കു നീ നൽകണെ കൃപാനിധേ
കർത്താവെ ഞാനർപ്പിക്കും സ്തോത്രങ്ങൾ കൈക്കൊള്ളണെ
അങ്ങു തൻ കൽപനകൾ പഠിപ്പിക്കണമെന്നെ
എപ്പോഴും എന്റെ ജീവൻ ഉത്ക്കണ്ഠാഭരിതമാം
എങ്കിലും അവിടുത്തെ നിയമം മറക്കില്ല
ദുഷ്ടന്മാർ എനിക്കായി കെണിവച്ചിരിക്കുന്നു.
അങ്ങു തൻ ചട്ടങ്ങളിൽ നിന്നും ഞാൻ മാറുന്നില്ല
നിന്നുടെ കൽപനകൾ എന്റെ ഓഹരി നിത്യം
അവകൾ എന്നുമെന്റെ ഹൃദയാനന്ദമത്രെ
അങ്ങു തൻ നിയമങ്ങൾ ജീവിതാന്ത്യം വരെയും
നിത്യവും പാലിച്ചീടാൻ ഞനെന്റെ ഹൃദയത്തെ
സർവ്വഥാ സജ്ജമാക്കി ഞാനിതാ ഇരിക്കുന്നു
സർവ്വവും അറിയുന്ന ചിന്മയാ ജഗന്നാഥാ
കപടഹൃദയരെ വെറുത്തീടുന്നു അഹം
അങ്ങു തൻ നിയമത്തെ ദാസൻ ഞാൻ സ്നേഹിക്കുന്നു
അവിടുന്നാകുന്നു എൻ അഭയം, പരിചയും
നിന്നുടെ വചനത്തിൽ പ്രത്യാശയർപ്പിക്കുന്നു
ദുഷ്ടസന്തതികളെ വിട്ടുപോകുവീനെന്നെ
മാമക ദൈവത്തിന്റെ കൽപന പാലിക്കട്ടെ
ജീവനോടിരിക്കുവാൻ അങ്ങു തൻ വാഗ്ദാനം പോൽ
രക്ഷകനവിടുന്നു താങ്ങിനിർത്തേണമെന്നെ
അങ്ങയോടെനിക്കുള്ള ശാശ്വത പ്രത്യാശയിൽ
ലജ്ജിതനായീടുവാൻ ഇടയാകല്ലെ നാഥാ
രക്ഷിക്കപ്പെട്ടീടുവാൻ താവകനിയമങ്ങൾ
ആദരിക്കുവാനായി എന്നെ നീ താങ്ങേണമെ
അങ്ങു തൻ നിയമത്തിൽ നിന്നു ചലിക്കുന്നോരെ
കർത്തനാമവിടുന്നു നിർദ്ദയം തള്ളീടുന്നു
ധരയിൽ പാർത്തീടുന്ന ദുഷ്ടമാനസന്മാരെ
വിലകെട്ടവരായി പുറംതള്ളീടുന്നു നീ
അതിനാൽ സർവ്വശക്താ, അങ്ങുതൻ ചട്ടങ്ങളെ
ജീവനിലുപരിയായ് ഞാനിന്നു സ്നേഹിക്കുന്നു
അങ്ങയോടെനിക്കുള്ള ഭയത്താൽ തമ്പുരാനെ
വിഗ്രഹം വിറയ്ക്കുന്നു, വിധിയെ ഭയക്കുന്നു
നീതിയും ന്യായവും ഞാൻ നിത്യവും പ്രവർത്തിപ്പൂ

പീഡകർക്കായിട്ടെന്നെ വിട്ടു നീ കൊടുക്കല്ലെ
എനിക്കു നന്മ നാഥാ ഉറപ്പു വരുത്തുക
മർദ്ദിക്കാതിരിക്കട്ടെ പീഡകർ എന്നെ നിത്യം
അങ്ങു താൻ നൽകീടുന്ന ശാശ്വതരക്ഷയ്ക്കായി
നീതിനിഷ്ടമായീടും അങ്ങു തൻ വാഗ്ദാനത്തിൻ
വിജയകരമാകും പൂർത്തീകരണത്തിനായ്
കാത്തിരുന്നെന്റെ കൺകൾ തളർന്നു കുഴയുന്നു
അങ്ങു തൻ കാരുണ്യംപോൽ ദാസനിൽ പ്രവർത്തിക്ക
നിന്നുടെ നിയമങ്ങൾ പഠിപ്പിക്കണമെന്നെ
ദാസനാണഹം നിന്റെ അറിവു നൽകേണമെ
അങ്ങനെ നിൻ കൽപന പൂർണ്ണമായ് ഗ്രഹിക്കട്ടെ
കർത്താവെ പ്രവർത്തി തൻ സമയം ആഗതമായ്
അങ്ങു തൻ നിയമങ്ങൾ ലംഘിക്കപ്പെട്ടു നൂനം
കനകത്തെക്കാൾ അഹോ നിർണ്ണയം തങ്കത്തെക്കാൾ
തവകൽപനകളെ അധികം സ്നേഹിപ്പൂ ഞാൻ
ആകയാൽ അങ്ങയുടെ നിർമ്മല നിയമങ്ങൾ
മാമക പാദങ്ങളെ നിത്യവും നയിക്കുന്നു
വക്രത കാപട്യവും നിറഞ്ഞ മാർഗ്ഗങ്ങളെ
സർവ്വശക്തനെ താതാ ഞാനേറ്റം വെറുക്കുന്നു
അങ്ങു തൻ കൽപനകൾ വിസ്മയാവഹമത്രെ
കൽപന അഖിലവും നിത്യവും പാലിക്കുന്നു
അങ്ങുതൻ വചനത്തിൻ ചുരുളങ്ങഴിയുമ്പോൾ
ദിവ്യമാംപ്രകാശത്താൽ പ്രപഞ്ചം നിറയുന്നു
അവശർ, ആർത്തന്മാർക്കും, ആലംബഹീനന്മാർക്കും
താവക കൽപനകൾ അറിവു പകരുന്നു
കൽപനകളോടുള്ള അഭിവാഞ്ഛയാൽ നാഥാ
മാമക വദനം ഹാ തുറന്നു കിതയ്ക്കുന്നു
കർത്താവെ അങ്ങയുടെ തിരുനാമത്തെ നിത്യം
സ്നേഹിക്കും നരരോടു അങ്ങു ചെയ്യുന്നതുപോൽ
സദയം എന്നിലേക്കു തിരിഞ്ഞിട്ടെന്നോടു നീ
കരുണ കാട്ടേണമെ, കരുണാകരാ വിഭോ
അങ്ങു തൻ വാഗ്ദാനം പോൽ മാമക ചരണങ്ങൾ
ഒട്ടുമെ പതറാതെ കാക്കണം ജഗന്നാഥാ
കർത്താവെ അകൃത്യങ്ങൾ ദുർബ്ബലനാകുമെന്നെ
കീഴടക്കുവാൻ ദേവാ ഇടയാകല്ലെ നാഥാ
മർദ്ദകന്മാരിൽ നിന്നും എന്നെ നീ മോചിപ്പിക്ക
അങ്ങു തൻ പ്രമാണങ്ങൾ നിത്യവും പാലിക്കട്ടെ

അങ്ങു തൻ മുഖകാന്തി എന്റെമേൽ പതിയട്ടെ
അങ്ങു തൻ നിയമങ്ങൾ പഠിപ്പിക്കണമെന്നെ
പാലിച്ചീടുന്നില്ലഹൊ, മാനവർ നിൻ കൽപന
അതിനാലെന്റെ കൺകൾ അശ്രുവാൽ നിറയുന്നു
കർത്താവെ അവിടുന്നു നീതിമാൻ തന്നെ നൂനം
അങ്ങു തൻ വിധികളും നീതിയുക്തമാകുന്നു
നീതിയിൽ സമ്പൂർണ്ണമാം വിശ്വസ്തതയിലുമാം
നിന്നുടെ കൽപനകൾ സന്തതം പ്രഖ്യാപിച്ചു
മാമക വിരോധികൾ താവക ചട്ടങ്ങളെ
മറക്കുന്നതു മൂലം എന്റെ ദൈവമെ നാഥാ
എന്റെ തീക്ഷ്ണതയാലെ ഞാനിതാ എരിയുന്നു
അങ്ങു തൻ വചനങ്ങൾ മാത്രമാകുന്നു രക്ഷ
താവക വാഗ്ദാനങ്ങൾ സുപരീക്ഷിതമത്രെ
ദാസനാമെനിക്കവ ഇഷ്ടവസ്തുവുമത്രെ
ഞാനൊരു നിസ്സാരനും പരിഹാസ്യനുമത്രെ
അങ്ങുതൻ പ്രമാണങ്ങൾ വിസ്മരിക്കുന്നില്ല ഞാൻ
താവകനീതി നൂനം ശാശ്വതം ആയീടുന്നു
താവക നിയമങ്ങൾ സത്യസന്ധമാകുന്നു
ദുഃഖവും വേദനയും വളരെ ബാധിച്ചെന്നെ
ആനന്ദം എനിക്കേകി, അങ്ങു തൻ പ്രമാണങ്ങൾ
അങ്ങുതൻ കൽപനകൾ നീതിയുക്തമാകുന്നു
ജീവനോടിരിക്കുവാൻ അറിവു നൽകേണമെ
പൂർണ്ണമാം മനസ്സോടെ ഞാനിതാ അപേക്ഷിപ്പൂ
ഉത്തരമരുളണേ ചട്ടങ്ങൾ പാലിക്കും ഞാൻ
ദൈവമേ അങ്ങയോട് സാദരം അപേക്ഷിപ്പൂ
സദയം രക്ഷിക്കണെ, കൽപന പാലിക്കട്ടെ
അതിരാവിലെ തന്നെ ഞാനിതാ ഉണർന്നിട്ടു
താവകസഹായാർത്ഥം വിലപിക്കുന്നൂ നാഥാ
അങ്ങു തൻ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിക്കുന്നു
നിന്നുടെ വചനത്തെക്കുറിച്ചു ധ്യാനിക്കുവാൻ
രാത്രി തൻ യാമങ്ങളിൽ ഞാനുണർന്നിരിക്കുന്നു
കരുണാപൂർവ്വമെന്റെ സ്വരം നീ കേൾക്കേണമെ
അങ്ങു തൻ നീതിയാലെൻ ജീവനെ കാക്കേണമെ
ക്രൂരമർദ്ദകരെന്നെ സമീപിക്കുന്നു വീണ്ടും
ദുഷ്ടമാനസരവർ അങ്ങു തൻ നിയമത്തിൻ
പരിധി കവിഞ്ഞവർ വളരെ അകലെയാം
കർത്താവെ അവിടുന്നു ഏറ്റവും സമീപസ്ഥൻ

അങ്ങു തൻ കൽപനകൾ സത്യസന്ധമാകുന്നു
കർത്താവെ അങ്ങയുടെ കൽപന അഖിലവും
ശാശ്വതമാണെന്നു ഞാൻ അറിഞ്ഞു പണ്ടു പണ്ടെ
മാമക സഹനങ്ങൾ കണ്ടെന്നെ മോചിപ്പിക്ക
എന്തെന്നാൽ അങ്ങയുടെ നിയമം മറക്കില്ല.
ദൈവമെ അവിടുന്നു എനിക്കായ് വാദിച്ചഹൊ
ബന്ധനം തന്നിൽ നിന്നും വിടുവിക്കണമെന്നെ
അങ്ങു തൻ നിയമങ്ങൾ മറക്കുന്നില്ലല്ലൊ ഞാൻ
എനിക്കായ് വാദിച്ചു നീ വിടുവിക്കണമെന്നെ
അങ്ങു തൻ നിയമങ്ങൾ മറക്കുന്നില്ലല്ലൊ ഞാൻ
എനിക്കായ് വാദിച്ചു നീ വിടുവിക്കണമെന്നെ
അങ്ങു തൻ വാഗ്ദാനം പോൽ ചേതന നൽകേണമെ
ദുഷ്ടരിൽ നിന്നും രക്ഷ അകലെ അകലെയാം
താവക നിയമങ്ങൾ അന്വേഷിക്കുന്നില്ലവർ
കർത്താവെ അങ്ങയുടെ കാരുണ്യം വലുതത്രെ
താവക നീതിപോലെ ചേതന നൽകേണമെ
പീഡകർ, വിരോധികൾ എനിക്കു വളരെയാം
വിട്ടു ഞാൻ മാറുന്നില്ല അങ്ങു തൻ കൽപനകൾ
വഞ്ചകന്മാരെ അഹം വളരെ വെറുക്കുന്നു
അങ്ങു തൻ പ്രമാണങ്ങൾ അവർ പാലിക്കുന്നില്ല
താവകചട്ടങ്ങളെ എത്ര ഞാൻ സ്നേഹിക്കുന്നു
കരുണയ്ക്കൊത്തവിധം ജീവനെ കാക്കേണമെ
അങ്ങുതൻ വചനത്തിൻ സാരാംശം സത്യം തന്നെ
അങ്ങുതൻ നിയമങ്ങൾ നീതിയുക്തവുമത്രെ
താവക നിയമങ്ങൾ വചനം ഇവയെല്ലാം
ആചന്ദ്രതാരം തന്നെ നിലനിൽക്കുന്നു സത്യം
കാരണം കൂടാതെന്നെ പാർത്ഥിവൻ ദ്രോഹിക്കുന്നു
എങ്കിലും കർത്താവെ എൻ ഹൃദയം അങ്ങയുടെ
വചനത്തിന്റെ മുമ്പിൽ ഭയത്താൽ വിറപൂണ്ടും
ഭക്തിയാൽ ഭ്രമം പൂണ്ടും സാദരം നിന്നീടുന്നു
വലിയ കൊള്ളമുതൽ കിട്ടിയ നരനെപ്പോൽ
നിന്റെ വചനത്തിൽ ഞാൻ വളരെ ആനന്ദിപ്പൂ
ഭോഷ്കു ഞാൻ പകയ്ക്കുന്നു വെറുത്തീടുന്നു നൂനം
എനിക്കു പ്രിയം നിന്റെ ന്യായപ്രമാണമത്രെ
താവക നീതിയുള്ള വിധികൾ നിമിത്തമായ്
നിത്യവും ഏഴു വട്ടം നിന്നെ ഞാൻ സ്തുതിക്കുന്നു
ന്യായപ്രമാണത്തോടു പ്രിയമുള്ളവർക്കെല്ലാം

ശാശ്വത സമാധാനം നിർണ്ണയം ലഭിച്ചിടും
അവർക്കു വീഴ്ചയ്ക്കഹൊ സംഗതി ഏതുമില്ല
നിന്റെ രക്ഷയിലഹം പ്രത്യാശ വച്ചീടുന്നു
ആചരിച്ചീടുന്നു ഞാൻ തവകൽപനകളെ
താവക സാക്ഷ്യങ്ങളെൻ മാനസം പ്രമാണിപ്പൂ
തവസാക്ഷ്യങ്ങൾ നൂനം എനിക്കു പ്രിയങ്കരം
താവക പ്രമാണങ്ങൾ, സാക്ഷ്യങ്ങൾ ഇവയെല്ലാം
ഭയഭക്തിപൂർവ്വം ഞാൻ നിത്യവും പ്രമാണിപ്പൂ
മാമക സരണികൾ നിന്റെ മുമ്പാകെത്തന്നെ
ചിന്മയാ, ജഗന്നാഥാ സന്തതം ഇരിക്കുന്നു
ദൈവമാം യഹോവയെ മാമക നിലവിളി
തിരുസന്നിധിയിങ്കൽ വരുമാറായീടട്ടെ
താവക വചനം പോൽ എനിക്കു ബുദ്ധി നൽക
മമയാചന നിന്റെ അരികിൽ വന്നീടട്ടെ
തവ വാഗ്ദാനം പോലെ എന്നെ നീ വിടുവിക്ക
അങ്ങു തൻ ചട്ടങ്ങളെ സദയം എനിക്കഹൊ
ഉപദേശിച്ചു ചെമ്മെ കൃപ ചെയ്തതിനാലെ
മാമക അധരങ്ങൾ നിൻ സ്തുതി പാടീടട്ടെ
തവകൽപനകൾ താൻ നീതിയായിരിക്കയാൽ
എൻ നാവു നിരന്തരം പാടട്ടെ നിൻ സ്തുതികൾ
നിന്റെ കൽപനകളെ സ്വീകരിച്ചതിനാലെ
നിന്റെ കൈ എനിക്കെന്നും തുണയായിരിക്കട്ടെ
താവക രക്ഷയ്ക്കായ് ഞാൻ നിത്യവും വാഞ്ഛിക്കുന്നു
തവകൽപനകളെൻ പ്രമോദം തന്നെ നൂനം
ദൈവമെ അവിടുത്തെ സ്തുതിക്കുന്നതിനായി
മാമക പ്രാണൻ ഭൂവിൽ ജീവനോടിരിക്കട്ടെ.
താവക വിധിയെന്നും തുണയായിരിക്കട്ടെ
നഷ്ടപ്പെട്ടതാമാടുപോലെ ഞാൻ തെറ്റിപ്പോയി
പാവമാമടിയാനെ അന്വേഷിക്കണെ നാഥാ
തവകൽപനകളെ ഞാൻ മറക്കുന്നില്ലഹൊ.

# 120

മമ കഷ്ടതയിൽ ഞാൻ കർത്തനോടപേക്ഷിച്ചു
സദയം എനിക്കവൻ ഉത്തരം അരുളിയാൻ
അസത്യം പറയുന്ന അധരങ്ങളിൽ നിന്നും
വഞ്ചന നിറഞ്ഞതാം നാവിൽ നിന്നും രക്ഷിക്ക
വഞ്ചന നിറഞ്ഞുള്ള നാവെ നീ ചൊന്നീടുക

ഭാവിയിൽ നിനക്കെന്തു ലഭിക്കും ഉരചെയ്ക
ഇനിയും എന്തു ശിക്ഷ നിനക്കു ലഭിച്ചിടും
ധീരനാം യോദ്ധാവിന്റെ മൂർച്ചയുള്ളസ്ത്രങ്ങളും
ചുട്ടുപഴുത്തുള്ളതാം അഗ്നിതൻ കനലുമാം
മേഷെക്കിൽ വസിപ്പതും കേദാർ കൂടാരങ്ങളിൽ
പാർത്തിടുന്നതൊക്കെയും എനിക്കു ദുരിതമാം
ശാന്തിവിദ്വേഷികളോടൊരുമിച്ചുള്ള വാസം
എന്റെ ദൈവമെ സത്യം എനിക്കു മടുത്തഹൊ
ധരയിൽ സമാധാനം സംസ്ഥാപിച്ചിടുവാനായ്
നിർമ്മല മൂർത്തെ നാഥാ ഞാനെന്നും വാദിക്കുന്നു
എങ്കിലും നാഥാ അവർ യുദ്ധത്തിനൊരുങ്ങുന്നു.

## 121

പർവ്വതങ്ങളിലേക്കു കണ്ണുകളുയർത്തുന്നു
എവിടെ നിന്നും വരും എനിക്കു സഹായകൻ
കർത്താവിൽ നിന്നും വരും എനിക്കു സഹായങ്ങൾ
നഭസും ധരണിയും സൃഷ്ടിച്ച കർത്താവവൻ
നിന്റെ കാൽ വഴുതുവാൻ സമ്മതിക്കുകില്ലവൻ
താവക സംരക്ഷകൻ ഉറക്കം തൂങ്ങുന്നില്ല
യിസ്രായേലിന്റെ പരിപാലകൻ മയങ്ങില്ല
നിമിഷാർദ്ധം പോലുമെ നിർണ്ണയം ഉറങ്ങില്ല
ദൈവമാം കർത്താവത്രെ താവക കാവൽക്കാരൻ
നിനക്കു തണലേകാൻ വലത്തുഭാഗത്തുണ്ട്
വാസരം തന്നിൽ സൂര്യൻ, രാത്രിയിൽ ശശാങ്കനും
നിർണ്ണയം അവർ നിന്നെ പീഡനം ചെയ്യുകില്ല
സകല തിന്മകളിൽ നിന്നുമാ ദേവരാജൻ
കണ്ണിലെ കൃഷ്ണമണിപോലെ കാത്തിടും നിന്നെ
ദൈവമാമവിടുന്നു താവക ജീവൻ നൂനം
നിർണ്ണയം സംരക്ഷിക്കും പരിപാലിച്ചീടുമെ
നിന്റെ വ്യാപാരങ്ങളെ ദൈവമാമവിടുന്നു
എന്നുമെന്നേക്കുമഹൊ പരിപാലിക്കും നൂനം.

# 122

കർത്താവിൻ ഗൃഹം തന്നിൽ നമുക്കുപോകാമെന്നു
അവർ ചൊന്നപ്പോളഹം വളരെ സന്തോഷിച്ചു
ജേറുസലേമെ ഇതാ ഞങ്ങൾ നിൻ കവാടത്തിൻ
ഉള്ളിലായ് സസന്തോഷം ആഗതരായീടുന്നു
ചെമ്മെയായ് പണിതതാം നഗരം ജെറുസലേം
അതിലേക്കാഗതമായ് കർത്താവിൻ ഗോത്രങ്ങൾ ഹാ
ഇസ്രായേലിനോടു നീ അന്നു കൽപിച്ചതുപോൽ
കർത്തനു കൃതജ്ഞത അർപ്പിക്കാൻ വന്നീടുന്നു
അവിടെ ന്യായാസനം ചിത്രമായൊരുക്കിയാൻ
ദാവീദു ഭവനത്തിൻ ശ്രേഷ്ഠമാം ന്യായാസനം
ജേറുസലേമിന്റെയും ശാന്തിക്കായ് പ്രാർത്ഥിക്കുവിൻ
തവസ്നേഹിതന്മാർക്കു ഐശ്വര്യമുണ്ടാവട്ടെ
നിന്റെ മതിലിനുള്ളിൽ ശാശ്വതസമാധാനം
നിന്റെ ഗോപുരം തന്നിൽ രക്ഷയും ഉണ്ടാകട്ടെ
മാമക സഹോദരർ സുഹൃത്തുക്കൾ തൻ പേരിൽ
ശാശ്വത സമാധാനം നിനക്കായാശംസിപ്പൂ
മാമക കർത്താവിന്റെ ആലയത്തിനുവേണ്ടി
നിന്റെ നന്മയ്ക്കും വേണ്ടി ഞാനെന്നും പ്രാർത്ഥിച്ചിടും.

# 123

നഭസിൽ വാണിടുന്ന ചിന്മയാ, ജഗൽപതീ
അങ്ങിലേക്കെന്റെ കൺകൾ സന്തതം ഉയർത്തുന്നു
ദാസർ തൻ പശ്ചാത്താപം നിറഞ്ഞ നയനങ്ങൾ
സ്വാമി തൻ വിശാലമാം കയ്യിലേക്കെന്നപോലെ
ദാസി തൻ തപ്തബാഷ്പം നിറഞ്ഞ നയനങ്ങൾ
ശ്രേഷ്ഠയാം സ്വാമിനി തൻ കയ്യിലേക്കെന്നപോലെ
ഞങ്ങൾ തൻ കർത്താവിനു കരുണ തോന്നുവോളം
ഞങ്ങൾ തൻ നയനങ്ങൾ അങ്ങയെ നോക്കീടുന്നു
കരുണ തോന്നേണമെ ഞങ്ങളിൽ ദയാസിന്ധോ
ദയ തോന്നീടേണമെ ഞങ്ങളിൽ എൻ കർത്താവെ
എന്തെന്നാൽ ദാസർ ഞങ്ങൾ പരനിന്ദനമേറ്റു
തളർന്നു തകർന്നഹൊ, ജീവിതം മടുത്തയ്യൊ
സുഖകാംക്ഷികളുടെ പരിഹാസവും പിന്നെ
അഹങ്കാരികളുടെ നിന്ദനം, തളർന്നു ഹാ.

## 124

ഇസ്രായേൽ പറയട്ടെ രക്ഷകനാകും കർത്തൻ
പക്ഷത്തങ്ങില്ലായെങ്കിൽ, ജനങ്ങൾ എതിർത്തപ്പോൾ
രക്ഷകൻ നമ്മോടൊപ്പം വന്നില്ലാതിരുന്നെങ്കിൽ
അവർ തൻ കോപം നമുക്കെതിരെ ജ്വലിച്ചപ്പോൾ
ശത്രുക്കൾ നമ്മെ വേഗം നിർദ്ദയം ജീവനോടെ
വിഴുങ്ങിക്കളഞ്ഞേനെ, നിർണ്ണയം ഇതു സത്യം
ജലപ്രവാഹം നമ്മെ ഒഴുക്കിക്കളഞ്ഞേനെ
നിർണ്ണയം മലവെള്ളം നമ്മളെ മൂടിയേനെ.
ആർത്തിരമ്പുന്നതാം സലിലപ്രവാഹം താൻ
ശിരസിൻ മുകളിലൂടൊഴുകിപ്പോയേനെ ഹാ
അവർതൻ ദന്തങ്ങൾക്കു നമ്മളെ ഇരയായി
കൊടുക്കാതിരുന്നതാം കർത്തനെ സ്തുതിക്കുക
വേടന്റെ കെണിയതിൽ നിന്നു പക്ഷിയെന്നപോൽ
അത്ഭുതകരമായി നമ്മളും രക്ഷപ്പെട്ടു.
നഭസും ധരണിയും ചെമ്മെയായ് സൃഷ്ടിച്ചതാം
കർത്താവിൻ തിരുനാമം നമ്മുടെ ആശ്രയമാം.

## 125

കർത്താവിൽ സ്ഥിരമായി ആശ്രയിച്ചീടുന്നവർ
ഉറപ്പായ് നിലനിൽക്കും സീയോനാം ഗിരിപോലെ
ജേർസലേം നഗരിയെ പർവ്വതശിഖരങ്ങൾ
ചൂഴ്ന്നു നിൽപതുപോലെ ചിന്മയൻ, ജഗൽപതി
ഇന്നുമെന്നേക്കും തന്നെ തന്നുടെ ജനത്തിനെ
വലയം ചെയ്തീടുന്നു ചെമ്മെയായ് പാലിക്കുന്നു
നീതിമാന്മാർക്കായ് ദൈവം നിശ്ചയിച്ചിരിക്കുന്ന
ദേശത്തു ദുഷ്ടന്മാർ തൻ ചെങ്കോലങ്ങുയരില്ല
നീതീജ്ഞകദംബകം തിന്മകൾ ചെയ്തീടുവാൻ
ഉദ്യമം ഒരിക്കലും ഉണ്ടാകാതിരിക്കട്ടെ
കർത്താവെ നല്ലവർക്കും നിർമ്മല മനസ്കർക്കും
നന്മ നീ ചെയ്യേണമെ, കൃപയാൽ നിറയ്ക്കണെ
വക്രമാർഗ്ഗത്തിലേക്കു തിരിയും മനുഷ്യരെ
ദുഷ്ടരോടൊപ്പമവൻ പുറന്തള്ളിടും നൂനം
ഇസ്രായേൽ രാജ്യം തന്നിൽ കർത്താവിൻ കൃപയാലെ
ശാശ്വത സമാധാനം നിലനിൽക്കട്ടെ നീണാൾ.

## 126

പ്രവാസികളെ കർത്തൻ സീയോനിലേക്കു തന്നെ
കൊണ്ടുവന്നപ്പോളതു സ്വപ്നമായ് തോന്നീ നൂനം
ആ ദിനം തന്നിൽ ഞങ്ങൾ ചിരിച്ചു സന്തോഷിച്ചു
വർദ്ധിച്ച സന്തോഷത്താൽ ആരവം മുഴക്കിയാർ
ചിന്മയനാകും കർത്തൻ അവർ തന്നിടയിലായ്
വളരെ വൻ കാര്യങ്ങൾ ചെയ്തിരിക്കുന്നതായി
പാരിതിൽ വസിച്ചിടും മാനവർക്കിടയിലായ്
ബഹുസന്തോഷത്തോടെ ഘോഷണം ചെയ്തു നൂനം
കർത്താവു ഞങ്ങൾക്കായി വളരെ വൻ കാര്യങ്ങൾ
ചെയ്തിരിക്കുന്നു ഞങ്ങൾ ഏറ്റവും സന്തോഷിച്ചു
കർത്താവെ നെഗെബിലെ നീരുറവകൾപോലെ
ഞങ്ങൾ തൻ സൗഭാഗ്യങ്ങൾ പുനഃസ്ഥാപിക്കേണമെ
കണ്ണുനീരോടെ വിത്തുവിതയ്ക്കും നരരെല്ലാം
ആനന്ദഘോഷത്തോടെ സാമോദം കൊയ്തീടട്ടെ
വിത്തുകൾ ചുമന്നഹൊ ദുഃഖത്തിൽ വിലാപത്തിൽ
വിതയ്ക്കാൻ പോകുന്നവർ കറ്റകൾ ചുമന്നഹൊ
വർദ്ധിച്ച ഘോഷത്തോടെ ആനന്ദതുന്ദിലരായ്
സാമോദം, സസന്തോഷം മടങ്ങും ഗൃഹം തന്നിൽ.

## 127

കർത്താവു നികേതനം പണിയുന്നില്ലെങ്കിൽ
പണിക്കാർ വ്യർത്ഥമായി അദ്ധ്വാനം ചെയ്തീടുന്നു
ചിന്മയൻ പട്ടണത്തെ കാക്കുന്നില്ലെങ്കിൽ നൂനം
കാവൽക്കാർ വൃഥാവായി ഉണർന്നങ്ങിരിക്കുന്നു
സുപ്രഭാതത്തിൽ നിങ്ങൾ എഴുന്നേറ്റീടുന്നതും
വളരെ വൈകിയിട്ടു കിടപ്പാൻ പോകുന്നതും
കഠിനപ്രയത്നത്താൽ ജീവിതം നയിപ്പതും
നിർണ്ണയം ചൊന്നീടുന്നു നിഷ്പ്രയോജനമത്രെ
തനിക്കു പ്രിയപ്പെട്ടോർ ഗാഢമായുറങ്ങുമ്പോൾ
കരുണാകരനവൻ വേണ്ടതു നൽകീടുന്നു
നമ്മൾ തൻ സന്താനങ്ങൾ കർത്താവിൻ ദാനമത്രെ
ഉദരഫലമതും അവന്റെ സമ്മാനവും
യൗവ്വനകാലത്തിങ്കൽ ജനിക്കും സന്താനങ്ങൾ
യോദ്ധാവിൻ കയ്യിലുള്ള അസ്ത്രങ്ങൾ പോലെയത്രെ
ഭാഗ്യവാൻ ആവനാഴി അവയാൽ നിറപ്പവൻ

നഗരകവാടത്തിൽ ക്രൂരരാം ശത്രുക്കളെ
നേരിടും ദശാന്തരെ, നിർണ്ണയം അവനഹൊ
ലജ്ജിപ്പാൻ, ദുഃഖിച്ചീടാൻ ഇടയാകില്ല നൂനം.

## 128

കർത്തനെ ഭയക്കയും അവന്റെ വഴികളിൽ
നടക്കും നരനവൻ നിർണ്ണയം ഭാഗ്യവാനാം
നിന്റെ അദ്ധ്വാനഫലം നീയനുഭവിച്ചിടും
സന്തുഷ്ടനായിടും നീ നന്മയും കൈവന്നിടും
താവക കളത്രം ഹാ ഭവനം തന്നിലുള്ള
ഫലത്താൽ സമൃദ്ധമാം മുന്തിരി അതുപോലെ
താവക സന്താനങ്ങൾ നിന്റെ മേശയ്ക്കു ചുറ്റും
ഒലിവുതൈകൾ പോലെ ചിത്രമായ് മരുവുന്നു
ദൈവമാം കർത്താവിന്റെ ഭക്തനായവൻ നൂനം
ഈവിധം കൃപയാലെ നിറയും ഇതു സത്യം.
സീയോനിൽ നിന്നും കർത്തൻ ദാസനാം നിന്നുടെ മേൽ
മാരിപോൽ ചൊരിയട്ടെ സ്വർഗ്ഗീയ കൃപാവരം
താവക ആയുഷ്കാലം മുഴുവൻ ഇതു സത്യം
ജേർസലേം നഗരിതൻ ഐശ്വര്യം കണ്ടിടും നീ
കൊച്ചുമക്കളെ കാണാൻ നിനക്കു സാധിക്കട്ടെ
ഇസ്രായേൽ രാജ്യം തന്നിൽ പുലർന്നീടട്ടെ ശാന്തി.

## 129

മുഴുവൻ പറയട്ടെ ഇസ്രായേൽ ഇപ്പോൾത്തന്നെ
ചെറുപ്പം മുതലെന്നെ എത്രയൊ പീഡിപ്പിച്ചു
എത്രയൊ കഠിനമായ് പീഡിപ്പിച്ചവരെന്നെ
എന്നിട്ടും അവർ നൂനം വിജയം നേടിയില്ല
ഉഴവുകാരെന്നുടെ മുതുകിൽ ഉഴുതയ്യൊ
അവർ നീളത്തിൽ വേഗം ഉഴവുചാലുകീറി
സർവ്വജ്ഞനാകും കർത്തൻ നീതിമാൻ തന്നെ നൂനം
ദുഷ്ടർ തൻ ബന്ധനത്തിൽ നിന്നെന്നെ മോചിപ്പിച്ചു
സീയോന്റെ വിരോധികൾ ലജ്ജിതരായീടട്ടെ
വീടിന്റെ പുറത്തുള്ള പുല്ലുപോലായീടട്ടെ
വളരും മുമ്പേ അവ ഉണങ്ങിപ്പോയീടുന്നു
കൊയ്തിട്ടും നരന്റെ കൈ നിറയുന്നില്ല നൂനം
കറ്റകെട്ടുന്നവന്റെ മടിയും നിറയില്ല

കർത്തന്റെ അനുഗ്രഹം നിങ്ങളിലുണ്ടാകട്ടെ
കർത്തൃനാമത്തിൽ ഞങ്ങൾ നിങ്ങൾക്കായ് നൽകീടുന്നു
ഹൃദയംഗമമാകും കൃപകൾ ആശീർവാദം
ഈവിധം സരണിയിൽ നടക്കും വഴിപോക്കർ
നിർണ്ണയം ഒരക്ഷരം ഉരിയാടുന്നതില്ല.

## 130

കർത്താവെ അഗാധത്തിൽ നിന്നും ഞാൻ വിളിക്കുന്നു
ദാസനാമടിയന്റെ പ്രാർത്ഥന കേൾക്കേണമെ
ചെവി ചായിച്ചിട്ടങ്ങു എന്റെ യാചനകൾ തൻ
സ്വരം നീ ശ്രവിക്കണെ നിഷ്കളാ, നിരാമയാ
പാപത്തിൻ കണക്കുകൾ കർത്തൻ നീ വച്ചീടുകിൽ
ഭൂവിതിലാർക്കു ചൊൽക നിലനിൽക്കാനായീടും
പാപങ്ങൾ പൊറുത്തിടും കരുണാകരനങ്ങ്
അതിനാൽ അങ്ങയുടെ ചാരത്തു നിന്നീടുന്നു
കാത്തിരുന്നീടുന്നു ഞാൻ, മാമക ആത്മാവെന്നും
കാത്തുകാത്തിരിക്കുന്നു ദൈവമാം കർത്താവിനെ
അങ്ങു തൻ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിക്കുന്നു
സുപ്രഭാതത്തിന്നായി കാത്തുകാത്തിരിക്കുന്ന
കാവൽക്കാരെപ്പോലഹം വളരെ പ്രതീക്ഷയിൽ
ദൈവമാം കർത്താവിനെ കാത്തിരിക്കുന്നു നിത്യം
എന്തെന്നാൽ കർത്താവവൻ കാരുണ്യവാനാകുന്നു
അവിടുന്നു ഭാരമായ് രക്ഷയും നൽകീടുന്നു
ഇസ്രായേലിനെ തന്റെ അകൃത്യങ്ങളിൽ നിന്നും
സദയം അവിടുന്നു മോചനം നൽകീടുന്നു.

## 131

നിഗളിച്ചീടുന്നില്ല കർത്താവെ എൻ ഹൃദയം
മാമക നേത്രങ്ങളിൽ നിഗളമില്ല നൂനം
എന്നുടെ കഴിവതിൽ കവിഞ്ഞ കാര്യങ്ങളിൽ
വിസ്മയാവഹമായ പ്രവൃത്തികളിലും ഞാൻ
വ്യാപൃതനായീടുവാൻ എനിക്കു മനസ്സില്ല
കരുണാമയനാകും ഈശ്വരാ, ജഗന്നാഥാ
മാതാവിൻ മടിയിലായ് ശാന്തനായ് കിടക്കുന്ന
ശിശുവെന്നപോലവെ ഞാനെന്നെ ശാന്തനാക്കി
ശാന്തമായുറങ്ങുന്ന ശിശുവെപ്പോലാകുന്നു

എന്റെ ആത്മാവു നിത്യം നിർണ്ണയം ഇതു സത്യം
ശ്രേഷ്ഠമാമിസ്രായേലെ നിന്നോടു ചൊന്നീടുന്നു
ദൈവമാം കർത്താവിൽ നീ പ്രത്യാശ വച്ചീടുക.

## 132

കർത്താവെ ദാവീദിനെ, അവൻ താൻ സഹിച്ചതാം
കഷ്ടനഷ്ടങ്ങളെയും ഓർക്കണെ കൃപാനിധേ
ശപഥം ചെയ്തു അവൻ കർത്താവിനോടു തന്നെ
യാക്കോബിൻ വല്ലഭനോടീവിധം സത്യം ചെയ്തു
യാക്കോബിൻ വല്ലഭനാം കർത്താവിനൊരു സ്ഥലം
കണ്ടെത്തുന്നതുവരെ ഗൃഹത്തിൽ കയറില്ല
തൽപത്തിൽ ശയിക്കയൊ, മാമക നേത്രങ്ങൾക്കു
ഉറക്കം കൊടുക്കയൊ, കണ്ണിന്റെ പോളകൾക്കു
മയക്കം നൽകുകയൊ ചെയ്യില്ല ഇതു സത്യം
എഫ്രാത്തായിൽ വച്ചു നാം അതിനെപ്പറ്റിക്കേട്ടു
യാ ആറിൻ വയൽകളിൽ അതിനെ കണ്ടെത്തി നാം
തിരുനിവാസം തന്നിൽ നമുക്കൊന്നിച്ചു പോകാം
ഒരുമിച്ചാരാധിക്കാം പാദപീഠത്തിൽത്തന്നെ
കർത്താവെ എഴുന്നേറ്റ് അങ്ങു തൻ ശക്തിയുടെ
പേടകത്തിനോടൊപ്പം ദൈവമെ അങ്ങയുടെ
വിശ്രമസ്ഥലത്തേക്കു വരണെ കൃപാകരാ
അങ്ങുതൻ പുരോഹിതർ നീതിയെ ധരിക്കയും
അങ്ങു തൻ വിശുദ്ധന്മാർ ആനന്ദിക്കയും ചെയ്ക
കർത്താവെ നിൻ ദാസനാം ദാവീദു രാജന്നായി
അഭിഷിക്തനെ അങ്ങു തള്ളല്ലെ കൃപാനിധെ
ദാവീദാം രാജനോടു കർത്താവു കൽപിച്ചഹൊ
നിർണ്ണയം അവിതർക്കം അവനൊ പിന്മാറില്ല
നിന്റെ സന്താനങ്ങളിൽ നിർണ്ണയം ഒരുത്തനെ
നിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാക്കിടും
മാമക ഉടമ്പടി ഞാൻ നൽകും കൽപനകൾ
താവക സന്തതികൾ ഇവകൾ പാലിക്കുകിൽ
അവർ തൻ മക്കൾ നിത്യം, നിർണ്ണയം ഇതു സത്യം
നിന്റെ സിംഹാസനത്തിൽ വാണിടും ചിരകാലം
എന്തെന്നാൽ സീയോനിനെ കർത്താവു സ്വീകരിച്ചു
അതിനെ ഗൃഹമാക്കാൻ ആഗ്രഹിച്ചവിടുന്ന്
മാമക വാസസ്ഥലം സീയോനാണെന്നെന്നേക്കും
എന്റെ ആഗ്രഹംപോലെ ഇവിടെ വസിക്കും ഞാൻ

അവൾക്കു വേണ്ടതെല്ലാം നൽകിടും സമൃദ്ധമായ്
അവൾ തൻ ദരിദ്രരെ സംതൃപ്തരാക്കീടും ഞാൻ
അവൾ തൻ വൈദികരെ രക്ഷ ഞാൻ അണിയിക്കും
അവൾ തൻ വിശുദ്ധന്മാർ ആരവം മുഴക്കിടും
അവിടെ ദാവീദിന്നായ് കൊമ്പു ഞാൻ മുളപ്പിക്കും
അഭിഷിക്തനുവേണ്ടി ദീപവും ഒരുക്കിയാൻ
അവന്റെ ശത്രുക്കളെ ലജ്ജ ഞാൻ ഉടുപ്പിക്കും
മകുടം അവന്റെ മേൽ വെളിച്ചം ചൊരിഞ്ഞിടും.

# 133

സോദരീസോദരന്മാർ ഏകമാം മനസ്സായി
ഒന്നിച്ചു വസിപ്പതു വിശിഷ്ടം സാനന്ദവും
തലയിൽ ഒഴിച്ചതാം നിർമ്മലമാകും തൈലം
അഹറോൻ നാമാവിന്റെ താടിമീശയിലൂടെ
അവരോഹണം ചെയ്തു കഴുത്തിൻപട്ടതന്നിൽ
ഒഴുകുംപോലെയത്രെ സോദരന്മാർ തൻ ഐക്യം
സീയോൻ പർവ്വതങ്ങളിൽ പൊഴിയും ഹെർമോനിന്റെ
തുഷാരബിന്ദുക്കൾ പോൽ വീഴുന്നൂ തൈലം ചെമ്മെ
അവിടെത്തന്നെയത്രെ ചിന്മയൻ അവനുടെ
കൃപയും ചേതനയും ദാനമായ് നൽകുന്നത്.

# 134

കർത്താവിൻ ദാസന്മാരെ അവനെ സ്തുതിക്കുവിൻ
രാത്രിയിൽ കർത്താവിന്റെ ഗൃഹത്തിൽ ശുശ്രൂഷകൾ
ചെയ്തിടും മനുഷ്യരെ അവനെ വാഴ്ത്തിടുവിൻ
നിർമ്മല ശ്രീകോവിലിൽ കരങ്ങൾ നീട്ടിക്കൊണ്ടു
കർത്തനെ നിരന്തരം വാഴ്ത്തുവിൻ സ്തുതിക്കുവിൻ
നഭസും ധരണിയും സൃഷ്ടിച്ച ജഗൽപതി
അബ്രഹാം, ഇസഹാക്കും, യാക്കോബിൻ താതനവൻ
സീയോനിൽ നിന്നും നിന്നിൽ കൃപയെ ചൊരിയട്ടെ.

# 135

കർത്തനെ സ്തുതിക്കുവിൻ, നാമത്തെ സ്തുതിക്കുവിൻ
അവന്റെ ദാസന്മാരെ, അവനെ സ്തുതിക്കുവിൻ
കർത്താവിന്റാലയത്തിൽ ശുശ്രൂഷ ചെയ്യുന്നോരെ
അവന്റെ അങ്കണത്തിൽ സാദരം നിൽക്കുന്നോരെ

അവനെ സ്തുതിക്കുവിൻ, കർത്തനെ സ്തുതിക്കുവിൻ
അവൻ നല്ലവനല്ലൊ, അവനെ പ്രകീർത്തിപ്പിൻ
കരുണാമയനാകും കർത്താവ് യാക്കോബിനെ
തനിക്കായ് പ്രിയമുള്ള ഇസ്രായേലിനെ തന്റെ
അവകാശമായ് നാഥൻ തെരഞ്ഞെടുത്തഹൊ
കർത്താവ് വലിയവൻ, സകല ദേവന്മാരിൽ
ഉന്നതനാണെന്നും ഞാൻ ഉറപ്പായറിയുന്നു
നഭസിൽ, ധരണിയിൽ, ആഴിതന്നഗാധത്തിൽ
സ്വേഛപോൽ ജഗന്നാഥൻ നിത്യവും പ്രവർത്തിപ്പൂ
ഭൂമിതന്നതിർത്തിയിൽ മേഘത്തെ ഉയർത്തുന്നു
മഴയ്ക്കായ് മിന്നലിനെ അയയ്ക്കുന്നതും പിന്നെ
കാറ്റിനെ സമൃദ്ധമായ് നൽകീടുന്നതുമവൻ
അവിടുന്നാകുന്നല്ലൊ ഈജിപ്തിൽ നരന്റെയും
മൃഗത്തിന്റെയും കടിഞ്ഞൂലിനെ വധിച്ചതും
ഈജിപ്തിൻ മദ്ധ്യത്തിലായ് ഫറവോ രാജാവിനും
അവന്റെ ഭൃത്യന്മാർക്കും എതിരായ് അടയാളം
അത്ഭുതങ്ങളെയെല്ലാം സന്തതം അയച്ചതും
വളരെ ജനതയെ നിർദ്ദയം തകർക്കയും
ശക്തരാം രാജാക്കളെ കൊന്നതും അവിടുന്നഹൊ
അമോര്യനാകും സീഹോൻ, ബാഷാനാം ഓഗിനെയും
കാനാനാം രാജ്യങ്ങളെ നിർദ്ദയം സംഹരിച്ചു
അവർ തൻ ദേശങ്ങളെ ഇസ്രായേൽ ജനത്തിനു
അവകാശമായ്ത്തന്നെ നൽകിയാൻ ജഗന്നാഥൻ
അങ്ങു തൻ തിരുനാമം ശാശ്വതമായീടുന്നു
അങ്ങു തൻ കീർത്തി നീണാൾ നിലനിന്നീടുന്നഹൊ
നീതിമാനാകും കർത്തൻ തന്നുടെ ജനത്തിനു
ശരിയായിടും നീതി നടത്തിക്കൊടുത്തിടും
തന്നുടെ ദാസരോടു കാരുണ്യം കാണിച്ചിടും
നരർ തൻ വിഗ്രഹങ്ങൾ കനകം, രജതവും
കേവലം മനുഷ്യർ തൻ കരവേലകൾ മാത്രം
അവയ്ക്കു വായുണ്ടെന്നാൽ സംസാരിച്ചീടുന്നില്ല
അവയ്ക്കു കണ്ണുണ്ടെന്നാൽ ഒട്ടുമെ കാണുന്നില്ല
അവയ്ക്കു കാതുണ്ടെന്നാൽ ഒട്ടുമെ കേൾക്കുന്നില്ല
അവ തൻ വായിൽ നൂനം പ്രാണവായുവുമില്ല
അവയെ നിർമ്മിപ്പവർ അവയെപ്പോലാകട്ടെ
ആശ്രയിച്ചീടുന്നവൻ അതുപോൽ തന്നെ നൂനം
ഇസ്രായേൽ ഭവനമെ കർത്തനെ വാഴ്ത്തീടുക

അഹറോൻ ഭവനമെ കർത്തനെ വാഴ്ത്തീടുക
ലേവി തൻ ഭവനമെ കർത്തനെ വാഴ്ത്തീടുക
കർത്തൃഭക്തരെ നിങ്ങൾ കർത്തനെ വാഴ്ത്തീടുവിൻ
ജേർസലേം നഗരത്തിൽ വസിക്കും ജഗൽപതി
സീയോനിൽ ദിനംതോറും സ്തുതിക്കപ്പെട്ടീടട്ടെ.

## 136

ദൈവമാം കർത്താവിനു നന്ദി പറഞ്ഞീടുവിൻ
നല്ലവൻ അവിടുത്തെ കാരുണ്യം അനന്തമാം
ദേവാധിദൈവത്തിനു നന്ദി പറഞ്ഞീടുവിൻ
അവന്റെ ദയാവായ്പു നിർണ്ണയം അനന്തമാം
നാഥരിൽ നാഥനായ് കർത്തനു നന്ദി ചൊല്ലീൻ
അവന്റെ ദയാവായ്പു നിലനിൽക്കുന്നു നീണാൾ
അത്ഭുതം പ്രവർത്തിക്കും ഏകനാം കർത്താവിന്റെ
കരുണ അനന്തവും അവർണ്ണനീയവുമാം
അവന്റെ ജ്ഞാനത്താലെ നഭസു സൃഷ്ടിച്ചഹൊ
അവന്റെ ദയാവായ്പു അനന്തവിശാലമാം
ജലരാശിക്കു മേലായ് ധരയെ വിരിച്ചവൻ
അവന്റെ ദയാവായ്പു നിർണ്ണയം അനന്തമാം
വെളിച്ചത്തിനായ് മഹാജ്യോതിസു നിർമ്മിച്ചവൻ
അവന്റെ ദയാവായ്പു നിലനിന്നീടും നീണാൾ
വാസരം ഭരിക്കുവാൻ ഹംസനെ സൃഷ്ടിച്ചവൻ
അവന്റെ മഹാദയ, വിചിത്രം അനന്തമാം
രാത്രിയെ ഭരിക്കുവാൻ ചന്ദ്രനും താരങ്ങളും
അവന്റെ ദയാവായ്പു അനന്തം തന്നെ നൂനം
ഈജിപ്തിൽ സംഹരിച്ചു ആദ്യജാതരെ നൂനം
അവന്റെ മഹാദയ എത്രയൊ വിശാലമാം
അവരിൽ നിന്നും ഇസ്രായേലിനെ മോചിപ്പിച്ചു
അവന്റെ ദയാവായ്പു അനന്തവിശാലമാം
കരുത്തേറിയ രണ്ടു കരങ്ങൾ കൊണ്ടും നീട്ടി-
പ്പിടിച്ച കൈകൾ കൊണ്ടും ജനത്തെ നയിച്ചവൻ
അവന്റെ അചഞ്ചലമായിടും സ്നേഹം നീണാൾ
നിലനിന്നിടും ഭൂവിൽ സംശയമില്ല നൂനം
ചെമന്ന കടലിനെ രണ്ടായി വിഭജിച്ചു
അവന്റെ കരുണയ്ക്കു സീമയില്ലൊരിക്കലും
അതിന്റെ മദ്ധ്യത്തിലൂടിസ്രായേലിനെ വേഗം
നടത്തി അവിടുത്തെ കരുണ അനന്തമാം

ഫറവോൻ രാജനെയും അവന്റെ സൈന്യത്തെയും
ചെങ്കടൽ തന്നിൽ താഴ്ത്തി, കരുണ അനന്തമാം
മരുഭൂമിയിലൂടെ നയിച്ചു ജനത്തിനെ
അവന്റെ ദയാവായ്പു എത്രയൊ അനന്തമാം
രാജാധിരാജന്മാരെ സംഹരിച്ചവിടുന്നു
അവന്റെ ദയാവായ്പു എത്രയൊ മനോജ്ഞമാം
ശ്രേഷ്ഠരാം രാജാക്കളെ നിഗ്രഹിച്ചവിടുന്നു
അവന്റെ ദയാവായ്പു അവർണ്ണനീയം തന്നെ
അമോര്യ രാജാവായ സീഹോനെ വധിച്ചു നീ
അവന്റെ ദയാവായ്പു എത്രയൊ വിശാലമാം
അവകാശമായ്ത്തന്നെ അവർ തൻ ദേശം നൽകി
താവക ദയാവായ്പ് എത്രയൊ വിശിഷ്ടമാം
ദാസനാം യിസ്രായേലിനവകാശമായ് നൽകി
ദൈവമാമവിടുത്തെ കരുണ അനന്തമാം
നമ്മുടെ ദുസ്ഥിതിയിൽ അവിടുന്നോർത്തു നമ്മെ
അവന്റെ ദയാവായ്പു വളരെ വിശാലമാം
വൈരികൾ തന്നിൽ നിന്നും നമ്മളെ രക്ഷിച്ചവൻ
അവന്റെ ദയാവായ്പു എത്രയൊ അനന്തമാം
ജീവനുള്ളവയ്ക്കെല്ലാം ആഹാരം നൽകുന്നവൻ
താവക ദയാവായ്പ് എത്രയൊ മഹത്തരം
സ്വർഗ്ഗസ്ഥ പിതാവിനു നന്ദിചൊല്ലുവിൻ നിങ്ങൾ
അങ്ങുതൻ മഹാദയ എത്രയൊ രമണീയം.

## 137

ബാബിലോൺ നദികൾ തൻ തീരത്തായിരുന്നിട്ടു
സീയോനെ സ്മരിച്ചഹൊ കരഞ്ഞു വൃഥാ ഞങ്ങൾ
അവിടെ നിൽപുള്ളതാം അലരി വൃക്ഷങ്ങളിൽ
ഞങ്ങൾ തൻ കിന്നരങ്ങൾ ചെമ്മെയായ് തൂക്കിയിട്ടു
ഞങ്ങളെ തടങ്കലിൽ ആക്കിയ ഭരണീയർ
ഗാനമാലപിക്കുവാൻ ഞങ്ങളോടാജ്ഞാപിച്ചു
ഞങ്ങൾ തൻ മർദകന്മാർ സീയോനെക്കുറിച്ചുള്ള
ഗാനമാലപിച്ചിട്ടു രസിപ്പിക്കുവാൻ ചൊല്ലി
മറ്റൊരു ദേശത്തഹൊ ഞങ്ങളെങ്ങനെ നാഥാ
ദൈവമാം കർത്താവിന്റെ ഗാനമാലപിച്ചിടും
ജേറുസലേമേ നിന്നെ ഞാൻ മറന്നീടുന്നാകിൽ
മാമക വലത്തുകൈ എന്നെയും മറക്കട്ടെ
നിന്നെ ഞാൻ ദിവസവും സ്മരിക്കുന്നതില്ലെങ്കിൽ

ജേർസലേം പട്ടണമെ എന്റെ ഏറ്റവും മഹാ
സന്തോഷത്തേക്കാളേറെ വില നൽകുന്നില്ലെങ്കിൽ
എന്റെ നാക്കണ്ണാക്കിനോടൊട്ടിപ്പോകട്ടെ ഇപ്പോൾ
ജേർസലേമിന്റെ നാളിൽ ഏദോമ്യർ എന്തു ചെയ്തു
സദയം ഓർക്കേണമെ, കർത്താവെ ജഗൽപതി
ഇടിച്ചു നിരത്തുവിൻ അടിസ്ഥാനക്കൽ പോലും
ഇളക്കി നിരത്തുവിൻ ഏദോമ്യർ ചൊല്ലിയേവം
പൂർണ്ണമാം നാശത്തിനു വിധിക്കപ്പെട്ടിട്ടുള്ള
ബാബിലോൺപുത്രീ നിന്റെ പ്രവൃത്തിക്കുചിതമായ്
നിർദ്ദയം, നിഷ്കരുണം പകരം വീട്ടീടുന്നു
ധൈര്യശാലിയാം നരൻ ഭാഗ്യവാൻ തന്നെ നൂനം
താവക പൈതങ്ങളെ ക്രൂരമായ് നിഷ്ഠൂരമായ്
പാറമേലടിക്കുന്ന മാനവൻ നീതിജ്ഞനാം.

## 138

പൂർണ്ണമാം മനസ്സോടെ നന്ദി ഞാൻ ചൊന്നീടുന്നു
ദേവന്മാർ മുമ്പിലഹം അങ്ങയെ പുകഴ്ത്തിടും
അങ്ങു തൻ വിശുദ്ധമാം മന്ദിരത്തിനു നേരേ
മാമക ശിരസ്സു ഞാൻ നമിപ്പൂ ഭക്തിപൂർവ്വം
അങ്ങു തൻ ദയാവായ്പു, വിശ്വസ്ഥതയുമോർത്തു
നന്ദി ഞാൻ പറയുന്നു, ദൈവമെ, ജഗന്നാഥാ
അങ്ങു തൻ തിരുനാമം, വാഗ്ദാനം ഇവയെല്ലാം
എത്രയൊ അത്യുന്നതം, വാചാമഗോചരമാം
ഞാനപേക്ഷിച്ച നാളിൽ ഉത്തരമരുളി നീ
ആത്മാവിൽ ധൈര്യം പകർന്നെന്നെ നീ ശക്തനാക്കി
കർത്താവെ ധരയിലെ സകല രാജാക്കളും
അങ്ങയെ പ്രകീർത്തിക്കും ആചന്ദ്രതാരം തന്നെ
അങ്ങു തൻ വചനങ്ങൾ അവർ കേട്ടിരിക്കുന്നു
കർത്താവിൻ മാർഗ്ഗങ്ങളെ കുറിച്ചങ്ങവർ പാടും
എന്തെന്നാൽ കർത്താവിന്റെ മഹത്വം വലുതല്ലൊ
കർത്താവു മഹോന്നതൻ എങ്കിലും അവിടുന്നു
ദുർബ്ബലർ, ദരിദ്രന്മാർ ഇവരെ കടാക്ഷിച്ചു
അഹംഭാവികളെ നീ ദൂരെവച്ചറിയുന്നു
കഷ്ടതയിലൂടെ ഞാൻ കടന്നുപോയീടുന്നു
എങ്കിലും എന്റെ ജീവൻ പരിപാലിക്കുന്നു നീ
മാമക ശത്രുക്കൾ തൻ ക്രോധത്തിനെതിരായി
ദൈവമാമവിടുന്നു കരങ്ങൾ നീട്ടിടുന്നു

അങ്ങുതൻ വലത്തുകൈ എന്നെ രക്ഷിക്കും നൂനം
എന്റെ കാര്യത്തിലുള്ള നിശ്ചയം നിറവേറ്റും
കർത്താവെ അവിടുത്തെ കാരുണ്യം അനന്തമാം
തൃക്കൈയാൽ സൃഷ്ടിച്ചതാം സൃഷ്ടിയെ തള്ളീടല്ലേ.

## 139

കർത്താവെ അറിഞ്ഞെന്നെ ശോധന ചെയ്തിട്ടു നീ
ഇരിക്കും, എഴുന്നേൽക്കും അവിടുന്നറിയുന്നു
മാമക വിചാരങ്ങൾ സർവ്വവും അവിടുന്നു
അകലെ നിന്നിട്ടഹൊ മനസ്സിലാക്കുന്നു നീ
നടപ്പും കിടപ്പും നീ അന്വേഷിച്ചറിയുന്നു
മാമക സരണികൾ അവിടുന്നറിയുന്നു
ഒരുവാക്കെന്റെ വായിൽ എത്തുന്നതിലും മുമ്പു
കർത്താവെ അവിടുന്നു സർവ്വവും അറിയുന്നു
എനിക്കു കാവൽ നിൽപ്പൂ മുമ്പിലും പുറകിലും
താവക കരങ്ങളെൻ ശിരസ്സിൻ മുകളിലാം
അങ്ങു തന്നറിവെന്നെ വിസ്മയപ്പെടുത്തുന്നു
അങ്ങെനിക്കപ്രാപ്യമാം വിധത്തിൽ ഉന്നതനാം.
അങ്ങയെ ഉപേക്ഷിച്ചു എവിടെ പോയീടും ഞാൻ
തിരുസന്നിധി വിട്ടു എവിടെ ഒളിച്ചിടും?
നഭസിൽ കയറിയാൽ അവിടെ ചാരത്തുണ്ട്
അരുണോദയത്തിന്റെ ചിറകു ധരിച്ചിട്ടു
സിന്ധുവിൻ സീമതന്നിൽ ചെന്നു ഞാൻ വസിക്കുകിൽ
അങ്ങു തൻ കരമെന്നെ നയിക്കും അവിടെയും
അങ്ങു തൻ വലത്തുകൈ പിടിച്ചു നടത്തിടും
മൂടട്ടെ തമസെന്നെ ജ്യോതിസും ഇരുളട്ടെ
ഇരുട്ടുപോലും അങ്ങേയ്ക്കിരുട്ടാകീടുകില്ല
രാത്രിയും പകൽപോലെ ദീപ്തിയുള്ളതായിടും
എന്തെന്നാൽ അങ്ങേയ്ക്കെന്നും രാത്രിയും പകൽപോലെ
ദൈവമെ അങ്ങാകുന്നു എന്നന്തരംഗത്തിനു
ഹൃദയഹാരിയാകും രൂപത്തെ നൽകിയതും
മാതാവിന്നുദരത്തിൽ ചാരുവായ് മെനഞ്ഞെന്നെ
വിസ്മയകരമായി നീയെന്നെ സൃഷ്ടിച്ചെന്ന്
അതിനാൽ അങ്ങയെ ഞാൻ നിർവ്യാജം സ്തുതിക്കുന്നു
അങ്ങുതൻ സൃഷ്ടി മുറ്റും അത്ഭുതകരമെന്നു
ദാസനാമീയുള്ളവൻ ചെമ്മെയായറിയുന്നു
ഗൂഢമായഹം നിന്നാൽ സൃഷ്ടിക്കപ്പെടുന്നേരം

ഭൂമിതന്നാഴങ്ങളിൽ ചമയ്ക്കപ്പെടും നേരം
മാമകരൂപം നിനക്കജ്ഞാതമല്ല നൂനം
എനിക്കു രൂപം നന്നായ് ലഭിക്കും മുമ്പുതന്നെ
അങ്ങു തൻ നയനങ്ങൾ ചെമ്മെയായെന്നെക്കണ്ടു
മാമക ദിവസങ്ങൾ ഉണ്ടാകും മുമ്പുതന്നെ
അങ്ങു തൻ പുസ്തകത്തിൽ എഴുതപ്പെട്ടു ചെമ്മെ
അങ്ങുതൻ ചിന്തകൾ ഹാ എത്രയൊ അമൂല്യമാം
ശ്രേഷ്ഠമാം ചിന്തകൾ ഹാ എത്രയൊ വിപുലമാം
എണ്ണുവാൻ നോക്കീടുകിൽ മണൽപോലധികമാം
ഞാനുണർന്നീടുമ്പോൾ നീ എന്നുടെ ചാരത്തുണ്ട്
ദൈവമെ അവിടുന്നു ദുഷ്ടനെ വധിച്ചെങ്കിൽ
കൊലയാളികൾ എന്നെ ഒന്നു വിട്ടകന്നെങ്കിൽ
അങ്ങയെ നീചമായി ധിക്കരിച്ചീടുന്നവർ
തിരുനാമത്തെ അവർ നിത്യവും ദുഷിക്കുന്നു
കർത്താവെ അവിടുത്തെ വെറുക്കും മനുഷ്യരെ
ദാസനാമീയുള്ളവൻ വെറുക്കുന്നില്ലെ നാഥാ
അങ്ങയെ എതിർക്കുന്ന ദുഷ്ടമാനസന്മാരെ
നിർദ്ദയം നിരർദാക്ഷിണ്യം വെറുക്കുന്നതുമില്ലെ
പൂർണ്ണമായ് അവരെ ഞാൻ വെറുത്തീടുന്നു നാഥാ
അവരെ വൈരികളായ് ഞാൻ പരിഗണിക്കുന്നു
എന്റെ ദൈവമെ എന്നെ ശോധന ചെയ്തിട്ടു നീ
മാമക ഹൃദയത്തെ അറിയേണമെ നാഥാ
ദൈവമെ അവിടുന്നു നന്നായി പരീക്ഷിച്ചു
മാമക വിചാരങ്ങൾ മനസ്സിലാക്കേണമെ
ദുഷ്ടമാർഗ്ഗങ്ങളിൽ ഞാൻ ചരിക്കുന്നുണ്ടോ എന്നു
നോക്കി നീ ശാശ്വതമാം മാർഗ്ഗത്തിൽ നയിക്കുക.

## 140

ദുഷ്ടരിൽ നിന്നും എന്നെ സ്വതന്ത്രരാക്കേണമെ
അക്രമികളിൽ നിന്നും കാത്തുകൊള്ളീടേണമെ
ദുഷ്ടമാനസർ തിന്മ നിത്യവും നിരൂപിപ്പൂ
കലഹം നിരന്തരം ഇളക്കി വിട്ടീടുന്നു
തങ്ങൾതൻ നാവെപ്പോഴും സർപ്പത്തിൻ നാവുപോലെ
ജഗന്നിവാസാ നാഥാ, മൂർച്ചയുള്ളതാക്കുന്നു
അവർതന്നധരത്തിൻ കീഴിലായെപ്പോഴുമെ
മൃത്യുവിൻ ദൂതനാകും അണലിവിഷമുണ്ട്.
ദുഷ്ടർതൻ കൈയിൽ നിന്നും കാക്കണമടിയാനെ

അക്രമികളിൽ നിന്നും സദയം രക്ഷിക്കണെ
ഗർവ്വിഷ്ടർ എനിക്കായി കെണിവച്ചിരിക്കുന്നു
എനിക്കായിതാ അവർ വലകൾ വിരിച്ചല്ലൊ
പാതതൻ വക്കിലിതാ ഒരുക്കി കുടുക്കവർ
ദൈവമാം കർത്താവോടു ഞാനെന്നും ചൊന്നീടുന്നു
ദൈവമെ അവിടുന്നു മാത്രമാണെന്റെ ദൈവം
മാമകയാചനതൻ സ്വരം നീ ശ്രവിക്കുക
കർത്താവെ എൻ കർത്താവെ ശക്തനാം രക്ഷകനെ
യുദ്ധത്തിൻ ദിവസം നീ ശിരസ്ത്രം അണിയിച്ചു
ദുഷ്ടന്റെ അഭിലാഷം സാധിച്ചു കൊടുക്കല്ലെ
അവന്റെ ദുരുപായം സഫലമാക്കീടല്ലെ
കരുണയില്ലാതെന്നെ വലയം ചെയ്യുന്നവർ
നിഷ്കളാ, നിരാമയാ, തലകൾ ഉയർത്തുന്നു
അവർതന്നധരത്തിൻ തിന്മകളെല്ലാമെല്ലാം
അവരെത്തന്നെ നിത്യം കീഴ്പ്പെടുത്തീടട്ടഹൊ
കത്തുന്ന കനലുകൾ അവരിൽ പതിക്കട്ടെ
എഴുന്നേൽക്കാത്തവിധം കുഴിയിൽ വീണീടട്ടെ
ഏഷണിക്കാരൻ ഭൂവിൽ നിലനിൽക്കില്ല നൂനം
ദുഷ്ടനെ അനർത്ഥങ്ങൾ വീഴ്ത്തട്ടെ വേട്ടയാടി
പീഡിതന്മാർക്കു ദൈവം നീതി നിർവഹിച്ചിടും
ആലംബഹീനന്മാർക്കു ന്യായവും നടത്തിടും
നീതിജ്ഞകദംബകം അങ്ങു തൻ നാമത്തിനു
നിശ്ചയമായും നന്ദി പറയും അനുദിനം
നിർമ്മലഹൃദയന്മാർ സത്യസന്ധന്മാർ നൂനം
അങ്ങു തൻ സന്നിധിയിൽ വസിക്കും ചിരകാലം

## 141

കർത്താവെ അപേക്ഷിപ്പൂ വേഗം നീ വരേണമെ
ഞാൻ വിളിച്ചപേക്ഷിക്കിൽ ശ്രവിക്കേണമെ നാഥാ
മമ പ്രാർത്ഥന നിന്റെ തിരുസന്നിധിയിങ്കൽ
ഒരു ധൂപാർച്ചനയായ് സ്വീകരിച്ചീടേണമെ
മാമക കരങ്ങൾ ഹാ സന്തതം ഉയർത്തുമ്പോൾ
സായാഹ്നബലിയായി സ്വീകരിച്ചീടേണമെ
എന്റെ നാവിനു നാഥാ കടിഞ്ഞാണിടേണമെ
അധരകവാടത്തിൽ കാവലേർപ്പെടുത്തുക
മാമക ജീവാധാരം തിന്മ തൻ സരണിയിൽ
ചായുവാൻ, ചരിയുവാൻ ഇടയാക്കല്ലെ നാഥാ

അക്രമിവർഗ്ഗത്തോടു ചേർന്നു ദുഷ്ക്കർമ്മങ്ങളിൽ
മുഴുകാൻ എനിക്കിടയാക്കല്ലെ കരുണേശാ
അവർ തൻ ഇഷ്ടഭോജ്യം രുചിക്കാൻ ഭക്ഷിക്കുവാൻ
ഇടയാക്കല്ലെ നാഥാ കരുണാകരാ വിഭോ
മാമക രക്ഷക്കായി നീതിമാൻ താഡിക്കയൊ
നിർദ്ദയം ശാസിക്കയൊ ചെയ്യട്ടെ തമ്പുരാനെ
ദുഷ്ടർ തൻ തൈലം നൂനം മാമക ശിരസിന്മേൽ
ഒഴിക്കാൻ ഒരിക്കലും ഇടയാകല്ലെ നാഥാ
എന്റെ നിത്യവുമുള്ള പ്രാർത്ഥന എല്ലായ്പോഴും
അവർ തൻ ദുഷ്പ്രവൃത്തിക്കെതിരാണല്ലൊ നാഥാ
അവർ തൻ ന്യായാധിപർ പാറയിൽ നിന്നും വേഗം
തള്ളി വീഴ്ത്തപ്പെട്ടീടും നിർണ്ണയം ഇതു സത്യം
മാമക വചനങ്ങൾ എത്രയൊ സൗമ്യമെന്നു
നിർണ്ണയം അവരപ്പോൾ ഏവരും അറിഞ്ഞിടും
ഉഴുതുമറിച്ചിട്ട വരണ്ട നിലംപോലെ
പാതാളവാതിൽ തന്നിൽ അസ്ഥികൾ കിടക്കുന്നു
എന്റെ ദൈവമെ ഇതാ മാമക നയനങ്ങൾ
കർത്തനാമങ്ങയുടെ നേരെയായ് തിരിഞ്ഞഹൊ
അങ്ങയിൽ അഭയം ഞാൻ തേടുന്നീ ജഗല്പതീ
ദാസനാമെന്നെ നിരാധാരനായ് വിട്ടീടല്ലെ
അവർ താൻ ഒരുക്കിയ കുടുക്കിൽ നിന്നുമെന്നെ
സച്ചിദാനന്ദമൂർത്തേ പരിപാലിക്കേണമെ
ദുഷിച്ച മാനസന്മാർ വിരിച്ച വലകളിൽ
നിന്നുമീ ദാസേയനെ കാത്തുകൊള്ളണം നാഥാ
ദുഷ്ടന്മാർ ഒന്നടങ്കം അവർ തൻ വലകളിൽ
കുരുങ്ങിടട്ടെ, എന്നാൽ രക്ഷപ്പെടട്ടെ അഹം.

## 142

ഉച്ചത്തിൽ കർത്താവിനെ ഞാൻ വിളിച്ചപേക്ഷിപ്പൂ
നിസ്വനം ഉണർത്തി ഞാൻ കർത്തനോടഭ്യർത്ഥിപ്പൂ
അങ്ങു തൻ സന്നിധിയിൽ പകരുന്നെൻ സങ്കടം
മാമക ദുരിതങ്ങൾ വയ്ക്കുന്നു തിരുമുമ്പിൽ
മാമക യാത്രയതിൽ ഞാനൊന്നു തളരുമ്പോൾ
അവിടുന്നറിയുന്നു എന്നുടെ സരണിയെ
ഞാൻ നടക്കും വഴിയിൽ എനിക്കായവരിതാ
ഗൂഢമായ് കുടുക്കുകൾ വച്ചിരിക്കുന്നു വൃഥാ
വലത്തുവശത്തേക്കു നോക്കി ഞാനിരിക്കുന്നു

കേവലം ഒരാൾപോലും ശ്രദ്ധിക്കുന്നില്ല എന്നെ
യാതൊരു രക്ഷാകേന്ദ്രം എനിക്കായില്ല നൂനം
അത്ഭുതം ഒരാൾപോലും ഗൗനിക്കുന്നതുമില്ല
കർത്താവെ അങ്ങയോടു ഞാൻ നിലവിളിക്കുന്നു
അങ്ങു മാത്രമാണെന്റെ ആശ്രയം, അഭയവും
ജീവനുള്ളവരുടെ ദേശത്തെ എന്റോഹരി
മാമക നിലവിളി ശ്രദ്ധിക്കേണമെ നാഥാ
എന്തെന്നാൽ അത്യന്തം ഞാൻ താഴ്ത്തപ്പെട്ടിരിക്കുന്നു
പീഡകന്മാരിൽ നിന്നും രക്ഷിച്ചിടേണമെന്നെ
മോചിപ്പിച്ചീടേണമെ റാണാവിൽ നിന്നുമെന്നെ
അങ്ങുതൻ നാമത്തിനു നന്ദി ഞാൻ പറയട്ടെ
നീതിജ്ഞർ എന്റെ ചുറ്റും നിത്യവും സമ്മേളിക്കും
എന്തെന്നാൽ എന്നോടവൻ കരുണ കാണിച്ചിടും.

# 143

എന്റെ കർത്താവെ എന്റെ പ്രാർത്ഥന കേൾക്കേണമെ
എന്റെ യാചനസ്വരം സദയം ശ്രവിക്കണെ
നിന്റെ വിശ്വസ്തതയാൽ നീതിയാൽ എനിക്കു നീ
ഉത്തരമരുളണെ നീതിസൂര്യനെ ദേവാ
അങ്ങുതൻ ദാസേയനെ ന്യായവിസ്താരത്തിനു
ചിന്മയാ ഒരിക്കലും ഏൽപിച്ചു കൊടുക്കല്ലെ
എന്തെന്നാൽ ജീവിക്കുന്ന യാതൊരു മനുഷ്യനും
അങ്ങുതൻ തിരുമുമ്പിൽ നീതിമാനല്ല നൂനം
ശത്രു പിന്തുടർന്നെന്നെ അവനെൻ ചേതനയെ
ധരയിലെറിഞ്ഞവൻ തകർത്തു ദയാഹീനം
മൃതനെപ്പോലെയെന്നെ ഇരുട്ടിൽ തള്ളിയവർ
ആകയാൽ എന്റെ മനം വിഷാദഗ്രസ്തമായി
മാമക ജീവാധാരം ഭയപ്പെട്ടിരിക്കുന്നു
പഴയ ദിനങ്ങൾ ഞാൻ ചെമ്മെയായോർത്തീടുന്നു
ദൈവമാമവിടുന്നു ചെയ്ത കാര്യത്തെപ്പറ്റി
ഞാനിതാ ദിനംതോറും സാദരം ധ്യാനിക്കുന്നു
അങ്ങു തൻ ശക്തമായ പ്രവൃത്തി ചിന്തിക്കുന്നു
താവക പക്കലേക്കു കരങ്ങൾ നീട്ടീടുന്നു
ഉണങ്ങിവരണ്ടതാം വയൽപോലെൻ ഹൃദയം
ദൈവമെ അവിടുത്തെ കൃപയ്ക്കായ് ദാഹിക്കുന്നു
കർത്താവെ സത്വരം നീ ഉത്തരമരുളണെ
മാമക പ്രാണനിതാ പോകുന്നു എൻ ദൈവമെ

എന്നിൽ നിന്നൊരിക്കലും മുഖം നീ മറയ്ക്കല്ലെ
അല്ലെങ്കിൽ പാതാളത്തിൽ പൂകുന്നോൻ പോലാകും ഞാൻ
അരുണോദയം തന്നിൽ ദൈവമെ അങ്ങേയുടെ
കാരുണ്യത്തെപ്പറ്റി ഞാൻ കേൾക്കട്ടെ നിരന്തരം
എന്തെന്നാൽ അങ്ങയിൽ ഞാൻ ആശ്രയം വച്ചീടുന്നു
ഞാൻ നടക്കേണ്ടും വഴി എന്നെ നീ പഠിപ്പിക്ക
മാമക ആത്മാവിനെ അങ്ങിലേക്കുയർത്തുന്നു
വൈരികൾ തന്നിൽ നിന്നും മോചിപ്പിച്ചീടേണമെ
അഭയംതേടി നിന്റെ പക്കൽ ഞാനണഞ്ഞഹൊ
അങ്ങുതന്നിഷ്ടം ചെയ്വാൻ എന്നെ നീ പഠിപ്പിക്ക
എന്തെന്നാൽ അവിടുന്നു മാത്രമാണെന്റെ ദൈവം
അങ്ങുതൻ നല്ലാത്മാവു നേരായ സരണിയിൽ
നയിച്ചീടട്ടെ എന്നെ നിത്യവും നിരപായം
തിരുനാമത്തെപ്രതി ജീവനെ കാക്കേണമെ
ദുരിതത്തിൽ നിന്നും നീ മോചിപ്പിക്കണമെന്നെ
കരുണാമയനാകും ദൈവമെ ദയതോന്നി
മാമക ശത്രുക്കളെ പൂർണ്ണമായ് വിഛേദിക്ക
എന്തെന്നാൽ അങ്ങയുടെ ദാസേയനാകുന്നു ഞാൻ.

## 144

അഭയശിലയാകും എന്റെ കർത്താവെന്നെന്നും
സ്തുതിക്കപ്പെട്ടീടട്ടെ മഹത്വപ്പെട്ടീടട്ടെ
ആഹവം ചെയ്തീടുവാൻ എന്നുടെ കൈകളെയും
സാഗരം ചെയ്തീടുവാൻ എന്റെ അംഗുലിയെയും
പരിശീലിപ്പിക്കുന്നു കർത്തനാമവിടുന്നു
അവിടുന്നാകുന്നു എൻ അഭയശില ദുർഗ്ഗം
ശക്തികേന്ദ്രവുമെന്റെ മോചകൻ പരിചയും
അങ്ങയിൽ നിരന്തരം ആശ്രയിച്ചീടുന്നു ഞാൻ
ജനതകളെ അങ്ങു കീഴടക്കീടുന്നഹൊ
കർത്താവെ അവിടുത്തെ ചിന്തയിൽ വന്നീടുവാൻ
മാനവപുത്രനെന്തു അർഹതയുണ്ട് ചൊൽക
മാനവൻ വെറുമൊരു നിശ്വാസം പോലെയത്രെ
അവന്റെ ദിവസങ്ങൾ നിഴൽപോലായീടുന്നു
ആകാശം ചായിച്ചു നീ ഇറങ്ങി വരേണമെ
പർവ്വതം പുകയുവാൻ അവയെ തൊടേണമെ
കൊള്ളിമീനയച്ചു നീ അവരെ ചിതറിക്ക

അസ്ത്രങ്ങളയച്ചു നീ അവരെ തുരത്തുക
ഉന്നതങ്ങളിൽ നിന്നും കൈനീട്ടി രക്ഷിക്കുക
പെരുവെള്ളത്തിൽ നിന്നും എന്നെ നീ രക്ഷിക്കുക
അവർ തൻ നാവെന്നെന്നും വ്യാജങ്ങൾ പറയുന്നു
വലംകൈ ഉയർത്തീട്ടു കള്ളസത്യം ചെയ്യുന്നു
ദൈവമെ അങ്ങേയ്ക്കു ഞാൻ നവകീർത്തനം പാടും
തന്ത്രിനാദങ്ങളോടെ അങ്ങയെ പുകഴ്ത്തും ഞാൻ
പാർത്ഥിവന്മാർക്കായ് ജയം നൽകുന്നു അവിടുന്നു
ദാസനാം ദാവീദിനെ സദയം രക്ഷിക്കുന്നു
ക്രൂരമാം വാളിൽ നിന്നും എന്നെ നീ രക്ഷിക്കണെ
ജാതിതൻ കയ്യിൽ നിന്നും മോചിപ്പിക്കണമെന്നെ
അവർ തൻ നാവെപ്പോഴും വ്യാജങ്ങൾ പറയുന്നു
വലംകൈ ഉയർത്തീട്ടു കള്ളസത്യം ചെയ്യുന്നു
ഞങ്ങൾതൻ നന്ദനന്മാർ ബാല്യത്തിൽ തഴച്ചിടും
സസ്യജാലങ്ങൾ പോലെ, ഞങ്ങൾ തൻ പുത്രീവൃന്ദം
കൊട്ടാരത്തിനുവേണ്ടി കൊത്തിയങ്ങെടുത്തതാം
മൂലത്തൂണുകൾ പോലെ ആകട്ടെ ധരണിയിൽ
ഞങ്ങൾ തൻ അറപ്പുര ധാന്യത്താൽ നിറയട്ടെ
വയലേലകളിലായ് ആടുകൾ നിരന്തരം
ആയിരമായിരമായ് പതിനായിരങ്ങളായ്
പെരുകീടട്ടെ ഭൂവിൽ നിറഞ്ഞു കവിയട്ടെ
കന്നുകാലികൾ നൂനം ഗർഭവും ധരിക്കട്ടെ
കന്നുകാലികൾക്കഹൈാ ഗർഭമലസുകയൊ
വന്ധ്യത, രോഗങ്ങളൊ ഇല്ലാതെ പെരുകട്ടെ
ഞങ്ങൾ തൻ തെരുക്കളിൽ ദുഃഖപൂർണ്ണമായുള്ള
സങ്കട നിലവിളി കേൾക്കാതങ്ങിരിക്കട്ടെ
ഈവിധം അനുഗ്രഹം പ്രാപിച്ച ജനതതി
നിർണ്ണയം സുനിശ്ചിതം ഭാഗ്യമുള്ളവർ തന്നെ
രക്ഷകനാകും കർത്തൻ ദൈവമായുള്ള ജനം
വിണ്ടല കൃപയാലെ ഭാഗ്യമുള്ളവർ നൂനം.

## 145

മമ ദൈവവുമെന്റെ രാജാവുമായീടുന്ന
അങ്ങയെ നിരന്തരം വാഴ്ത്തിടും, പുകഴ്ത്തിടും
അങ്ങുതൻ തിരുനാമം ആചന്ദ്രതാരം വാഴ്ത്തും
നിത്യവും അങ്ങയെ ഞാൻ പുകഴ്ത്തും തമ്പുരാനെ
അങ്ങുതൻ നാമത്തെ ഞാൻ നിത്യവും വാഴ്ത്തിപ്പാടും

കർത്താവു വലിയവൻ സ്തുതിക്കു യോഗ്യനുമാം
അവന്റെ മഹത്വമൊ അളവറ്റതുമത്രെ
അങ്ങു തൻ പ്രവൃത്തിയെ കീർത്തിക്കും ദിനംതോറും
ശക്തമാം പ്രവൃത്തിയെ ഘോഷിക്കും നിരന്തരം
താവക പ്രതാപത്തിൻ മഹത്വമേറിയതാം
തേജസ്സിനെപ്പറ്റിയും, അത്ഭുതകരങ്ങളാം
അങ്ങു തൻ പ്രവൃത്തിയെപ്പറ്റിയും ധ്യാനിക്കും ഞാൻ
ഭീതിയെ ജനിപ്പിക്കും അങ്ങുതൻ പ്രവൃത്തി തൻ
ശക്തിയെപ്പറ്റി നരർ നിത്യവും പ്രഘോഷിക്കും
അങ്ങു തൻ മഹത്വം ഞാൻ വിളംബരം ചെയ്തിടും
ദൈവമെ അവിടുത്തെ സമൃദ്ധമായീടുന്ന
നന്മ തൻ പ്രശസ്തി ഞാൻ വിളിച്ചറിയിച്ചിടും
ദൈവമെ അങ്ങയുടെ നീതിയെപ്പറ്റിയവർ
ഉച്ചനാദത്തിൽ തന്നെ പാടിടും സസന്തോഷം
കർത്താവു കൃപാലുവും കരുണാമയനുമാം
ക്ഷമിക്കുന്നവനുമാം, സ്നേഹസമ്പന്നനുമാം
കർത്തനൊ എല്ലാവർക്കും നല്ലവൻ ആയീടുന്നു
സർവ്വസൃഷ്ടിയുടെ മേൽ കരുണചൊരിയുന്നു
സകല സൃഷ്ടികളും നന്ദിയർപ്പിക്കും നൂനം
അങ്ങുതൻ വിശുദ്ധന്മാർ അങ്ങയെ പുകഴ്ത്തിടും
ദൈവമെ അവിടുത്തെ വിശുദ്ധ രാജ്യത്തിന്റെ
മഹത്വത്തെപ്പറ്റിയും സംസാരിച്ചിടുമവർ
കർത്താവെ അവിടുത്തെ ശക്തിയെ വർണ്ണിച്ചിടും
നിന്നുടെ ശക്തമായ അത്ഭുതപ്രവൃത്തിയും
അങ്ങുതൻ രാജ്യത്തിന്റെ മഹത്വപൂർണ്ണമായ
പ്രതാപം, ഐശ്വര്യവും നരരെ അറിയിക്കും
ദൈവമെ അങ്ങയുടെ രാജത്വം ശാശ്വതമാം
താവക ആധിപത്യം നിലനിന്നീടും നീണാൾ
കർത്താവു വാഗ്ദാനത്തിൽ വിശ്വസ്തനായീടുന്നു
അവന്റെ പ്രവൃത്തിയിൽ കരുണാസമ്പന്നനും
വീഴുന്ന മനുഷ്യരെ കർത്താവു താങ്ങീടുന്നു
കൂനിപ്പോയീടുന്നോരെ പിടിച്ചങ്ങുയർത്തുന്നു
മാനവരാശിയുടെ ദൃഷ്ടികൾ നിന്നിലത്രെ
അവർക്കു യഥാകാലം ആഹാരം നൽകുന്നു നീ
കർത്തനാമവിടുന്നു കൈതുറന്നേകീടുന്നു
മാനവരെല്ലാവരും സംതൃപ്തരായീടുന്നു
കർത്താവിൻ സരണികൾ നീതിനിഷ്ടമാകുന്നു

അവന്റെ പ്രവൃത്തികൾ കരുണാപൂർണ്ണവുമാം
ഹൃദയവിശുദ്ധിയിൽ അവനെ വിളിച്ചിടും
അവന്റെ ദാസന്മാർക്കു കർത്താവു സമീപസ്ഥൻ
ഭക്തർ തന്നഭിലാഷം സഫലമാക്കീടുന്നു
അവർ തൻ നിലവിളി കേട്ടു രക്ഷിച്ചീടുന്നു
അവനെ സ്നേഹിച്ചിടും നരരെ പാലിക്കുന്നു
ദുഷ്ടമാനസന്മാരെ അങ്ങുതാൻ നശിപ്പിക്കും
എന്റെ വാ കർത്താവിന്റെ സ്തുതികൾ നിത്യം പാടും
പ്രപഞ്ചം തന്നിലുള്ള ജീവജാലങ്ങളെല്ലാം
കർത്തന്റെ വിശുദ്ധമാം നാമത്തെ വാഴ്ത്തീടട്ടെ.

## 146

എന്റെ ആത്മാവെ നിത്യം കർത്തനെ സ്തുതിക്കുവിൻ
ആയുസു മുഴുവനും കർത്തനെ സ്തുതിക്കും ഞാൻ
മമ ജീവിതകാലം മുഴുവൻ ഈയുള്ളവൻ
മാമക ദൈവത്തിനു കീർത്തനം പാടീടും ഞാൻ
മന്നവന്മാരിൽ പിന്നെ കഴിവില്ലാത്തോരായ
മാനവപുത്രന്മാരിൽ ആശ്രയം വച്ചീടൊല്ല
അന്ത്യത്തിലവൻ നൂനം മണ്ണിലേക്കണയുന്നു
അവന്റെ പദ്ധതികൾ മണ്ണടിയുന്നു വേഗം
യാക്കോബിൻ ദൈവമെന്നും തുണയായവൻ പിന്നെ
ദൈവമാം കർത്താവിങ്കൽ പ്രത്യാശ വയ്ക്കുന്നവൻ
സംശയലേശമില്ല ഭാഗ്യവാൻ തന്നെ നൂനം
നഭസും ധരണിയും സമുദ്രം ഇവയിലെ
സമസ്ത വസ്തുക്കളും സൃഷ്ടിച്ചതവനത്രെ
ദൈവമാമവിടുന്നു വിശ്വസ്തനായീടുന്നു
മർദ്ദിതർക്കവിടുന്നു നീതി നടത്തീടുന്നു
വിശക്കുന്നവർക്കു നീ ആഹാരം നൽകീടുന്നു
സ്വതന്ത്രരാക്കീടുന്നു ബന്ധിതന്മാരെ അവൻ
അന്ധർ തൻ നയനങ്ങൾ തുറന്നീടുന്നു നാഥൻ
കൂനുള്ള മനുഷ്യരെ എഴുന്നേല്പിച്ചീടുന്നു
നീതിമാന്മാരെ അവൻ വളരെ സ്നേഹിക്കുന്നു
പരദേശികളായ നരരെ പാലിക്കുന്നു
വിധവ, അനാഥരെ സംരക്ഷിച്ചീടുന്നവൻ
ദുഷ്ടന്മാരുടെ വഴി നാശത്തിലെത്തിക്കുന്നു
കർത്തനായീടും ദൈവം വാണിടും ചിരകാലം
സീയോനെ നിന്റെ ദൈവം എന്നേക്കും വാണിടുന്നു
പ്രപഞ്ചസൃഷ്ടികളെ കർത്തനെ സ്തുതിക്കുവിൻ.

# 147

കർത്തനെ സ്തുതിക്കുവിൻ നമ്മുടെ ദൈവത്തിനു
സ്തുതി പാടുന്നതെത്ര ഉചിതം ആയീടുന്നു
കരുണാസമ്പന്നനാം ദൈവമെ അങ്ങേയ്ക്കെന്നും
സ്തുതിപാടുന്നതെത്ര ഉചിതം ആയീടുന്നു
ജേർസലേമിനെ കർത്തൻ പണിതങ്ങുയർത്തുന്നു
ചിതറിപ്പോയവരെ കൂട്ടുന്നു ഒരുമിച്ച്
ഹൃദയം തകർന്നോരെ സാന്ത്വനപ്പെടുത്തുന്നു
അവർ തൻ മുറിവുകൾ വെച്ചു കെട്ടീടുന്നവർ
താരകസമൂഹത്തിൻ എണ്ണം നിർണ്ണയിക്കുന്നു
അവകൾ ഓരോന്നിനും ആഹ്വയം ഇട്ടീടുന്നു
കർത്താവു വലിയവൻ കരുത്തുറ്റവനുമാം
അളവറ്റതാണത്രെ അവന്റെ ജ്ഞാനം നൂനം
നിർണ്ണയം ദരിദ്രരെ ഉയർത്തീടുന്നു കർത്തൻ
ദുഷ്ടരെ നിർദ്ദാക്ഷിണ്യം തറപറ്റിച്ചീടുന്നു
സ്തോത്രമാലപിക്കുക, കർത്താവിനെന്നുമെന്നും
കിന്നരം മീട്ടി നിങ്ങൾ കർത്തനെ സ്തുതിക്കുവീൻ
വ്യോമത്തെ മേഘങ്ങളാൽ മൂടുന്നു അവനെന്നും
ഭൂമിക്കായ് അവിടുന്നു വൃഷ്ടിയുമൊരുക്കുന്നു
കുന്നിലും മലയിലും പുല്ലുകൾ മുളപ്പിപ്പൂ
ധരയിൽ മൃഗങ്ങൾക്കും കരയും കാക്കകൾക്കും
അവിടുന്നഹോരാത്രം ഭക്ഷണം കൊടുക്കുന്നു
വാജിതൻ ബലത്തിങ്കൽ അവൻ സന്തോഷിക്കില്ല
ഓട്ടക്കാരന്റെ വേഗം തുഷ്ടിയേകീടുന്നില്ല
അവനെ ഭയപ്പെട്ടു അവന്റെ കാരുണ്യത്തിൽ
പ്രത്യാശ വയ്ക്കുന്നോരിൽ കർത്താവു പ്രസാദിപ്പൂ
ജെറുസലേമേ നിന്റെ കർത്തനെ സ്തുതിക്കുക
താവക ദൈവത്തെ നീ പുകഴ്ത്തൂ നിരന്തരം
അവൻ നിൻ വാതിലിന്റെ ഓടാമ്പലുറപ്പിച്ചു
കോട്ടയിൽ മരുവുന്ന മക്കളിൽ കൃപ ചെയ്തു
ശാന്തി വരുത്തീടുന്നു അവൻ നിൻ പ്രദേശത്തു
വിശിഷ്ട കോതമ്പിനാൽ തൃപ്തി വരുത്തീടുന്നു
തന്നുടെ ആജ്ഞ അവൻ ഭൂവിലേക്കയയ്ക്കുന്നു
അവന്റെ വചനങ്ങൾ വേഗത്തിൽ ഓടീടുന്നു
മേഷത്തിൻ രോമം പോലെ മഞ്ഞവൻ പെയ്യിക്കുന്നു
ഹിമത്തിൻ ധൂളിയവൻ ചാമ്പൽപോൽ വിതറുന്നു

പൊഴിക്കുന്നാലിപ്പഴം പൂപത്തിൻ ഖണ്ഡംപോലെ
ആർക്കു സഹിക്കാനാവും അവൻ നൽകീടും കുളിർ
കല്പന അയച്ചവൻ അതിനെ ഉരുക്കുന്നു
കാറ്റിനെ അയയ്ക്കുമ്പോൾ സലിലം ഒഴുകുന്നു
അങ്ങു താൻ യാക്കോബിനു തന്റെ കല്പനകളും
ഇസ്രായേലിനു തന്റെ ചട്ടവും ഉൽഘോഷിപ്പൂ
മറ്റൊരു ജനതയ്ക്കു വേണ്ടിയും ഇപ്രകാരം
കർത്തനാമവിടുന്നു ഇങ്ങനെ ചെയ്തിട്ടില്ല
അങ്ങു തൻ പ്രമാണങ്ങൾ അവർക്കൊ അജ്ഞാതമാം.

## 148

ദൈവമാം കർത്താവിനെ വാഴ്ത്തുവിൻ സ്തുതിക്കുവിൻ
നഭസിൽ നിന്നും ചെമ്മെ കർത്തനെ സ്തുതിക്കുവിൻ
ഉന്നതങ്ങളിൽ നിന്നും അവനെ സ്തുതിക്കുവിൻ
കർത്താവിൻ ദൂതന്മാരെ അവനെ സ്തുതിക്കുവിൻ
കർത്താവിൻ സൈന്യങ്ങളെ അവനെ സ്തുതിക്കുവിൻ
ആദിത്യചന്ദ്രന്മാരെ അവനെ സ്തുതിക്കുവിൻ
മിന്നിത്തിളങ്ങീടുന്ന താരക സമൂഹമെ
ദൈവമാം കർത്താവിനെ വന്ദിപ്പിൻ സ്തുതിക്കുവിൻ
ഉന്നത വിഹായസ്സേ സ്തുതിപ്പിൻ ചിന്മയനെ
നഭസിൻ മേലായുള്ള ജലസഞ്ചയങ്ങളെ
കർത്തനാം അവിടുത്തെ കുമ്പിട്ടു സ്തുതിക്കുവിൻ
അവകൾ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ
എന്തെന്നാൽ അവിടുന്നു അവയെ സൃഷ്ടിച്ചല്ലൊ
അവയെ അവിടുന്നു സുസ്ഥിരമാക്കി ചെമ്മെ
ലംഘിക്കാനാവാത്തതാം സീമകൾ നിശ്ചയിച്ചു
പാരിടം തന്നിൽ നിന്നും കർത്തനെ സ്തുതിക്കുവിൻ
സമുദ്രം തന്നിൽ വാഴും ഭീകരജീവികളെ
കടലിന്നഗാധമെ കർത്തനെ സ്തുതിക്കുവിൻ
അഗ്നിയും കന്മഴയും മഞ്ഞും ഹാ പൊടിമഞ്ഞും
അങ്ങുതൻ കല്പനകൾ ചിട്ടയായ് പാലിക്കുന്നു
ഭീകരസമീരനും കർത്തനെ സ്തുതിക്കട്ടെ
പർവ്വതം, ഗിരിനിര, ഫലവൃക്ഷങ്ങൾ പിന്നെ
ദേവദാരുക്കൾ, ഇഴജന്തുക്കൾ, പറവകൾ
ഭൂവിലെ രാജാക്കന്മാർ, ജാതികൾ പ്രഭുക്കന്മാർ
ഭരണനേതാക്കന്മാർ, യുവാക്കൾ, കന്യകമാർ
വൃദ്ധരും, ശിശുക്കളും കർത്തനെ സ്തുതിക്കട്ടെ

അവന്റെ നാമം മാത്രം ഉന്നതം, സമുന്നതം
അവന്റെ മഹത്വവും മഹിമ വിശിഷ്ടവും
ധരിത്രി വ്യോമത്തെക്കാൾ ഉന്നതം, മഹോന്നതം
കർത്തനാമവിടുന്നു തന്റെ ജനത്തിന്നായി
ചെമ്മെയായുർത്തിയാൻ ശ്രേഷ്ഠമാമൊരു കൊമ്പ്
തന്നുടെ ഭാഗത്തേക്കു ചേർന്നങ്ങു നിന്നീടുന്ന
ഇസ്രായേൽ ജനത്തിന്റെ മഹിമയ്ക്കായിത്തന്നെ
കർത്തനെ ആത്മാർത്ഥമായ് സ്തുതിപ്പിനെല്ലാവരും.

## 149

കർത്തനെ നിരന്തരം വാഴ്ത്തുവിൻ, സ്തുതിക്കുവിൻ
അവനു നവമായ കീർത്തനം പാടീടുവിൻ
വിശുദ്ധ സമൂഹത്തിൽ അവനെ പുകഴ്ത്തുവിൻ
ഇസ്രായേൽ സ്രഷ്ടാവിങ്കൽ സന്തോഷിക്കട്ടെ മേന്മേൽ
സീയോന്റെ സുതർ തന്റെ രാജാവിൽ ആനന്ദിക്ക
ലാസ്യനൃത്തത്താൽ തിരുനാമത്തെ സ്തുതിക്കട്ടെ
തപ്പുകൾ കൊട്ടിക്കൊണ്ടും കിന്നരം മീട്ടിക്കൊണ്ടും
കർത്തനാമവിടുത്തെ സ്തുതിച്ചീടട്ടെ എന്നും
എന്തെന്നാൽ കർത്താവു തൻ ജനത്തിൽ സംപ്രീതനായ്
ദുർബ്ബലന്മാരെ അവൻ വിജയമണിയിച്ചു
വിശ്വസ്ത ജനമെന്നും മുഴക്കൂ ജയഘോഷം
തങ്ങൾ തൻ കിടക്കയിൽ സാനന്ദം പാടീടട്ടെ
അവർ തൻ കണ്ഠങ്ങളിൽ സ്തുതികളുയരട്ടെ
ഇരുവായ്ത്തലയുള്ള കരവാളേന്തീടട്ടെ
ദുഷിച്ച ദേശത്തോടു പകരം വീട്ടീടാനും
ദുഷ്ടരാം ജനത്തിനു ശിക്ഷ നൽകാനും തന്നെ
അവർ തൻ രാജാക്കളെ ചങ്ങലയതിനാലും
പ്രഭുക്കന്മാരെ നല്ല വിലങ്ങാൽ ബന്ധിക്കട്ടെ
അവർ മേൽ നടത്തട്ടെ എഴുതപ്പെട്ട വിധി
അങ്ങു തൻ വിശ്വസ്തർക്കു മഹത്വമത്രെ ഇത്.

## 150

കർത്തനെ സ്തുതിക്കുവിൻ, അവനെ പുകഴ്ത്തുവിൻ
അവന്റെ മന്ദിരത്തിൽ അവനെ സ്തുതിക്കുവിൻ
ശക്തിസമ്പൂർണ്ണമായ ആകാശവിതാനത്തിൽ
അവനെ സ്തുതിക്കുവിൻ നിത്യവും പുകഴ്ത്തുവിൻ
അവന്റെ ശക്തമായ പ്രവൃത്തികളെപ്രതി

അവനെ സ്തുതിക്കുവിൻ, എന്നെന്നും സ്തുതിക്കുവിൻ
അവന്റെ അളവറ്റ മഹത്വം അതുപോലെ
അവനെ സ്തുതിക്കുവിൻ, ദിനവും സ്തുതിക്കുവിൻ
കാഹളനാദത്തോടെ അവനെ സ്തുതിക്കുവിൻ
വീണ, കിന്നരം മീട്ടി അവനെ സ്തുതിക്കുവിൻ
തപ്പുകൾ കൊട്ടി നൃത്തമാടിയും സ്തുതിക്കുവിൻ
തന്ത്രിയാൽ, കുഴലിനാൽ അവനെ സ്തുതിക്കുവിൻ
ഉച്ചത്തിൽ മുഴങ്ങുന്ന കൈത്താളം കൊട്ടിക്കൊണ്ടു
അവനെ സ്തുതിക്കുവിൻ, അവനെ ആരാധിപ്പിൻ
ജീവജാലങ്ങൾ സർവ്വം കർത്തനെ സ്തുതിക്കട്ടെ
അവനെ നിരന്തരം സ്തുതിപ്പിൻ, പുകഴ്ത്തുവിൻ

**ശുഭം**